വാല്യം 7

വെള്ളനാട് ബ്ലോക്ക്

(തിരുവനന്തപുരം ജില്ല)

1. കാട്ടാക്കട
2. വെള്ളനാട്
3. പൂവച്ചൽ
4. ആര്യനാട്
5. വിതുര
6. കുറ്റിച്ചൽ
7. ഉഴമലയ്ക്കൽ
8. തൊളിക്കോട്

# ഒൻപതാം പദ്ധ
# ജനകീയ പദ്ധ



## കാട്ടാക്കട ഗ്രാമ പഞ്ചായത്ത്

# വികസന രേഖ

ജനകീയ ആസൂത്രണ പദ്ധതി

# കാട്ടാക്കട ഗ്രാമപഞ്ചായത്ത്
# വികസന സെമിനാർ

1996 ഡിസംബർ 14 - ശനിയാഴ്ച

കാട്ടാക്കട ഹൈസ്കൂൾ ആഡിറ്റോറിയം



കാട്ടാക്കട ഗ്രാമപഞ്ചായത്ത്

# വികസന രേഖ

ജനകീയ ആസൂത്രണ പദ്ധതി-1996



# സമർപ്പണം

വി. വിജയൻ
*പ്രസിഡന്റ്*
*കാട്ടാക്കട ഗ്രാമ പഞ്ചായത്ത്*

ഭാരതത്തിന്റെ ആസൂത്രണ ചരിത്രത്തിൽ സമൂലമായൊരു പൊളിച്ചെഴുത്തിനു തുടക്കമാണ് സംസ്ഥാന സർക്കാരും കേരള ആസൂത്രണ ബോർഡും ചേർന്ന് നടപ്പിലാക്കുന്ന ജനകീയ ആസൂത്രണ പദ്ധതി. ജാതി-മത-രാഷ്ട്രീയ ഭേദമെന്യേ മുഴുവൻ ജനങ്ങളേയും അണിനിരത്തിക്കൊണ്ട് മുന്നേറുന്ന ഈ പദ്ധതി കേരളത്തിൽ പുതിയൊരു വികസന സംസ്കാരത്തിന് തുടക്കം കുറിക്കുമെന്ന് നമുക്കാശിക്കാം.

ജനങ്ങൾ തങ്ങൾക്ക് വേണ്ടതെന്താണെന്ന് തിരിച്ചറിഞ്ഞ് ആവശ്യപ്പെടുകയും പരിഹാരമാർഗ്ഗങ്ങൾ കൂട്ടായി ചർച്ച ചെയ്ത് കണ്ടെത്തുകയും ചെയ്യുമ്പോൾ വികസന മേഖലയിലും ജനാധിപത്യവൽക്കരണത്തിന്റെ ഒരു പുതിയ യുഗം പിറക്കുകയാണ്. ഈ നാടിന്റെ വികസനത്തിനായി മറ്റു താത്പര്യങ്ങൾ വെടിഞ്ഞ് ഒറ്റക്കെട്ടായി മുന്നേറാൻ ഈയവസരത്തിൽ നമുക്ക് പ്രതിജ്ഞയെടുക്കാം

കഴിഞ്ഞ നാളുകളായി നമ്മുടെ പഞ്ചായത്തിലെ [illegible] വാർഡുകളിലുമായി നടന്ന ഗ്രാമസഭകളിൽ അണിനിരന്ന ജനങ്ങളുടെ പ്രശ്നങ്ങളും, ആവശ്യങ്ങളും നിർദ്ദേശങ്ങളും ദ്വിതീയ വിവരശേഖരണത്തിലൂടെയും പഠനയാത്രയിലൂടെയും കിട്ടിയ വിവരങ്ങളും ക്രോഡീകരിച്ച് തയ്യാറാക്കിയതാണീ വികസനരേഖ

ഗൗരവ പൂർണ്ണമായ ചർച്ചകളിലൂടെ ഈ റിപ്പോർട്ടിനെ സമ്പുഷ്ടമാക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഈ ഗ്രാമപഞ്ചായത്തിലെ ജനതയ്ക്കു മുന്നിൽ ഈ വികസന രേഖ ഞാൻ സവിനയം സമർപ്പിക്കുന്നു.

ആദരവോടെ,

വി. വിജയൻ



തെരഞ്ഞെടുക്കപ്പെട്ട കുറെ പ്രഗത്ഭന്മാർ കേന്ദ്രത്തിൽ ഇരുന്ന് ഭരിച്ചതു കൊണ്ട് ജനാധിപത്യഭരണക്രമം യഥാർത്ഥത്തിലുണ്ടാവുകയില്ല. ജനാധിപത്യം ഏറ്റവും താഴ്ന്ന തലത്തിൽ നിന്നും, ഏറ്റവും ചെറിയ കീഴ്ഘടകത്തിൽ നിന്നും സമാരംഭിക്കണം. എല്ലാ ഗ്രാമങ്ങളിലേയും എല്ലാ ജനങ്ങൾക്കും ഭരണകാര്യങ്ങളെപ്പറ്റി ബോധമുണ്ടാകണം മാത്രവുമല്ല, ഭരണകാര്യത്തിൽ പങ്കാളികളാണെന്ന വിശ്വാസവും അവർക്കുണ്ടാകണം

*- ഗാന്ധിജി -*



ഇ.എം എസ്സ്. നമ്പൂതിരിപ്പാട്
*ചെയർമാൻ*
*ജനകീയ ആസൂത്രണ പ്രസ്ഥാനം*
*ഉന്നതതല മാർഗ്ഗനിർദ്ദേശക സമിതി*

അധികാരം താഴേത്തട്ടിലേക്ക് നൽകാനും, വികസന പ്രവർത്തനങ്ങൾ ജനങ്ങളുടെ നേരിട്ടുള്ള പങ്കാളിത്തത്തിലും നിയന്ത്രണത്തിലും നടത്താനും ഉദ്ദേശിക്കുന്ന ഒരു മഹാ ജനകീയ പ്രസ്ഥാനമാണിത്. ഈ പ്രസ്ഥാനത്തിൽ ജാതി, മത, കക്ഷി രാഷ്ട്രീയ പരിഗണനകൾക്ക് സ്ഥാനമുണ്ടാകില്ല. വികസനത്തിന്റെ കാര്യത്തിൽ കേരളീയ ജനത ഒറ്റക്കെട്ടാണെന്ന് ഈ പ്രസ്ഥാനം തെളിയിക്കുന്നു.

# ഇവർ... കാട്ടാക്കട ഗ്രാമ പഞ്ചായത്തിന്റെ സാരഥികൾ



വി. വിജയൻ
*പ്രസിഡന്റ്*
*(കാട്ടാക്കട വാർഡ്)*



എസ്. ആൽബർട്ട്
*വൈസ് പ്രസിഡന്റ്*
*(തുങ്ങാംപാറ വാർഡ്)*



ജി. സ്റ്റീഫൻ
*സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ*
*(കിള്ളി വാർഡ്)*



ജെ. സ്റ്റനിസ്ലാവൂസ്
*(കട്ടയ്ക്കോട്)*



ഇ. സുശീല
*(കൊല്ലോട്)*



എസ്.എസ്. മണികണ്ഠൻ നായർ
*(എട്ടിരുത്തി)*



ഡി. ജയന്തി കുമാരി
*(പാറച്ചൽ)*



ജെ. സനൽ കുമാർ
*(ചെമ്പനാകോട്)*



ബി. ശ്യാമള
*(കുരുതംകോട്)*



എം. സുധ
*(ചന്ദ്രമംഗലം)*



ജി. ശരത്ചന്ദ്രൻ നായർ
*(പ്ലാവൂർ)*



എം. സോമൻ
*(ആമച്ചൽ)*



എസ്. തുളസി
*(പൊന്നറ)*



സുധാകരൻപിള്ള
സെക്രട്ടറി

## ഇവർ... വികസനരേഖയ്ക്ക് നിറക്കൂട്ട് ചാലിച്ചവർ....



ഷാജി ബാലമോഹൻ
*ഡി.ആർ.പി കൺവീനർ*



ജെ. സനൽകുമാർ



ജി. സതീഷ് കുമാർ



മടവൂർ സുരേന്ദ്രൻ



റ്റി. ശ്രീകുമാർ



ഷീജാ ഹെലൻ



ആർ.സി. അനിൽകുമാർ



കെ. ശ്രീജ



കീഴാറൂർ പ്രകാശ്



ആർ. റോസ് മേരി



ജി. തങ്കമണി



എസ്. ഗീത



കെ. ഷെർളി

കാട്ടാക്കട ഗ്രാമപഞ്ചായത്ത്

# വികസന രേഖ

## ഉള്ളടക്കം




ആമുഖം

പൊതുവിവരങ്ങൾ

സാമൂഹിക ചരിത്രം

കൃഷിയും, ജലസേചനവും

ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

മൃഗസംരക്ഷണവും ക്ഷീരവികസനവും

വിദ്യാഭ്യാസം

ആരോഗ്യം, കുടിവെള്ളം

വ്യവസായം

ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

പാർപ്പിടം, സാമൂഹ്യക്ഷേമം

സംസ്കാരം

വനിതാക്ഷേമം

സഹകരണമേഖല

പൊതുവിതരണം

പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം

പരിസ്ഥിതി

വിഭവസമാഹരണം




# കാട്ടാക്കട ഗ്രാമപഞ്ചായത്ത്

# ആമുഖം

സ്വാതന്ത്ര്യാനന്തരകാലഘട്ടം ഭാരതത്തിൽ ആസൂത്രിതവികസനത്തിന്റെയും വിവിധ പദ്ധതികളുടെയും കാലഘട്ടമായിരുന്നു. എട്ട് പഞ്ചവത്സര പദ്ധതികൾ നാം പിന്നിട്ടുകഴിഞ്ഞു. നമ്മുടെ രാജ്യം വളരെയധികം മുന്നോട്ടുപോയെങ്കിലും അടിസ്ഥാനലക്ഷ്യങ്ങൾ പലതും കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ഒരു രാഷ്ട്രത്തിന്റെയും ജനതയുടെയും സർവ്വതോന്മുഖമായ വളർച്ചയാണ് വികസനം. ഈ നിർവ്വചനം അന്വർത്ഥമാക്കുവാൻ നാമിനിയും മുന്നോട്ടു പോകേണ്ടതുണ്ട്. 73, 74 ഭരണഘടനാഭേദഗതികളോടെ ആസൂത്രണരംഗത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വമ്പിച്ച പ്രാധാന്യം കൈവന്നിട്ടുണ്ട്. ഈ ഭേദഗതിയുടെ ഫലമായി പ്രാദേശിക ഭരണ സ്ഥാപനങ്ങൾ ഇന്ത്യൻ ഭരണകൂടത്തിന്റെ അവിഭാജ്യവും അനിവാര്യവുമായ ഘടകമായിത്തീർന്നിരിക്കുകയാണ്.

ഈ പശ്ചാത്തലത്തിലാണ് കേരളത്തിൽ ജനകീയാസൂത്രണപ്രസ്ഥാനം രൂപം കൊള്ളുന്നത്. ആസൂത്രണചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം എഴുതിച്ചേർത്തുകൊണ്ട് വമ്പിച്ച സാമൂഹിക മുന്നേറ്റത്തിന് കളമൊരുക്കുകയാണ് നമ്മുടെ സംസ്ഥാനം. വികസനമെന്നാൽ മുകൾത്തട്ടിൽ നിന്നും ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണെന്ന മാമൂൽ ധാരണ തിരുത്തിക്കുറിക്കപ്പെടുന്നു. ജനങ്ങൾ തങ്ങൾക്ക് വേണ്ടതെന്തെന്ന് തിരിച്ചറിഞ്ഞ് ആവശ്യപ്പെടാനും പരിഹാരമാർഗ്ഗങ്ങൾ കൂട്ടായി വികസനസംസ്കാരത്തിനു രൂപം കൊടുക്കാനുമുള്ള പരിശ്രമം.

ഇന്ത്യുടെ ആസൂത്രണ ചരിത്രത്തിൽ ഒരു പൊളിച്ചെഴുത്തിന് വഴിതുറക്കുന്ന നൂതനസംരംഭമാണ് സംസ്ഥാനസർക്കാരും സംസ്ഥാന ആസൂത്രണ ബോർഡും ചേർന്ന് രൂപം നൽകി നടപ്പിലാക്കിവരുന്ന ജനകീയ ആസൂത്രണ പ്രസ്ഥാനം. ഒമ്പതാം പദ്ധതിയുടെ അടങ്കൽതുകയുടെ 40 ശതമാനത്തോളം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പദ്ധതിക്കുവേണ്ടി ചിലവഴിക്കപ്പെടും. പഞ്ചായത്ത് സമിതിയുടെ നേതൃത്വത്തിൽ ജനകീയ ചർച്ചയുടെ അടിസ്ഥാനത്തിലാണ് പദ്ധതി രൂപപ്പെടുന്നതും മുൻഗണനാക്രമം നിശ്ചയിക്കുന്നതുമെല്ലാം. പദ്ധതിക്കാലത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസനപ്രവർത്തനങ്ങളിൽ വലിയൊരു ഭാഗം സാധാരണക്കാരായ നാട്ടിൻപുറങ്ങളിലെ ജനങ്ങളുടെ ചർച്ചയിലൂടെയും നിർദ്ദേശങ്ങളിലൂടെയും രൂപപ്പെട്ടുവരുന്നതും അവ നിർവ്വഹിക്കുവാനുള്ള ചുമതല പഞ്ചായത്തുകൾക്ക് നൽകുന്നുവെന്നതും ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ പ്രത്യേകതയാണ്.

വളരെ ആവേശപൂർവ്വം നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ ജനകീയാസൂത്രണ പ്രസ്ഥാനത്തിൽ അണിനിരന്നിട്ടുണ്ട്. 13 വാർഡുകളിലും നടന്ന വിശേഷാൽ ഗ്രാമസഭകൾ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായിരുന്നു.

2-10-96 മുതൽ 13-10-96 വരെ നടന്ന ഗ്രാമസഭകളിൽ 2452 ഓളം പേർ പങ്കെടുത്തിരുന്നു. ഇതിൽ 1382 ഓളം പേർ സ്ത്രീകളായിരുന്നു. എല്ലാ ഗ്രാമസഭകളിലും 12 വികസനമേഖലകളെ അടിസ്ഥാനമാക്കി സജീവമായ ചർച്ച നടക്കുകയും ഫലപ്രദമായ നിർദ്ദേശങ്ങൾ ഉയർന്നുവരികയുമുണ്ടായി.

ഗ്രാമസഭകളിൽ നിന്നും ശേഖരിക്കപ്പെട്ട പ്രസ്തുത വിവരങ്ങളും ഉയർന്നുവന്ന പ്രശ്നങ്ങളും ദ്വിതീയ വിവരക്കണക്കുകളും ഗ്രാമപഠനയാത്രയിലൂടെ ശേഖരിച്ച വസ്തുതകളും അടിസ്ഥാനപ്പെടുത്തിയാണ് ഈ വികസന റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

കാട്ടാക്കട ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഏത് പ്രവർത്തനവും ഏറ്റെടുത്ത് നടത്താൻ കഴിവുള്ള ത്യാഗസന്നദ്ധരായ ജനങ്ങളുടെ സേവനം ആവശ്യമുള്ളതുപ്പോഴൊക്കെ നമുക്ക് ലഭിക്കുന്നുവെന്നത് അഭിമാനകരമായ നേട്ടമാണ്. നമ്മുടെ പഞ്ചായത്തിലെ മുഴുവൻ ജനവിഭാഗത്തിന്റെയും, പങ്കാളിത്തം ഉറപ്പുവരുത്തികൊണ്ട് ഈ വികസന പ്രസ്ഥാനത്തെ മുന്നോട്ടു നയിക്കാമെന്ന പ്രത്യാശയോടെ നമ്മുടെ പഞ്ചായത്തിന്റെ വികസനരേഖ സമർപ്പിക്കുന്നു

## പൊതുവിവരങ്ങൾ

| | |
|---|---|
| പഞ്ചായത്തിൻെറ പേര് | കാട്ടാക്കട ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെട്ട റവന്യൂവില്ലേജ് | കുളത്തുമ്മൽ |
| ബ്ളോക്ക് പഞ്ചായത്ത് ഡിവഷനുകൾ | കാട്ടാക്കട, ആമച്ചൽ |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | കാട്ടാക്കട |
| താലൂക്ക് | നെയ്യാറ്റിൻകര |
| ജില്ല | തിരുവനന്തപുരം |
| അസംബ്ളിമണ്ഡലം | ആര്യനാട് |
| പാർലമെൻറ് മണ്ഡലം | ചിറയിൻകീഴ് |
| വിസ്തീർണ്ണം | 8.65 ച. മൈൽ |
| ജനസംഖ്യ (1991 -സെൻസസ്) | 33423 |
| പുരുഷന്മാർ | 16547 |
| സ്ത്രീകൾ | 16876 |
| പട്ടികജാതി | 3561 |
| പട്ടികവർഗ്ഗം | 61 |
| സ്ത്രീ - പുരുഷ അനുപാതം | 1000 പുരുഷന്മാർ |
| സ്ത്രീകൾ | |
| സാക്ഷരത | 89.9 % |
| വാർഡുകളുടെ എണ്ണം | 13 |
| പഞ്ചായത്തിൻെറ ഗ്രേഡ് : | സ്പെഷ്യൽ ഗ്രേഡ് |
| പഞ്ചായത്ത് പ്രസിഡൻറ് | വി. വിജയൻ |
| വൈസ് പ്രസിഡൻറ് | എസ്. ആൽബർട്ട് |
| സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ | ജി. സ്റ്റീഫൻ |

## ഭരണപരമായ ചരിത്രം

പഞ്ചായത്ത് രൂപീകരണം 1953

(തുടക്കത്തിൽ കുളത്തുമ്മൽ പഞ്ചായത്ത് എന്നായിരുന്നുപേർ. പിന്നീട് '63-79 ഭരണകാലഘട്ടത്തിൽ കാട്ടാക്കട പഞ്ചായത്ത് എന്നാക്കി മാറ്റി).

എട്ടിരുത്തി മാധവൻ നായരായിരുന്നു ആദ്യപഞ്ചായത്ത് പ്രസിഡൻറ്

## പഞ്ചായത്തിൻെറ പൂർവ്വസാരഥികൾ

| | |
|---|---|
| 1953-1963 പ്രസിഡൻറ് | എട്ടിരുത്തി പി. മാധവൻ നായർ |
| വൈസ് പ്രസിഡൻറ് | എം. പീരുമുഹമ്മദ് |
| മുഴവൻകോട് | സത്യനാഥൻ |
| കൊല്ലോട് | അച്യുതൻ നായർ<br>വേലായുധൻ നായർ (ഉപതെരഞ്ഞെടുപ്പ്) |
| എട്ടിരുത്തി | മാധവൻ നായർ |
| പാറച്ചൽ | ജി. രാമൻപിള്ള |
| ചെമ്പനാകോട് | ചെല്ലപ്പൻ (ആമച്ചൽ കൃഷ്ണൻ) |
| കുളങ്ങര | പരമേശ്വരൻ നായർ |
| ആമച്ചൽ | എം. പീരുമുഹമ്മദ് |

### 1963-79

| | |
|---|---|
| പ്രസിഡൻറ് | : എം. പീരുമുഹമ്മദ് |
| വൈസ് പ്രസിഡൻറ് | : പി. ബാലകൃഷ്ണ പണിക്കർ |
| മുഴവൻകോട് (1) | : ജെ. മൈക്കേൽ |
| മുഴവൻകോട് (2) | : കെ. ശിവദാസ്സൻ |
| കൊല്ലോട് | : കെ. വാസുദേവൻ നായർ |
| എട്ടിരുത്തി | : ജി. സുകുമാരൻ നായർ |
| പാറച്ചൽ (1) | : എ. വത്സലൻ നാടാർ |
| പാറച്ചൽ (2) | : കെ. വിവേകാനന്ദൻ നായർ |
| കുളങ്ങര | : പി. ബാലകൃഷ്ണപണിക്കർ |
| ആമച്ചൽ (1) | : എം. പിരുമുഹമ്മദ് |
| ആമച്ചൽ (2) | : നെൽസൺ |

### 1979-1984

| | |
|---|---|
| പ്രസിഡൻറ് | : പി. കൃഷ്ണപിള്ള |
| വൈസ് പ്രസിഡൻറ് | : ജി. സുകുമാരൻ നായർ |
| കട്ടയ്ക്കോട് | : എം. അൽഫോൺസൺ |
| കൊല്ലോട് | : വാസുദേവൻ നായർ |
| കിളളി | : കെ. ചെല്ലപ്പനാശാരി |
| എട്ടിരുത്തി | : ജി. സുകുമാരൻ നായർ |
| തൂങ്ങാംപാറ | : എസ്. ആൽബർട്ട് |
| പാറച്ചൽ | : വത്സലൻ നാടാർ |
| ചെമ്പനാകോട് | : ആമച്ചൽ രവി |
| കുരുതംകോട് | : ബി. സുരേന്ദ്രൻ നായർ |

| | |
|---|---|
| പ്ലാവൂർ | : ജി. ബാലകൃഷ്ണൻ നായർ |
| കാട്ടാക്കട | : പി. കൃഷ്ണപിള്ള |
| ആമച്ചൽ | : സീതാലക്ഷ്മി അമ്മ |

**1988-1995**

| | |
|---|---|
| പ്രസിഡൻറ് | : കെ. ചെല്ലപ്പനാശാരി |
| വൈസ് പ്രസിഡൻറ് | : ജെ. സ്റ്റനിസ്ലാവൂസ് |
| കട്ടയ്ക്കോട് | : ജെ. സ്റ്റനിസ്ലാവൂസ് |
| കൊല്ലോട് | : കെ. വാസുദേവൻ നായർ |
| കിള്ളി | : കെ. ചെല്ലപ്പനാശാരി |
| എട്ടിരുത്തി | : എ.ഐ. പ്രസന്നകുമാരി |
| തൂങ്ങാംപാറ | : എസ്. ആൽബർട്ട് |
| പാറച്ചൽ | : വി. വിജയൻ |
| ചെമ്പനാകോട് | : എസ്. രാജ്കുമാർ |
| കുരുതംകോട് | : ബി. സുരേന്ദ്രൻ നായർ |
| ചന്ദ്രമംഗലം | : എസ്. ചക്രപാണിനായർ |
| പ്ലാവൂർ | : ജി. ശരത്ചന്ദ്രൻ നായർ |
| കാട്ടാക്കട | : സി. എം. സുകുമാരൻ |
| ആമച്ചൽ | : എ. ഇന്ദിരാദേവിയമ്മ |

**1996-**

| | |
|---|---|
| പ്രസിഡൻറ് | : വി. വിജയൻ |
| വൈസ് പ്രസിഡൻറ് | : എസ്. ആൽബർട്ട് |
| കട്ടയ്ക്കോട് | : ജെ. സ്റ്റനിസ്ലാവൂസ് |
| കൊല്ലോട് | : ഇ. സുശീല |
| കിള്ളി | : ജി. സ്റ്റീഫൻ |
| എട്ടിരുത്തി | : എസ്. എസ്. മണികണ്ഠൻ നായർ |
| തൂങ്ങാംപാറ | : എസ്. ആൽബർട്ട് |
| പാറച്ചൽ | : ഡി. ജയന്തികുമാരി |
| ചെമ്പനാകോട് | : ജെ. സനൽകുമാർ |
| കുരുതംകോട് | : ബി. ശ്യാമള |
| ചന്ദ്രമംഗലം | : എം. സുധ |
| പ്ലാവൂർ | : ജി. ശരത്ചന്ദ്രൻ നായർ |
| കാട്ടാക്കട | : വി. വിജയൻ |
| ആമച്ചൽ | : എം. സോമൻ |
| പൊന്നറ | : എസ്. തുളസി |

## പഞ്ചായത്തിൻെറ നിലവിലുള്ള അതിർത്തികൾ

| | |
|---|---|
| വടക്ക് | : പൂവച്ചൽ പഞ്ചായത്ത് |
| തെക്ക് | : മാറനല്ലൂർ |
| തെക്ക് -കിഴക്ക് | : ആര്യങ്കോട് പഞ്ചായത്ത് |
| കിഴക്ക് | : ഒറ്റശേഖരമംഗലം |

പടിഞ്ഞാറ് : വിളപ്പിൽ, മലയിൻകീഴ് പഞ്ചായത്തുകൾ

## പഞ്ചായത്തതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന സർക്കാരാഫീസുകൾ

റൂറൽ ജില്ലാട്രഷറി, ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതി, വില്ലേജാഫീസ്, കൃഷിഭവൻ, മൃഗാശുപത്രി, ഇലക്ട്രിസിറ്റി സർക്കിൾ ഓഫീസ്, ടെലിഫോൺ എക്സ്ചേഞ്ച്, പോലീസ് സർക്കിൾ ഓഫീസ്, അസി: എൻജിനീയർ ഓഫീസ് (ജലസേചനം), സെക്ഷൻ ഓഫീസ് (ജലസേചനം), ഉപജില്ലാ വിദ്യാഭ്യാസഓഫീസ്, എക്സൈസ് ഓഫീസ്, ആമച്ചൽ പ്രൈമറി ഹെൽത്ത് സെൻറർ, പഞ്ചായത്താഫീസ്, തൊഴിലാളി ക്ഷേമനിധിബോർഡ് ആഫീസ്, മാവേലിസ്റ്റോർ, കുടുംബക്ഷേമകേന്ദ്രങ്ങൾ, സബ് പോസ്റ്റ് ഓഫീസുകൾ വി.ഇ.ഒ. ഓഫീസുകൾ.

# സാമൂഹിക സാംസ്കാരികചരിത്രം

തിരുവിതാംകൂറിൻെറ കുലദേവനായ ശ്രീപത്മനാഭൻ പള്ളിയുറങ്ങുന്ന അനന്തപുരിയിൽ നിന്നും ഏതാണ്ട് 20 കിലോമീറ്റർ തെക്കു കിഴക്കുമാറി മാമലകളും മഴക്കാടുകളും തൊട്ടുരുമി നിൽക്കുന്ന ഒരു ഗ്രാമമാണ് കാട്ടാക്കട. നറുനെയ്യ് ഒഴുക്കിയ നെയ്യാറും അഗസ്ത്യമലയിലെ ഔഷധക്കാറ്റും വലംവയ്ക്കുന്ന സമൃദ്ധമായ നാട്. കാടുംമേടും, കുന്നും കുളങ്ങളും ഒത്തു ചേർന്ന ഇവിടെ ആദികാലത്തെ ജീവിതചക്രം ഇരുണ്ടതായിരുന്നു. കൃഷിചെയ്തും വേട്ടയാടിയും ജീവിതം കഴിച്ചുകൂട്ടിയിരുന്ന ഒരു കൂട്ടം ആദിദ്രാവിഡരായിരുന്നു ഈ മണ്ണിൻെറ യഥാർത്ഥമക്കൾ. ആര്യന്മാരുടെ വരവോടെ അന്യസംസ്കാരം ഉൾക്കൊള്ളാൻ മടിച്ച് അതിലൊരു കൂട്ടർ ഉൾവനനത്തിലേക്ക് വലിഞ്ഞപ്പോൾ ചിലർ സാഹചര്യങ്ങളുമായി പൊരുത്തപ്പെട്ട് മുന്നോട്ടു പോയി.

പരിണാമചക്രം പലവട്ടം തിരിയുന്നതിനിടയിൽ കാട് കൂടുതൽ കൂടുതൽ തെളിഞ്ഞു. ആൾപാർപ്പും അടിസ്ഥാനസൗകര്യങ്ങളും അതിനോടൊപ്പം കൂടി. ക്രമേണ അനന്തപുരിയിലേക്കും കോട്ടൂരിലേക്കും, കള്ളിക്കാടിലേക്കും ഒറ്റയടിപ്പാതകൾ തെളിഞ്ഞു. മുന്നുവഴികളും ഒത്തുചേരുന്നിടത്ത് കവലയും വഴിയാത്രക്കാർക്ക് വിശ്രമിക്കാൻ കവലയിലൊരു പടുകൂറ്റൻ കാട്ടാലും ആൽത്തറ(കളിത്തട്ട്)യും ഉണ്ടായി. ഈ കാട്ടാലിൻ ചുവട്ടിൽ ഗ്രാമവാസികൾ പതിവായി സമ്മേളിച്ചിരുന്നു. പിൽക്കാലത്ത് കരപ്രമാണിമാർ ഗ്രാമത്തിൻെറ പൊതുവായകാര്യങ്ങൾ തീരുമാനിക്കാൻ ഒത്തുകൂടിയിരുന്നതും ഈ കാട്ടാലിൻ ചുവട്ടിലാണ്.

കുളത്തുമ്മൽ എന്ന പേരിലായിരുന്നു ഈ പ്രദേശം അറിയപ്പെട്ടിരുന്നത്. മൊളിയൂർ ക്ഷേത്രക്കുളത്തിൻെറ മേൽഭാഗത്ത് വരുന്ന കവലയായതിനാലാണ് കുളത്തുമേൽ (കുളത്തുമ്മൽ) എന്ന പേർ വന്നതെന്ന് പറയപ്പെടുന്നു. എന്നാൽ കാട്ടാലിൻകടയിലെ പതിവ് ഗ്രാമസമ്മേളനങ്ങളിലേക്കുള്ള ഗ്രാമമുഖ്യരുടെ യാത്രക്രമേണ കാട്ടാൽക്കടയിലേക്കുള്ള യാത്രയായി. ഭാവിയിൽ അതും ലോപിച്ച് കാട്ടാക്കടയായി എന്നതാണ് ഒരു വാദം.

കാട്ടാക്കട എന്ന പേർ വന്നതുമായി ബന്ധപ്പെട്ട മറ്റൊരു കഥയും പ്രചാരത്തിലുണ്ട്. രാജഭരണകാലത്ത് പാണ്ടിപ്പട പലതവണ തിരുവിതാംകൂറിനെ ആക്രമിച്ചു. പലപ്പോഴും ചെങ്കോട്ട, നെടുമങ്ങാട് വഴിയായിരുന്നു സൈനികയാത്ര. ഒരുനാൾ സന്ധ്യക്ക് ഒരു നായകനും ഏതാനും അനുയായികളുമായി ഇവിടെയെത്തി. കവലയിലെ കൂറ്റൻ ആൽമരം അവരെ ആകർഷിച്ചു. "അമ്പട കാട്ടാലേ കൊള്ളാമല്ലോ!" 'കൂട്ടരേ നമുക്കിവിടെ ആനയെ തളയ്ക്കാം നാമെല്ലാം ഇന്ന് ഈ കാട്ടാൽക്കിട'-എന്ന് സംഘനേതാവ് പറഞ്ഞു. ഇങ്ങനെയുണ്ടായ കാട്ടാൽക്കിട കാട്ടാൽക്കടയും, കാട്ടാലും, കാട്ടായും ഒക്കെയായി രൂപാന്തരപ്പെട്ടതാണ് കാട്ടാക്കടയെന്നും അഭിപ്രായമുണ്ട്.

എന്തായാലും ചരിത്രസാക്ഷിയായിത്തീർന്ന ഈ കാട്ടാൽ പട്ടണത്തിൻെറ മൂന്നും കൂടിയ മുക്കിൽ അംബരചുംബിയായി നൂറ്റാണ്ടുകളുകളോളം നിലയുറപ്പിച്ചിരുന്നു. പലതവണ ഭാഗികമായി നശിച്ചുപോയെങ്കിലും 1970യോടെയാണ് അത് പൂർണ്ണമായും വെട്ടിമാറ്റിയത്.

തിരുവിതാംകൂറിൽ രാജഭരണം നിലവിൽ വന്നതോടെയാണ് കാട്ടാക്കടയുടെ അഭിവൃദ്ധി തുടങ്ങുന്നത് കൃഷിയും വാണിജ്യവും മാത്രമല്ല രാഷ്ട്രീയ സാംസ്കാരികരംഗവും ഊർജിതമായി. സിവിൽഭരണത്തിന് പാർവ്വത്യകാരും ദേശകാവലിന് പോലീസും സഞ്ചാരികൾക്ക് വിശ്രമിക്കാൻ വഴിയമ്പലവും ചുമടുതാങ്ങിയും വഴിവിളക്കുകളുമൊക്കെ എത്തിയത് ഈ ഭരണത്തിൻ കീഴിലാണ്.

കാട്ടാക്കടയുടെ ചരിത്രസാംസ്കാരിക പാരമ്പര്യത്തിനുപിന്നിൽ കാട്ടാൽ ശ്രീഭദ്രകാളിദേവീക്ഷേത്രത്തിന് ഒരു പ്രധാനപങ്കുണ്ട്. അഞ്ഞൂറിലധികം വർഷം പഴക്കമുള്ള ഈ ക്ഷേത്രത്തിലെ "കുതിരകെട്ട് " ഉൽസവമായിരുന്നു നാട്ടിലെ ഏറ്റവും വലിയ ആഘോഷം. "പത്തുദിവസം നീണ്ടദിക്കുബലിക്കും ഊരുചുറ്റലിനുമൊടുവിൽ ഭദ്രകാളി കുതിരകളെ കെട്ടിയരഥത്തിൽ അഞ്ചുതെങ്ങിൻമൂട് വരെ എഴുന്നള്ളിതാലപ്പൊലിയുടെ അകമ്പടിയോടെ തിരികെ ക്ഷേത്രത്തിലെത്തും. വൈകുന്നേരം തൂക്കവും പിന്നീട് പറണേറ്റും അടുത്തദിനം സൂര്യോദയത്തോടെ നിലത്തിൽപ്പോരും ദാരികവധവും. അവകാശതർക്കങ്ങളാൽ ദുർബലപ്പെട്ടുപോയെങ്കിലും തെക്കൻ തിരുവിതാംകൂറിലെ ഭദ്രകാളീക്ഷേത്രങ്ങളിൽ പ്രമുഖസ്ഥാനം ഈ ക്ഷേത്രത്തിനുണ്ട്.

ഈ ഉൾനാടൻ ഗ്രാമത്തിൽ വിദ്യയുടെ വിത്ത് വീണത് ഇരുന്നൂറാണ്ട് മുമ്പാണ്. ഇന്നത്തെ കുളത്തുമ്മൽ ഹൈസ്കൂൾ സ്ഥിതിചെയ്യുന്ന സ്ഥലത്ത് അന്നൊരു കുടിപ്പള്ളിക്കൂടമുണ്ടായിരുന്നു. ഒന്നും രണ്ടും ക്ലാസുകൾ മാത്രമുണ്ടായിരുന്ന ഈ കുടിപ്പള്ളികൂടം ആദ്യകാലത്ത് സവർണ്ണരുടെ പാഠശാലയായിരുന്നു. ഈ നൂറ്റാണ്ടിൻെറ ആരംഭത്തോടെയാണ് വിദ്യാഭ്യാസരംഗത്ത് ചലനമുണ്ടായത്. അറിയപ്പെടുന്ന ഗുരുനാഥൻ മാരിൽ പ്രമുഖൻ ശ്രീ. വിദ്വാൻ നീലകണ്ഠപിള്ള

യാണ്.

ഒരുകാലത്ത് മലമ്പനിയായിരുന്നു നാട്ടാരുടെ പേടി സ്വപ്നം. പടർന്ന് പിടിച്ച മലമ്പനിയിൽ വിറച്ചുമരിച്ച വർ നിരവധി. ശവമടക്കാൻ പോലും പാടുപെട്ട നാട്ടാരുടെ മുമ്പിൽ സഹായഹസ്തവുമായി പോയവ രിൽ ഫാദർ ഡിക്രൂസിനെ മറക്കാൻ ഈ നാടിന് കഴിയില്ല. ആതുരസേവനരംഗത്ത് ആദ്യകാലത്ത് കാട്ടാ ക്കടയിൽ നിറഞ്ഞുനിന്നത് സൽവേഷൻ ആർമി ആശുപത്രിയാണ്. ആദ്യത്തെ മലേറിയ ആശുപത്രി യാണ് ഇപ്പോഴത്തെ കാട്ടാക്കട ആശുപത്രിയായി രൂപാന്തരപ്പെട്ടിരിക്കുന്നത്.

നമ്മുടെ ചരിത്രത്തിനും സംസ്കാരത്തിനും മറ ക്കാൻ കഴിയാത്ത ഒരു വിദേശിയുമുണ്ടായിരുന്നു. തൂങ്ങാംപറാ കൊച്ചുത്രേസ്യാദേവാലയത്തിലെ പുരോ ഹിതനും ബൽജിയം കാരനുമായ 'അദെയോദാത്തൂ സച്ചാൽ'. ഈ നാടിന്റെ സാമൂഹിക വിദ്യാഭ്യാസ സാംസ്കാരിക രംഗത്ത് അദ്ദേഹത്തിന്റെ സംഭാവന കൾ മികവുറ്റതായിരുന്നു.

ദാനശീലരായ ഉദാരമതികളും നാടിനഭിമാനമായി രുന്നു. കട്ടയ്ക്കോട് വലിയ ഉപദേശിയുടെപറ്റിൽ ആർക്കും ഏത് ചായക്കടയിൽ നിന്നും അക്കാലത്ത് ആഹാരം കഴിയ്ക്കാമായിരുന്നു.

ഒറ്റമുണ്ടോ, ചുട്ടിത്തോർത്തോ ഏതെങ്കിലുമൊന്നാ യിരുന്നു ജനങ്ങളുടെ സാധാരണവേഷം. ശ്രീ. അയ്യ പ്പൻ പിള്ള അറിയപ്പെടുന്ന ആദ്യത്തെ തയ്യൽക്കാ രനും. മരച്ചീനി ആയിരുന്നു. ഒരു കാലഘട്ടം വരെ ഏറ്റവും പ്രധാനപ്പെട്ട ആഹാരം. യാത്രകൾകൂടുതലും കാൽനടയായിട്ടായിരുന്നു. വില്ലുവണ്ടിയും കുതിരവ ണ്ടിയും അധികാരത്തിന്റെ അടയാളങ്ങളായിരുന്നു. കൊല്ലോട് പത്മനാഭപിള്ളയും ചെറുമലദാവീദും, തേരി ക്കുന്നം തങ്കപ്പൻ നായരും കുതിരപ്പുറത്തായിരുന്നു ആദ്യകാലയാത്രനടത്തിയത്. ഈ അവസരത്തിലാണ് ശങ്കരമൂർത്തി അണ്ണാച്ചിയുടെ ഏട്ടുസീറ്റ് വണ്ടിയുടെ വരവ്. ശ്രീ. അപ്പാവു ആണ് നമ്മുടെ ഗ്രാമം കണ്ട ആദ്യഡ്രൈവർ.

സ്വാതന്ത്ര്യത്തിന്റെ അലകൾ ഈ ഗ്രാമത്തിൽ ആദ്യം ഉയർത്തിയത് ഗാന്ധിരാമകൃഷ്ണപിള്ളയാ ണ്. ബ്രിട്ടീഷുകാരന്റെ കൈപ്പടയിൽ നിന്നും ഭാര തത്തെ മോചിപ്പിക്കുവാൻ രണഭൂമിയിൽ അക്ഷീണം പൊരുതിയ പൊന്നറ ജി. ശ്രീധർ പിറന്നുവീണത് ഈ മണ്ണിലാണ്. ലക്ഷ്മണൻ പിള്ളസാർ, ശാന്തിനികേതൻ കൃഷ്ണൻനായർ, സത്യനാഥൻ എന്നിങ്ങനെ നിരവധി രാജ്യസ്നേഹികൾ പിറന്ന നാടിന്റെ മാനംകാക്കാൻ പോരാടി. ആനിമസ്ക്രീന്റെ അദ്ധ്യക്ഷതയിൽ കാട്ടാ ക്കടയിൽ കൂടിയ കോൺഗ്രസ് യോഗം കലക്കാൻ S.I അലക്സാണ്ടറുടെ നേതൃത്വത്തിൽ കല്ലേറും ലാത്തി ച്ചാർജുമുണ്ടായങ്കിലും, അന്തിമവിജയം രാജ്യസ്നേ ഹികൾക്കായിരുന്നു.

സ്വതന്ത്ര്യലബ്ധിയോടെ ഈ ഗ്രാമത്തിന്റെ മുഖ ഛായ വീണ്ടും മാറിത്തുടങ്ങി. അന്യായമായ കടക്കാശ് പിരിവിനെതിരേ കാട്ടാക്കടചന്തയിൽ ആരംഭിച്ച 'ചന്ത സമരം' ഗ്രാമത്തിൽ വിപ്ളവത്തിന്റെ വിത്തുകൾ വിതച്ചു. കാട്ടാക്കടയിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തി ന്റെ ആരംഭം കുറിക്കാനും ശക്തമായ ഒരു രാഷ്ട്രീ യഅടിത്തറ ഉണ്ടാകാനും ചന്തസമരം വഴിതെളിച്ചു.

ജാതിവ്യവസ്ഥ ശക്തമായിരുന്നില്ലെങ്കിലും അങ്ങി ങ്ങ് അതിന്റെ അലകളുണ്ടായിരുന്നു. ശ്രീനല്ലതമ്പി യുടെ ചേരമർചായക്കടയും, ചേരമർ ബാർബർഷാപ്പു കളും അടിസ്ഥാനവർഗ്ഗത്തിന്റെ ശക്തമായ ചെറു ത്തുനിൽപുകളുടെ പ്രതീകങ്ങളാണ്. മാറിവന്ന സാമൂ ഹിക പശ്ചാത്തലത്തിൽ ഇവയെല്ലാം കാലയവനിക ക്കുള്ളിലായി.

നെടുമങ്ങാട് താലൂക്കിലുൾപ്പെടുത്തി 1953-ൽ കുള ത്തുമ്മൽ പഞ്ചായത്തായി തുടക്കം കുറിച്ച ഗ്രാമഭരണം കാട്ടാക്കട പഞ്ചായത്തായി മാറ്റി നെയ്യാറ്റിൻകര താലൂ ക്കിൽ കൂട്ടിച്ചേർത്തു. വളരെ താമസിയാതെ തന്നെ നാട്ടിൽ ഗതാഗത സൗകര്യങ്ങളും വർദ്ധിക്കാൻ തുടങ്ങി. കൃഷിയും വാണിജ്യവും അഭിവൃദ്ധിപ്പെട്ട തോടെ കാട്ടാക്കട തെക്കൻമലയോരപ്രദേശങ്ങളിലെ ഒരു പ്രധാന കച്ചവടകേന്ദ്രമായി മാറി.

കേരളപിറവിക്കുശേഷം കാട്ടാക്കടയുടെ വികസ സാദ്ധ്യതകൾ അധികാരികളുടെ ശ്രദ്ധയിൽപ്പെട്ടത് വെള്ളോടി കമ്മീഷൻ റിപ്പോർട്ടിലാണ്. സമീപത്തുള്ള പന്ത്രണ്ട് പഞ്ചായത്തുകൾ കൂട്ടിചേർത്ത് കാട്ടാക്കട കേന്ദ്രമാക്കി ഒരു താലൂക്ക് രൂപീകരിക്കാൻ കമ്മീഷൻ സർക്കാരിനോട് നിർദ്ദേശിച്ചു. പതിറ്റാണ്ടുകൾ പലത് കഴിഞ്ഞെങ്കിലും താലൂക്ക് രൂപീകരണം ഇനിയും അകലെ. സമരങ്ങളും സത്യാഗ്രഹങ്ങളും പലരൂപ ത്തിലും ഭാവത്തിലും അരങ്ങേറിയെങ്കിലും ഈ ആവശ്യം ഭരണസിരാകേന്ദ്രങ്ങളിലെത്തിക്കാൻ കഴി ഞ്ഞിട്ടില്ലെന്ന ദുഃഖസത്യം അവശേഷിക്കുന്നു. ഇന്ന ലെയുടെ മനുഷ്യ പ്രവർത്തനങ്ങളും നന്മകളും ഓർമ്മി ച്ചുകൊണ്ട് നാളെയുടെ വാഗ്ദാനങ്ങൾക്കായി നമുക്കി നിയും ബഹുദൂരം യാത്ര ചെയ്യേണ്ടതുണ്ട്.

പ്രധാന ആവശ്യം

നിർദ്ദിഷ്ട 'കാട്ടാക്കട താലൂക്ക്'
ഉടൻ പ്രഖ്യാപിക്കുക

# കൃഷിയും ജലസേചനവും

പുരാതനകാലം മുതൽക്കേ കാർഷിക വിഭവങ്ങളാൽ സമ്പന്നമാണ് കാട്ടാക്കട. ഇന്ന് കാർഷികോല്പന്നങ്ങളുടെ ഒരു പ്രധാന വിപണനകേന്ദ്രവും റവന്യൂ രേഖകൾ പ്രകാരം ഈ പഞ്ചായത്തിൽ 298 ഹെക്ടർ 76 ആർ, 55 ചതു. മീറ്റർ നിലവും 1800 ഹെക്ടർ 13 ആർ, 18 ചമീറ്റർ പുരയിടവും 157 ഹെക്ടർ 18 ആർ 63 ച. മീറ്റർ പുറംപോക്കും 34 ആർ 13 ച. മീറ്റർ കൃഷിയോഗ്യമായ തരിശും 3 ഹെക്ടർ 62 ആർ തരിശുഭൂമിയുമുണ്ട്.

1975 -80 കാലഘട്ടം വരെ നെൽകൃഷി ആയിരുന്നു മുഖ്യം. എന്നാൽ ഇന്ന് ഏതാണ്ട് 30 ഹെക്ടറിൽ മാത്രമേ നെൽകൃഷിയുള്ളു. വരുംദിനങ്ങളിൽ അതും നിലച്ചുപോകുമോ എന്ന് ആശങ്കയുണ്ട്. തൂവല്ലിയൂർക്കോണം താഴെ ഏലാ, പൂന്നോട്ടുകോണം ഏലാ, എന്നിവിടങ്ങളിലെ ചില നെൻവയലുകളിൽ റബ്ബർ വളർന്ന് തുടങ്ങി. വർദ്ധിച്ച ഉൽപ്പാദന ചെലവും ഉൽപ്പന്നങ്ങളുടെ വിലക്കുറവും കാരണം നെൽകൃഷിയിൽ നിന്ന് പിന്തിരിഞ്ഞ കർഷകർ മറ്റ് കൃഷികളിലേക്ക് മാറി. തെങ്ങ്, റബ്ബർ, വാഴ, മരച്ചീനി, ഇഞ്ചി, കുരുമുളക്, വെറ്റില, വിവിധതരം പച്ചക്കറികൾ തുടങ്ങിയവ ഈ ഗ്രാമപ്രദേശത്ത് കൃഷിചെയ്തുവരുന്നു. പഞ്ചായത്തിലെ മുഖ്യകൃഷിതെങ്ങാണ്. രണ്ടാംസ്ഥാനം റബ്ബറിനും ഗണ്യമായ നിലയിൽ വാഴകൃഷിയുമുണ്ട്

പഞ്ചായത്തിലെ നിലങ്ങളിൽ സിംഹഭാഗവും വാർഷികപാട്ടത്തിനെടുത്തകർഷകരാണ് ഇപ്പോൾ കൃഷിചെയ്യുന്നന്നത്.

## നെൽകൃഷി

നെൽകൃഷിക്ക് ഏറെ അനുയോജ്യമാണ് ഈ പഞ്ചായത്തിലെ പാടങ്ങൾ. ആദായകരമായി നെൽകൃഷിചെയ്തിരുന്ന ഒരു പ്രദേശമാണ് കാട്ടാക്കട. പോത്തുകളേയും അപൂർവ്വമായി കാളകളേയും കൊണ്ട് നിലം ആറും ഏഴും ചാൽ ഉഴുത്, ഒരു തവണ തലങ്ങും രണ്ടും തവണ വിലങ്ങുമായി മരമടിച്ച് നിരപ്പു വരുത്തിയാണ് നെൽകൃഷി ചെയ്തിരുന്നത്. പട്ടാമ്പി, തുളുനാടൻ, പൊന്നാര്യൻ, കുറ്റച്ചിറയാടി, ഓവുമുണ്ടൻ, തവളക്കണ്ണി തുടങ്ങിയ വിത്തിനങ്ങളും അപൂർവ്വമായി ചിലപ്പോൾ മൂന്നാം വിളയായി ചില ഇളവിത്തുകളും കൃഷിചെയ്തിരുന്നു. കാർഷികമേഖലയിലെ നൂതന പരീക്ഷണങ്ങളുടെ ഫലമായി ജന്മമെടുത്ത IR-8 ജയ തുടങ്ങിയ അത്യുൽപ്പാദനശേഷിയുള്ള നെൽവിത്തുകളുടെ ഉപയോഗം 1960 കളോടെ ആരംഭിച്ചു. ഈ വിത്തുകളുടെ രംഗപ്രവേശം കൃഷിരീതിയിലും നൂതനമായ പുതിയ സംരംഭങ്ങൾക്ക് വഴിതെളിച്ചു. ജൈവവളങ്ങളും നാടൻ കൃഷിരീതികളുമായി പാടത്തിറങ്ങിയ കർഷകർ രാസവളങ്ങളും കീടനാശിനികളും ഉപയോഗത്തിൽ വരുത്തി വമ്പിച്ച ഉൽപ്പാദന സാദ്ധ്യതകളുമായി മുന്നോട്ട് നീങ്ങി.

ഒരുകാലത്ത് ആഹ്ളാദം പൂത്തിരുന്ന വയലേലകളിൽ ഇന്ന് കോയ്ത്തുപാട്ടും, ഞാറ്റുപാട്ടും കേൾക്കാതെയായി. കാർത്തിക പന്തം നാട്ടാനായിപോലും ഇന്ന് പല ഏലാകളിലും വയലുകളില്ല. പത്തായങ്ങൾ ഫർണിച്ചറുകളും, കളപ്പുരകൾ കാർഷെഡ്ഡുകളുമായി മാറി. ഇടങ്ങഴിയും പറയുമെല്ലാം സ്വീകരണമുറികളിലെ അലങ്കാരവസ്തുക്കളും.

ഏഴു വയലുകളിൽ നിന്നും നെൽക്കതിരുകളെടുത്ത് മാവിലയും പ്ലാവിലയും കൂട്ടിച്ചേർത്ത് ഇല്ലം നിറച്ചിരുന്നത് മുതിർന്നവർക്കുപോലും കടങ്കഥയായിത്തീർന്നു. നെൽവയലുകൾ പാട്ടത്തിനെടുത്ത് വാഴയും മറ്റ് കാർഷിക വിളകളും പച്ചക്കറികളും കൃഷിചെയ്യാനാരംഭിച്ചതോടെ നെൽകൃഷിയുടെ കഥ ഏതാണ്ടവസാനിക്കുന്നു. എന്നാൽ ആമച്ചൽ - നാഞ്ചല്ലൂർ ഏലായിൽ ഏതാണ്ട് 70 ശതമാനം വയലുകളിലും നെൽകൃഷിചെയ്തിരിക്കുന്നതായി കാണാൻ കഴിഞ്ഞത് പഠനയാത്രയിലെ ഒരു നല്ല അനുഭവമാണ്. നന്നായി പ്രവർത്തിക്കുന്ന ഒരു പാടശേഖരസമിതിയുണ്ടിവിടെ. നിലങ്ങളുഴാൻ അവിടെ പവർടില്ലർ ഉപയോഗിച്ചുവരുന്നു. ഇടത്തിങ്ങൽ മംഗലയ്ക്കൽ അഞ്ചുതെങ്ങിൻമൂട്, കൊല്ലോട്, ഏട്ടിരുത്തി എന്നിങ്ങനെ അപൂർവ്വ ചിലഭാഗങ്ങളിൽ മാത്രമേ ഇപ്പോൾ നെൽകൃഷിയുള്ളു.

## തെങ്ങ്

പഞ്ചായത്തിലെ മുഖ്യകൃഷി അന്നും ഇന്നും തെങ്ങാണ്. പഴയതെങ്ങിൻപുരയിടങ്ങൾ റബ്ബറിന് വഴിമാറിയെങ്കിലും നികന്ന നെൽപ്പാടങ്ങൾ തെങ്ങിൻ തോപ്പുകളായിമാറി. ആദ്യകാലങ്ങളിൽ വയലേലകളുടെ ഇരുപുറവുമുള്ള കരപ്പറമ്പുകളിലും വീട്ടുപുരയിടങ്ങളിലും മാത്രമായിരുന്നുതെങ്ങുകൃഷി. കർഷകരുടെ ചെറിയ സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിച്ചിരുന്ന 'തെങ്ങ് ഒറ്റി' സമ്പ്രദായം മുൻകാലങ്ങളിൽ പ്രചാരത്തിലുണ്ടായിരുന്നത് ഇപ്പോഴും ഈ ഗ്രാമത്തിന്റെ പലഭാഗങ്ങ

ളിലും നിലനിൽക്കുന്നു.

കൃഷിഭവനോടനുബന്ധിച്ച് പഞ്ചായത്തുതലത്തിൽ പ്രവർത്തിക്കുന്ന ഒരു കേര സംരക്ഷണസമിതി നില വിലുണ്ട്. കേരകർഷകർക്ക് സൗജന്യനിരക്കിൽ വളവും നടീൽ വസ്തുക്കളും മറ്റ് കാർഷികനിർദ്ദേശങ്ങളും പമ്പ് സെറ്റ് വിതരണവുമെല്ലാം ചിട്ടയായി നടന്നു വരുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും നാളികേരക ർഷകരുടെ ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കു ന്നതിനുവേണ്ടിയുള്ള ദീർഘകാല സംരംഭങ്ങളൊന്നും ഇനിയും ഈ ഗ്രാമത്തിൽ ആവിഷ്കരിച്ചിട്ടില്ല.

## വാഴ

ഈ ഗ്രാമത്തിലെ ഭൂരിഭാഗം കർഷകരുടേയും ജീവിതം തളിരിടുന്നത് ഇപ്പോൾ വാഴ കൃഷിയിലാണ്. ഇതിലേതാണ്ട് കർഷകരും പാട്ടത്തിനെടുത്ത ഭൂമിയി ലാണ് വാഴകൃഷി ചെയ്യുന്നത്. രാസവളങ്ങളുടെ വില വർദ്ധനവും കൂലിചിലവുകളും ഈ കൃഷിയുടെ അഭിവൃദ്ധിയെ തടസ്സപ്പെടുത്തുന്നു. ഏത്തൻ, പാളയം തോടൻ, കപ്പ, രസകദളി, ചിങ്ങൻ തുടങ്ങിയ വിവിധ യിനം വാഴകൾ പഞ്ചായത്തിലുടനീളം കൃഷിചെയ്യു ന്നുണ്ട്. തിരുവനന്തപുരം നഗരത്തിലെത്തുന്ന വാഴക്കു ലകളിൽ നല്ലൊരു ശതമാനം ഈ മേഖലയിൽ നിന്നു ള്ളതാണ്. ഇതൊക്കെയാണെങ്കിലും അടിക്കടി ഉണ്ടാ കുന്ന പ്രകൃതിദുരന്തങ്ങൾ വാഴകൃഷിക്കാരന്റെ നട്ടെ ല്ല് തകർക്കുന്നു.

## റബ്ബർ

പഞ്ചായത്തിലെ കൃഷിയിൽ രണ്ടാംസ്ഥാനം റബ്ബ റിനാണ് ഒരു കാലത്ത് നന്നായി കപ്പ വിളയിച്ചിരുന്ന പുരിയിടങ്ങളിൽ ഇപ്പോൾ റബ്ബർ സമൃദ്ധിയായി വളരുന്നു. ഈ കൃഷിയിലെ ലാഭക്കൊതി ചെറുകിട കർഷകരെയും ആകർഷിച്ചിട്ടുണ്ട്. പത്തുസെൻറ് പുര യിടമുള്ളവരും റബ്ബർ കൃഷിചെയ്യുന്ന ശീലം ഇന്ന് സാധാരണമായിത്തീർന്നു. 105, RRI 600 എന്നീ ഇന ങ്ങളാണ് ഇവിടെ കൂടുതലും കൃഷിചെയ്യുന്നത്. റബ്ബറും പച്ചപ്പാലും വിൽക്കാൻ ധാരാളം സൗകര്യം ഈ പഞ്ചായത്തിലുടനീളമുണ്ട്. മൂന്ന് റബ്ബറുൽപ്പാ ദക വിപണന സഹകരണ സംഘങ്ങളും പ്രവർത്തി ക്കുന്നു.

## മരച്ചീനി

ഈ നൂറ്റാണ്ടിൻെറ ഏതാണ്ട് മദ്ധ്യഭാഗം വരെ നമ്മുടെ ഗ്രാമത്തിലെ ഭൂരിപക്ഷം ജനങ്ങളുടെയും മുഖ്യ ആഹാരം മരച്ചീനി ആയിരുന്നു. കാട്ടാക്കട ചന്തയിലെ മുഖ്യകാർഷിക ഉൽപ്പന്നവും മരച്ചീനി ആണ്. തെങ്ങുകഴിഞ്ഞാൽ മരച്ചീനി ആയിരുന്നു നമ്മുടെ മുഖ്യകൃഷി. എന്നാൽ ഇന്ന് മരച്ചീനി വിളകൾ റബ്ബർ തോട്ടങ്ങളായി മാറിയപ്പോൾ കൃഷിയിടങ്ങളി ളിൽ മരച്ചീനിക്ക് സ്ഥലമില്ലാതായിത്തീർന്നിരിക്കുന്നു. വാഴനട്ടൊഴിഞ്ഞ വയലുകളിലും അപൂർവ്വം ചില കരപ്രദേശങ്ങളിലും മാത്രമേ ഇന്ന് മരച്ചീനി ഉള്ളൂ. മുമ്പ് തമിഴ്നാട്ടിലെ പല സ്റ്റാർച്ച് ഫാക്ടറികളി ലേക്കും ഇവിടെ നിന്നും മരച്ചീനികൊണ്ടുപോയി രുന്നു. കോവിൽവെള്ള, കയ്യാലചാടി, കലികാലൻ, പഞ്ചസാരവെള്ള എന്നീ ഇനങ്ങൾ ഇപ്പോൾ കറുക ണ്ണാൻ, മാങ്കൊഴുന്തൻ എന്നിവകൾക്ക് വഴിമാറി. പഞ്ചാ യത്തിലിപ്പോൾ 60 ഹെക്ടർ സ്ഥലത്ത് മരച്ചീനി കൃഷി ഉണ്ട്.

വെറ്റില, ഇഞ്ചി, കുരുമുളക് വിവിധതരം പച്ചക്കറി കൾ തുടങ്ങിയവയും പഞ്ചായത്തിൻെറ വിവിധഭാഗ ങ്ങളിൽ കൃഷിചെയ്യുന്നു. പൂർണ്ണമായും മഴയെ ആശ്ര യിച്ചാണ് എല്ലാത്തരം കൃഷികളും പഞ്ചായത്തിലെ അമ്പത് ശതമാനത്തിലധികം ആളുകളും കൃഷിയെ ആശ്രയിച്ചാണ് ജീവിക്കുന്നത്.

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ. ബാങ്ക് ഓഫ് ഇന്ത്യ എന്നീ രണ്ട് ദേശസാൽകൃതബാങ്കുകളും കട്ട യ്ക്കോട്, ആമച്ചൽ, കണ്ടല സർവ്വീസ് സഹകരണ ബാങ്കുകളും, നെയ്യാറ്റിൻകര സഹകരണബാങ്ക് കാട്ടാക്കട ശാഖ, ജില്ലാസഹകരണബാങ്ക് കാട്ടാക്കട ശാഖ എന്നി വയും കർഷകർക്ക് വായ്പകൾ നൽകുന്നു. കൂടാതെ നെയ്യാറ്റിൻകര സഹകരണ ഭൂവികസനബാങ്കിൽ നിന്നും ധാരാളം വായ്പ ഈ പഞ്ചായത്തിലെ കർഷകർക്ക് നൽകിയിട്ടുണ്ട്.

കൃഷിഭവൻെറ പ്രവർത്തനം സജീവമാണെങ്കിലും പൂർണ്ണമാണെന്ന് പറഞ്ഞുകൂടാ. കർഷകരുടെ ആവശ്യ ങ്ങൾ യഥാസമയം നിറവേറ്റാൻ തക്കവണ്ണം വേണ്ടത്ര ജീവനക്കാരോ യാത്രാസൗകര്യത്തിനുവേണ്ട വാഹ നമോ കൃഷിഭവനില്ല. പഞ്ചായത്തിൻെറ പല പ്രദേശ ങ്ങളിലും കൃഷിഭവൻെറ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇനിയും കടന്നുചെന്നിട്ടില്ലെന്ന് പഠനയാത്രവ്യക്തമാ ക്കുന്നു.

ആമച്ചൽ ഏലയിലെ നെൽകൃഷി മേഖലയിലേക്ക് മറ്റ് കൃഷികൾകടന്ന് വരുന്നത് നെൽകർഷകർക്കുണ്ടാ ക്കുന്ന പ്രയാസങ്ങൾ ചില്ലറയല്ല. ചന്ദ്രമംഗലം വാർഡിലെ വയലുകളിലെ ഇഷ്ടികവ്യവസായം സമീപത്തുള്ള മറ്റ് കർഷകരെ വളരെയെറെ ദോഷമായി ബാധി ക്കുന്നു. കൃഷിഭവൻെറ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെട്ടാൽ മാത്രമേ ഈ രംഗത്ത് ശക്തമായ വളർച്ച ഉണ്ടാക്കുവാൻ കഴിയൂ.

അടിക്കടി ഉണ്ടാകുന്ന പ്രകൃതിദുരന്തങ്ങൾ തരണം

ചെയ്യുന്നതരത്തിൽ നമ്മുടെ തോടുകളും ബണ്ടുകളും അത്യാവശ്യമായി ബലപ്പെടുത്തേണ്ടിയിരിക്കുന്നു വയലുകൾ നിരന്നതോടെ തോടുകൾ റോഡുകളാക്കി മാറ്റാനുള്ള പ്രവണത ചിലയിടങ്ങളിൽ കണ്ടുവരുന്നു. ഇത് മുളയിലേ നുള്ളിയില്ലെങ്കിൽ ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങൾക്ക് വഴിതെളിയ്ക്കും. മൊളിയൂർ കുളം നികത്തിയതിനു പിന്നാലേ മൊളിയൂർക്കോണത്തും അതിനോടുബന്ധിച്ച ഏലാകളിലും നെൽകൃഷി അവസാനിച്ചതും നിലങ്ങൾ നികത്തി വ്യാപകമായി കെട്ടിടം പണിക്കായി തയ്യാറെടുക്കുന്നതും ഇക്കാര്യത്തിൽ ഏവരും ശ്രദ്ധിക്കേണ്ട ഒരു വസ്തുതയാണ്.

## ജലസേചനം

ഇടവപ്പാതിയും തുലാവർഷവും ആശ്രയിച്ചാണ് ഈ ഗ്രാമത്തിന്റെ കൃഷിനിലനിൽക്കുന്നത് പഞ്ചായത്തിലാകെയുള്ള നിരവധികുളങ്ങളിൽ പമ്പ് ഹൗസുകൾ ഉണ്ടായിട്ട് വർഷങ്ങളായെങ്കിലും പമ്പു സെറ്റുകളൊന്നും ഇതുവരെയും സ്ഥാപിച്ചിട്ടില്ല. പ്രമുഖജലാഗമന മാർഗ്ഗങ്ങളായ പലതോടുകളും കുളങ്ങളും ഇന്ന് റിക്കാർഡുകളിൽ മാത്രമേയുള്ളൂ. വേനൽക്കാലത്ത് കാർഷികവിളകൾ കരിഞ്ഞ് നശിക്കുകയും മഴക്കാലത്ത് കൊടിയദുരിതം അനുഭവിക്കേണ്ടി വരികയും ചെയ്യുന്നവരാണ് ഇവിടത്തെ കർഷകരിൽ ഏറിയകൂറും. ബണ്ടുകൾ നശിച്ചതും, തോടുകൾ നികന്നതും പല സ്ഥലത്തും മണ്ണൊലിപ്പിന് കാരണമായിത്തീർന്നു.

## മത്സ്യകൃഷി

കാട്ടാക്കട പഞ്ചായത്തിൽ സമൃദ്ധമായി ജലമുള്ള ധാരാളം നീർച്ചാലുകളുമുണ്ട്. ഈ കുളങ്ങൾ വൃത്തിയാക്കി മത്സ്യകൃഷിചെയ്യുന്നത് വളരെ ആദായകരമായേക്കും. മാത്രമല്ല, നല്ലൊരു തൊഴിൽ മേഖലയുമാണിത്. ഏട്ടിരുത്തി വാർഡിലെ പുന്നോട്ടുകോണം കുളത്തിൽ മത്സ്യകുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്ന ഒരു യൂണിറ്റ് ആരംഭിച്ച് പഞ്ചായത്തിലും പുറത്തും മത്സ്യകുഞ്ഞുങ്ങളെ വിതരണം ചെയ്യുവാൻ സംവിധാനമുണ്ടാക്കുന്നത് ഈ മേഖലയുടെ വളർച്ചയ്ക്ക് സഹായകമായിത്തീരും.

## കാർഷികരംഗത്തെ പ്രധാന പ്രശ്നങ്ങൾ

1. പരമ്പരാഗതമായ കൃഷിരീതികൾ കൈവിട്ടെങ്കിലും പൂർണമായും കാർഷികമേഖല നവീകരിച്ചിട്ടില്ല.
2. കൃഷിഭവന്റെ പ്രവർത്തനങ്ങൾ പഞ്ചായത്തിലാകെ ലഭിക്കുന്നില്ല.
3. മെച്ചപ്പെട്ട നടീൽ വസ്തുക്കളും, വിത്തും, വളങ്ങളും യഥാസമയം ലഭിക്കുന്നില്ല.
4. ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത
5. ഏലാകളിലെ വിവിധതരം കൃഷികൾ ഉണ്ടാക്കുന്ന പ്രശ്നങ്ങൾ.
6. അടിക്കടി ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളും അവ പരിഹരിക്കുന്നതിനുള്ള കാലതാമസവും.
7. രാസവളങ്ങളുടെ വില വർദ്ധനവും തൊഴിൽ ചിലവുകളും
8. കാർഷിക തൊഴിലാളികളുടെ ലഭ്യതകുറവ്.
9. രൂക്ഷമായ മണ്ണൊലിപ്പ് അനുഭവപ്പെടുന്നു.
10. മണ്ണു പിരിശോധനാ സൗകര്യങ്ങളുടെ അഭാവം
11. കാർഷികവൃത്തി അനുഷ്ടിക്കാൻ അദൃസ്തവിദ്യർകാണിക്കുന്ന വിമുഖത
12. കാർഷിക ഉൽപന്നങ്ങളുടെ സംസ്കരണ സംവിധാനങ്ങളുടെ അഭാവം.
13. നെൽകൃഷി നിലനിർത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം

## പരിഹാരങ്ങളും നിർദ്ദേശങ്ങളും

1. നെൽകൃഷി പുനരുദ്ധരിക്കുകയും എല്ലാ ഏലാകളിലും ഗ്രൂപ്പ് ഫാമിംഗ് ആരംഭിക്കുകയും ചെയ്യുക.
2. നെൽ വയലുകൾ നികത്തി തെങ്ങും റബ്ബറും നടുന്നത് അവസാനിപ്പിക്കാൻ ശക്തമായ നടപടി സ്വീകരിക്കുക.
3. പഞ്ചായത്തിൽ സ്ഥിരമായി ഒരു മണ്ണു പരിശോധനാ കേന്ദ്രം ആരംഭിക്കുക.
4. നാളികേരകർഷകർക്കുവേണ്ടി ഒരു കൊപ്രാ സംസ്കരണകേന്ദ്രം സ്ഥാപിക്കുക
5. കൃഷിഭവന്റെ കീഴിൽ എല്ലാ ഏലാകളിലും പവർ ഡ്രില്ലർ നൽകുകയും ചെറുകിട കർഷകർക്ക് കാർഷികോപകരണങ്ങൾ നൽകുകയും ചെയ്യുക.
6. എല്ലാവീടുകളിലും പച്ചക്കറി കൃഷിക്ക് വിത്തും വളവും സൗജന്യമായി നൽകുക.
7. മെച്ചപ്പെട്ട നടീൽ വസ്തുക്കൾ കൃഷിഭവൻ വഴി പഞ്ചായത്തിലാകെ വിതരണം ചെയ്യുക.
8. മൂഴവൻകോട് പാലത്തിന് സമീപം ഒരു കുളം വെട്ടി കൃഷിക്കാവശ്യമായ ജലം സംഭരിച്ച് വിതരണം ചെയ്യുക.

9. കിള്ളി കുളം ജലസേചന സൗകര്യത്തിന് ഉപയുക്തമാക്കുക.
10. മൂന്നാം വീട്ട്കോണം ഊറ്റുകുഴി വലുതാക്കി പമ്പ് സെറ്റ് സ്ഥാപിച്ച് കൃഷിക്ക് സൗകര്യമുണ്ടാക്കുക.
11. ലിഫ്റ്റ് ഇറിഗേഷൻ വഴി ചാനൽ വെള്ളം മംഗലക്കൽ കൊമ്പാടിക്കൽ ഏലാകളിൽ എത്തിക്കാൻ സൗകര്യമുണ്ടാക്കുക.
12. ചെറ്റാടി, കുളവിയോട് കുളങ്ങൾ ആഴം കൂട്ടി ജലസേചന സൗകര്യം വർദ്ധിപ്പിക്കുക.
13. പഞ്ചായത്തിലെ എല്ലാ കർഷകരുടെ കണക്കെടുത്ത് അവർക്ക് ഐഡൻറ്റിറ്റി കാർഡ് നൽകി, അതിൻെറ അടിസ്ഥാനത്തിൽ മാത്രം ആനുകൂല്യങ്ങൾ നൽകുക.
14. കുരുതംകോട് LPS നോടും ചെമ്പനാകോട് LPS നോടും ചേർന്ന് പച്ചക്കറി തോട്ടങ്ങൾ നിർമ്മിക്കാൻ വേണ്ട ഏർപ്പാട് ഉണ്ടാക്കണം.
15. ആമച്ചൽ ചന്ദ്രമംഗലം വലിയതോട്ടില തടയണകൾ കെട്ടുകയും ചന്ദ്രമംഗലം വാർഡിലെ മൂന്നു കുളങ്ങളും നവീകരിക്കുകയും ചെയ്യുക.
16. പ്ലാവൂർ വലിയ തോട്ടിൽ ചെറുപ്പുകൾ നിർമ്മിച്ചും ലിഫ്റ്റ് ഇറിഗേഷൻ ഏർപെടുത്തിയും ജലസേചന സൗകര്യം വർദ്ധിപ്പിക്കുക.
17. സബ്സിഡിയോട് കൂടിയുള്ള പമ്പ് സെറ്റുകൾ സ്ഥാപിക്കാൻ സഹായം നൽകുക.
18. തൂവല്ലൂർകോണം കുളത്തിലെ വെള്ളം കൊമ്പാടിക്കൽ ഏലായിൽ എത്തിക്കാൻ സൗകര്യം ഉണ്ടാക്കുക.
19. കാട്ടാക്കട ഹൈസ്കൂളിന് സമീപം കുളം കുഴിച്ച് കൃഷിക്ക് ഉപയുക്തമാക്കുക.
20. പഞ്ചായത്തിലാകെ തോടുകളിൽ സൈഡ്-വാളുകൾ കെട്ടി നിലങ്ങളെ സംരക്ഷിക്കുക.
21. ചന്ദ്രമംഗലം വാർഡിലെ തോട്ടിലൂടെ ഒഴുകുന്ന വെള്ളം ആമച്ചൽ കുളത്തിൽ സംഭരിച്ച് കൃഷിക്ക് ഉപയുക്തമാക്കുക.
22. പാറച്ചൽ ഏലായിലെ കൊല്ലകോണം, തലപ്പാ, പാപ്പനം, എന്നീ കുളങ്ങളുടെ ആഴം വർദ്ധിപ്പിക്കുക.
23. പ്ലാവൂർ ഏലായിലെ പുളിച്ചനെല്ലിനടയിൽ ചെക്ക്-ഡാം കെട്ടി പ്ലാവൂർ ഏലായിലെ കൃഷിസൗകര്യം വർദ്ധിപ്പിക്കുക
24. മണ്ഡപത്തിൽ കടവ് ആറിലേയും, തോട്ടിലേയും മണൽവാരൽ നിരോധിക്കുക.
25. പുഷ്പകൃഷി വികസനത്തിനായി തീവ്രയത്നപരിപാടി ആവിഷ്കരിക്കുക.
26. പഞ്ചായത്തിലെ മുഴുവൻ കർഷകർക്കും ഗ്രൂപ്പ് ഇൻഷുറൻസ് ഏർപ്പെടുത്തുക.
27. കാർഷിക വിഭവ സംസ്കരണ സംവിധാനം ഏർപ്പെടുത്തുക.
28. ഔഷധചെടികളുടെ കൃഷിയ്ക്കായി സർക്കാർ തലത്തിൽ പദ്ധതികൾ ആവിഷ്കരിക്കുക.
29. മാതൃകാ കൃഷിത്തോട്ടം സ്ഥാപിക്കാൻ കൃഷിഭവനിൽ നിന്നും കർഷകർക്ക് പരിശീലനം നൽകുക.
30. കാർഷിക ഉല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പാക്കുക
31. കൃഷിഭവൻെറ പ്രവർത്തനം വിപുലീകരിക്കുന്നതിനായി കൊല്ലോട്, തൂങ്ങാംപാറ, അമ്പലത്തിൻകാല, ആമച്ചൽ, മംഗലയ്ക്കൽ, കട്ടയ്ക്കോട്, എന്നിവിടങ്ങളിൽ ഓരോ സബ്-സെൻറർ തുറക്കുക.

## മത്സ്യകൃഷി സാദ്ധ്യതകൾ

1. എട്ടിരുത്തി വാർഡിലെ പൂന്നോട്ട്കോണം കുളം ശുചീകരിച്ച് മത്സ്യകുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കുന്ന ഒരു പദ്ധതി ആവിഷ്കരിക്കുക.
2. പഞ്ചായത്തിലാകെയുള്ള മുപ്പതോളം കുളങ്ങൾ അടിയന്തിരമായി വൃത്തിയാക്കി മത്സ്യകൃഷി ആരംഭിക്കുക.

# ഭൂവിനിയോഗം

| വിള | വിസ്തീർണ്ണം | മൊത്തം ഉല്പാദനം | ഉല്പാദനക്ഷമത |
|---|---|---|---|
| നെല്ല് (ഒന്നാംവിള) | 25ഹെക്ർ | 87.5 ടൺ | 1650 കി/ഗ്രാം/ബാക് |
| നെല്ല് (രണ്ടാംവിള) | 25 ഹെക്ടർ | 87.5 ടൺ | ,, |
| നെല്ല് (മൂന്നാംവിള) | – | – | -- – |
| പയർ | 6 ഹെക്ടർ | 30 ടൺ | 6 ടൺ / ഹെക്ടർ |
| എള്ള് | 5 ഹെക്ടർ | 2.5 ടൺ | 5 ടൺ /ഹെക്ടടർ |
| പച്ചക്കറികൾ | 40 ഹെക്ടർ | 200 ടൺ | 5 ടൺ/ഹെക്ടർ |
| തെങ്ങ് | 900 ഹെക്ടർ | 99,00,000 ങ്ങേ | 11000 തേങ്ങ/ഹെക്ടർ |
| വാഴ | 100 ഹെക്ടർ | 20000 കുലകൾ | 2000 കുലകൾ/ഹെക്ടർ |
| മരച്ചീനി | 60 ഹെക്ടർ | 540 ടൺ | 9 ടൺ /ഹെക്ടർ |
| കുരുമുളക് | 3 ഹെക്ടർ | 9 ടൺ | 3 ടൺ/ഹെക്ടർ |
| പ്ലാവ് | 15 ഹെക്ടർ | 225.5 ടൺ | 15 ടൺ/ഹെക്ടർ |
| കശുമാവ് | 5 ഹെക്ടർ | 17.5 ടൺ | 3.5 ടൺ/ഹെക്ടർ |
| മാവ് | 15 ഹെക്ടർ | 75 ടൺ | 5 ടൺ/ഹെക്ടർ |
| റബ്ബർ | 500 ഹെക്ടർ | 750 ടൺ | 1.5 ടൺ /ഹെക്ടർ |

ആധാരം :- കൃഷി ഭവൻ റിക്കർഡുകൾ

# ഭൂമി സംബന്ധിച്ച വിവിരങ്ങൾ

| ഇനം | വിസ്തീർണ്ണം | | |
|---|---|---|---|
| | ഹെക്ടർ | ആർ | ച. മീ |
| നിലം | 298 | 76 | 55 |
| പുരയിടം | 18000 | 13 | 18 |
| പുറമ്പോക്ക് | 157 | 18 | 63 |
| കൃഷിയോഗ്യമായ തരിശ് | | 34 | 13 |
| കൃഷിയോഗ്യമല്ലാത്ത തരി | 3 | 62 | |

# കൈവശഭൂമി വിസ്തീർണ്ണം

| നാമമാത്ര കർഷകർ (1 ഹെക്ടറിൽ താഴെ) | ചെറുകിട കർഷകർ (1-2 ഹെക്ടർ) | വൻകിട കർഷകർ (2 ഹെക്ടറിനു മുകളിൽ) |
|---|---|---|
| 1 | 2 | 3 |
| 2409 | 213 | 62 |

# വളത്തിന്റെ ഉപയോഗം

| | 1993-94 | | | 94-95 | | | 95-96 | | |
|---|---|---|---|---|---|---|---|---|---|
| | രാസവളം Kg. | കീടനാശിനി ദ്രവം | കീടനാശിനി ഖരം | രാസവളം Kg. | കീടനാശിനി ദ്രവം | കീടനാശിനി ഖരം | രാസവളം Kg. | കീടനാശിനി ദ്രവം | കീടനാശിനി ഖരം |
| സഹകരണ മേഖല | 195 | 120 | 136 | 205 | 140 | 165 | 215 | 125 | 153 |
| സ്വകാര്യമേഖല | 125 | | | 120 | | | 155 | | |
| | 320 | 120 | 136 | 325 | 140 | 165 | 340 | 125 | 153 |

ആശ്രയം - കൃഷിഭവൻ, വളം ഡിപ്പോകൾ etc

## കുളങ്ങളെ സംബന്ധിച്ച വിവരങ്ങൾ

| പേര് | വാർഡ് | വിസ്തീർണ്ണം | ഉപയോഗക്ഷമമോ ഉപയോഗശൂന്യമോ |
|---|---|---|---|
| കാര്യോട്ടുകോണം | കട്ടയ്ക്കോട് | | ഉപയോഗശൂന്യം |
| വാകശേരികോണം | കൊല്ലോട് | | ഉപയോഗശൂന്യം |
| ചിറക്കോണം,<br>മുളയ്ക്കൽ<br>ചേലയ്ക്കാട് | കിള്ളി | | |
| മുതയിൽ പുന്നോട്ടു കോണം, മൂന്നാം വീട്ടുകോണം<br>കാവനാട്ടുകോണം | എട്ടിരുത്തി | | ഉപയോഗക്ഷമം<br>ഉപയോഗശൂന്യം<br>,, |
| വെള്ളുമാനൂർകോണം<br>മണ്ണാംകോണം<br>കാഞ്ഞിരംകാട്,<br>തൂവല്ലൂർകോണം | തൂങ്ങാംപാറ | | |
| വെള്ളൂർകോണം,<br>പാറയിൽകുളം<br>ചെട്ടിക്കോണം | പാറച്ചൽ | 2 ഏക്കർ | ഉപയോഗശൂന്യം |
| കുളവിയോട്<br>ഇരുമരത്തുകുളം<br>ചെറ്റാടികുളം, ആലംകോട് | ചെമ്പനാകോട് | | ഉപയോഗശൂന്യം |
| മാത്രകോണം<br>തൂണിപ്പാട്<br>കുരുതംകോട്<br>പാലയ്ക്കൽ<br>പയ്യംകോട്<br>തലപ്പിലാം | കുരുതംകോട് | 1 ½ ഏക്കർ<br>50 സെൻറ്<br><br><br>1 ഏക്കർ | ഉപയോഗക്ഷമം<br>ഉപയോഗശൂന്യം<br><br><br>ഉപയോഗശൂന്യം<br>,, |
| വേലൻചിറക്കുളം | | ചന്ദ്രമംഗലം | |
| കളിയാകോട് ചിറ<br>വരമ്പ് കുളം | പ്ലാവൂർ | 50 സെൻറ് | |
| — | കാട്ടാക്കട | | |
| ആമച്ചൽ പൊട്ടൻചിറ<br>പായിത്തലകുളം<br>കൊല്ലകോണം | ആമച്ചൽ | 40 സെൻറ്<br>2 ഏക്കർ<br>1 ഏക്കർ | ഉപയോഗക്ഷമം<br>ഉപയോഗശൂന്യം<br>ഉപയോഗക്ഷമം |
| നെന്മേനി<br>കുറ്റിക്കാട്<br>ചേമ്പ് പറമ്പ് | പൊന്നറ | 12 സെൻറ്<br>20 സെൻറ്<br>5 സെൻറ് | ഉപയോഗശൂന്യം<br>ഉപയോഗക്ഷമം<br>,, |

## തോടുകളെ സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | നമ്പർ | തോടിന്റെ പേര് | ആകെ നീളം | ശരാശരി വീതി |
|---|---|---|---|---|
| I<br>കട്ടയ്ക്കോട് | 1.<br>2.<br>3. | മുഴവൻകോട്<br>ശാസ്താകോണം<br>കടുവാകുഴി | 5 km<br>1 km<br>1 km | |
| II<br>കൊല്ലോട് | 1.<br>2.<br>3. | ചോഴിയകാട്<br>അന്തിയൂർകോണം — കൊല്ലോട്<br>ഇലഞ്ഞിമൂട് — വട്ടപ്പാറ | $1\frac{1}{2}$ km<br>3 km<br>$1\frac{1}{2}$ km | |
| III<br>കിള്ളി | 1.<br>2.<br>3.<br>4.<br>5.<br>6. | കൊല്ലോട് — മുഴവൻകോട്<br>മേച്ചിറ<br>മാങ്കോട്ടുകോണം<br>കീഴതുനട<br>വരയിടിഞ്ഞകുഴി — മുണ്ടുകരിക്കകം<br>കിള്ളി — കീഴതുനട | 5 km<br>3 km<br>$2\frac{1}{2}$ km<br>$1\frac{1}{2}$ km<br>2 km<br>2 km | |
| IV<br>എട്ടിരുത്തി | 1.<br>2.<br>3.<br>4.<br>5. | കാവനാട്ടുകോണം<br>ചൂരക്കാട്<br>മൂന്നാംവീട്ടുകോണം<br>മുതയിൽതോട്<br>കിള്ളി — ആലുംപാറ | 2 km<br>750 m<br>750 m<br>$1\frac{1}{2}$ km<br>2 km | |
| V<br>തൂങ്ങാംപാറ | 1.<br>2.<br>3. | മണ്ണാംകോണം<br>വെള്ളമാനൂർകോണം<br>കാഞ്ഞിരംകാട് — തൂവല്ലൂർകോണം | $\frac{1}{2}$ km<br>1 km<br>1 km | |
| VI<br>പാറച്ചൽ | 1.<br>2.<br>3.<br>4. | പാറച്ചൽ വലിയതോട്<br>പറങ്ങോട്<br>ചെമ്പ്രാംകോണം —കൊമ്പാടിക്കൽ<br>കുഞ്ഞെലികോണം | 8 km<br>2 km<br>$\frac{1}{2}$ km<br>750 m | |
| VII<br>ചെമ്പനാകോട് | 1.<br>2.<br>3.<br>4.<br>5.<br>6.<br>7. | ചെമ്പനാകോട് വലത്തേകര<br>ചെമ്പനാകോട് ഇടത്തേകര<br>ആലംകോട് വലത്തേകര — ഇടത്തേകര<br>ചെമ്പനാകോട് ചെറിയതോട്<br>ചെറ്റാടികുളം — മാടതാന്നി<br>കാട്ടാക്കട വലിയതോട്<br>കാട്ടാക്കട — കോടന്നൂർ | $1\frac{1}{2}$ km<br>1 km<br>2 km<br>1 km<br>1 km<br>2 km<br>$2\frac{1}{2}$ km | |
| VIII<br>കുരുതംകോട് | 1.<br>2. | കുരുതംകോട് തോട്<br>പയ്യംകോട് | $1\frac{1}{2}$ km<br>1 km | |

| വാർഡ് | നമ്പർ | തോടിന്റെ പേര് | ആകെ നീളം | ശരാശരി വീതി |
|---|---|---|---|---|
| | 3. | കിഴമച്ചൽ | 1 km | |
| | 4. | പാലയ്ക്കൽ — നാഞ്ചല്ലൂർ | $1^1/_2$ km | |
| | 5. | പാറച്ചൽ | 1 km | |
| | 6. | തൂണിപ്പാട്ടു കിഴക്കേകര | $1^1/_2$ km | |
| IX ചന്ദ്രമംഗലം | 1. | ആമച്ചൽ വലിയതോട് | $1^3/_4$ km | |
| | 2. | പ്ലാവൂർ ഏലാതോട് | $1^1/_2$ km | |
| X പ്ലാവൂർ | 1. | മുതിയാവിള ചെമ്പകത്തിൻമൂട് തോട് | $1^1/_2$ km | |
| | 2. | പ്ലാവൂ ഏലാതോട് | 1 km | |
| | 3. | കളിയാംകോട് — മണ്ണാംകോണം | 150 m | |
| | 4. | മുതിയാവിള കോണം | $1^1/_2$ km | |
| | 5. | ചിരവരമ്പ് പ്ലാവൂർ | 2 km | |
| | 6. | ഉദിയംകോണം — കൈതകോണം | 2 km | |
| | 7. | ഇളവൻകോണം — കൈതകോണം | 2 km | |
| XI കാട്ടാക്കട | 1. | അഞ്ചുതെങ്ങിൻമൂട് — കൊമ്പാടിക്കൽ | 3 km | |
| | 2. | മുണ്ടംപള്ളി തോട് | 750 m | |
| | 3. | മുങ്ങോട്ടുകോണം | 1 km | |
| XII ആമച്ചൽ | 1. | ആമച്ചൽ ഏലാതോട് | 2 km | |
| | 2. | കൊല്ലകോണം — പാറച്ചൽ | $1^1/_4$ km | |
| | 3. | പാപ്പനം | 1 km | |
| XIII പൊന്നറ | 1. | പൊന്നറതോട് | 2 km | |
| | 2. | കുളത്തുമ്മൽ | 1 km | |
| | 3. | ചെമ്മോട് | 1 km | |



# ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി

സമതലങ്ങളും പാടശേഖരങ്ങളും അങ്ങിങ്ങ് കുന്നുകളും പാറക്കെട്ടുകളും ഉൾപ്പെട്ട ഹരിതാഭമായ ഒരു ഭൂപ്രകൃതിയാണ് ഈ ഗ്രാമപഞ്ചായത്തിൽ ഉടനീളം കാണുന്നത്. ഗ്രാമത്തിലെ ഏറ്റവും ഉയർന്ന പ്രദേശം കുളത്തോട്ടുമലയും ഏറ്റവും താഴ്ന്ന പ്രദേശം കുളവിയോടും ആണ്.

ഉയരം കൂടിയ ഭാഗങ്ങളിൽ നിന്ന് ഒരു ഭാഗത്തേക്ക് നോക്കിയാൽ അഗസ്ത്യവനങ്ങൾ, സഹ്യസാനുക്കൾ എന്നിവ കാണാം. മറ്റൊരു ഭാഗത്തേക്ക് നോക്കിയാൽ തിരുവനന്തപുരം നഗരവും ശംഖുംമുഖം കടൽത്തീരവും ദർശിക്കാവുന്നതാണ്. ആരെയും ആകർഷിക്കുന്ന ഇത്തരം കാഴ്ചകൾ ഈ ഗ്രാമത്തിലെ ഉയർന്ന പല പ്രദേശങ്ങളിൽ നിന്നും ദർശിക്കാൻ കഴിയും.

പഞ്ചായത്തിന്റെ കിടപ്പ് പടിഞ്ഞാറു നിന്നും കിഴക്കോട്ട് ചരിഞ്ഞ നിലയിലാണ്. കാട്ടാക്കട പട്ടണത്തിന്റെ കിഴക്ക് വശം ചരിഞ്ഞ് നെയ്യാറിൽ അവസാനിക്കുന്നു. അവിടെ നിന്നും അഞ്ച് കിലോ മീറ്റർ ദൂരത്തിലാണ് നെയ്യാർ അണക്കെട്ടിന്റെ കേന്ദ്രഭാഗം സ്ഥിതിചെയ്യുന്നത്.

ചരിഞ്ഞ പ്രദേശങ്ങളും കുത്തനെയുള്ള ഇറക്കങ്ങളും ഉൾപ്പെടുന്ന ചെറിയ ചെറിയ പ്രദേശങ്ങൾ പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ അങ്ങിങ്ങായി കാണപ്പെടുന്നു.

ഊറ്റുകുഴിപ്പാറ, മലവിള, പൂച്ചപ്പാറ, പരുത്തം പാറ, ചെറുമല പാറ, വട്ടപ്പാറ, പറണ്ടോട് പാറ, ചാരു പാറ, വാളക്കോട് പാറ, തേവുപാറ, തൂങ്ങാപാറ എന്നിവയോട് അനുബന്ധമായ പ്രദേശങ്ങൾ ചെറിയ ചെറിയ പാറക്കൂട്ടങ്ങളോടു കൂടിയ കുന്നിൻ പ്രദേശങ്ങളാണ്.

ഈ ഗ്രാമത്തിന്റെ സമതല പ്രദേശങ്ങളും താഴ്വരകളും കൂടുതലും ഏലകളാണ്. നിരന്ന പ്രദേശങ്ങളിൽ തെങ്ങും, റബ്ബറും, മരച്ചീനിയും മറ്റ് ഫല വൃക്ഷങ്ങളുമാണ് കൂടുതലായി കൃഷി ചെയ്യുന്നത്. ഏലാകളിൽ നിന്നും വിള പ്രദേശങ്ങളിലേക്ക് ആരംഭിക്കുന്ന ഭൂമി കയറ്റത്തോട് കൂടിയതാണ്.

കൃഷിക്ക് ഏറ്റവും അനുയോജ്യമായ ഫലഭൂയിഷ്ടമായ വിവിധതരം മണ്ണുകൾ ഉൾപ്പെടുന്ന ഭൂപ്രദേശങ്ങൾ ഈ പഞ്ചായത്തിലുടനീളംകാണുന്നു. ചെമ്മണ്ണ്, കരിമ്മണ്ണ്, എക്കൽമണ്ണ്, മണൽ മണ്ണ്, പശിമരാശി മണ്ണ്, കളിമണ്ണ്, ചരൽമണ്ണ് എന്നിവ വിവിധ പ്രദേശങ്ങളിൽ കാണപ്പെടുന്നു. ചന്ദ്രമംഗലം വാർഡിലെ കളിമണ്ണ് ഉള്ള പ്രദേശങ്ങളിൽ ഏകദേശം പതിനാലോളം ചൂളകളുണ്ട്.

തുലാവർഷവും ഇടവപ്പാതിയും ആശ്രയിച്ചാണ് കൂടുതൽ കൃഷികളും. താരതമ്യേന ഇടവപ്പാതിയിലാണ് മഴ കൂടുതൽ ലഭിക്കുന്നത്. ഡിസംബർ, ജനുവരി മാസങ്ങളിൽ പകൽ വേനലും രാത്രി തണുപ്പും അനുഭവപ്പെടുന്നു. മാർച്ച്, ഏപ്രിൽ മെയ്, മാസങ്ങളിൽ കടുത്ത വേനലാണ്. ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലും വേനൽ മോശമല്ല.

നിരവധി കുളങ്ങളും, തോടുകളും ഉൾപ്പെടുന്ന സമ്പന്നമായ ഒരു ജലസ്രോതസ്സ് ഈ ഗ്രാമത്തിനുണ്ട്. കൂടാതെ ഈ പഞ്ചായത്തിലെ ഒരു ഭാഗത്തുകൂടി നെയ്യാർ ഒഴുകുന്നുണ്ട്.

പാടശേഖരങ്ങളും കൃഷിയിടങ്ങളും കൂടുതലുള്ള ഒരു പ്രദേശമാണ് ഈ ഗ്രാമം. ഏതാണ്ട് എല്ലാ പ്രദേശങ്ങളും കൃഷിഭൂമികളാണ്. അല്ലാത്തവ റോഡുകളും വീടുകളും മറ്റ് പൊതുസ്ഥലങ്ങളുമാണ്. നിലങ്ങളിൽ പലതിലും നെൽകൃഷി അവസാനിച്ചെങ്കിലും ബാക്കിയുള്ളിടങ്ങളിൽ ഇരിപ്പൂക്കൃഷിയാണ് ചെയ്യുന്നത്. തരിശു സ്ഥലങ്ങൾ തീരെയില്ല. കെട്ടുകഥകളും

ഐതീഹ്യങ്ങളും പേറി നിരവധി കാവുകൾ ഈ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ കാണപ്പെടുന്നു.

സമ്പന്നമായ സസ്യജാലങ്ങളും കന്നുകാലികളും ഈ ഗ്രാമത്തിലുണ്ട്. അപൂർവ്വം ചില ജലജീവികളും പലതരത്തിലുള്ള പക്ഷികളും ഇവിടെ കാണപ്പെടുന്നു.

മുപ്പത്തിമൂവായിരത്തോളം ജനങ്ങൾ ഈ പഞ്ചായത്തിൽ അധിവസിക്കുന്നു. ഏറിയകൂറും വിദ്യാസമ്പന്നരാണ്. സാക്ഷരതാ പദ്ധതികൾ വിജയകരമായി നടപ്പാക്കിയ ഈ പഞ്ചായത്തിൽ നിരക്ഷരർ നന്നേ കുറവാണ്. ജനങ്ങളിൽ പകുതിയോളം പേർ കാർഷിക മേഖലയിൽ വിവിധ തൊഴിലുകൾ ചെയ്ത് ജീവിക്കുന്നു. അഭ്യസ്തവിദ്യരിൽ തൊഴിലില്ലായ്മാ പ്രശ്നം രൂക്ഷമാണ്. കെട്ടിട നിർമ്മാണ തൊഴിലാളികളും, മറ്റ് വിവിധ മേഖലകളിൽ പണിയെടുക്കുന്നവരും നിരവധിയുണ്ട്. വ്യവസായ മേഖലകൾ കുറവായതിനാൽ അന്യനാടുകളിൽ ജോലി ചെയ്യുന്നവർ ധാരാളമുണ്ട്.



# മൃഗസംരക്ഷണവും ക്ഷീരവികസനവും

അൽപകാലം മുമ്പ് വരെ ഗ്രാമത്തിൻെറ ഏതൊരുവീടിനു മുമ്പിലും കാലിത്തൊഴുത്തും അതിൽ കന്നുകാലികളും ഉണ്ടായിരുന്നു. സ്വന്തമായി ഒരു പശുവോ, എരുമയോ, ആടോ ഭക്ഷ്യ പ്രശ്നങ്ങൾക്കു മാത്രമല്ല കൃഷി ആവശ്യങ്ങൾക്കും അത്യന്താപേഷിതമാണ്. എന്നാൽ ഇന്ന് കാലിവളർത്തൽ ഒരു തൊഴിലായിസ്വീകരിച്ചവർ അപൂർവ്വമാണ്. എങ്കിലും ചെമ്പനാകോട് കട്ടയ്ക്കോട്. ആമച്ചൽ, കുരുതംകോട്, തൂങ്ങാംപാറ, കൊല്ലോട് മേഖലകളിൽ കാലിവളർത്തൽ പുഷ്ടിപ്പെട്ടുവരുന്നു. പാൽ കൂടുതൽ കിട്ടുന്ന സങ്കരയിനം പശുക്കളും എരുമകളുമാണ് പ്രധാനമായി വളർത്തുന്നത്.

ആടുവളർത്തലും, പന്നിവളർത്തലും ആദായകരമായ ഉപജീവനമായി കരുതുന്ന കാലം മറന്നു. വളരെ കുറഞ്ഞ പ്രാധാന്യമാണ് ഇന്ന് ഈ മേഖലയ്ക്കുള്ളത്. ഉഴവു മാടുകളെ വളർത്തി കാർഷിക മേഖലയിൽ ജീവിത മാർഗ്ഗം കണ്ടെത്തിയിരുന്ന വിഭാഗങ്ങളെ ഇപ്പോൾ കണികാണാനില്ല. കാളവണ്ടികൾ അപ്രത്യക്ഷമാകുന്നതോടെ വണ്ടിക്കാളകളുടെ കഥയും അവസാനിക്കും.

വയലുകളിൽ നെൽകൃഷി അവസാനിച്ചതും, വയ്ക്കോലിനുപോലും അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവന്നതും, കാലിത്തീറ്റയുടെ ക്രമാതീതമായ വില വർദ്ധനയും ആ മേഖല തകരുന്നതിന് കാരണമായി.

ഇറച്ചിക്കുവേണ്ടി മുയൽ വളർത്തൽ ഇനിയും ആരംഭിച്ചിട്ടില്ല. ഇറച്ചി കോഴിവളർത്തൽ പലഭാഗങ്ങളിലും ഉണ്ടെങ്കിലും കോഴിത്തീറ്റയുടെ വില വർദ്ധനവും, ഇറച്ചി വിലയും തമ്മിൽ പൊരുത്തപ്പെടാത്തതുകൊണ്ട് ഈ മേഖല നേരിടുന്ന പ്രതിസന്ധി രൂക്ഷമാണ്. ഒരു കുടിൽ വ്യവസായമോ, ചെറുകിട യൂണിറ്റോ ആയി മുട്ടക്കോഴിവളർത്തൽ ഇനിയും ആരംഭിച്ചിട്ടില്ല. മുൻ കാലങ്ങളിലെ പോലെ വീട്ടു വളപ്പിലെ കോഴിവളർത്തലാണ് സജീവം. എന്നാൽ നാടൻ ഇനങ്ങൾക്കു പുറമെ മേന്മയുള്ള 'ഗിരിരാജ', ആസ്ട്രോവൈറ്റ്, എന്നീ ഇനങ്ങളും കുറഞ്ഞ അളവിൽ വളർത്തുന്നു

മിക്കവീടുകളിലും നായ്ക്കളെ വളർത്തുന്നുണ്ടെങ്കിലും പേവിഷബാധയ്ക്കെതിരെയുള്ള പ്രതിരോധ കുത്തിവയ്പ് ഫലപ്രദമല്ല.

ദേശസാൽകൃത ബാങ്കുകളും, സഹകരണബാങ്കുകളും ക്ഷീരസംഘങ്ങളും നിരവധിയുണ്ടെങ്കിലും കന്നുകാലി വായ്പാ പദ്ധതി പൂർണ്ണമല്ല.

സമീപപ്രദേശങ്ങളിലെ വളരെ പ്രധാനപ്പെട്ട ഒരു മൃഗാശുപത്രിയാണ് കാട്ടാക്കടയുള്ളത്. ഈ പ്രദേശത്തിൻെറ വലിപ്പവും മൃഗങ്ങളുടെ പെരുപ്പവും കണക്കിലെടുക്കുമ്പോൾ ഈ ആശുപത്രിയിൽ സൗകര്യങ്ങൾ പരിമിതമാണ്. ചിലയവസരങ്ങളിൽ ഇറച്ചിക്കോഴി ഫാമുകളിൽ ആയിരക്കണക്കിന് കോഴികൾ ചത്തൊടുങ്ങുമ്പോൾ കോഴികർഷകർക്ക് നിസ്സഹായരായി നോക്കിനിൽക്കാൻ മാത്രമേ കഴിയൂ.

## പ്രധാന പ്രശ്നങ്ങൾ

1. കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവ കുറഞ്ഞ വിലയ്ക്കു ലഭിക്കുന്നില്ല.
2. ഉല്പന്നങ്ങൾ വിലക്കുറവ്
3. വായ്പകൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്
4. ഇൻഷ്വറൻസ് സംവിധാനം പൂർണ്ണമല്ല
5. സങ്കര ഇനത്തിൽപെട്ട വളർത്തുമൃഗങ്ങളെ കിട്ടാനുള്ള ബുദ്ധിമുട്ട്.
6. മൃഗചികിത്സാ രംഗത്തെ സൗകര്യകുറവ്.

## പരിഹാരങ്ങൾ നിർദ്ദേശങ്ങൾ -ഗ്രാമസഭകളുടെ ദൃഷ്ടിയിൽ

1. കട്ടയ്ക്കോട്, കിള്ളി, പാറച്ചൽ, പ്ലാവൂർ, ആമച്ചൽ, എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് പുതിയ മൃഗാശുപത്രികളോ, സബ് സെൻററുകളോ അടിയന്തിരമായി ആരംഭിക്കുക.
2. ഇറച്ചിക്കോഴികുഞ്ഞുങ്ങളെയും, മുട്ടക്കോഴികുഞ്ഞുങ്ങളെയും ഉൽപാദിപ്പിക്കുന്ന ഒരു ഹാച്ചറി സർക്കാർ തലത്തിൽ എട്ടിരുത്തി വാർഡിലെ ഊന്നാംപാറ എന്ന സ്ഥലത്ത് സ്ഥാപിക്കുക.
3. സങ്കരയിനം പശു, എരുമ എന്നിവയെ ലഭ്യമാക്കുന്നതിന് വായ്പാ സൗകര്യം വർദ്ധിപ്പിക്കുക.

4. ചെറുകിട, ആട്, മുയൽ, മുട്ടകോഴി, പന്നിവളർത്തൽ കേന്ദ്രങ്ങൾ ആരംഭിക്കാൻ വായ്പകൾ നൽകുക.
5. പുൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നല്ലയിനം പുൽവിത്തുകൾ ലഭ്യമാക്കുക.
6. പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു കാലിത്തീറ്റ നിർമ്മാണ ഫാക്ടറിയും, വിതരണ കേന്ദ്രവും, ഒരു മാതൃകാ പുൽവളർത്തൽ കേന്ദ്രവും പ്ലാവൂർ വാർഡിലെ കുളത്തോട്ടുമലയിൽ ആരംഭിക്കുക.
7. ഒരു മൊബൈൽ മൃഗാശുപത്രി സ്ഥാപിക്കുക.
8. ഒരു സർക്കാർ മുയൽ വളർത്തൽ കേന്ദ്രം ആരംഭിക്കുക.
9. കുരുതംകോട് ചെറുതോട്ടിന്റെ അവസാനം മൃഗങ്ങളെ കുളിപ്പിക്കുന്നതിനുള്ള റാമ്പ് പണിയുക.
10. കാലി രോഗങ്ങളെകുറിച്ച് സർവ്വേ നടത്തുകയും രോഗചികിത്സയും പ്രതിരോധമാർഗ്ഗങ്ങളും വ്യാപകമാക്കുക.
11. കൂടുതൽ കൃത്രിമ ബീജസങ്കലനകേന്ദ്രങ്ങൾ ആരംഭിക്കുക.

## ക്ഷീരവികസനം

ക്ഷീരകർഷകർക്ക് ശാസ്ത്രീയമായ പാലുല്പാദനത്തെക്കുറിച്ച് അറിവുപകരുക. കർഷകരേയും കർഷകത്തൊഴിലാളികളേയും ഈ രംഗത്തേയ്ക്ക് ആകർഷിക്കുക, പാലിന്റെ ഉപഭോഗം വർദ്ധിപ്പിക്കുക, ഒരു ഉപതൊഴിലോ, മുഖ്യതൊഴിലോ ആയി ഈ മേഖല സ്വീകരിക്കുക തുടങ്ങിയ കാര്യങ്ങളും ഈ പഞ്ചായത്ത് ഇനിയും ബഹുദൂരം മുന്നോട്ടുപോകേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിലെ ക്ഷീര സഹകരണസംഘങ്ങളുടെ നിയന്ത്രണം വെള്ളനാട് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഡയറി എക്സ്റ്റൻഷൻ ഓഫീസിലാണ്. ഈ പഞ്ചായത്ത് കേന്ദ്രമാക്കി ഡയറി എക്സ്റ്റൻഷന്റെ ഒരു ഓഫീസ് ഇല്ലാത്തതിനാൽ വളരെ ബുദ്ധിമുട്ടുണ്ടാകുന്നു.

പാൽ ഉല്പദാനവും ഉപഭോഗവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മൂന്ന് ക്ഷീരസഹകരണസംഘങ്ങളാണ് ഇവിടെയുള്ളത്.

ഗ്രാമപഞ്ചായത്തിൽ സംഘങ്ങൾ മുഖേന ദിവസവും ശേഖരിക്കുന്നതും ഉല്പദിപ്പിച്ച് മറ്റുള്ളവർ വിതരണം ചെയ്യുന്നതുമായ പാലിന്റെ ഏകദേശകണക്ക് ചുവടെ ചേർക്കുന്നു.

1. ക്ഷീരസംഘങ്ങൾ ഒരു ദിവസം 1226 ലിറ്റർ
2. വ്യക്തികൾ ഒരു ദിവസം 9808 ലിറ്റർ

ആകെ 110 ലിറ്റർ

ഇതിനു പുറമേ ഈ പഞ്ചായത്തിലെ തൂങ്ങാംപാറ കൊല്ലോട്, എട്ടിരുത്തി, കിളളി വാർഡുകളിലെ നിരവധി ക്ഷീരകർഷകർ മാറനല്ലൂർ ക്ഷീര വ്യവസായ സഹകരണസംഘത്തിലാണ് പാൽ നൽകുന്നത്.

## പ്രധാനപ്രശ്നങ്ങൾ

1. പച്ചപ്പുല്ലിന്റെ ദൗർലഭ്യം
2. പാലിന്റെ വിലക്കുറവും വിപണന സൗകര്യക്കുറവ്.
3. പുതിയ പദ്ധതികളുടെ അപര്യാപ്തത

## സാധ്യതകൾ - പരിഹാരങ്ങൾ - നിർദ്ദേശങ്ങൾ

1. മരച്ചീനി, ചക്കക്കുരു, പുളിയരി എന്നിവ ശേഖരിച്ച് ഒരു കാലിത്തീറ്റ് നിർമ്മാണകേന്ദ്രം ആരംഭിക്കുക.
2. പാൽ വിപണനസൗകര്യം വർദ്ധിപ്പിക്കുന്നതിനായി ഒരു വാർഡിൽ ഒരു ക്ഷീര സഹകരണ സംഘം ആരംഭിക്കാൻ ഉടൻ നപടി സ്വീകരിക്കുക.
3. ക്ഷീര വികസന ഓഫീസ് ഈ പഞ്ചായത്തിൽ സ്ഥാപിക്കുക.
4. ക്ഷീരോൽപാദന നിർമ്മാണ യൂണിറ്റുകൾ വനിതകൾക്കായി ആരംഭിക്കുക

## പേ-വിഷബാധ-പ്രതിരോധവും

പ്രതിരോധകുത്തിവയ്പ് നൽകിയവയുടെ എണ്ണം കടിയേറ്റതിനുശേഷം കുത്തിവയ്പുനടത്തിയവയുടെ എണ്ണം

| വർഷം | ആട് | പട്ടി | വർഷം | പശു | ആട് | എരുമ | പട്ടി |
|---|---|---|---|---|---|---|---|
| 1993 | 5 | 18 | 1993 | 1 | 5 | 36 | |
| 1994 | | 86 | 1994 | 1 | 2 | 2 | 10 |
| 1995 | | 59 | 1995 | | 3 | 1 | 7 |

## കൃത്രിമ ബീജസങ്കലന വിവരങ്ങൾ

കൃത്രിമ ബീജസങ്കലനം നടത്തിയവ 2 ലധികം തവണ ബീജസങ്കലനം നടത്തിയവ

| വർഷം | പശു | എരുമ | പശു | എരുമ |
|---|---|---|---|---|
| 1993 | 581 | 115 | 126 | 24 |
| 1994 | 766 | 77 | 85 | 18 |
| 1995 | 734 | 73 | 95 | 21 |

# രോഗവിവരങ്ങൾ

1. ദഹനസംബന്ധമായ

| വർഷം | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി |
|---|---|---|---|---|---|---|
| 1993 | 701 | 99 | 577 | | 53 | 38 |
| 1994 | 964 | 76 | 475 | | 258 | |
| 1995 | 740 | 62 | 557 | 3 | 24 | 24 |

2. ശ്വാസകോശസംബന്ധം

| വർഷം | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി |
|---|---|---|---|---|---|---|
| 1993 | 78 | 4 | 82 | | 10 | 30 |
| 1994 | 70 | 6 | 38 | | 4 | |
| 1995 | 65 | 3 | 95 | | 3 | |

3. ഉപാപചയ സംബന്ധം

| വർഷം | പശു | എരുമ | ആട് |
|---|---|---|---|
| 1993 | 15 | 1 | 5 |
| 1994 | 16 | | |
| 1995 | 40 | 1 | 3 |

4. ത്വക്ക് രോഗങ്ങൾ

| വർഷം | പശു | എരുമ | ആട് | പട്ടി | കോഴി |
|---|---|---|---|---|---|
| 1993 | 117 | 7 | 48 | 32 | |
| 1994 | 41 | 4 | 24 | 12 | |
| 1995 | 196 | 9 | 68 | 22 | 2 |

5. ധാതു ലവണങ്ങളുടെ അഭാവം

| വർഷം | പശു | എരുമ | ആട് |
|---|---|---|---|
| 1993 | 30 | 1 | 33 |
| 1994 | 40 | 5 | 20 |
| 1995 | 54 | 5 | 12 |

6. പരാദ രോഗങ്ങൾ

| വർഷം | പശു | എരുമ | ആട് | പട്ടി | കോഴി |
|---|---|---|---|---|---|
| 1993 | 444 | 7 | 91 | 44 | 133 |
| 1994 | 513 | 15 | 86 | 13 | |
| 1995 | 565 | 18 | 87 | 29 | 14 |

7. പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ

| വർഷം | പശു | എരുമ | ആട് |
|---|---|---|---|
| 1993 | 99 | 19 | 25 |
| 1994 | 198 | 19 | 11 |
| 1995 | 190 | 16 | 21 |

8. അകിടുവീക്കം

| വർഷം | പശു | എരുമ | ആട് |
|---|---|---|---|
| 1993 | 230 | 6 | 104 |
| 1994 | 109 | 28 | 10 |
| 1995 | 113 | 5 | 55 |

9. മുടന്തൻ പനി

| വർഷം | പശു | എരുമ | ആട് |
|---|---|---|---|
| 1993 | 107 | 3 | 13 |
| 1994 | 125 | 17 | 12 |
| 1995 | 56 | 5 | 30 |

## കാട്ടാക്കട
# ഗ്രാമപഞ്ചായത്ത്
### 4.2 വളർത്തുപക്ഷി സംഖ്യ

| വാർഡ് നമ്പർ | പൂവൻകോഴി | പിടക്കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|---|
| | | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് | ആൺ | പെൺ | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| കാട്ടാക്കട ഗ്രാമപഞ്ചായത്ത് | നാടൻ കോഴി<br>25850 | സങ്കരയിനംകോഴി<br>2485 | | 132 | | |

# കാട്ടാക്കട ഗ്രാമപഞ്ചായത്ത്
### 4.3 രോഗവിവരങ്ങൾ

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1. | ദഹനസംബന്ധമായവ<br>Digestive disorders | 740 | 62 | 557 | 3 | 24 | 24 | — | — | — | — |
| 2. | ശ്വാസകോശസംബന്ധം<br>Respiratory diseases | 65 | 3 | 95 | — | 7 | — | — | — | — | — |
| 3. | ഉപാപചയ സംബന്ധം<br>Metabolic diseases | 40 | 1 | 3 | — | — | — | — | — | — | — |
| 4. | ത്വക് രോഗങ്ങൾ<br>Skin diseases | 196 | 9 | 68 | — | 22 | 2 | — | — | — | — |
| 5. | ധാതുലവണങ്ങളുടെ അഭാവം<br>Deficiency diseases | 54 | 5 | 12 | — | — | — | — | — | — | — |
| 6. | പരാദരോഗങ്ങൾ<br>Parasitic diseases | 565 | 18 | 87 | — | 29 | 24 | — | — | — | — |
| 7. | പ്രത്യുൽപാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ<br>Gynacological disorders | 190 | 16 | 21 | — | — | — | — | — | — | — |
| 8. | വന്ധ്യത<br>Infertility | — | — | — | — | — | — | — | — | — | — |
| 9. | അകിടുവീക്കം<br>Mastitis | 113 | 5 | 55 | — | — | — | — | — | — | — |
| 10. | മുടന്തൻ പനി<br>Ephemeral Fever | 56 | 5 | 30 | — | — | — | — | — | — | — |
| 11. | പകർച്ച വ്യാധികൾ<br>contagion diseases | | | | | | | | | | |

## കാട്ടാക്കട ഗ്രാമപഞ്ചായത്ത്

### 4.4. പേവിഷബാധ-പ്രതിരോധവും ചികിത്സയും

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മറ്റുള്ളവ |
|---|---|---|---|---|---|---|
| പ്രതിരോധകുത്തിവെയ്പ് നൽകിയവരുടെ എണ്ണം | 59 | 3 | 9 | 19 | 3 | |
| കടിയേറ്റതിനുശേഷം കുത്തിവെയ്പു നടത്തിവയുടെ എണ്ണം | 3 | 7 | 2 | 11 | – | |

## കാട്ടാക്കട ഗ്രാമപഞ്ചായത്ത്

### 4.5 കൃത്രിമ ബീജസങ്കലനം വിവരങ്ങൾ

| വളർത്തുമൃഗം ഇനം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2-ലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ |
|---|---|---|---|
| പശു | 829 | 734 | 95 |
| കിടാരി | | | |
| എരുമ | 94 | 73 | 21 |

## അനുബന്ധം 4

# കാട്ടാക്കട ഗ്രാമപഞ്ചായത്ത്

### 4.1 വളർത്തുമൃഗസംഖ്യ

| | കാളനാടൻ | | കാളസങ്കരം | | പശുനാടൻ | | പശുസങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി | പന്നി | തൂന |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശവർദ്ധനവ് | മറ്റുള്ളവ | വംശവർദ്ധനവ് | മറ്റുള്ളവ | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 |
| കാട്ടാക്കട ഗ്രാമപഞ്ചായത്ത് | 219 | | 253 | | 1183 | | 4074 | | 1503 | | 219 | 2624 | 3184 | 21 | |



# വിദ്യാഭ്യാസം

ദേശീയതയുടെയും പുരോഗമനപ്രസ്ഥാനങ്ങളുടെയും ചൂടും, ചൂരും മാറാതെ ഇന്നും മനസിൽ കൊണ്ടുനടക്കുന്ന ഈ മലയോരഗ്രാമപ്രദേശത്തിൻെറ സർവ്വപുരോഗതിക്കും അടിസ്ഥാനം വിദ്യാഭ്യാസമാണെന്ന് പണ്ടുമുതലേ മനസിലാക്കിയിരിക്കുന്നു. ഇന്നും വിദ്യാഭ്യാസത്തിനുള്ള അദമ്യമായ ആഗ്രഹം ഈ ഗ്രാമപഞ്ചായത്തിൻെറ കൂടെപ്പിറപ്പാണ്

ഏതാണ്ട് ഇരുന്നൂറ് വർഷങ്ങൾക്ക് മുമ്പ് ഇന്നത്തെ പൊന്നറവാർഡിലെ "മൈലാടി" എന്ന സ്ഥലത്ത് രണ്ടുക്ലാസ്സുകളോട് കൂടി "എട്ടിരുത്തി കുടിപ്പള്ളിക്കൂടം" എന്ന പേരിൽ ഒരു വിദ്യാലയം സ്ഥാപിക്കപ്പെട്ടു. ആശാന്മാരായിരുന്നു അന്നത്തെ അധ്യാപകർ. കാട്ടാക്കടയുടെ വിദ്യാഭ്യാസചരിത്രം ഇവിടെ ആരംഭിക്കുന്നു.

കാട്ടാക്കട പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്കൂൾ "കാട്ടാക്കട ഹൈസ്കൂൾ" എന്ന പേരിൽ ശ്രീ. P. R.വില്ല്യം സ്ഥാപിച്ചു. വ്യക്തിമാനേജ്മെൻറിലുള്ള ഈ സ്ഥാപനം നിലവിൽ വന്നിട്ട് എഴുപത്തഞ്ചിൽ ഏറെ വർഷങ്ങളായി. അതോടുകൂടി വിദ്യാഭ്യാസകാര്യത്തിൽ ഈ നാട്ടുകാർക്ക് കൂടുതൽ സൗകര്യങ്ങൾ കിട്ടിതുടങ്ങി. പഠിത്തം നിർത്തിയിരുന്ന പലരും പുനരാരംഭിച്ചു. ഇംഗ്ലീഷ് ഭാഷ പ്രചരിക്കാനും തുടങ്ങി. എന്നാൽ അവിടെ മറ്റൊരു പ്രശ്നം തലപൊക്കി എവിടെയും പോലെ യാഥാസ്ഥിതികത്വം ഇവിടയും വിലങ്ങുതടിയായി. വിദ്യാഭ്യാസ പുരോഗതിയെ തടയിടാൻ ശ്രമിച്ചു. ക്രിസ്തൃൻ സമുദായത്തിൽപെട്ട ഒരു വ്യക്തിയുടെ സ്കൂളിൽ ഉയർന്ന ജാതിക്കാർ കുട്ടികളെ അയച്ചില്ല എന്നു മാത്രമല്ല മറ്റുള്ളവരെ അതിൽ നിന്നും പിന്തിരിപ്പിക്കാനും ശ്രമിച്ചു. ഇതുകുറച്ച് കാലം തുടർന്നു. ഒടുവിൽ കുന്നിൽ കൃഷ്ണപിള്ള തൻെറ മക്കളെ ഈ സ്കൂളിൽ ചേർത്ത് പഠിപ്പിച്ചു. തുടർന്ന് മറ്റുള്ളവരും ആ പാത തുടർന്നു. അങ്ങനെ കാട്ടാക്കട സ്കൂൾ വിജയത്തിൻെറ പാതയിലേക്കു നീങ്ങി.

ആയിരത്തിതൊള്ളായിരത്തി എൺപതുകളിൽ കേരളത്തിൽ പുതിയൊരു വിദ്യാഭ്യാസനയം അന്നത്തെ വിദ്യാഭ്യാസമന്ത്രിയായിരുന്ന ശ്രീ. ബേബിജോൺ പ്രഖ്യാപിച്ചു. ആവശ്യമുള്ള സ്ഥലവും, കെട്ടിടങ്ങളും ഭൗതികസൗകര്യങ്ങളും ഒരുക്കുന്ന ഇടങ്ങളിൽ സർക്കാർ വക ഹൈസ്കൂളുകൾ സ്ഥാപിക്കുമെന്നും അദ്ദേഹം പ്രസ്താവിച്ചു. ഈ അവസരം ശരിക്കും മുതലാക്കികൊണ്ട് കുളത്തുമ്മൽ ഗവ. ഹൈസ്കൂൾ സ്ഥാപിക്കാനും പ്ളാവൂർ L.P.S. അപ്ഗ്രേഡ് ചെയ്യിക്കാനും കാട്ടാക്കട പഞ്ചായത്ത് മുൻകൈ എടുക്കുകയും അത് സാധിക്കുകയും ചെയ്തു. കാട്ടാക്കട ഗ്രാമപഞ്ചായത്ത് മേഖലയിൽ മൂന്ന് ഹൈസ്കൂളുകൾ ഉണ്ടായി. ഒന്ന് പ്രൈവറ്റ് മേഖലയിലും രണ്ട് സർക്കാർ മേഖലയിലും.

ക്രിസ്ത്യൻ മിഷണറിമാർ ഇവിടത്തെ വിദ്യാഭ്യാസരംഗത്ത് വളരെയധികം സ്വാധീനം ചെലുത്തിയിട്ടുണ്ട്. അവരിൽ നിന്നും ആവേശമുൾകൊണ്ട് ആരംഭിച്ച കട്ടയ്ക്കോട് സെൻറ് ആൻറണീസ് L.P.S തൂങ്ങാംപാറ സെൻറ് — ത്രേസാസ് L.P.S, കാനയ്ക്കോട് L.M.L.P.S കുച്ചപ്പുറം സെൻറ് മാത്യൂസ് L.P.S എന്നിവ ഈ വിഭഗത്തിൽ പെടുന്നു.

സമർത്ഥരായ അദ്ധ്യാപകരുടെ ഒരു സമൂഹം തന്നെ ആദ്യകാലത്തുണ്ടായിരുന്നു. വിദ്വാൻ നീലകണ്ഠപിള്ള, കുന്നത്ത് രാമകൃഷ്ണപിള്ള, നാരായണപിള്ള എന്നിവർ പണ്ഡിതന്മാരായ അദ്ധ്യാപകന്മാരായിരുന്നു. കുടിപ്പള്ളിക്കൂടത്തിലെ ജ്ഞാനവൃദ്ധന്മാരായ ആശാന്മാരെക്കുറിച്ച് കൂടുതൽ അറിവില്ല.

പൊതു മേഖലയിലും അല്ലാതെയുമുള്ള നിരവധി വിദ്യാലയങ്ങൾ സർക്കാർ മാനേജ്മെൻറിലും പ്രൈവറ്റ് മാനേജ്മെൻറിലുമായി ഇവിടെ പ്രവർത്തിക്കുന്നുണ്ട്. മൂന്ന് ഹൈസ്കൂളുകളും പത്ത് പ്രൈമറി സ്കൂളുകളും ഈ പഞ്ചായത്തിലുണ്ട്.

1. കാട്ടാക്കട ഹൈസ്കൂൾ
2. ഗവൺമെൻറ് ഹൈസ്കൂൾ പ്ലാവൂർ
3. ഗവ. ഹൈസ്കൂൾ കുളത്തുമ്മൽ
4. ഗവ. LPS കുളത്തുമ്മൽ
5. ഗവ. PSM LPS കാട്ടാക്കട
6. ഗവ. LPS കണ്ടൻകുളങ്ങര
7. ഗവ. LPS കുരുതംകോട്
8. ഗവ. LPS ചെമ്പനാകോട്
9. സെൻറ് ആൻറണീസ് UPS കട്ടയ്ക്കോട്
10. സെൻറ് ത്രേസ്യാസ് LPS തൂങ്ങാംപാറ
11. സെൻറ് മാത്യൂസ് LPS കുച്ചപ്പുറം
12. LMPS കാനയ്ക്കോട്
13. LMPM LPS കിള്ളി

സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിലവാരം മോശമല്ലെങ്കിലും തൃപ്തികരമല്ല.

പ്രൈമറി വിഭാഗത്തിൽ 14% കുട്ടികൾ 30 ശതമാനം മാർക്ക് നേടാൻ കഴിയാത്തവരാണ്. സ്വകാര്യമേഖലയിൽ ഇവർ 9%മായി കുറഞ്ഞിരിക്കുന്നു. സർക്കാർ വിദ്യാലയങ്ങളുടെ ഈ ദുഃസ്ഥിതിക്കുള്ള കാരണങ്ങൾ കണ്ടെത്തി പരിഹരിക്കേണ്ടിയിരിക്കുന്നു. DPEP, QIP തുടങ്ങിയ പദ്ധതികൾ ഇതുവരെ ഫലപ്രദമായിട്ടില്ല. തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ വിദ്യാജ്യോതി പരിപാടി ആരംഭിച്ചുവരുന്നു. ജില്ലാ കൗൺസിലിന്റെ വിജ്ഞാന വേദി പരിപാടി വളരെ നല്ലനിലയിൽ നടപ്പിലാക്കിയ ഒരു പഞ്ചായത്തായിരുന്നു കാട്ടാക്കട ഗ്രാമ പഞ്ചായത്ത്

SSLC വിജയശതമാനവും തൃപ്തികരമല്ല

SSLC വിജയം - ശതമാനകണക്കിൽ

| സ്കൂൾ | 1991-'92 | '92-'93 | 93-'94 | 94-'95 | '95-96 |
|---|---|---|---|---|---|
| H.S. കാട്ടാക്കട | | 30 | 31 | 33 | 38 |
| ഗവ. H.S. പ്ലാവൂർ | 40 | 44 | 45 | 51 | 63 |
| ഗവ. H.S. കുളത്തുമ്മൽ | 49 | 52 | 54 | 47 | |

കാട്ടാക്കട ഹൈസ്കൂൾ, പ്ലാവൂർ ഹൈസ്കൂൾ എന്നിവ പുരോഗതിയിലേക്ക് നീങ്ങുമ്പോൾ കുളത്തുമ്മൽ ഗവ. ഹൈസ്കൂൾ പിന്നോട്ടടിക്കുന്ന ചിത്രമാണ് കാണുന്നത്. അദ്ധ്യാപകക്ഷാമം, ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത എന്നിവ ഈ സർക്കാർ വിദ്യാലയങ്ങളുടെ അഭിവൃദ്ധിക്ക് തടസ്സമായി നിൽക്കുന്നു.

വെറു 50 സെൻറിൽ പ്രവർത്തിക്കുന്ന കുളത്തുമ്മൽ ഹൈസ്കൂളിൽ 5 മുതൽ 10 വരെ ക്ലാസ്സുകളിലായി അഞ്ഞൂറോളം വിദ്യാർത്ഥികൾ ഞെങ്ങിഞെരുങ്ങി കഴിയുന്നു.

ആവശ്യത്തിന് കളിസ്ഥലമുള്ള ഒരു സ്കൂളും ഈ പഞ്ചായത്തിലില്ല. തമ്മിൽ ഭേദം രണ്ട് പ്രൈവറ്റ് സ്കൂളുകളാണ്. സെൻറ് ആൻറണീസ് UPS കട്ടയ്ക്കോടും, സെൻറ് മാത്യൂസ് UPS കുച്ചപ്പുറവും.

കായിക വിദ്യാഭ്യാസം പാടേ തകർന്നിരിക്കുന്നു. അദ്ധ്യാപകരുടെ കുറവും കളിസ്ഥലത്തിന്റെ അഭാവവും പ്രധാന പ്രശ്നങ്ങളാണ്. കലാരംഗത്തെ പ്രവർത്തനങ്ങളും തൃപ്തികരമല്ല. യുവജനോത്സവം ബാലകലോത്സവം തുടങ്ങിയവയിൽ ജില്ലാതലത്തിനപ്പുറം മത്സരിക്കാൻ ഇവിടത്തെ വിദ്യാർത്ഥികൾക്ക് കഴിയുന്നില്ല. വിദ്യാഭ്യാസം -കലാ-കായിക-മാനവിക വിഷയങ്ങൾ സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു രീതിയിലേക്ക് നാം മാറേണ്ടിയിരിക്കുന്നു.

PTA നടത്തുന്ന പ്രീപ്രൈമറികൾ, സ്വകാര്യവ്യക്തികളുടെ നേഴ്സറികൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു പുനഃസംവിധാനം ചെയ്യേണ്ടിയിരിക്കുന്നു.

സമാന്തര വിദ്യാലയങ്ങൾ നിരവധിയുള്ള ഒരു ഗ്രാമമാണ് കാട്ടാക്കട. കോളേജുകളിൽ പ്രവേശനം കിട്ടാത്തവർ, കിട്ടിയാലും ട്യൂഷന് പോകുന്നവർ എന്നിങ്ങനെ നിരവധി വിഭാഗങ്ങളിലുള്ള വിദ്യാർത്ഥികളാണ് ഇവയെ വളർത്തി വലുതാക്കുന്നത്.

സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ഒരു കോ-ഓപ്പറേറ്റീവ് പാരലൽ കോളേജും ഈ ഗ്രാമത്തിലുണ്ട്.

## തൊഴിലധിഷ്ഠിത കോഴ്സുകൾ

സർക്കാർ വകയായി തൊഴിൽ പഠിപ്പിക്കുന്ന സ്ഥാപനങ്ങളൊന്നും ഈ പഞ്ചായത്തിലില്ല. വ്യക്തികളും സംഘടനകളും നടത്തുന്ന 26 സ്വകാര്യസ്ഥാപനങ്ങൾ ഈ പഞ്ചായത്തിലുണ്ട്. കമ്പ്യൂട്ടർ, ടൈപ്പ്റൈറ്റിംഗ്, ഷോർട്ടുഹാൻറ്, പാരാമെഡിക്കൽ കോഴ്സുകൾ, ടെയ്ലറിംഗ് വിവിധ എഞ്ചിനീയറിംഗ് കോഴ്സുകൾ എന്നിവ ഈ സ്ഥാപനങ്ങളിൽ നടത്തപ്പെടുന്നു. ഒരു വലിയ വിഭാഗം യുവജനങ്ങൾ ഈ സ്ഥാപനങ്ങളിൽ പഠിക്കുകയും ഉപജീവനം നേടുകയും ചെയ്യുന്നു.

അൺഎയ്ഡ്ഡ് ഇംഗ്ലീഷ് വിദ്യാഭ്യാസ സ്ഥാപനങ്ങളും നിരവധിയാണ്.

### പ്രധാനപ്പെട്ടവ

1. ചിന്മയാ മിഷൻ സ്കൂൾ
2. ശ്രീചിത്തിരതിരുനാൾ ഇംഗ്ലീഷ് മീഡിയം സ്കൂൾ
3. ഡയിൽവ്യൂ ഇംഗ്ലീഷ് മീഡിയം സ്കൂൾ
4. സെൻറ് മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ
5. ഗുഡ് ഷെപ്പേർഡ് ഇംഗ്ലീഷ് മീഡിയം സ്കൂൾ

ഇവയിലെല്ലാം കൂടി 560 വിദ്യാർത്ഥികൾ പഠിക്കുന്നതായി കണക്കാക്കുന്നു.

## അനൗപചാരിക വിദ്യാഭ്യാസം

സാക്ഷരതാ പ്രവർത്തനം പോലുള്ള അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ വളരെ നല്ല രീതിയിൽ നടത്തിയിരുന്നു. തുടർ പ്രവർത്തനം ഇല്ലാത്തതുകൊണ്ട് നവ സാക്ഷരരുടെ വിദ്യാഭ്യാസ പദ്ധതികൾക്ക് മുടക്കം സംഭവിച്ചു.

## പി.റ്റി.എ-മാതൃസംഗമം

സ്കൂളിൻെറ മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്ക് പി.റ്റി.എ യുടെ സഹായം അത്യാവശ്യമാണ്. മിക്ക സ്കൂളുക ളിലും ഭേദപ്പെട്ട പി.റ്റി.എകളുണ്ട്. മാതൃസംഗമം എല്ലാ സ്കൂളിലും നടക്കുന്നുണ്ടെങ്കിലും കൂടുതൽ ഊർജ്ജി തമാകേണ്ടിയിരിക്കുന്നു.

## പ്രശ്നങ്ങൾ

1. വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത
2. പാഠ്യപദ്ധതിയുടെ വൈപുല്യവും സമയത്ത് പഠി പ്പിച്ച് തീർക്കാൻ കഴിയാത്തതും
3. അദ്ധ്യാപകരുടെ അഭാവം
4. അദ്ധ്യാപക രക്ഷാകർതൃസംഘടനകളുടെ പ്രവ ർത്തനമന്ദ്യം
5. സാമ്പത്തിക പരാധീനതയും സാമൂഹ്യ ചുറ്റുപാടു കളും.

## പരിഹാരങ്ങൾ :

1. പൊതുവിദ്യാലയങ്ങൾ ആകർഷകവും വിദ്യാഭ്യാ സനിലവാരം മെച്ചപ്പെട്ടതും ആക്കുക
2. സ്കൂൾ കോപ്ലക്സ് സംഘടിപ്പിക്കുക
3. കായിക വിദ്യാഭ്യാസത്തിന് ആവശ്യമായ പൊതു കളിസ്ഥലം, നീന്തൽകുളം ഇവ തയ്യാറാക്കുക.
4. സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി യഥാസ മയം നടത്തുക. അദ്ധ്യാപകനിയമനം സ്കൂൾ തുറക്കുന്നതിനുമുമ്പ് നടത്താൻ ഏർപ്പാട് ചെയ്യുക.
5. സ്കൂൾ സമയത്തിന് മുമ്പും പിമ്പും മോശപ്പെട്ട കുട്ടികൾക്ക് പരിഹാരബോധനത്തിനുള്ള സൗകര്യ ങ്ങൾ ഏർപ്പെടുത്തുക.
6. ദേശീയ ദിനങ്ങൾ, മഹാന്മാരുടെ ജന്മദിനങ്ങൾ എന്നിവ പഞ്ചായത്തടിസ്ഥാനത്തിൽ ആഘോഷി ക്കുക.
7. അധികാരികൾ കൂടെക്കൂടെ വിദ്യാലയങ്ങൾ സന്ദ ർശിക്കുകയും അവിടത്തെ പ്രവർത്തനങ്ങൾ വില യിരുത്തി സ്കൂളും പരിസരവും ആകർഷകമാ ക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.

## ഗ്രാമസഭകൾ ആവശ്യപ്പെടുന്നു.

1. കട്ടയ്ക്കോട് സെൻറ് ആൻറണീസ് UPS ചെമ്പ നാകോട് LPS കണ്ടൻകുളങ്ങര, കുരുതംകോട് LPS, കിള്ളി , PSM LPS എന്നിവ അപ്ഗ്രേഡ് ചെയ്യുക
2. തൂങ്ങാംപറ സെൻറ് ത്രേസ്യാസ് LPS അപ് ഗ്രേഡ് ചെയ്ത് ഒരു ഗേൾസ് ഹൈസ്കൂൾ ആക്കുക.
3. കാട്ടാക്കട കേന്ദ്രമാക്കി ഒരു ഗേൾസ് ഹൈസ്കൂൾ സ്ഥാപിക്കുക.
4. കൊല്ലോട്, മങ്കാരമല എന്നിവടങ്ങളിൽ ഓരോ LPS സ്കൂളുകൾ സ്ഥാപിക്കുക
5. കാട്ടാക്കടയിൽ ഒരു സർക്കാർ ഐ.റ്റി.ഐ. സ്ഥാപി ക്കുക
6. പ്ലാവൂർ ഹൈസ്കൂളിൽ VHSS ആരംഭിക്കുക.
7. ചന്ദ്രമംഗലം കേന്ദ്രമാക്കി ഒരു നവോദയാ വിദ്യാ ലയം സ്ഥാപിക്കുക.
8. കുളത്തുമ്മൽ ഹൈസ്കൂളിന് ആവശ്യമായ സ്ഥലം അക്വർ ചെയ്യുകയും കളിസ്ഥലവും ആഡിറ്റോറി യവും നിർമ്മിക്കുകയും ചെയ്യുക.
9. കിള്ളിയിൽ ഒരു V.H.S.S സ്ഥാപിക്കുക.
10. PSM LPS ൻെറ ശോചനീയാവസ്ഥ പരിഹരി ക്കുക.
11. കട്ടയ്ക്കോടിലെ കൊറ്റംകുഴി, കാട്ടാക്കടയിലെ ഞാറവിള, കുരുതംകോട്, എട്ടിരുത്തിയിലെ മാവ റത്തല നട എന്നിവടങ്ങളിൽ നെഴ്സറികൾ, ബാല വാടികൾ, അംഗനവാടികൾ, എന്നിവസ്ഥാപിക്കുക.
12. തുടർസാക്ഷരതാ പദ്ധതികൾ നടപ്പിലാക്കുക
13. കാട്ടാക്കട പഞ്ചായത്ത് ലൈബ്രറി കാര്യക്ഷമ മായി പ്രവർത്തിപ്പിക്കുക.
14. അമ്പലത്തിൻ കാല സരസ്വതി വിലാസം ഗ്രന്ഥ ശാല വക നെഴ്സറി സ്കൂൾ ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കുക.
15. കണ്ടൻകുളങ്ങര LPS-ൽ ചുറ്റുമതിൽ, കഞ്ഞിപ്പുര എന്നിവ നിർമ്മിക്കുകയും കുടിവെള്ള സൗകര്യം ഉണ്ടാക്കുകയും ചെയ്യുക.
16. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സമ ർത്ഥരായ മുഴുവൻ വിദ്യാർത്ഥികളുടേയും വിദ്യാ ഭ്യാസത്തിനായി ഒരു പൊതു ഫണ്ട് രൂപീകരിക്കു കയും യഥാസമയം അവരെ സഹായിക്കുകയും ചെയ്യുക.
17. ലാൽബഹദൂർ ശാസ്ത്രി ശാസ്ത്ര-സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനത്തിൻെറ സബ് സെൻറർ കാട്ടാക്കട ആരംഭിയ്ക്കണം

# കാട്ടാക്കട ഗ്രാമപഞ്ചായത്ത്

## സ്കൂൾ കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

| സ്കൂളിൻെറ പേര് | ആകെ കുട്ടികൾ | | | SC/ST കുട്ടികൾ | | | തോറ്റുപഠിക്കുന്നവർ | | | | | | പഠനം നിർത്തിയവർ | | | | | | പഠനം നിർത്തിയവരുടെ മൊത്തം എണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | SC/ST കുട്ടികൾ | | | മറ്റുള്ളവർ | | | SC/ST കുട്ടികൾ | | | മറ്റുള്ളവർ | | | |
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 |
| 1 ഗവ: H.S. പ്ലാവൂർ | 920 | 990 | 1910 | 181 | 187 | 368 | 10 | 1 | 11 | 62 | 34 | 96 | 1 | 1 | 2 | 29 | 4 | 33 | 35 |
| 2 ഗവ: H.S. കുളത്തുമ്മൽ | | | | | | | | | | | | | | | | | | | |
| 3 കാട്ടാക്കട ഹൈസ്കൂൾ | 487 | 489 | 976 | 96 | 89 | 185 | - | - | - | 4 | 5 | 9 | 1 | – | 1 | 11 | 3 | 14 | 15 |
| 4 ഗവ: L.P..S. കുളത്തുമ്മൽ | 132 | 140 | 272 | 25 | 288 | 48 | | | | 2 | | 2 | | | | | 1 | 1 | 1 |
| 5 ഗവ: P.S.M. L.P.S. കാട്ടാക്കട | 69 | 73 | 142 | 33 | 34 | 67 | 1 | 1 | 2 | 3 | 5 | 8 | 2 | 2 | 4 | 4 | 6 | 10 | 14 |
| 6 ഗവ: L.P..S. കണ്ടൻകുളങ്ങര | 67 | 76 | 143 | 12 | 8 | 20 | 1 | - | 1 | 2 | 5 | 7 | - | - | - | - | - | - | |
| 7. ഗവ: L.P..S. ചെമ്പനാകോട് | 88 | 94 | 182 | 6 | 12 | 18 | 2 | - | 2 | 1 | 1 | 2 | - | - | - | 5 | 2 | 7 | 7 |
| 8 ഗവ: L.P..S. കുരുതംകോട് | 79 | 65 | 144 | 17 | 16 | 33 | - | - | 6 | 1 | 7 | - | - | - | - | - | - | - | |
| 9 St. ത്രേസ്യാസ് U.P.S. കട്ടക്കോട് | 370 | 405 | 775 | 25 | 26 | 51 | 1 | - | 1 | 35 | 38 | 73 | - | - | - | - | - | - | |
| 10. St. ത്രേസ്യാസ് L.P.S. തുങ്ങാംപാറ | 197 | 167 | 364 | 55 | 35 | 90 | 1 | 2 | 3 | 17 | 8 | 25 | | | | 3 | 2 | 5 | 5 |
| 11. ഗവ: L.P.S. കുച്ചപ്പുറം | 279 | 270 | 549 | 29 | 20 | 49 | - | - | 2 | 2 | 4 | | - | | - | - | - | - | - |
| 12 M.P.M.L.P.S.. കിള്ളി | 229 | 208 | 437 | 18 | 11 | 29 | 2 | - | 2 | 18 | 7 | 25 | - | | - | - | – | - | |
| 13 L.M.L.P.S.. കാനക്കോട് | 56 | 44 | 100 | 17 | 16 | 33 | - | - | 3 | 3 | 6 | - | - | - | - | - | - | - | |

# കാട്ടാക്കട ഗ്രാമപഞ്ചായത്തിലെ സ്കൂളുകളുടെ പൊതുവിവരം

| സ്കൂളിന്റെ പേര് | ഹൈസ്കൂൾ / യു.പി. എൽ.പി. / പ്രീ പ്രൈമറി | സ്കൂളിന്റെ ഉടമസ്ഥത | | | | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | | | സ്കൂൾ കാമ്പസിന്റെ മൊത്തം വിസ്തീർണ്ണം | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം | ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം | മറ്റു കുറിപ്പുകൾ (ചുറ്റുമതിൽ അറ്റകുറ്റപ്പണികൾ) |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | അംഗീകാരമില്ലാത്തത് | ആൺ | പെൺ | ആകെ | ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാല ലീവിലുള്ളവർ | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| 1 ഗവ:H.S. പ്ലാവൂർ | HS,UP,LP | അതെ | | | | 920 | 990 | 1910 | 60 | 59 | 1 | | 1.73 Acre | | 16 | ചുറ്റുമതിലുണ്ട് |
| 2 ഗവ:H.S. കുളത്തുമ്മൽ | HS, UP, | അതെ | | | - | 540 | 527 | 1067 | 40 | 39 | 1 | | 50 Cent | | - | ചുറ്റുമതിലുണ്ട് |
| 3 H.S. കാട്ടാക്കട | HS,UP, | അല്ല | ആണ് | | - | 487 | 489 | 976 | 33 | 40 | | - | 3 Acre | 1Acre | | ചുറ്റുമതിലുണ്ട് |
| 4. ഗവ:L.P..S.കുളത്തുമ്മൽ | LP | ആണ് | | - | - | 132 | 140 | 272 | 11 | 11 | - | | 76 Cent | 40 Cent | | അറ്റകുറ്റപ്പണികൾ ആവശ്യം |
| 5. ഗവ: P.S.M. L.P.S. കാട്ടാക്കട | LP | ആണ് | | | | 68 | 70 | 138 | 5 | 5 | ഇല്ല | ഇല്ല | 50Cent | 15Cent | 20Cent | ചുറ്റുമതിൽ ഇല്ല |
| 6. ഗവ: L.P..S. കണ്ടൻ കുളങ്ങര | LP | അതെ | – | - | | 67 | 76 | 143 | 4 | 4 | - | | 52Cent | | 30Cent | ചുറ്റുമതിൽ ഇല്ല |
| 7. ഗവ:L.P..S. ചെമ്പനാകോട് | LP | അതെ | | | | 83 | 92 | 175 | 6 | 4 | 2 | | 54Cent | 20Cent | | ചുറ്റുമതിൽ ഇല്ല |
| 8. ഗവ:L.P..S. കുരുതംകോട് | LP | അതെ | | | | 79- | 65 | 144 | 4 | 4- | | | 50Cent | 20Cent | | ചുറ്റുമതിൽ പുതുക്കി പണിയണം |
| 9. St. ത്രേസ്യാസ് U.P.S. കട്ടക്കോട് | UP,LP | അല്ല | ആണ് | | | 370 | 405 | 775 | 21 | 25 | - | | 1.50acre | 50cent | | ചുറ്റുമതിൽ ഇല്ല |
| 10. St. ത്രേസ്യാസ് L.P.S. തൂങ്ങാംപാറ | LP | – | ആണ് | – | – | 364 | 167 | 364 | 10 | 10 | – | – | 1.50 acre | ,, | - | ചുറ്റുമതിൽ ഉണ്ട്. |
| 11. St. മാത്യൂസ് L.P.S. കുച്ചപ്പുറം | LP | - | ആണ് | - | - | 279 | 270 | 549 | 13 | 13 | - | - | 1.50acre | 1acre | | ചുറ്റുമതിൽ ഉണ്ട് |
| 12 M.P.M.L.P.S.. കിള്ളി | LP | - | ആണ് | | - | 229 | 208 | 487 | 13 | 14 | | | 1.25acre | | | ചുറ്റുമതിൽ ഇല്ല |
| 13. L.M. L.P.S.. കാനക്കോട് | LP | - | ആണ് | - | - | 56 | 44 | 100 | 3 | 3 | - | - | 75cent | 10cent | - | ചുറ്റുമതിൽ പുതുക്കി പണിയണം |

## കാട്ടാക്കട ഗ്രാമപഞ്ചായത്തിലെ സ്കൂളിലെ സാമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

| ക്രമ നം. | സ്കൂളിൻെറ പേര് | മെരിറ്റ് സ്കോളർ ഷിപ്പ് | ലംപ്സം ഗ്രാൻറ് | മുസ്ലീം പെൺകുട്ടികളുടെ സ്കോളർ ഷിപ്പ് | വികലാംഗ സ്കോളർ ഷിപ്പ് | ജവാന്മാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം | ബീഡി തൊഴിലാളി സ്കോളർഷിപ്പ് | മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | മറ്റുള്ളവ (വ്യക്തമാക്കുക) |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1 | ഗവ:H.S. പ്ലാവൂർ | 22 | 319 | 22 | 10 | | | | |
| 2 | ഗവ:H.S. കുളത്തുമ്മൽ | | 290 | 38 | 3 | | | | - |
| 3 | H.S. കാട്ടാക്കട | | 195 | 45 | 3 | | | | |
| 4. | ഗവ:L.P..S. കുളത്തുമ്മൽ | | 48 | | | | | - | |
| 5. | ഗവ: P.S.M. L.P.S. കാട്ടാക്കട | | 66 | | | | | | |
| 6 | ഗവ: L.P..S. കണ്ടൻകുളങ്ങര | | 19 | | | | | | |
| 7. | ഗവ:L.P..S. ചെമ്പനാകോട് | | 19 | | | | | | |
| 8. | ഗവ: L.P..S. കുരുതംകോട് | | 33 | | | | | | |
| 9. | St. ആൻറണിസ് U.P.S. കട്ടക്കോട് | 4 | 59 | 1 | 5 | | | | |
| 10. | St. ത്രേസ്യാസ് L.P.S. തുങ്ങാംപാറ | - | | | | | | | |
| 11. | St. മാത്യൂസ് L.P.S. കുച്ചപ്പുറം | | 48 | | | | | | |
| 12 | M.P.M.L.P.S.. കിള്ളി | | 29 | | | | | | |
| 13. | L.M. L.P.S.. കാനക്കോട് | | | | | | | | |

# കാട്ടാക്കട ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിലെ ഭൗതികസൗകര്യങ്ങളുടെ വിവരണം

| സ്കൂളിൻെറ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | കെട്ടിടത്തിൻെറ എണ്ണം | | | മുറികളുടെ എണ്ണം | | | ഇനി മുറി ആവശ്യമുണ്ടെങ്കിൽ എണ്ണം | ഇനി ആവശ്യമുള്ള കെട്ടിടം നിർമ്മിക്കാൻ ഭൂമി ഉണ്ട്/ഇല്ല | നിലവിലുള്ള മൂത്രപ്പുരകൾ | മൂത്രപ്പുര ഒരു സമയം എത്ര കുട്ടികൾക്ക് ഉപയോഗിക്കാം | ഇനി ആവശ്യമുള്ളതിൻെറ എണ്ണം | നിലവിലുള്ള കക്കൂസിൻെറ എണ്ണം | ഉപയോഗശൂന്യമായതിൻെറ എണ്ണം | കുടിവെള്ള സംവിധാനം ഉണ്ട് / ഇല്ല | വൈദ്യുതി ഉണ്ട് / ഇല്ല | പാചകമുറി | സ്റ്റാഫ് റൂം | നിലവിലുള്ള ഫർണിച്ചർ മതിയാകുമോ | ഇനി വശ്യമുള്ളവയുടെ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സ്ഥിരം | അർദ്ധ സ്ഥിരം | താൽക്കാലികം | സ്ഥിരം | അർദ്ധ സ്ഥിരം | താൽക്കാലികം | | | | | | | | | | | | | ഡസ്ക് | ബെഞ്ച് | മേശ | കസേര | ഓഫീസ് ഫർണിച്ചർ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 |
| 1 ഗവ:H.S. പ്ലാവൂർ | 44 | 4 | 2 | - | 28 | | 26 | 26 | ഉണ്ട് | 3 | 10 | 20 | 3 | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 200 | 200 | 25 | 25 | 25 |
| 2 ഗവ:H.S.കുളത്തുമ്മൽ | 27 | 3 | ഇല്ല | 1 | 15 | ഇല്ല | 3 | 16 | ഉണ്ട് | 2 | 10 | 2 | 2 | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 50 | 56 | 15 | 25 | 25 |
| 3. H.S. കാട്ടാക്കട | 22 | 6 | | 96 | 26 | 185 | | | | 4 | 50 | | 4 | – | 1 | 11 | 3 | 111 | | 10 | | | | ഡസ്ക്-1, അലമാരി-1, മേശ-1, കസേര-5 |
| 4. ഗവ:L.P.S.കുളത്തുമ്മൽ | 8 | 1 | 2 | 1 | - | - | - | - | - | 2 | 10 | 2 | 1 | 2 | - | ഇല്ല | - | - | - | 10 | 10 | 5 | 2 | [illegible] |
| 5. ഗവ:P.S.M. L.P.S.കാട്ടാക്കട | 4 | 4 | ഇല്ല | ഇല്ല | 6 | | | | ഉണ്ട് | 2 | 10 | | 1 | 1 | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | മതിയാകും | | വേണം | - | - | അലമാര 1 ഡസ്ക് 1 |
| 6. ഗവ:L.P.S.കണ്ടൻ കുളങ്ങര | 4 | 1 | – | - | 1 | - | - | 1 | 1 ഉണ്ട് | 2 | 10 | - | 1 | 1 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 30 | 10 | 3 | 4 | അലമാര 1 |
| 7. ഗവ:L.P.S.ചെമ്പനാകോട് | 6 | 1 | 1 | 3 | 1 | | - | | ഉണ്ട് | 2 | 10 | | 2 | 1 | ഉണ്ട് | | ഉണ്ട് | ഉണ്ട് | - | 2 | 10 | 3 | 3 | അലമാര 1 |
| 8. ഗവ:L.P.S.കുരുതംകോട് | 4 | 2 | | - | 4 | | - | | - | - | 7 | - | 1 | - | ഉണ്ട് | - | | - | | 8 | 15 | 2 | 4 | അലമാര 1 മേശ 1 കസേര5 |
| 9. St. ത്രേസ്യാസ് U.P.S. കട്ടക്കോട് | 21 | 4 | - | - | 23 | - | - | 2 | ഉണ്ട് | 2 | 10 | 1 | 2 | 1 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 42 | 50 | 7 | 5 | അലമാര 1 |
| 10. St. ത്രേസ്യാസ് L.P.S. തുങ്ങാംപാറ | 18 | 2 | - | - | 10 | - | - | 2 | ഉണ്ട് | 1 | 7 | 1 | – | - | ഉണ്ട് | - | ഉണ്ട് | - | ഇല്ല | 30 | 42 | 10 | 11 | – |
| 11. St. മാത്യൂസ് L.P.S. കുച്ചപ്പുറം | 13 | 13 | | - | 14 | | - | - | - | - | - | - | 2 | | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | - | | – | - | - | - |
| 12. M.P.M.L.P.S..കിള്ളി | 12 | 2 | - | - | 14 | - | - | - | - | 1 | 1 | 2 | 1 | - | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | മതി | - | – | - | - | - |
| 13. L.M.L.P.S..കാനക്കോട് | 4 | 1 | - | - | 2 | - | - | 1 | ഉണ്ട് | 1 | - | 1 | - | - | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 10 | 2 | 3 | അലമാര 1 |

# കാട്ടാക്കട ഗ്രാമപഞ്ചായത്തിലെ സ്കൂളുകളുടെ അക്കാദമിക് സൗകര്യങ്ങൾ

| സ്കൂളിൻെറ പേര് | ലൈബ്രറി ഉണ്ട് / ഇല്ല / പ്രവർത്തിക്കുന്നു / ഇല്ല | ലബോറട്ടറി/സയൻസ് കോർണർ | പഠനോപകരണങ്ങൾ വേണ്ടുവോളം ഉണ്ട് / ഇല്ല | ദൃശ്യ – ശ്രാവ്യ ഉപകരണങ്ങളുടെ എണ്ണം | | | | | | | | ബ്ളാക്ക് ബോർഡ് | | 95 – 96 ൽ ലഭിച്ച അധ്യയന ദിവസങ്ങൾ | സമരങ്ങളിലൂടെ നഷ്ടപ്പെട്ട അധ്യയന ദിവസങ്ങൾ | പൊതുഅവധികളിലൂടെ നഷ്ടപ്പെട്ട അധ്യയന ദിവസങ്ങൾ | മാതൃസംഗമം സജീവം / അല്ല | ക്ലാസ് പി.ടി.എ. കൾ പ്രവർത്തിക്കുന്നു / ഇല്ല |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | റേഡിയോ | ടേപ്പ് റിക്കാഡർ | ടി.വി. സെറ്റ് | വി.സി.ആർ വി.സി.പി. | സിനിമ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ഓവർഹെഡ് പ്രൊജക്ടർ | കമ്പ്യൂട്ടർ | ആവശ്യമുള്ളത് | നിലവിലുള്ളത് | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 |
| 1 ഗവ: H.S. പ്ലാവൂർ | ഉണ്ട് പ്രവർത്തിക്കുന്നു | ഉണ്ട് പ്രവർത്തിക്കുന്നു | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | 50 | 35 | 193 | 4 | 3 | സജീവം | ഉണ്ട് |
| 2 ഗവ: H.S. കുതത്തുമ്മൽ | ഉണ്ട് പ്രവർത്തിക്കുന്നു | ഉണ്ട് പ്രവർത്തിക്കുന്നു | ഇല്ല | 2 | 1 | ഇല്ല | ഇല്ല | 1 | 1 | 1 | ഇല്ല | 27 | 26 | 210 | 9 | 5 | സജീവം | പ്രവർത്തിക്കുന്നു |
| 3 H.S. കാട്ടാക്കട | ഉണ്ട് പ്രവർത്തിക്കുന്നു | ഉണ്ട് പ്രവർത്തിക്കുന്നു | ഉണ്ട് | ഉണ്ട് | ഉണ്ട് | | – | | | | | - | 25 | 194 | 14 | 4 | സജീവം | പ്രവർത്തിക്കുന്നു |
| 4. ഗവ: L.P.S. കുതത്തുമ്മൽ | ഉണ്ട് പ്രവർത്തിക്കുന്നു | ഇല്ല | വേണ്ടത്ര ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 8 | 8 | 187 | | 5 | സജീവമല്ല പ്രവർത്തിക്കുന്നു | പ്രവർത്തിക്കുന്നു |
| 5. ഗവ: P.S.M. L.P.S. കാട്ടാക്കട | ഉണ്ട് പ്രവർത്തിക്കുന്നു | ഉണ്ട് പ്രവർത്തിക്കുന്നു | വേണ്ടത്ര ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 6 | 191 | 2 | 1 | സജീവം | പ്രവർത്തിക്കുന്നു |
| 6. ഗവ: L.P.S. കണ്ടൻ കുളങ്ങര | – | - | | | | - | | | - | | - | | 4 | 194 | - | 3 | സജീവം | PTA പ്രവർത്തിക്കുന്നു |
| 7. ഗവ: L.P.S. ചെമ്പനാകോട് | ഉണ്ട് പ്രവർത്തിക്കുന്നു | ഉണ്ട് പ്രവർത്തിക്കുന്നു | വേണ്ടത്ര ഇല്ല | | | | | | | | | | 4 | 194 | | 7 | സജീവം | പ്രവർത്തിക്കുന്നു |
| 8. ഗവ: L.P.S. കുരുതംകോട് | ഉണ്ട് പ്രവർത്തിക്കുന്നു | | വേണ്ടത്ര ഇല്ല | ഉണ്ട് പ്രവർത്തിക്കുന്നു | | | | | | | | 2 | 2 | 194 | | 7 | സജീവം | പ്രവർത്തിക്കുന്നു |
| 9. St. ആൻറണിസ് U.P.S. കട്ടക്കോട് | ഉണ്ട് പ്രവർത്തിക്കുന്നു | | വേണ്ടത്ര ഇല്ല | ഉണ്ട് | | | | | | | | 21 | 21 | 197 | | 3 | സജീവം | പ്രവർത്തിക്കുന്നു |
| 10. St. ത്രേസ്യാസ് L.P.S. തൂങ്ങാംപാറ | ഭാഗികം | | – | ഉണ്ട് | – | – | – | – | – | – | – | 12 | 12 | 196 | - | 3 | ഭാഗിക സജീവം | – |
| 11. St. മാത്യൂസ് L.P.S. കുച്ചപ്പുറം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | | | | | | | 12 | 12 | 194 | | 3 | സജീവം | പ്രവർത്തിക്കുന്നു |
| 12 M.P.M.L.P.S.. കിള്ളി | ഇല്ല | ഇല്ല | വേണ്ടത്ര ഇല്ല | 1 | 1 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | 196 | - | 4 | സജീവം | |
| 13. L.M. L.P.S.. കാനക്കോട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4 | 3 | 190 | | 6 | സജീവം | പ്രവർത്തിക്കുന്നു |

## കാട്ടാക്കട ഗ്രാമപഞ്ചായത്തിലെ സ്കൂളുകളുടെ അക്കാദമിക് നിലവാരം (3—ാം സ്റ്റാൻഡേർഡു മുതൽ)

| | | | കുട്ടികളുടെ പൊതുനിലവാരം | | | | |
|---|---|---|---|---|---|---|---|
| ക്രമ നമ്പർ | സ്കൂളിൻെറ പേര് | ആകെ കുട്ടികൾ | 30% ത്തിനു താഴെ | 30-40 ശതമാനം മാർക്ക് നേടുന്നവർ | 40-50 ശതമാനം മാർക്കു നേടുന്നവർ | 50-60 ശതമാനം മാർക്കു നേടുന്നവർ | 60%ത്തിനുമുകളിൽ മാർക്കു നേടുന്നവർ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| ι | ഗവ:H.S. പ്ലാവൂർ | 1776 | 731 | 308 | 225 | 196 | 316 |
| 2 | ഗവ:H.S. കുളത്തുമ്മൽ | 1054 | 448 | 218 | 285 | 218 | 303 |
| 3 | H.S. കാട്ടാക്കട | 976 | 308 | 205 | 166 | 157 | 140 |
| 4. | ഗവ:L.P.S.കുതത്തുമ്മൽ | 137 | 23 | 30 | 29 | 34 | 21 |
| 5. | ഗവ:P.S.M.L.P.S.കാട്ടാക്കട | 75 | 22 | 8 | 10 | 11 | 23 |
| 6. | ഗവ:L.P.S.കണ്ടൻകുളങ്ങര | 74 | 13 | 7 | 13 | 13 | 24 |
| 7. | ഗവ:L.P.S.ചെമ്പനാകോട് | 69 | 11 | 12 | 12 | 18 | 16 |
| 8. | ഗവ:L.P.S.കുരുതംകോട് | 70 | 23 | 52 | 103 | 11 | 10 |
| 9. | St.ആൻറണിസ് U.P.S.കട്ടക്കോട് | 553 | 51 | 57 | 184 | 131 | 130 |
| 10. | St.ത്രേസ്യാസ് L.P.S.തൂങ്ങാംപാറ | 364 | 30 | 104 | 112 | 84 | 44 |
| 11. | St. മാത്യൂസ് L.P.S. കുച്ചപ്പുറം | 252 | 8 | 9 | 40 | 53 | 142 |
| 12. | M.P.M.L.P.S..കിള്ളി | 206 | 23 | 37 | 46 | 35 | 165 |
| 13. | L.M. L.P.S..കാനക്കോട് | 100 | 20 | 20 | 25 | 25 | 10 |

# ആരോഗ്യം

കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനകാലം മുതൽ ഈ നൂറ്റാണ്ടിന്റെ ഏതാണ്ട് മധ്യകാലം വരെ ഈ ഗ്രാമത്തിന്റെ ശാപം ''മലമ്പനി'' യായിരുന്നു. ഒരു കാലത്ത് ഈ ഗ്രാമത്തിൽ പടർന്നുപിടിച്ച മലമ്പനിയാൽ വിറച്ചു മരിച്ച മനുഷ്യ ജീവനു കണക്കില്ല. മലമ്പനിയോടൊപ്പം മറ്റ് പല പകർച്ചവ്യാധികളും ഗ്രാമത്തിന്റെ ഉറക്കം കെടുത്തി. ഈശ്വരകോപമായി കരുതി പൂജകളും, വഴിപാടുകളും, മന്ത്രവാദങ്ങളും കൊണ്ട് ഈ വിപത്തുകൾ തടയാനുള്ള നാട്ടാരുടെ ശ്രമം പരാജയപ്പെട്ടു.

നാടിന്റെ ഈ ദുരവസ്ഥയിൽ നിന്നുള്ള മോചനമായിരുന്നു തിരുവിതാംകൂർ രാജഭരണം സമ്മാനിച്ച് ''സർക്കാർ മലേറിയ ആശുപത്രി'' (ഈ സ്ഥാപനം ''കാട്ടാക്കട ഗവ. ആശുപത്രി'' എന്ന പേരിൽ ഈ ഗ്രാമ പഞ്ചായത്തിന്റെ റവന്യൂ അതിർത്തിക്ക് പുറത്ത് പ്രവർത്തിക്കുന്നു). അങ്ങനെ ''കൊയിനാവെള്ളം'' – മലമ്പനിക്ക് മൃതസഞ്ജീവനിയായി മാറി.

കാട്ടാക്കടയിലെ ആരോഗ്യസംരക്ഷണ രംഗത്ത് പിന്നീട് ഒരു കാലഘട്ടം വരെ നിറഞ്ഞു നിന്നത് കുളത്തുമ്മൽ സാൽവേഷൻ ആർമി ആശുപത്രിയാണ്. നാട്ടാരുടെ മുഴുവൻ പ്രിയങ്കരനായിരുന്ന ഡോ. മോഷക്കണ്ണിന്റെ സേവനം നമ്മുടെ നാടിന്റെ ചരിത്രവുമായി ബന്ധപ്പെട്ടുക്കിടക്കുന്നു.

ഇന്ന് പഞ്ചായത്തിന്റെ ഒരു കോണിൽ പ്രവർത്തിക്കുന്നതാണെങ്കിലും ആമച്ചൽ പബ്ലിക് ഹെൽത്ത് സെന്ററാണ് ഈ ഗ്രാമത്തിലെ ഏക സർക്കാർ ആശുപത്രി ഗ്രാമത്തിലെ കൂടുതൽ ആളുകളും തങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾക്ക് ആശ്രയിക്കുന്നത് കാട്ടാക്കട ആശുപത്രിയെയാണ്.

ആമച്ചൽ ആശുപത്രിക്കു പുറമേ കൊല്ലോട്, മാതൃശിശുസംരക്ഷണ കേന്ദ്രവും, പ്ലാവൂർ, പാപ്പനം, കട്ടയ്ക്കോട്, തൂങ്ങാംപാറ മിഡ്വൈഫറി സെന്ററുകളും സർക്കാർ തലത്തിൽ പ്രവർത്തിക്കുന്നു.

ചെറുതും വലുതുമായ നിരവധി സ്വകാര്യആശുപത്രികൾ ഈ ഗ്രാമത്തിലുണ്ട്. പാരമ്പര്യവൈദ്യൻമാരുടെയും നാട്ടുചികിത്സാ വിദഗ്ദ്ധൻമാരുടെയും പ്രവർത്തനങ്ങളും ഊർജ്ജിതമാണെങ്കിലും ഈ ഗ്രാമത്തിലെ ആരോഗ്യ രംഗത്തെ പ്രവർത്തനങ്ങൾ പൂർണ്ണമല്ല.

കൂടുതൽ ആളുകളും അടുത്തകാലം വരെ ആലോപ്പതി ചികിത്സയാണ് ഇഷ്ടപ്പെടുന്നത്. എന്നാൽ ഇപ്പോൾ ആയുർവേദത്തിനും വിശേഷിച്ച് കുട്ടികളുടെ ഇടയിൽ ഹോമിയോ ചികിത്സയ്ക്കും പ്രചാരം വർദ്ധിച്ചുവരുന്നു. നിർഭാഗ്യവശാൽ ഹോമിയോ, ആയുർവേദ ചികിത്സകൾക്ക് വേണ്ട സർക്കാർ സ്ഥാപനങ്ങളൊന്നും ഈ ഗ്രാമത്തിലില്ല.

ആമച്ചൽ പബ്ലിക് ഹെൽത്ത് സെന്റർ ഗർഭിണികളുടെയും കുഞ്ഞുങ്ങളുടെയും ആരോഗ്യസംരക്ഷണത്തിനായി പ്രത്യേകം ക്ലിനിക്കുകൾ നടത്തിവരുന്നു. കൂടാതെ പഞ്ചായത്തിലെ പല മഹിളാ സമാജങ്ങളുടെയും ബാലവാടികളുടെയും ആഭിമുഖ്യത്തിൽ പ്രതിരോധകുത്തിവയ്പുകളും, ആരോഗ്യക്ലാസ്സുകളും നടത്തുന്നു.

### ജനനമരണ നിരക്ക്

കുടുംബക്ഷേമ രംഗത്തെ ഊർജ്ജിത പ്രവർത്തനഫലമായിജനനനിരക്ക രണ്ടായിരമാണ്ടോടെ പൂർത്തിയാക്കേണ്ട ലക്ഷ്യപ്രാപ്തിയിലേയ്ക്കുള്ള പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിൽ വളരെ മെച്ചമായ നിലയിൽ നടന്നുവരുന്നു.

## കാട്ടാക്കട ഗ്രാമപഞ്ചായത്ത്

### 7.3 ജനനമരണ വിവരങ്ങൾ

| വർഷം | ജനനം | മരണം | ചാപിള്ള ജനനം |
|---|---|---|---|
| 1 | 2 | 3 | 4 |
| 1993-94 | 195 | 213 | |
| 1994-95 | 212 | 191 | |
| 1995-96 | 198 | 194 | |
| 96 | 163 | 187 | |

## കാട്ടാക്കട ഗ്രാമപഞ്ചായത്ത്

### 7.4 പകർച്ചവ്യാധി വിവരങ്ങൾ

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1993-94 | 836 | 785 | 94 | |
| 1994-95 | 2015 | 316 | 82 | |
| 1995-96 | 1596 | 435 | 63 | - |

**മാലിന്യനിർമ്മാർജ്ജനം**

നമ്മുടെ നാട്ടിലെ പല വായുജന്യ രോഗങ്ങളുടെയും ഉറവിടം ശുചിത്വമില്ലായ്മയാണ്. കേരളീയർ വ്യക്തിശുചിത്വം പാലിക്കാറുണ്ടെങ്കിലും പരിസരശുചിത്വം പാലിക്കുന്നതിൽ ശ്രദ്ധപതിപ്പിക്കാറില്ല എന്നതിൽ നാമും ഭിന്നരല്ല. നാം അലക്ഷ്യമായി വലിച്ചെറിയുന്ന ചപ്പുചവറുകളും പ്ലാസ്റ്റിക് വസ്തുക്കളും ഗുരുതരമായ പരിസ്ഥിതിപ്രശ്നങ്ങളാണുണ്ടാക്കുന്നത്. ഇത് പരിഹരിക്കാൻ ഓരോ വീട്ടിലും ഒരു കമ്പോസ്റ്റ് കുഴി നിർമ്മിക്കാൻ ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടിയിരിക്കുന്നു.

മദ്യപാനം, പുകവലി, പുകയില കൂട്ടിയുള്ള മുറുക്കൽ, യുവാക്കളുടെ ഇടയിൽ ഇന്ന് പ്രചാരം നേടിക്കൊണ്ടിരിക്കുന്ന പാൻപരാഗ് പോലുള്ള ലഹരി വസ്തുക്കളുടെ ഉപയോഗം എന്നിവ നിയന്ത്രിക്കാൻ ശക്തമായ ബോധവൽക്കരണം ആവശ്യമാണ്. ''രക്തദാനം മഹാദാനം'' – എന്ന ആശയം പ്രചരിപ്പിച്ചുകൊണ്ട് രക്തദാനത്തെക്കുറിച്ച് ജനങ്ങളുടെ ഇടയിൽ നിലവിലുള്ള ഭയാശങ്കകൾ ദൂരീകരിക്കുക, 'നേത്രദാന'ത്തിന്റെ മഹത്വം ജനങ്ങളിൽ പ്രചരിപ്പിക്കുക എന്നിവ അടിയന്തിര പ്രാധാന്യമർഹിക്കുന്നവയാണ്.

ആരോഗ്യമുള്ള ജനതയാണ് ഒരു രാഷ്ട്രത്തിന്റെ സമ്പത്ത്. ആരോഗ്യത്തെക്കുറിച്ചുള്ള ലോകാരോഗ്യ സംഘടനയുടെ നിർവ്വചനം തന്നെ മനുഷ്യന്റെ ശാരീരികവും, മാനസികവും, സാമൂഹികവുമായ സന്തുലിതാവസ്ഥയെയാണ് സൂചിപ്പിക്കുന്നത്. ഒരു സമൂഹത്തിന്റെ ആരോഗ്യനിലവാരം അതിലെ ഓരോ വ്യക്തിയുടെയും ആരോഗ്യാവസ്ഥയുമായി ബന്ധപ്പെട്ടതാണ്. ഒരു വ്യക്തി ജനിക്കുന്നതും വളരുന്നതും കുടുംബത്തിലായതിനാൽ കുടുംബാന്തരീക്ഷമാണ് ആരോഗ്യപരിപാലനത്തിൽ പ്രധാനം

രോഗം വരാതെ സൂക്ഷിക്കുന്നതാണ് ആരോഗ്യ സംരക്ഷണത്തിൽ രോഗ ചികിത്സയേക്കാൾ പ്രധാനം. മനസ്സും ശരീരവും തമ്മിൽ സമനിലയിൽ പ്രവർത്തിക്കുമ്പോൾ രോഗമുണ്ടാവുന്നില്ല. ആഹാരക്രമം, ജീവിതരീതി, ശീലങ്ങൾ എന്നിവയ്ക്ക് ഇതിൽ വളരെ പ്രാധാന്യമുണ്ട്.

ഗ്രാമതലത്തിലെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കാൻ പ്രാഥമികാരോഗ്യസേവനത്തെ അടിസ്ഥാനമാക്കിയുള്ള പൊതുജനാരോഗ്യപ്രവർത്തനങ്ങളാണ് ലോകാരോഗ്യ സംഘടന ആവിഷ്കരിച്ചിരിക്കുന്നത്. ഇതിലേയ്ക്കായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ അടിസ്ഥാനമാക്കിയുള്ള രോഗ, പ്രതിരോധ, ആരോഗ്യ, വിദ്യാഭ്യാസ ചികിത്സാസംവിധാനങ്ങളാണ് ശക്തിപ്പെടുത്തേണ്ടത്.

അംഗീകൃത മാനദണ്ഢങ്ങളായ ശിശുമരണനിരക്ക്, മാതൃമരണനിരക്ക്, ജനനനിരക്ക്, ആയർദൈർഘ്യം ഇവ കണക്കിലെടുത്താൽ വികസിച്ച രാജ്യങ്ങൾക്ക് തുല്യമാണ് കേരളം. എന്നാൽ ഈയടുത്ത കാലത്തായി വീണ്ടും പ്രത്യക്ഷമായ മലമ്പനി, കോളറ, എലിപ്പനി, എൻസഫലൈറ്റിസ് തുടങ്ങിയ രോഗങ്ങളുടെ വ്യാപനം ആശങ്കയ്ക്കിട നൽകുന്നുണ്ട്.

ഒരു കാലത്ത് പാരമ്പര്യവൈദ്യൻമാരെ ആശ്രയിച്ചായിരുന്നു നമ്മുടെ ആരോഗ്യരംഗം നൂതനമായ എല്ലാ മാർഗ്ഗങ്ങളും പ്രയോജനപ്പെടുത്തി ആരോഗ്യചികിത്സാരംഗം മെച്ചപ്പെടുത്തിയെങ്കിലും നമ്മുടെ ഗ്രാമത്തിൽ ഈ മേഖലയിൽ ഇന്നും നിരവധി പ്രശ്നങ്ങൾ നിലനിൽക്കുന്നു.

**ആരോഗ്യ രംഗത്തെ പ്രശ്നങ്ങൾ**

1. പഞ്ചായത്തിലെ ജനസംഖ്യയുമായി തട്ടിച്ചുനോക്കുമ്പോൾ ആരോഗ്യസ്ഥാപനങ്ങളുടെ

പ്രവർത്തനം തീരെ അപര്യാപ്തമാണ്.

2. അടുത്തകാലത്തായി വർദ്ധിച്ചുവരുന്ന ആരോഗ്യ പ്രശ്നങ്ങൾ

3 പഞ്ചായത്തിലെ ആശുപത്രിയിൽ കിടത്തി ചികിത്സിക്കാൻ സൗകര്യമില്ലായ്മ

4 ഡോക്ടർമാരുടെയും മറ്റ് ആരോഗ്യപ്രവർത്തകരുടെയും അപര്യാപ്തത

5 മലനീകരണപ്രശ്നങ്ങൾ ഉയർത്തുന്ന വെല്ലുവിളികൾ

6 അകലത്തിലുള്ള ആശുപത്രികളെ പ്രാപിക്കാനുള്ള സാമ്പത്തിക, യാത്രാ പ്രശ്നങ്ങൾ

7 സർക്കാർ ആശുപത്രികളിലെ സേവന ലഭ്യത കുറവ്

8 ആധുനിക ചികിത്സാ സൗകര്യങ്ങളുടെ അഭാവം (ലാബ്, X-ray, E.C.G. മുതലായവ)

## നിർദ്ദേശങ്ങൾ - സാദ്ധ്യതകൾ

1. ആമച്ചൽ ആശുപത്രി വികസിപ്പിച്ച് കുറഞ്ഞത് 25 കിടക്കകളുള്ള ഒരു ആശുപത്രിയായി ഉയർത്തി വനിതാ ഡോക്ടർമാരടക്കം 5 ഡോക്ടർമാരെ നിയമിക്കുക.

2 കാട്ടാക്കട ആശുപത്രി താലൂക്ക് ആശുപത്രിയായി ഉയർത്തുക

3 എട്ടിരുത്തി – തൂങ്ങാംപാറ വാർഡുകളുടെ കേന്ദ്രസ്ഥാനമായ തൂങ്ങാംപാറ ജംഗ്ഷൻ കേന്ദ്രീകരിച്ച് ഒരു സർക്കാർ ഹോമിയോ ആശുപത്രി സ്ഥാപിക്കുക

4 കാട്ടാക്കട കേന്ദ്രമാക്കി ഒരു ആയുർവേദ ആശുപത്രി ആരംഭിക്കുക

5 ക്ഷയരോഗ നിവാരണത്തിനുള്ള നടപടികൾ ത്വരിതപ്പെടുത്തുക

6 മാതൃ-ശിശു ആരെഗ്യസംരക്ഷണ പരിപാടികൾ കാര്യക്ഷമമാക്കുക

7 രോഗ-പ്രതിരോധ പ്രവർത്തനങ്ങളും, ആരോഗ്യക്ലാസുകളും ഊർജ്ജിതമാക്കുക.

8 കാട്ടാക്കട ജംഗ്ഷൻ ഇപ്പോൾ ഖര-ദ്രവ മാലിന്യങ്ങൾ കൊണ്ട് വീർപ്പു മുട്ടുകയാണ്. ഇവിടുത്തെ ഹോട്ടലുകളിൽ നിന്നും, മറ്റുവ്യാപാര സ്ഥാപനങ്ങളിൽ നിന്നും ഉപേക്ഷിക്കുന്ന ഈ മാലിന്യസംസ്കരിക്കാൻ ദീർഘകാല പദ്ധതികൾ ആവിഷ്കരിക്കുക

9 പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കു വ്യക്തികളേയും സ്ഥാപനങ്ങളേയും മാതൃകാപരമായി ശിക്ഷിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

10. കാട്ടാക്കട ടൗണിൽ ഒരു പബ്ലിക് കംഫർട്ട് സ്റ്റേഷൻ ആരംഭിക്കുക

11. കൊതുനിവാരണ പ്രവർത്തനങ്ങൾ മുടങ്ങാതെ നടത്തുക

12. കക്കൂസുകൾ ഇല്ലാത്ത എല്ലാ വീട്ടുകാർക്കും കക്കൂസുകൾ നിർമ്മിച്ചു നൽകാൻ വേണ്ട നടപടികൾ സ്വീകരിക്കുക. (മറ്റ് ഏജൻസികളുടെയും) സന്നദ്ധ സംഘടനകളുടെയും സഹായത്തോടുകൂടി)

13. കിണറുകൾ, കുളങ്ങൾ എന്നിവ യഥാസമയങ്ങളിൽ ശുചീകരിക്കുക

14 ശുദ്ധമായ കുടിവെള്ളം എല്ലാവർക്കും എത്തിക്കാൻ നടപടികൾ സ്വീകരിക്കുക

15. ആരോഗ്യപ്രശ്നങ്ങൾ ഊർജ്ജിതമാക്കാനായി വാർഡുകൾതോറും ഹെൽത്ത് ക്ലബ്ബുകൾ ആരംഭിക്കുക.

16 മാലിന്യങ്ങൾ യഥാസമയം സംസ്കരിക്കാത്ത ഹോട്ടലുകളുടെയും, കല്യാണ മണ്ഡപങ്ങളുടെയും ലൈസൻസുകൾ റദ്ദ്ചെയ്യുക.

17. മാലിന്യങ്ങൾ നീക്കം ചെയ്യാൻ ബ്ലോക്കു തലപദ്ധതികൾ ആവിഷ്കരിക്കുക.

18. വൃദ്ധജനങ്ങളുടെ പരിചരണത്തിന് വൃദ്ധസദനങ്ങളും അനുബന്ധ പരിപാടികളും ആവിഷ്കരിക്കുക.

## ഗ്രാമസഭകൾ ആവശ്യപ്പെടുന്നു

1. ഊറ്റുകഴിക്കു സമീപമുള്ള 16 സെന്റ് സർക്കാർ പുറം പോക്കിൽ ഒരു ആയുർവേദ ആശുപത്രി സ്ഥാപിക്കുക.

2. പാപ്പനം ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുക

3. കിള്ളി കേന്ദ്രീകരിച്ച് ഒരു ആയുർവേദ ആശുപത്രി സ്ഥാപിക്കുക

4 കട്ടയ്ക്കോട് ആരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനം ഊർജ്ജിതമാക്കുക

5 നെല്ലിക്കാട് കേന്ദ്രീകരിച്ച് ഒരു ആരോഗ്യകേന്ദ്രം തുറക്കുക

6 തുഞ്ഞാംപറയിൽ ഒരു മുഴുവൻ സമയ ആരോഗ്യകേന്ദ്രം ആരംഭിക്കുക

7 അമ്പലത്തിൻകാല-പൊന്നാരംകോണം പഞ്ചായത്ത് പുറംപോക്ക് വസ്തുവിൽ ഒരു ആയുർവേദ ആശുപത്രി സ്ഥാപിക്കുക

8. കുരുതംകോട് വാർഡിൽ ഒരു ആരോഗ്യകേന്ദ്രം സ്ഥാപിക്കുക

9. പ്ലാവൂർ വാർഡിൽ ഒരു മിഡ്വൈഫറി സെന്റർ ആരംഭിക്കുക

10. പൊന്നറ വാർഡിലെ മൈലാടിയിൽ ഒരു ആരോഗ്യകേന്ദ്രം ആരംഭിക്കുക

11. മൂങ്ങോട്ടുകോണം കോളനിയിൽ ഒരു മാതൃശിശു സംരക്ഷണകേന്ദ്രം ആരംഭിക്കുക

12. കിള്ളി-കുരിശ്ശടി ജംഗ്ഷനിൽ കേന്ദ്രീകരിച്ച് ഒരു മാതൃശിശുകേന്ദ്രം ആരംഭിക്കുക

13. കുരുതംകോട് തുണിപ്പാട് കേന്ദ്രമാക്കി ഒരു മാതൃശിശുസംരക്ഷണകേന്ദ്രം ആരംഭിക്കുക

14 വെള്ളംകൊള്ളി തലയ്ക്കൽ കേന്ദ്രമാക്കി ഒരു മിഡ്വൈഫറി സെന്റർ ആരംഭിക്കുക.

## കാട്ടാക്കട ഗ്രാമപഞ്ചായത്ത്

| ആരോഗ്യരംഗത്തെ പൊതുസ്ഥാപനങ്ങൾ |
|---|
| ആമച്ചൽ പബ്ലിക് ഹെൽത്ത് സെന്റർ |
| കൊല്ലോട് മാതൃശിശു സംരക്ഷണ കേന്ദ്രം |
| മിഡ്വൈഫറി സെന്റർ, പ്ലാവൂർ |
| മിഡ്വൈഫറി സെന്റർ, പാപ്പനം, ആമച്ചൽ |
| മിഡ്വൈഫറി സെന്റർ, കട്ടയ്ക്കോട് |
| മിഡ്വൈഫറി സെന്റർ, തൂങ്ങാംപാറ |

## കാട്ടാക്കട ഗ്രാമപഞ്ചായത്ത്

### 8.2 കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം

| പ്രായം | നോർമൽ | | 1-ാം ഗ്രേഡ് | | 2-ാം ഗ്രേഡ് | | 3-ാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 വയസ്സിൽ താഴെ | 89 | 95 | 40 | 45 | 18 | 22 | 8 | 7 |
| 1-3 വയസ്സ് | 526 | 629 | 109 | 114 | 54 | 36 | 15 | 18 |
| 3-6 വയസ്സ് | 445 | 581 | 97 | 107 | 43 | 47 | 7 | 11 |

## കാട്ടക്കട ഗ്രാമപഞ്ചായത്ത്

### 8.3 കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധ കുത്തിവെയ്പ്

| കുട്ടികൾ | ബി.സി.ജി. | ഡി.പി.റ്റി | | | | പോളിയ | | | | ഡി.റ്റി | | | | മീസിൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1D | 2D | 3D | BD | 1D | 2D | 3D | BD | 1D | 2D | 3D | BD | |
| 1 വയസ്സിൽ താഴെ | 301 | 71 | 110 | 87 | - | 71 | 110 | 87 | - | - | - | - | - | 131 |
| 1-3 വയസ്സ് | 1498 | - | - | - | 1480 | - | - | - | 148 | 3 | 3 | - | 6 | - |
| 3-6 വയസ്സ് | 1338 | - | - | - | - | - | - | - | - | - | - | | 1330 | - |

ടെറ്റനസ് ടോക്സോയിസ് (П)

| | 1D | 2D | BD |
|---|---|---|---|
| ഗർഭിണികൾ | 128 | 139 | 27 |

| | |
|---|---|
| ഇരുമ്പ്/ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം | 161 |
| ഇരുമ്പ്/ഫോളിക്കാസിഡ്-ഗുളികകൾ ലഭിച്ച കുട്ടികളുടെ എണ്ണം | 466 |
| വിറ്റാമിൻ എ തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം | 353 |
| ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം | 132 |
| വീട്ടിൽ നടന്ന പ്രസവങ്ങളുടെ എണ്ണം | NIL |

## ആശുപത്രികളെ സംബന്ധിച്ച വിവരങ്ങൾ (1995-96)

Ref. AVI, G, F

| ഏതുവിഭാഗം ചികിത്സാ സംവിധാനം | ആശുപത്രി | | ഡിസ്പെൻസറി | | മാതൃശിശുസംരക്ഷണ കേന്ദ്രങ്ങൾ | | മൊത്തം ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|---|---|---|
| | സർക്കാർ | സ്വകാര്യം | സർക്കാർ | സ്വകാര്യം | സർക്കാർ | സ്വകാര്യം | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| അലോപ്പതി | - | 5 | 1 | 3 | 3 | - | 133 |

## 1.10 പൊതുജനാരോഗ്യം

Ref. AVI<G/ (എല്ലാത്തിനും എണ്ണമാണ് എഴുതേണ്ടത്)

| വാർഡ് നമ്പർ | ശുചീകരണാവശ്യത്തിനുള്ള ജീവനക്കാർ | മൂത്രപ്പുരകൾ | കക്കൂസുകൾ | പൈപ്പ് വെള്ളം | | പൊതു കണക്ഷനുകൾ | പൊതു കുഴൽ കിണർ | കുളിക്കടവുകൾ | ശ്മശാനങ്ങൾ | അറവുശാലകൾ | മാലിന്യങ്ങൾ നിക്ഷേപനുള്ളസ്ഥലം |
|---|---|---|---|---|---|---|---|---|---|---|---|
| | | | | പൊതു ടാപ്പുകൾ | ഹൗസ് | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| | 5 | 3 | 3 | 115 | 424 | 22 | 19 | 48 | - | 1 | - |

## 1.11. ആശുപത്രികളെ സംബന്ധിച്ച് വിവരങ്ങൾ (1995-96)

Ref. AVI, G,F

| ഏതു വിഭാഗം ചികിത്സാ സംവിധാനം | ആശുപത്രി | | ഡിസ്പെൻസറി | | മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ | | മൊത്തം ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|---|---|---|
| | സർക്കാർ | സ്വകാര്യം | സർക്കാർ | സ്വകാര്യം | സർക്കാർ | സ്വകാര്യം | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| | | | 1 | 8 | 3 | | 31 |



# കുടിവെള്ളം

ശുദ്ധമായ കുടിവെള്ളം ലഭിക്കാൻ വളരെ ബുദ്ധിമുട്ടുള്ള പല പ്രദേശങ്ങളും ഉൾപ്പെടുന്ന ഗ്രാമമാണ് കാട്ടാക്കട. കിട്ടുന്ന ജലം വേണ്ട രീതിയിൽ കൈകാര്യം ചെയ്യാൻ കഴിയാത്തതാണ് ജലദൗർലഭ്യത്തിന് പ്രധാന കാരണം. ഗ്രാമസഭകളിൽ പ്രധാനപ്പെട്ട ചർച്ചാ വിഷയമായിരുന്നു കുടിവെള്ളത്തിന്റെ ദൗർലഭ്യം.

നെയ്യാറിൽ മണ്ഡപത്തിൻ കടവിൽ നിന്നും പമ്പു ചെയ്ത് കുളത്തോട്ടുമലയിൽ സംഭരിച്ചാണ് പഞ്ചായത്തിൽ ശുദ്ധജലം നൽകുന്നത്. പുഴയിൽ ആവശ്യത്തിന് വെള്ളമുണ്ടെങ്കിലും മാസത്തിൽ പത്തുദിവസം പോലും ശുദ്ധജലം നൽകാൻ പദ്ധതിക്ക് ഇന്നോളം കഴിഞ്ഞിട്ടില്ല.

ഗ്രാമീണ ശുദ്ധജല പദ്ധതിയാണ് ഇവിടെ സ്ഥാപിച്ചിട്ടുള്ളത്. പുഴയിൽ തടയണ കെട്ടി ഫിൽട്ടറിംഗ് സംവിധാനം ഒരുക്കി സമീപത്തായി കിണർ കുഴിച്ച് അതിൽ നിന്ന് വെള്ളം പമ്പുചെയ്യുകയാണ്.

അനിയന്ത്രിതമായ മണലൂറ്റ്, വെള്ളപ്പൊക്കം എന്നിവ നിമിത്തം ഫിൽറ്ററിംഗ് സമ്പ്രദായം പാടെ തകർന്നിട്ട് കാലം കുറേയായി. കിണറിന്റെ സൈഡ് വാളിൽ സുഷിരം വീണ് ആറ്റിലെ വെള്ളം ഇപ്പോൾ നേരിട്ട് കിണറ്റിലെത്തുന്നു. അതുകൊണ്ടുതന്നെ ശുദ്ധജലമെന്നു പറഞ്ഞ് നൽകുന്നത് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്ന മലിനജലമാണ്. ശുദ്ധീകരണം പേരിനുപോലും ഇല്ല. മഴക്കാലമായാൽ പൈപ്പുകളിലൂടെ ഒഴുകുന്നത് ഒന്നിനും കൊള്ളാത്ത ചെളിവെള്ളമാണ്.

മണ്ഡപത്തിൻ കടവ് പദ്ധതി പഞ്ചായത്തിന് പ്രയോജനപ്പെടുകയില്ല എന്ന സ്ഥിതി വന്നപ്പോൾ മറ്റൊരു പുതിയ പദ്ധതിയെക്കുറിച്ച് ആലോചനയായി. അങ്ങനെയാണ് കുളത്തുമ്മൽ പദ്ധതിക്ക് രൂപം നൽകിയത്. നെയ്യാറിലെ വെള്ളം കീഴാറൂറിൽ നിന്നും പമ്പ് ചെയ്ത് വിതരണം നടത്തുന്ന പദ്ധതിയുടെ ശിലനാട്ടൽ ആഘോഷപൂർവ്വം നടന്നു. പദ്ധതി ഇതുവരേയും സഫലീകൃതമായിട്ടില്ല.

വേനൽക്കാലത്തുപോലും വറ്റാത്ത എട്ടിരുത്തിയിലെ മൂന്നാം വീട്ടുകോണം പോലുള്ള അനേകം ജലസ്രോതസ്സുകളും കാട്ടാക്കട പഞ്ചായത്തിലുണ്ട്. അതിനാൽ ഇവ സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

വികസനത്തിന്റെ മറവിൽ തോടുകൾ നികത്തി റോഡുകളാക്കി വരുന്നു. കൃഷിക്ക് ഉപയോഗപ്രദമായ ഈ നീരുറവകൾ മണ്ണിട്ട് മൂടി റോഡുകളാക്കി മാറ്റിയാൽ ഭാവിയിൽ വലിയ ഭവിഷ്യത്തുകൾ വരുത്തി വയ്ക്കുകയാവും ഫലം.

നെയ്യാറിലെ വെള്ളം കീഴാറൂറിൽ നിന്നും പമ്പു ചെയ്ത് വിതരണം നടത്തുന്ന പദ്ധതി പൂർത്തിയാക്കുകയും പഞ്ചായത്തിലെ ജലസ്രോതസ്സുകളെ സംരക്ഷിക്കുകയും മണ്ഡപത്തിൽ കടവ് പദ്ധതി കാര്യക്ഷമമാക്കുകയും ചെയ്താൽ പഞ്ചായത്തിലെ ജലദൗർലഭ്യം പരിഹരിക്കാം.

## പൊതുപ്രശ്നങ്ങൾ

1. ചില പ്രദേശങ്ങളിൽ സ്ഥിരമായി കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു.
2. പഞ്ചായത്തിലെ ചില സ്ഥലങ്ങളിൽ മണ്ണിനടിയിൽ കരിപ്പൂർ പാറകൾ ഉള്ളതിനാൽ കിണറുകൾ കുഴിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നു.
3. ചില വ്യക്തികൾ കുടിവെള്ളം പാഴാക്കുന്നു.
4. പൊതുകിണറുകളും, കുളങ്ങളും വൃത്തിഹീനങ്ങളാണ്.
5. ടാപ്പുകളിലെ തകരാറുകാരണം ധാരാളം കുടിവെള്ളം നഷ്ടമാകുന്നു.
6. കേടുവന്ന കുഴൽ കിണറുകളുടെ അറ്റകുറ്റപ്പണികൾ നടത്തുക.
7. വെള്ളം വറ്റാൻ തുടങ്ങുമ്പോൾ തോടുകളിൽ തടയണകൾ നിർമ്മിച്ചാൽ കിണറുകളിലെ ജലവിതാനം ഉയരും.
8. പൊതുവിതരണത്തിനുള്ള വെള്ളം അണുവിമുക്തമാണെന്ന് ഉറപ്പുവരുത്താനുള്ള സംവിധാനം ഏർപ്പെടുത്തുക.
9. എല്ലാ വാർഡുകളിലേയും പൈപ്പുകളിൽ അടിയന്തിരമായി ജലം എത്തിക്കുന്നതിനുള്ള സംവിധാനം ജലസേചനവകുപ്പ് സ്വീകരിക്കണം.
10. കുടിവെള്ളം മുടങ്ങാതെ നൽകുന്നതിന് ജലസേചനവകുപ്പ് സത്വര നടപടികളെടുക്കണം.

## ഗ്രാമസഭകൾ ആവശ്യപ്പെടുന്നു.

1. കീഴാറൂർ പമ്പ് ഹൗസിൻെറയും, മാവുവിള ടാങ്കി ൻെറയും നിർമ്മാണം എത്രയും വേഗം പൂർത്തി യാക്കണം.
2. അമ്പത്തിൻകാല സരസ്വതിവിലാസം ഗ്രന്ഥശാല യുടെ കീഴിൽ കാൽ നൂറ്റാണ്ടായി പ്രവർത്തി ക്കുന്ന നെഴ്സറി സ്കൂളിന് വാട്ടർ കണക്ഷൻ അനുവദിക്കുക.
3. തോട്ടറ, കുന്നുവിള, കുരുതംകോട്, പാലയ്ക്കൽ, ഞാറവിള, മൂങ്ങോട്ടുകോണം എന്നീ പട്ടികജാതി കോളനികളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുക.
4. അമ്പത്തിൻ കാല ചില്ലിക്കാട്, ആലംകോട്, കുള വിയോട്, അറവൻ കോണം, കൊല്ലംപൊറ്റ, വാരി യകോണം, ചന്ദ്രമംഗലം, ഉദയൻ കോണം, ചെറു കോട്-തലമലച്ചൽ, തൂണിപ്പാട്-കുച്ചപ്പുറം എന്നീ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിച്ച് കുടി വെള്ളം എത്തിക്കുക
5. വാളക്കോട്, തേരിവിള, കുന്നുകളിൽ പൊതുകി ണറുകൾ സ്ഥാപിച്ച് കുടിവെള്ളക്ഷാമം പരിഹരി ക്കുക.
6. കൊല്ലോടിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുക.
7. കാഞ്ഞിരംകാട്, വെള്ളം കൊള്ളിത്തലയ്ക്കൽ, ചെട്ടിക്കോണം തോപ്പുവിള നെല്ലിയോട്ടുകോണം, തൂവല്ലൂർ കോണം, എരുത്താംകോട്, കോട്ടമുകൾ, പാപ്പനം, തോട്ടറ, കുന്നുവിള, ആലംകോട്, കുളവി യോട് എന്നീ പ്രദേശങ്ങളിൽ കുഴൽ കിണറുകൾ സ്ഥാപിക്കുക.
8. പൊന്നറയിൽ ഒരു പൊതുകിണർ കുഴിക്കുകയും മൈലാടിപ്പാറ എന്ന സ്ഥലത്ത് കുഴൽ കിണർ സ്ഥാപിക്കുകയും ചെയ്യുക.
9. കാട്ടാക്കട പട്ടണത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുക.
10. പഞ്ചായത്തിലെ എല്ലാ കിണറുകളും പ്രാഥമികാ രോഗ്യകേന്ദ്രത്തിൻെറ സഹായത്തോടെ ക്ലോറിനേ റ്റ് ചെയ്യുക.
11. പഞ്ചായത്തിലെ എല്ലാ പൊതുകിണറുകളും ചെളി നീക്കി വൃത്തിയാക്കുക.
12. മംഗലയ്ക്കൽ, കമുകിൻ കുഴി, കുളത്തോടു മല, മുതിയാവിള, മങ്കാരമല, പുല്ലുവിളാകം, ചെമ്പക ത്തിൻ മൂട്, ചന്ദ്രമംഗലം, അറവൻ കോണം, എന്നീ ഭാഗങ്ങളിൽ പുതിയ പൈപ്പ് ലൈനുകൾ സ്ഥാപി ക്കണം.

## ബ്ളോക്ക് സഹായത്തോടെ നിർമ്മിച്ചവ

| | പ്രവർത്തന യോഗ്യം | പ്രവർത്തന ശൂന്യം |
|---|---|---|
| കുടിവെള്ളം കിണർ | 47 | 6 |
| ടാങ്കുകൾ, കുളങ്ങൾ | 9 | 8 |
| കുഴൽ കിണറുകൾ | 5 | 17 |
| പബ്ളിക് ടാഷ്സ് | 90 | 27 |

# പഞ്ചായത്തിലെ കുടിവെള്ളക്ഷാമമേഖലയും പരിഹാരനിർദ്ദേശങ്ങളും

| വാർഡ് | പേര് | പ്രശ്നമേഖലകൾ | നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗങ്ങൾ |
|---|---|---|---|
| VIII | കുരുതംകോട് | തലക്കോണം, കുരുതംകോട്, പാലക്കൽ | പുതുതായി പൈപ്പുലൈനുകൾ, കിണറുകൾ, എന്നിവ നിർമ്മിക്കുക പൊട്ടിഒലിയ്ക്കുന്ന പൈപ്പുലൈനുകൾ മെയിൻറനൻസ് ചെയ്യുക. കുഴൽ കിണറുകൾ നിർമ്മിക്കുക. |
| IX | ചന്ദ്രമംഗലം | ചന്ദ്രമംഗലം, കല്ലംപൊറ്റ, കുച്ചപ്പുറം, പ്ലാവൂർ, മംഗലയ്ക്കൽ, അറവംകോണം, ഉദിയംകോണം | പുതിയ പൈപ്പുലൈനുകൾ കുഴൽ കിണറുകൾ സ്ഥാപിക്കുക. കുളങ്ങൾ വൃത്തിയാക്കി പമ്പ് സെറ്റുകൾ വച്ച് മിനി വാട്ടർ സപ്ലൈസ്കീമുകൾ നിർമ്മിക്കുക. പൊട്ടി ഒലിയ്ക്കുന്ന പഴയ പൈപ്പുലൈനുകൾ ഗുണമേന്മയുള്ള പൈപ്പുകൾ ഉപയോഗിച്ച് പുനർനിർമ്മാണം ചെയ്യുക. |
| X | പ്ലാവൂർ | പുല്ലുവിളാകം, കുളത്തോട്ടുമല, കമുകിൻകുഴി പട്ടികജാതികോളനി, മങ്കാരമല, അറൻകോണം, മുതിയാവിള, ചാരുപാറ, കുളവിയോട് | നിലവിലുള്ള പൊട്ടി ഒഴുകുന്ന പൈപ്പുകൾ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കുക. ഉള്ള ടാങ്കുകൾ നിറയെ വെള്ളം പമ്പ് ചെയ്യുക. അത്യാവശ്യസ്ഥലങ്ങളിൽ നല്ല പൈപ്പിലുള്ള കുഴൽ കിണറുകൾ നിർമ്മിക്കുക. നിലവിലുള്ള കുളങ്ങൾ അറ്റകുറ്റപണികൾ തീർ ത്ത് ജലം കുടിവെള്ളത്തിന് പമ്പ് ചെയ്തു ഉപയോഗിക്കുക. വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. പുതുതായി പൈപ്പുലൈനുകൾ സ്ഥാപിക്കുക. |
| XI | കാട്ടാക്കട | മുങ്ങോട്ടുകോണം, ചാരുപാറ, നന്ദാവനം, മുള്ളിലവിൻമൂട്, കഞ്ചിയൂർകോണം | നീരുറവകൾ സംരക്ഷിക്കുക. സൗകര്യപ്രദമായ കിണറുകൾ നിർമ്മിക്കുക. നിലവിലുള്ള പൈപ്പുലൈനുകളുടെ കേടുപാടുകൾ തീർക്കുക. പുതുതായി പൈപ്പുലൈനുകൾ സ്ഥാപിക്കുക. എല്ലാ സമയവും ജലം ലഭിക്കത്തക്കരീതിയിൽ നിലവിലുള്ള വാട്ടർ സപ്ലൈ സ്കീമിൻെറ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക. |
| XII | ആമച്ചൽ | ചെമണ്ണുവിള-ചെവിടംകോട് ഭാഗം, കാരിഞ്ചൽ ലക്ഷംവീട് കോളനി | ശുദ്ധജലവിതരണം കാര്യക്ഷമമാക്കുക. |
| XIII | പൊന്നറ | മൈലാടി | നിലവിലുള്ള ശുദ്ധജലവിതരണ പദ്ധതി കാര്യക്ഷമമാക്കുക |

# പഞ്ചായത്തിലെ കുടിവെള്ളക്ഷാമമേഖലയും പരിഹാരനിർദ്ദേശങ്ങളും

| വാർഡ് | പേര് | പ്രശ്നമേഖലകൾ | നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗങ്ങൾ |
|---|---|---|---|
| I | കട്ടക്കോട് | വാളകോട്, ചാത്തിയോട്, കാന്തള | പുതുതായി ഉള്ള പൈപ്പുലൈനുകൾ, പെട്ടെന്ന് തകരാറുകൾ സംഭവിക്കാത്ത കുഴൽ കിണറുകളുടെ നിർമ്മാണപ്രവർത്തനം |
| II | കൊല്ലോട് | കോട്ടപ്പുറം, ചെറുമല, തേവുപാറ, കൊല്ലോട് | പുതിയതായി പൈപ്പുലൈനുകളും പൊതുടാപ്പുകളും ഗൃഹകണക്ഷനുകളും അടിയന്തിരമായി സ്ഥാപിക്കുക. |
| III | കിള്ളി | പനയംകോട്, ചേലക്കാട്, കടുവനടി, പുതുവയ്ക്കൽ, തുരുമ്പാട്, | വാർഡിലെ ശുദ്ധജലവിതരണത്തിനായി മിനി ജലസേചനപദ്ധതി തയ്യാറാക്കുക നിലവിലുള്ള ജലസേചനസൗകര്യങ്ങൾ കാര്യക്ഷമമാക്കുക. |
| IV | എട്ടിരുത്തി | മൂന്നാംവീട്ട്കോണം ബർമ്മാ റോഡ്, മൊതയിൽ കിള്ളിറോഡ്, കൂന്താണിറോഡ്, നെല്ലിക്കാട്, കാവനാട്ടുകോണം, വട്ടവിള (തൂങ്ങാംപാറ) | തടങ്ങളിൽ പുതുതായി പൈപ്പുലൈനുകൾ നിർമ്മിച്ച് പുതിയ വാട്ടർ ടാപ്പുകൾ നിർമ്മിക്കുക. ഊറ്റുകുഴികൾ സംരക്ഷിക്കുക. നിലവിലുള്ള കുളങ്ങൾ സംരക്ഷിക്കുക. പൊട്ടി യൊലിക്കുന്ന പൈപ്പുലൈനുകൾ കൃത്യമായി പണി ചെയ്യുക. (എട്ടിരുത്തി തൂങ്ങാംപാറ) |
| V | തൂങ്ങാംപാറ | തൂങ്ങാംപാറ ചെട്ടികോണം തൂവല്ലൂർ കോണം, വെള്ളമാനൂർകോണം, പൊറ്റവിള, പട്ടികജാതി കോളനി-തൂവല്ലൂർകോണം | കുളത്തുമ്മൽ ശുദ്ധജലപദ്ധതി എത്രയും വേഗം പൂർത്തിയാക്കുകയും-ജലസ്രോതസ്സുകൾ സംരക്ഷിക്കുകയും-നിലവിലുള്ള പൈപ്പുലൈനുകൾ സംരക്ഷിക്കുകയും, കൂടുതൽ പൈപ്പുലൈനുകൾ ഉണ്ടാക്കുകയും ചെയ്യുക. |
| VI | പാറച്ചൽ | മാവുവിള കൊറ്റംപള്ളി, കൊറ്റംപള്ളി ലക്ഷം വീട് കോളനി, മഗലയ്ക്കൽ തെരുവ്, കോട്ടമുകൾ പട്ടികജാതികോളനി, പറണ്ടോട്, പാപ്പനം കിഴക്കേകര, മാവുവിള | പുതുതായി പൈപ്പുലൈനുകൾ സ്ഥാപിച്ച്, ടാപ്പുകൾ നൽകുക, ജലസ്രോതസ്സുകൾ സംരക്ഷിച്ച് പൈപ്പുലൈനുകൾ സ്ഥാപിക്കുക. ആവശ്യമായ പ്രദേശങ്ങൾ കണ്ടുപിടിച്ച് കിണറുകൾ സ്ഥാപിക്കുക. കുഴൽക്കിണറുകൾ നല്ല പൈപ്പുകളും നിലവാരമുള്ള സാധനങ്ങളും ഉപയോഗിച്ച് പണിയുക. എല്ലാ ഭാഗങ്ങളിലും പുതുതായി പൈപ്പുലൈനുകൾ സ്ഥാപിക്കുക. |
| VII | ചെമ്പനാകോട് | ചെമ്പനാകോട് കീഴാറൂർ തോട്ടറ, കുന്നുവിള, അമ്പത്തിൻകാല, ചില്ലിക്കാട് , കുളവിയോട് | പുതുതായി പൈപ്പുലൈനുകൾ നിർമ്മിക്കുക. പ്രായോഗികമായി ഗുണനിലവാരമുള്ള പൈപ്പുകൾ ഉപയോഗിച്ച് കുഴൽ കിണറുകൾ നിർമ്മിക്കുക. കിണറുകൾ സ്ഥാപിക്കുക. ജലസ്രോതസ്സുകൾ സംരക്ഷിക്കുക. |

ദു:ഖസത്യം. അഥവാ ആരംഭിക്കപ്പെട്ടവതന്നെ അകാലത്തിൽ പൊലിഞ്ഞുപോകുകയും ചെയ്തു.

കൃഷിയെ ആശ്രയിച്ചുകഴിഞ്ഞുവരുന്ന ഒരു ജനസമൂഹമായിരുന്നു ഈ ഗ്രാമപഞ്ചായത്തിൽ നിലനിന്നിരുന്നത്. കൃഷി ലാഭകരമല്ലാത്തതിനാൽ അത് മുരടിക്കുകയും ആളുകൾ മറ്റു തൊഴിലുകൾ തേടുകയും ചെയ്തു. വ്യാവസായിക സംരംഭങ്ങൾക്ക് ഇവിടെയാണ് പ്രസക്തിയേറുന്നത്.

ഇവിടെ പ്രവർത്തനമാരംഭിച്ച വ്യവസായങ്ങൾ പിടിച്ചുപറ്റാൻ കഴിയാതെ തകർന്നുപോയിട്ടുണ്ട് ശരിയായ മാനേജുമെന്റിന്റെ തകരാറും വിപണിയിലെ മത്സരവും ഇതിനു മുഖ്യകാരണങ്ങളാണ്. കട്ടയ്ക്കോട്ടു വാർഡിൽ വനിതകളുടെ സഹകരണ സംഘം ആരംഭിച്ച എണ്ണയാട്ടുമിൽ ഇന്ന് പ്രവർത്തനരഹിതമാണ്.

മിനിഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ, വനിതാ സഹകരണ സംഘങ്ങൾ, ചെറുകിട വ്യവസായ യൂണിറ്റുകൾ, സ്വയം തൊഴിൽ സംരംഭങ്ങൾ എന്നിവയിലൂടെ മാത്രമേ പഞ്ചായത്തിന്റെ വ്യാവസായികാഭിവൃദ്ധി നേടിയെടുക്കാൻ കഴിയുകയുള്ളൂ.

എട്ടിരുത്തി വാർഡിൽ പ്രവർത്തിക്കുന്ന ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റാണ് പഞ്ചായത്തിലെ പ്രധാന വ്യവസായകേന്ദ്രം. ഇതും ആശാവഹമായ രീതിയിൽ പുരോഗമിക്കുന്നില്ല. അവിടെ ഒഴിഞ്ഞുകിടക്കുന്ന ഫാക്ടറി കെട്ടിടങ്ങളിൽ പുതിയ വ്യവസായ യൂണിറ്റുകൾ തുടങ്ങാവുന്നതാണ്.



# വ്യവസായം

തൊഴിലില്ലായ്മ രൂക്ഷമായിരിക്കുന്ന ഈ പഞ്ചായത്തിൽ കുടിൽ വ്യവസായങ്ങളും ചെറുകിട വ്യവസായങ്ങളും നല്ല രീതിയിൽ പ്രവർത്തിച്ചാൽ ഒരു പരിധി വരെ തൊഴിലില്ലായ്മയ്ക്കും നാട്ടിന്റെ മൊത്തത്തിലുള്ള സാമ്പത്തിക പരാധീനതയ്ക്കും കുറെയൊക്കെ പരിഹാരം കണ്ടെത്താൻ കഴിയും. ആ വഴിക്കുള്ള പരിശ്രമങ്ങളൊന്നും തന്നെ ഉണ്ടായിട്ടില്ലെന്നുള്ളതാണ് ഒരു

### പ്രധാന ചെറുകിട യൂണിറ്റുകൾ

| | യൂണിറ്റിന്റെ പേര് | എണ്ണം | ഉല്പന്നം | തൊഴിലാളികൾ | | |
|---|---|---|---|---|---|---|
| | | | | ആൺ | പെൺ | ആകെ |
| 1. | റബ്ബർ ഫാക്ടറി | 1 | റബ്ബർ ഉൽപന്നം | 10 | – | 10 |
| 2 | പ്രിന്റഡ് സർക്യൂട്ട് ബോർഡ് | 3 | ഇലക്ട്രിക്കൽ ബോർഡുകൾ പ്ലാസ്റ്റിക് ബോർഡുകൾ | 12 | – | 12 |
| 3 | തീപ്പെട്ടികൊള്ളി നിർമ്മാണ യൂണിറ്റ് | 3 | തീപ്പെട്ടികൊള്ളി നിർമ്മിക്കുക | 9 | 22 | 31 |
| 4 | വാച്ച് ഫാക്ടറി | 1 | വാച്ച് അസംബ്ലിംഗ് | 4 | – | 4 |
| 5 | ഹോളോബ്രിക്സ് ഫാക്ടറി | 1 | കോൺക്രീറ്റ് കൊണ്ടുള്ള ഹോളോബ്രിക്സ് | 5 | 4 | 9 |
| 6 | എണ്ണയാട്ട് മിൽ | 2 | കൊപ്രാ ആട്ടി എണ്ണ എടുക്കൽ | 2 | 2 | 4 |
| 7 | കറിപൗഡർ യൂണിറ്റ് | 2 | വിവിധതരം കറിപൗഡറുകൾ | 2 | 4 | 6 |
| 8 | പാൽ ഉല്പന്ന നിർമ്മാണ യൂണിറ്റ് | 5 | പാലിൽ നിന്ന് ഉണ്ടാക്കുന്ന വിവിധ ഉല്പന്നങ്ങൾ | 1 | 24 | 25 |
| 9 | ചെരുപ്പ് നിർമ്മാണ യൂണിറ്റ് | 1 | റബ്ബർ ചെരുപ്പുകൾ | 4 | 1 | 5 |
| 10 | ഫർണിച്ചർ വ്യവസായം | 15 | വിവിധതരം ഫർണിച്ചറുകൾ | 90 | – | 90 |
| 11 | വെൽഡിംഗ് യൂണിറ്റ് | 4 | ഗേറ്റ്, കട്ടള, ഫർണിച്ചർ ഇരുമ്പുകൊണ്ടുള്ള ഉപകരണങ്ങൾ | 30 | – | 30 |

പരമ്പരാഗത തൊഴിലുകളായ പാനെയ്ത്ത്, വസ്ത്രം നെയ്ത്ത്, കയർ നിർമ്മാണം, ഈറ്റ, ചൂരൽ ഇവ കൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ ഏതാണ്ടു നാമാവശേഷമാകുകയും പുതിയ തലമുറ പുത്തൻ തൊഴിലുകൾ അന്വേഷിക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു.

വ്യാവസായികാന്തരീക്ഷം തൃപ്തികരമല്ല. എങ്കിലും കൂട്ടായ പ്രവർത്തനങ്ങൾകൊണ്ട് അഭിവൃദ്ധിയിലേയ്ക്കുള്ള പാത വെട്ടിതെളിക്കാമെന്ന് ഗ്രാമസഭകൾ അഭിപ്രായപ്പെടുന്നു. അതിന്റെ സാധ്യതകൾ പരിശോധിക്കാം.

ജനങ്ങൾ അഭിപ്രായപ്പെടുന്നു.

1 പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക

2 റബ്ബർവ്യവസായം – മുഖ്യകൃഷി റബ്ബറായി മാറിക്കൊണ്ടിരിക്കുന്ന ഈ ഗ്രാമപഞ്ചായത്തിൽ റബ്ബർബോൻഡ്, ബലൂൺ, റബ്ബർ ചെരുപ്പുകൾ, റബ്ബർ ഷീറ്റ്, റബ്ബർ പാൽ കയറ്റുമതിക്കുള്ള സംവിധാനം എന്നിവ ആരംഭിക്കുക

3 പ്ലാസ്റ്റിക് വസ്തുക്കൾ നിർമ്മാണം–പ്ലാസ്റ്റിക്കുകൊണ്ട് ചെറിയ ബാഗുകൾ, പാത്രങ്ങൾ എന്നിവ നിർമ്മിക്കുക.

4 കൊപ്രാ വ്യവസായം – തേങ്ങ ശേഖരിച്ച് കൊപ്രാ ആക്കി വിൽക്കുകയോ എണ്ണയാക്കി വിൽക്കുകയോ ചെയ്യുക

5 തീപ്പെട്ടി തുടങ്ങിയവ – തീപ്പെട്ടിക്കൊള്ളി നിർമ്മാണം, മെഴുകുതിരി, ചന്ദനത്തിരി എന്നിവയുടെ ഉല്പാദന സാധ്യത പരമാവധി പ്രയോജനപ്പെടുത്തുക

6 സോപ്പു നിർമ്മാണം – കുടിൽ വ്യവസായമായും കൈത്തൊഴിലായും ഉപയോഗിക്കാവുന്നതാണ് സോപ്പുനിർമ്മാണം. അത്തരം യൂണിറ്റുകൾ തുടങ്ങുക

7 ടൈലറിംഗ് യൂണിറ്റ്– വസ്ത്ര നിർമ്മാണത്തിൽ – കട്ടിംഗ്, ടൈലറിംഗ് – മേഖലയിൽ പരിശീലനത്തിന് ഒരു സ്കൂൾ സ്ഥാപിക്കുക. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും അവിടെ പ്രവേശനം നൽകുക.

8 നെയ്ത്തുശാലകൾ സ്ഥാപിക്കുക – കാട്ടാക്കടയിൽ അന്യം നിന്നുപോയ തുണിനെയ്ത്തു പ്രോത്സാഹിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുക

9 ഫർണിച്ചർ നിർമ്മാണം – ഏറ്റവുമധികം സാധ്യതയുള്ള ഒരിനമാണ് തടികടച്ചിൽ. അത്തരം യൂണിറ്റുകൾ സ്ഥാപിക്കുകയും ഫർണിച്ചർ നിർമ്മാണം വ്യാപിക്കുകയും ചെയ്യുക. എട്ടിരുത്തി വാർഡിലെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ഒഴിവുള്ള യൂണിറ്റുകൾ ഇത്തരത്തിൽ പ്രവർത്തിപ്പിക്കാവുന്നതാണ്.

10 ചൂരൽ, ഈറ വ്യവസായം – ചൂരൽ, ഈറ, തഴപ്പായ് നിർമ്മാണം എന്നിവയെ പ്രോത്സാഹിപ്പിക്കുക. പ്ലൈവുഡ് നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.

11 വൈദ്യുതോപകരണങ്ങൾ നന്നാക്കൽ – ലഘുവായ വൈദ്യുതോപകരണങ്ങൾ നന്നാക്കാൻ വനിതകളെ പരിശീലിപ്പിക്കുന്നതിന് ഒരു സ്ഥാപനം ആരംഭിക്കുക. വൈദ്യുതമീറ്റർ നന്നാക്കാൻ ഒരു വനിതാ യൂണിറ്റ് സ്ഥാപിക്കുക

12 ഖാദി ബോർഡുമായുള്ള സഹകരണം – ഖാദി ബോർഡിന്റെ സഹായത്താൽ നെയ്ത്തുശാല, സോപ്പു നിർമ്മാണം തുടങ്ങിയ യൂണിറ്റുകൾ സ്ഥാപിക്കുക.

13. വനിതായൂണിറ്റുകൾ – തയ്യൽ, അച്ചാർ നിർമ്മാണം, കറിപ്പൊടിനിർമ്മാണം, ക്ഷീരോല്പന്നം, വാഴയ്ക്കവറ്റൽ, മറ്റുതരം ഭക്ഷ്യവസ്തുക്കൾ പഴം സംസ്കരണം എന്നിവയ്ക്കുള്ള യൂണിറ്റുകൾ ആരംഭിക്കുക

14 കോഴിവളർത്തൽ – മുട്ടക്കോഴി, ഇറച്ചിക്കോഴി എന്നിവ വളർത്തുന്നതിനാവശ്യമായ സഹായങ്ങൾ നൽകുക

15 ഡയറിഫാം – സ്വകാര്യമേഖലയിൽ ഒരു ഡയറിഫാം തുടങ്ങുക

16 കയർ നിർമ്മാണം – ഗ്രാമങ്ങളിൽ നിന്ന് തൊണ്ട് ശേഖരിക്കുകയും അത്, കയർ, കയറ്റുപായ്, ചവിട്ടുമെത്ത തുടങ്ങിയ ഉല്പന്നങ്ങളാക്കി മാറ്റുന്നതിനുള്ള യൂണിറ്റുകൾ ആരംഭിക്കുക.

17 റെഡിമെയ്ഡ് വസ്ത്രനിർമ്മാണം – കുറഞ്ഞ വിലയ്ക്ക് കമ്പനികളിൽ നിന്നും തുണി മൊത്തമായി വാങ്ങി റെഡിമെയ്ഡ് വസ്ത്രങ്ങൾ നിർമ്മിക്കുക

18 വിളക്കുതിരി – വളരെയധികം വിപണനസാധ്യതയുള്ള ഒന്നാണ് വിളക്കുതിരി. അത് നിർമ്മിക്കാൻ ഒരു യൂണിറ്റു സ്ഥാപിക്കുക.

19 ബുക്ക് ബൈൻഡിംഗ് – നോട്ടുബുക്കുകൾ,

അക്കൗണ്ട്ബുക്കുകൾ എന്നിവ നിർമ്മിക്കുക, പഴയ പുസ്തകങ്ങൾ ബയന്റുചെയ്യുക എന്നിവ പരിശീലിപ്പിക്കുന്നതിനും ഉല്പാദിപ്പിച്ച് വിൽക്കുന്നതിനും ഒരു സ്ഥാപനം ആരംഭിക്കുക.

20. കളിമൺ വ്യവസായം - ധാരാളം ചൂളകളും മണ്ണും വിറകും ലഭ്യമായതിനാൽ ചെറുകിട കളിമൺ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക

21. മരച്ചീനി മാവ് - വളരെയധികം വ്യാവസായിക സാധ്യതയുള്ള ഒന്നാണ് മരച്ചീനിമാവ്, മരച്ചീനി മാവാക്കി കയറ്റി അയക്കാനുള്ള ഒരു യൂണിറ്റ് സ്ഥാപിക്കുക

22 സഹകരണസംഘങ്ങൾ - ചെറുകിട വ്യവസായങ്ങൾ വ്യക്തിപരമായും സഹകരണസംഘങ്ങൾ വഴിയും ചെയ്യാവുന്നതാണ്. കഴിയുന്നത്ര വനിതാ സഹകരണ യൂണിറ്റുകൾ ഉണ്ടാക്കുകയും അവയുടെ മേൽ നോട്ടത്തിൽ ഇത്തരം സംരഭങ്ങൾ ആരംഭിക്കുകയും ചെയ്യുക

23 കെട്ടിട സാമഗ്രികൾ - ഇഷ്ടിക, ഹോളോ ബ്രിക്സ്, ജന്നൽ, കട്ടള തുടങ്ങിയ കെട്ടിട നിർമ്മാണ സാമഗ്രികൾ നിർമ്മിച്ചുകൊടുക്കുന്നതിനുള്ള ഒരു യൂണിറ്റ് തുടങ്ങുക

### പ്രശ്നങ്ങൾ ... പ്രശ്നങ്ങൾ:-

ഇത്തരം സാധ്യതകൾ മുന്നിൽ തെളിഞ്ഞുവരുമ്പോഴും അവയൊക്കെമാറ്റിമറിക്കാൻ പ്രശ്നങ്ങളുടെ ഒരു കൂമ്പാരം തന്നെയുണ്ട്. എന്താണ് പ്രധാന പ്രശ്നങ്ങൾ. അനുഭവസ്ഥർ അതും പറയുന്നു.

1. ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള ബുദ്ധിമുട്ട്
2. അസംസ്കൃതവസ്തുക്കളുടെ ലഭ്യതയിലുള്ള കുറവും അടിക്കടിയുള്ള വിലക്കയറ്റവും
3. ഫാക്ടറി ഉല്പന്നങ്ങളുമായുള്ള കിടമത്സരം
4. ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ കിട്ടാനുള്ള ബുദ്ധിമുട്ട്
5. അശാസ്ത്രീയമായ ലൈസൻസിംഗ് സമ്പ്രദായം
6. വെള്ളം, വൈദ്യുതി, ഗതാഗതം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത.
7. വിദഗ്ദ്ധ തൊഴിലാളികളുടെ കുറവ്
8. മാനേജ്മെന്റിന്റെ അപര്യാപ്തത
9. ഉല്പാദനക്ഷമതയും വേതനനിരക്കും തമ്മിലുള്ള പൊരുത്തമില്ലായ്മ
10. പ്രവർത്തകർക്കും തൊഴിലാളികൾക്കും മാനേജുമെന്റിനും മൊത്തത്തിലുള്ള പരിശീലനക്കുറവ്

### പ്രശ്നപരിഹാരത്തിന് ചില നിർദ്ദേശങ്ങൾ

1. ഉല്പനങ്ങൾ വിറ്റ ഴിക്കുകയാണ് മുഖ്യപ്രശ്നം. അതിനാവശ്യമായ സ്റ്റാളുകൾ, മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ എന്നിവ പഞ്ചായത്തിന്റെ നേതൃത്വത്തിൽ അരംഭിക്കണം. സർക്കാരിനാവശ്യമായ ഉപകരണങ്ങൾ ഇത്തരം യൂണിറ്റുകളിൽ ഉല്പാദിപ്പിക്കുന്നുണ്ടെങ്കിൽ അവ വാങ്ങി ഉപയോഗിക്കാൻ വിവിധ വകുപ്പുകൾക്ക് നിർദ്ദേശം നൽകാൻ ഏർപ്പാടുണ്ടാക്കണം.
2. ലളിതമായും ഉദാരമായും വായ്പ നൽകാൻ ധനകാര്യ സ്ഥാപനങ്ങൾ തയ്യാറാകണം. അതുപോലെ തന്നെ കൃത്യസമയത്ത് തിരിച്ചടയ്ക്കാൻ ഉടമകളും തയ്യാറാകണം.
3. വ്യാവസായിക യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള ലൈസൻസുകൾ തുടങ്ങി എല്ലാ സൗകര്യങ്ങൾ "കൂരയ്ക്കുകീഴിൽ" നിന്നു കിട്ടുന്നതിനുള്ള ഏക മുഖസമ്പ്രദായം നിലവിൽവരണം.
4. അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കണം
5. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുകയും അവിടെ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുന്നതാണ് ഉത്തമം.
6. ആവശ്യമായ സാങ്കേതിക പരിശീലനം നൽകുന്നതിനുള്ള സ്ഥാപനങ്ങൾ ഉണ്ടാക്കുക. അവിടെ സാങ്കേതികവിദ്യയോടൊപ്പംവ്യാവസായികാഭിവൃദ്ധിക്കും ഉല്പാദനവർദ്ധനവിനുള്ള ബോധവൽക്കരണം കൂടി നൽകണം.
7. അസംസ്കൃതവസ്തുക്കൾ സുലഭമായി ലഭിക്കുന്നതിനുള്ള അമിതമായ വില വർദ്ധന തടയുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തണം.



# ഗതാഗതം

തെക്കൻ തിരുവിതാംകൂറിൻെറ കാർഷിക വ്യാവസായിക ഭൂപടത്തിൽ കാട്ടാക്കട കേന്ദ്രമായ മലയോര പ്രദേശത്തിന് നിർണ്ണായകമായ പങ്കുണ്ടായിരുന്നിട്ടും പുറത്തുള്ള പട്ടണപ്രദേശങ്ങളും ഈ മലയോരവും തമ്മിലുള്ള കച്ചവടബന്ധത്തിന് വേദിയായിരുന്ന കാട്ടാക്കടയിൽ ഗതാഗത സൗകര്യം ഉണ്ടായത് ഇരുപതാം നൂറ്റാണ്ടിൻെറ പകുതിയോടെയാണ്.

ഈ നൂറ്റാണ്ടിൻെറ ആദ്യം കാളവണ്ടികളും, വില്ലുവണ്ടികളും, മാത്രമായിരുന്നു ഗതാഗതത്തിന് ആശ്രയം. സാധാരണ ജനങ്ങൾ പത്തും അമ്പതും മൈലുകൾ കാൽ നടയായി സഞ്ചരിച്ചാണ് കാര്യങ്ങൾ നടത്തിരുന്നത്. വില്ലുവണ്ടികളും കുതിരവണ്ടികളും റവന്യൂ അധികാരികളും ചുരുക്കം ചിലപ്പോൾ ചില സമ്പന്നൻമാരും മാത്രമേ ഉപയോഗിച്ചുള്ളൂ. കൊല്ലോട് പത്മനാഭപിള്ളയും, തേരിക്കുന്നം തങ്കപ്പൻ നായരും ചെറുമലദാവീദും സ്വന്തം കുതിരകളിൽ സഞ്ചരിച്ചിരുന്ന കാഴ്ച അക്കാലത്ത് ആരിലും കൗതുകമുണർത്തും.

1930-കളോടെയാണ് നാമമാത്രമായെങ്കിലും ബസ് സർവ്വീസ് ആരംഭിക്കുന്നത്. തുടക്കത്തിൽ 8 സീറ്റ് മാത്രമുള്ള ബസ് നമ്മുടെ ഗ്രാമത്തിൽ നിന്നും തിരുവനന്തപുരത്തേയ്ക്ക് സർവ്വീസ് നടത്തിയിരുന്നു. അപ്പാവു, നാരായണപിള്ള തുടങ്ങിയവരായിരുന്നു ആദ്യകാല ഡ്രൈവർമാർ. തുടർന്ന് ഒന്നിലേറെ ബസുകൾ ഈ രംഗത്തേയ്ക്ക് കടന്നുവന്നു. കുന്താലംപ്പുൽനിറഞ്ഞ ഇടവഴികളിലൂടെ നടത്തിയ ഇത്തരം സർവ്വീസുകൾ 1135-ൽ നടന്ന രണ്ടാളുടെ മരണത്തിന് ഇടയാക്കിയ വാഹനാപകടത്തോടെ ഗതാഗതമേഖല കാര്യക്ഷമമായി പ്രവർത്തിക്കാൻ തുടങ്ങി. രണ്ടാം ലോകമഹായുദ്ധകാലത്ത് അനുഭവപ്പെട്ട പെട്രോൾ ക്ഷാമത്തെ തുടർന്ന് കരിഗ്യാസ് വണ്ടികൾ നിലവിൽ വന്നു.

ഈ മലയോരഗ്രാമത്തിന് ഗതാഗത രംഗത്ത് ഉണർവ്വുണ്ടായത് 60-കളിൽ നെയ്യാർഡാമിൻെറ നിർമ്മാണജോലികളുമായി ബന്ധപ്പെട്ട തിരുവനന്തപുരം ഡാം റോഡ് ടാർ ചെയ്തപ്പോഴാണ്.

ട്രാൻസ്പോർട്ട് കോർപ്പറേഷൻെറ ആവിർഭാവത്തോടുകൂടി ഈ ഭാഗത്തേക്ക് തിരുവനന്തപുരം, നെയ്യാറ്റിൻകര ഡിപ്പോകളിൽ നിന്നും ബസുകൾ വന്നു തുടങ്ങി എങ്കിലും സമീപപ്രദേശത്തുള്ള മലയോര പഞ്ചായത്തുകളുടെ ആസ്ഥാനമായ കാട്ടാക്കടയുടെ ബുദ്ധിമുട്ടുകൾക്ക് ഒരു പരിധിവരെ വിരാമം കുറിക്കുന്നത് 1975-ൽ കാട്ടാക്കട ബസ് ഡിപ്പോ അനുവദിച്ചതോടുകൂടിയാണ് ഈ സബ് ഡിപ്പോ ഇന്ന് ഡിപ്പോ ആയി മാറിയെങ്കിലും അശാസ്ത്രീയമായ ഷെഡ്യൂൾ കാരണം ഇന്നും യാത്രാദുരിതം ഒരു സമസ്യയായി ഈ നാട്ടുകാരുടെ മുന്നിലുണ്ട്.

മലയോരകർഷകരുടെ വിപണിയായ കാട്ടാക്കടയിലേക്കുള്ള സമീപപ്രദേശത്തുക്കാരുടെ യാത്രാദുരിതം ഒരു പരിധിവരെയെങ്കിലും അവസാനിപ്പിക്കുന്നത് സമാന്തര സർവ്വീസുകളാണ്. ട്രക്കർ, ടെമ്പോ, കാർ, ആട്ടോസ്റ്റാൻഡ് ഇല്ലാത്തുകൊണ്ട് കാട്ടാക്കട ഠൗണിൽ മണിക്കൂറുകളോളമുള്ള ഗതാഗതക്കുരുക്ക് ഉണ്ടാകാറുണ്ട്.

കീഴാറൂർ പാലം നിർമ്മിക്കണമെന്ന ആവശ്യം ഇന്നും ചുവപ്പുനാടക്കുള്ളിലാണ്. ഈ പാലത്തിൻെറ അഭാവം കാരണം 16കിലോമീറ്ററോളം ചുറ്റിക്കറങ്ങിയാണ് വാഹനയാത്രക്കാർ കീഴാറൂർ ജംഗ്ഷനിൽ എത്തുന്നത്. ഇപ്പോൾ നിലവിലുള്ള കീഴാറൂർ കടത്ത് മുഴുവൻ സമയ കടത്താക്കി മാറ്റി ജീവനക്കാരെ നിയമിച്ചാൽ ഒരു പരിധിവരെയെങ്കിലും ഗതാഗതതടസ്സം ഒഴിവാക്കാം.

തിരുവനന്തപുരത്ത് നിന്നും കാട്ടാക്കട വഴി നെടുമങ്ങാട്ടേക്കുള്ള മലയോര റെയിൽവേ പാതയ്ക്കു വേണ്ടി ജനങ്ങളുടെ ഭാഗത്തുനിന്ന് മുറവിളി ഉയർന്നു വന്നിട്ട് വർഷങ്ങളായി. ഈ ആവശ്യം ഇന്നും ചർച്ചകളിലും സർവ്വേകളിലും മാത്രം ഒതുങ്ങിനിൽക്കുന്നു.

## കാട്ടാക്കടയിലെ റോഡുകൾ

കാട്ടാക്കടയ്ക്ക് സാമാന്യം സുസജ്ജമായി ഒരു റോഡ് ശൃംഖലയുണ്ട്. ഈ പഞ്ചായത്തിലെ റോഡുകളിൽ 46.55 കീമീ. ടാർ ചെയ്തിട്ടുണ്ട്. പഞ്ചായത്തിനുകീഴിലുള്ള 193 കി.മീ. റോഡിൽ 30 കി.മീ. മാത്രമാണ് ടാർ ചെയ്തിട്ടുള്ളത്. ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതിനു വേണ്ടി കഴിഞ്ഞ വർഷം 323647.50 രൂപ ചെലവഴിച്ചിട്ടുണ്ട്. സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം റോഡിൻെറ അറ്റകുറ്റപ്പണികൾ നടത്തുക എന്നത് പഞ്ചായത്ത് വളരെയധികം പ്രയാസമുണ്ടാക്കാറുണ്ട്

| നമ്പർ | റോഡിന്റെ പേര് | ഉടമസ്ഥത | പഞ്ചായത്തിലൂടെ കടന്നു പോകുന്ന ദൂരം | ബസ് യാത്രാ സൗകര്യം |
|---|---|---|---|---|
| 1. | കാട്ടാക്കട - അന്തിയൂർക്കോണം റോഡ് | PWD | 4KM | |
| 2. | കാട്ടാക്കട - മണ്ഡപത്തിൻ കടവ് റോഡ് | PWD | 7KM | |
| 3. | കാട്ടാക്കട - ഡാംറോഡ് | PWD | 2KM | |
| 4. | കാട്ടാക്കട - ചന്ത റോഡ് | | 250KM | |
| 5. | പ്ലാവൂർ -കീഴാറ്റൂർ റോഡ് | PWD | 3.5KM | |
| 6. | കൊല്ലകോണം - കുരുതംകോട് റോഡ് | പഞ്ചായത്ത് | 3KM | |
| 7. | അമ്പലത്തിൻകാല-തൂങ്ങാംപാററോഡ് | PWD | 3KM | |
| 8. | തൂങ്ങാംപാറ - റോഡ് | PWD | 2.5KM | |
| 9. | തൂങ്ങാംപാറ -കുന്താണി-കിള്ളി | പഞ്ചായത്ത് | 2KM | ഉണ്ട് |
| 10. | ഊന്നാംപാറ-നെല്ലിക്കാട് റോഡ് | പഞ്ചായത്ത് | 5KM | ഇല്ല |
| 11. | കിള്ളി-പുതുവയ്ക്കൽ -കട്ടയ്ക്കോട് റോഡ് | പഞ്ചായത്ത് | 5KM | ഉണ്ട് |
| 12. | കാട്ടാക്കട - മലപ്പനംകോട് റോഡ് | PWD | 3KM | ഇല്ല |
| 13. | കുളത്തുമ്മൽ H.S. റോഡ് | പഞ്ചായത്ത് | 250 മി. | ഇല്ല |
| 14. | കാട്ടാക്കട -മലപ്പനംകോട് റോഡ് | PWD | 3KM | ഇല്ല |
| 15. | കഞ്ചിയൂർകോണം -തൂങ്ങാംപാറ | പഞ്ചായത്ത് | 1KM | ഇല്ല |
| 16. | ആമച്ചൽ - ചന്ദ്രമംഗലം | പഞ്ചായത്ത് | 2.5KM | അപര്യാപ്തതം |
| 17. | കുളവിയോട് -കോടന്നൂർ റോഡ് | പഞ്ചായത്ത് | 1.5KM | അപര്യാപ്തം |
| 18. | മംഗലയ്ക്കൽ - തെരുവ് റോഡ് | പഞ്ചായത്ത് | 250 മി. | ഇല്ല |
| 19. | പോങ്ങറക്കോണം -കുളത്തോട്ടുമല | പഞ്ചായത്ത് | 600 മി. | ഇല്ല |
| 20. | കട്ടയ്ക്കോട്-കരിയംകോട് | പഞ്ചായത്ത് | 2KM | ഇല്ല |
| 21. | കാന്തള-കിള്ളി | പഞ്ചായത്ത് | 1.5KM | ഇല്ല |
| 22. | കുളത്തുമ്മൽ - കിള്ളി | പഞ്ചായത്ത് | 200 മി. | ഇല്ല |
| 23. | കാട്ടാക്കട - മൂങ്ങോട്ടുകോണം | പഞ്ചായത്ത് | 1.5KM | ഇല്ല |

## ഗതാഗതം പൊതു ആവശ്യങ്ങൾ

1. കാട്ടാക്കട കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ പ്രവർത്തനം ഊർജ്ജിതമാക്കുക.
2. കൂടുതൽ ദീർഘദൂര സർവ്വീസുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുക.
3. കാട്ടാക്കട ഡിപ്പോയിൽ നിന്നും ഇൻറർ സ്റ്റേറ്റ് സർവ്വീസുകൾ ആരംഭിക്കുക.
4. പഞ്ചായത്തിലെ എല്ലാ കടത്തുകളിലും വള്ളങ്ങളും, വള്ളം തുഴയാൻ തുഴച്ചിൽക്കാരേയും അടിയന്തിരമായി ഏർപ്പെടുത്തുക.
5. കീഴാറൂർ പാലം നിർമ്മിക്കുക.

## ചെമ്മൺ പാതകൾ

പഞ്ചായത്തിലെ എല്ലാവർഡുകളിലും തലങ്ങും വിലങ്ങുമായി നിരവധി ചെമ്മൺ പാതകളുണ്ട്. ഏറ്റവും പ്രാഥമികവും പരിമിതവുമായ യാത്രാസൗകര്യം ഈ പാതകൾ വഴി ലഭിക്കുന്നു. നമ്മുടെ എല്ലാ ഗ്രാമസഭകളിലും ഈ പാതകളുടെ സംരക്ഷണത്തെക്കുറിച്ച് ആവശ്യങ്ങളും പരാതികളും ഉയർന്നുവന്നിട്ടുണ്ട്. ഈ റോഡുകളിൽ മിക്കതും ഗ്രാമീണരുടെ കൂട്ടായ്മയുടെ സാക്ഷ്യപത്രങ്ങളാണ്. കാലവർഷം ഏൽപ്പിച്ച കെടുതികൾ മൂലം വർഷം തോറും സംരക്ഷണം ആവശ്യമായി വരികയാണ്. വേണ്ടത്ര ഓവുചാലുകൾ ഇല്ലാതെയും കലുങ്കുകൾ ഇല്ലാതെയും വെള്ളം കെട്ടി നിൽക്കുന്നുമുണ്ട്.

## ഗ്രാമസഭകൾ ആവശ്യപ്പെടുന്നു.

1. കട്ടയ്ക്കോട്
   1. ചാത്തിയോട് തേരിവിള റോഡ് ഗതാഗത യോഗ്യമാക്കണം.
   2. കടുവാകുഴി ചെറുകോട് റോഡ് ടാറുചെയ്യണം.

II. 3. കോട്ടപ്പുറം -കൊല്ലോട്, കോട്ടപ്പുറം - ഇലഞ്ഞിമൂട് റോഡ് എന്നിവ ഗതാഗതയോഗ്യമാക്കുക.

4. ഇലഞ്ഞിമൂട് -വട്ടപ്പാറ, ഇലഞ്ഞിമൂട്, തേവുപാറ റോഡ് ഗതാഗത യോഗ്യമാക്കുക.

III 5. കിളി-മണലി മേച്ചിറ, പുതുവയ്ക്കൽ -മൈലാടി, തുരുമ്പാട്, വില്ലിടും പാറ, മേച്ചിറ-വിളപ്പിൽശാല എന്നീ റോഡുകൾ ടാർ ചെയ്യുക.

6. പുതുവയ്ക്കൽ -കട്ടയ്ക്കോട് റോഡ് PWD ഏറ്റെടുക്കുക.
7. മങ്കോട്ടുകോണം, മൈലേക്കോണം മണ്ണാങ്കോണം സഞ്ചാരയോഗ്യമാക്കുക.
8. കൊല്ലോട് - ചേലക്കാട്, മണലി-മേച്ചിറ റോഡ് ടാറു ചെയ്യുക.

IV. എട്ടിരുത്തി

1. ബെർമ്മാ റോഡ് -കിള്ളി, കിള്ളി-പൊന്നറ, ബെർമ്മ എന്നീ റോഡുകൾ ടാറുചെയ്യണം.
2. കിളി ബസ്-സ്റ്റോപ്പിൽ നിന്നും എള്ളുവിള കോളനിയിലേക്ക് റോഡ് നിർമ്മിക്കുക.
3. ബർമ്മാ റോഡിൽ നിന്നും മൂന്നാംവീട്ടുക്കോണം, നെയ്യാറ്റിൻകര റോഡുമായി ബന്ധിപ്പിച്ച് പുതിയ റോഡ് നിർമ്മിക്കുക.
4. മുതയിൽ -മടപ്പഴിഞ്ഞി, ബെർമ്മ-കിള്ളി, ഉന്നാം പാറ – പൂന്നോട്ടുകോണം എന്നീ റോഡുകളെ കോട്ടപ്പുറവുമായി ബന്ധപ്പെടുത്തുക.
5. ഊന്നാംപാറ നെല്ലിക്കാട് റോഡ് ടാറുചെയ്യണം

തൂങ്ങാംപാറ

1. മാവുവിള-ചെട്ടിക്കോണം റോഡ്, നെല്ലിയോടു കോണം-മണ്ണാംകോണം-പൊറ്റവിള റോഡ്, ചെട്ടി ക്കോണം-തോപ്പുവിള റോഡ്, നെല്ലിയോട്ടു കോണം-തുവല്ലൂർകോണം റോഡ്, വെള്ളമാ നൂർകോണം-കുന്നുംപുറം റോഡ്, വെള്ളമനൂ ർകോണം-പാറവിള റോഡ്; അഞ്ചുതെങ്ങിൻ മൂട്-ചിറക്കോണം റോഡ്; അഞ്ചുതെങ്ങിൻ മൂട്-മണ്ണാംകോണം റോഡ്, അഞ്ചുതെങ്ങിൻ മൂട് - നെല്ലിയോട്ടുകോണം റോഡ്, അയണിവി ളലക്ഷം വീട് റോഡ് എന്നിവ ഗതാഗത യോഗ്യ മാക്കണം.
2. മാവുവിള ചെട്ടിക്കോണം, വെള്ളമനൂർക്കോണം റോഡുകൾ ടാറുചെയ്യുക,

VI. പാറച്ചൽ

1. മംഗലയ്ക്കൽ -പാപ്പനംറോഡ് നിർമ്മിക്കുക.
2. കൊറ്റംപള്ളി-പാപ്പനം, കൊല്ലകോണം -കാവു ളിള, എരുത്താങ്കോട്-കൊമ്പാടിക്കൽ-മംഗല യ്ക്കൽ, കൊറ്റംപള്ളി ചേമന്തല എന്നീ റോഡു കൾ ഗതാഗത യോഗ്യമാക്കുക.
3. മംഗലയ്ക്കൽ - കൊമ്പാടിക്കൽ റോഡ് ടാറു ചെയ്യുന്നു.

VII. ചെമ്പനാകോട്

1. ചെമ്പനാകോട് LPS റോഡ്, അമ്പലത്തിൻ കാല ഖാദിബോർഡ്-പൊട്ടരുവി, ആലംകോട്, കാഞ്ഞിരംവിള മടത്താണി, തോട്ടറപട്ടിക ജാതി കോളനി റോഡ്, ചെറ്റടി എന്നീ റോഡു കൾ ടാർ ചെയ്യുക.
2. കളവിയോട്, കല്ലമ്പലം - ആലംകോട് പൊതു വഴി റോഡാക്കി മാറ്റുക
3. ചെറ്റടി, തൊളിയറത്തലവഴി മടത്താന്നി റോഡു നിർമ്മിക്കുക.
4. പുളിമൂട്ടിൽ നിന്നും ആരംഭിക്കുന്ന തടം കീഴാ റൂർ ബസ് സ്റ്റോപ്പുമായി ബന്ധിപ്പിക്കുക.
5. ചെമ്പനാകോട് റോഡ് കാഞ്ഞിരംവിള റോഡു മായി ബന്ധിപ്പിക്കുക.

VIII. കുരുതംകോട്

1. കിഴമച്ചൽ - ചെമ്പനാകോട് റോഡ് ടാർ ചെയ്ത് കീഴാറൂർ റോഡുമായി ബന്ധിപ്പിക്കുക.
2. കാട്ടാക്കട - ആര്യംകോട് പഞ്ചായത്ത് റോഡു കളെ ബന്ധിപ്പിക്കുന്ന പാലം പണിയുക.
3. കുരുതംകോട് -കുച്ചപ്പുറം, കുരുതംകോട് വെങ്കണ്ണി, എന്നീ റോഡുകൾ വികസിപ്പിക്കുക.
4. കുരുതംകോട് -പാലയ്ക്കൽ റോഡ് കീഴാറൂർ റോഡുമായി ബന്ധിപ്പിക്കുക.
5. തലയ്ക്കോണം - പയ്യൻകോട് റോഡ്, ചെമ്പ നാകോട് റോഡുമായി ബന്ധിപ്പിക്കുക.
6. തലയ്ക്കോണം-പാറച്ചൽ റോഡ് ഖാദിബോർഡ് റോഡുമായി ബന്ധിപ്പിക്കുക.

IX. ചന്ദ്രമംഗലം

1. തേവർകോണം, ചന്ദ്രമംഗലം-കഴഞ്ചിക്കാട്, അറ വൻ കോണം-പുതുവീട്, വാര്യക്കോണം- കല്ലം പൊറ്റ, കരിക്കുഴി ആറ്റുക്കടവ് എന്നീ റോഡു കൾ ടാറുചെയ്യുക.
2. കുച്ചപ്പുറം-കുരുതംകോട് റോഡ് നിർമ്മിക്കുക.
3. ചന്ദ്രമംഗലം തേവർകോവിൽ വാരുകോണ റോഡ് (A) ടാർ ചെയ്യണം
4. തൃക്കാഞ്ഞിരപുരംറോഡ്, പാലം
5. ആമച്ചൽ ചന്ദ്രമംഗലം റോഡ് സൈഡ് വാൾ കെട്ടി സംരക്ഷിക്കുക

X. പ്ലാവൂർ

1. ചെമ്പകത്തിൻമൂട് -കളിയാകോട് അമ്പലം, മംഗ ലയ്ക്കൽ കുളത്തോട്ടുമല എന്നീ റോഡുകൾ പുനർനിർമ്മാണം ചെയ്യുക.
2. പുല്ലുവിളാകം, മങ്കാരമല, കളിയാകോട്-കുള ത്തോട്ടുമല റോഡുകൾ ടാർ ചെയ്യുക.

3. കുളത്തോട്ടുമല റോഡ് പാലം നിർമ്മിച്ച് പ്ലാവൂർ റോഡുമായി ബന്ധപ്പെടുത്തുക.
4. ഇളവംകോണം തടം പഞ്ചായത്ത് ഏറ്റെടുക്കുക.
5. അറവംകൊണം ഇളവംകോണം ഊറ്റുകുഴിവരെ ഉള്ള റോഡ് മെയിൻറൻസ് ചെയ്ത് ഏലാബ ണ്ട് കല്ലുകെട്ടി റോഡ് ആക്കുക.

XIII. കാട്ടാക്കട
1. ലൂമൺ കോളേജിന് സമീപത്തുകൂടിയുള്ള നട വഴിറോഡാക്കി മാറ്റുക
2. ചുണ്ടുപലകയിൽ നിന്നും തൂങ്ങാംപാറയുമായി ബന്ധപ്പെടുത്തി റോഡുനിർമ്മിക്കുക.
3. കാട്ടാക്കട, ഹൈസ്കൂളിന് സമീപമുള്ള പൊതു വഴിഗതാഗതയോഗ്യമാക്കി കഞ്ചിയൂർക്കോണം റോഡുമായി ബന്ധിപ്പിക്കുക.
4. ഞാറവിള സാൽവേഷൻ ആർമി ചർച്ച് റോഡ് സഞ്ചാരയോഗ്യമാക്കി ടാർ ചെയ്യുക.
5. ഞാറവിള- ചെട്ടിക്കോണം റോഡ് ടാറുചെയ്യുക.
6. മുള്ളിലവിൻമൂട് കോളനി റോഡ് ടാർ ചെയ്യുക.

XII ആമച്ചൽ
1. കാനക്കോട് - പാപ്പനം, തലയ്ക്കോണം കൈരളി റോഡ്, കൊല്ലക്കോണം - പായിത്തല, കാരീഞ്ചൽ ലക്ഷംവീട് കോളനി, തൃക്കാഞ്ഞിര പുരം ഊരിക്കോണം, മേലേച്ചിറ എന്നീ റോഡുകൾ ടാറുചെയ്യുക.
2. കൈരളി റോഡിൽ നിന്നും ചെവിടംകോട് ഊരിക്കണം പുതിയ റോഡ് നിർമ്മിക്കുക.
3. പാപ്പനവും കൊറ്റംപള്ളിയും ബന്ധിപ്പിക്കുന്ന പുതിയ റോഡ് നിർമ്മിക്കുക.
4. പാപ്പനവും മംഗലയ്ക്കലുമായി ബന്ധപ്പി ക്കുന്ന പുതിയ റോഡ് നിർമ്മിക്കുക.
5. അമ്പലത്തിൻകാലയും പാപ്പനവുയി ബന്ധി പ്പിക്കുന്ന പുതിയ റോഡ് നിർമ്മിക്കുക.
6. ചെമ്മണ്ണ് വിളയിൽ നിന്നും കിഴമച്ചലിലേക്ക് പുതിയ റോഡ് നിർമ്മിക്കുക.

## പൊന്നറ

1. മൈലിയൂർ റോഡിനു മദ്ധ്യേ കലിങ്ക് എന്നിവ കെട്ടുക.
2. കോളേജിനടുത്ത് താമസിക്കുന്ന ആളുകളെ മാറ്റി റോഡ് സഞ്ചാരയോഗ്യമാക്കുക.
3. കുളത്തുമ്മൽ ഹൈസ്കൂൾ-പുതുവയ്ക്കൽ റോഡ് പുനർനിർമ്മാണം നടത്തുക.
4. കുറ്റിക്കാട് കുളം പൊതുവഴി സഞ്ചാരയോഗ്യ മാക്കുക.
5. കട്ടയ്ക്കോട് റോഡിൻെറ ഇടത് ഭാഗത്ത് ഓട നിർമ്മിക്കുക.
6. മൈലിയൂർ റോഡിനെ ടാർ ചെയ്യുക.
7. തമ്പുരാൻ കാവ് റോഡ് നിർമ്മിക്കുക.
8. സ്റ്റേഡിയം റോഡ് ടാർ ചെയ്യുക.



# ഊർജ്ജം

1952 മുതൽ കാട്ടാക്കട പഞ്ചായത്തിൽ വൈദ്യുതി എത്തിച്ചേർന്നു. വൈദ്യുതിയുടെ വരവോടെ ഈ ഗ്രാമവികസനചരിത്രത്തിൽ പുതിയ അദ്ധ്യായം ആരംഭിച്ചു. പൂർണ്ണമല്ലെങ്കിലും ഈ പഞ്ചായത്തിന്റെ മിക്ക ഭാഗങ്ങളിലും ഇപ്പോൾ വൈദ്യുതി എത്തിക്കഴിഞ്ഞു. കഴിഞ്ഞകാലയളവിൽ നിലവിലുണ്ടായിരുന്ന വോൾട്ടേജ് ക്ഷാമം ഒരു പരിധിവരെ പരിഹരിക്കപ്പെട്ടത് 1996 മാർച്ചിൽ കാട്ടാക്കട 110 KV സബ് സ്റ്റേഷൻ സ്ഥാപിക്കപ്പെട്ടതോടുകൂടിയാണ്. എന്നാൽ ഈ സബ് സ്റ്റേഷന്റെ വടക്കേ മതിലിനോട് ചേർന്നുള്ള ഏതാണ്ട് 20 ഓളം വീടുകളിൽ ഇനിയും വൈദ്യുതി ലഭിച്ചിട്ടില്ല എന്നത് വിരോധാഭാസമാണ്. കാട്ടാക്കട ഇലക്ട്രിക്കൽ മേജർ സെക്ഷൻ നന്നായി പ്രവർത്തിക്കുന്നുണ്ട്. ഈയിടെയാരംഭിച്ച കാട്ടാക്കട ഇലക്ട്രിക്കൽ സർക്കിൾ ഓഫീസിന്റെ പ്രവർത്തനം ഊർജ്ജിതമാകുന്നതോടെ വൈദ്യുതവിതരണത്തിലും ഇതു സംബന്ധിച്ച പ്രശ്നങ്ങൾക്കും കാര്യക്ഷമത കൈവരുമെന്നു പ്രതീക്ഷിക്കാം.

നമ്മുടെ ഗ്രാമത്തിൽ ഏറെ ആളുകളും ഇന്നും വിറകിനെത്തന്നെയാണ് പാചകഊർജ്ജമായി അംഗീകരിച്ചിട്ടുള്ളത്. ഒട്ടേറെ പ്രചരണങ്ങളുണ്ടായിരുന്നിട്ടും വിരലിലെണ്ണാവുന്ന ഗോബർ ഗ്യാസ് യൂണിറ്റുകളെ നമ്മുടെ പഞ്ചായത്തിലുള്ളൂ. ഇപ്പോൾ സൗരോർജ്ജ വിളക്കുകളും പ്രചാരത്തിൽ വന്നു തുടങ്ങി. പാചകവാതകം ഉപയോഗിക്കുന്നവരുടെ എണ്ണം 2% ൽ അധികം വരും. ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള പവർകട്ടിന് പരിഹാരമായി വ്യാപാരസ്ഥാപനങ്ങളും മറ്റും ജനറേറ്റർ ഉപയോഗിച്ചു തുടങ്ങിയിട്ടുണ്ട്.

## മണ്ണെണ്ണ

വിളക്കുകൾ കത്തിക്കാനും പാചകത്തിനും കൂടുതൽ ഉപയോഗിക്കുന്നു. പഞ്ചായത്തിലെ മിക്ക റേഷൻ കടകളിൽ നിന്നും യഥാസമയം മണ്ണെണ്ണ കാർഡുടമകൾക്ക് ലഭിക്കുന്നില്ല. കാട്ടാക്കട ജംഗ്ഷനു സമീപം മണ്ണെണ്ണയ്ക്കു ഒരു മൊത്തവിതരണകേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്.

## പെട്രോൾ, ഡീസൽ, ഓയിൽ

വാഹനങ്ങൾ ഓടിക്കുന്നതിനും യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും പ്രധാനമായി ഉപയോഗിക്കുന്നു. കാട്ടാക്കട പട്ടണത്തിൽ ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ വക ഒരു പെട്രോൾ പമ്പ് 'ശ്രീറാം ഫ്യൂവൽസ്'

## ഹരിജൻ കോളനികളിലെ വൈദ്യുത ഉപഭോക്തക്കൾ

| | ഹരിജൻ കോളനികൾ | ഗാർഹികം | വ്യാപാരം | വ്യാവസായികം | കാർഷികം |
|---|---|---|---|---|---|
| നിലവിലുള്ള ഉപഭോക്താക്കൾ | 15 | 3598 | 1050 | 35 | 50 |

| വാർഡ് | ലൈൻ വേണ്ടത് | സ്ട്രീറ്റ് ലൈറ്റ് | വീട്ടിലേക്ക് കണക്ഷൻ |
|---|---|---|---|
| അമ്പലത്തിൻ കാല, ഖാദിബോർഡ്, പൊട്ടരിവി റോഡ് | ✓ | ✓ | |
| കുളവിയോട് താഴം തോട്ടം, അമ്പലത്തിൻ കാല, വെട്ടുവിള, ചെമ്പനാകോട് LPS റോഡ് | ✓ | ✓ | ✓ |
| കുന്നുവിള, ചെറ്റാടി, ആലംകോട് | | ✓ | |
| കാഞ്ഞിരംവിള, ആറ്റിൻകര | ✓ | ✓ | |
| അമ്പലത്തിൻ കാല, ചില്ലിക്കാട് | | ✓ | |
| 8. കുരുതംകോട് | | | |
| ചെറുകോട്, ചെമ്പനാകോട്, പയ്യംകോട് | | ✓ | |
| തലയ്ക്കോണം, പാലയ്ക്കൽ | | | |
| മൂന്നാറ്റുമുക്ക് | ✓ | | ✓ |
| 9. ചന്ദ്രമംഗലം | | | |
| വാരിയക്കോണം, കല്ലംപൊറ്റ, കൂടുവീട് | | | |
| കാരിക്കുഴി, കഴഞ്ചിക്കാട്, ഉദിയംകോണം | | | |
| 9. പ്ലാവൂർ | | | |
| പ്ലാവൂർ, അറവൻ കോണം, കൈതമുക്ക്, | | | |
| അരുവിക്കുഴി മടത്തുവിള പട്ടികജാതി | | ✓ | |
| കോളനി മുതിയാവിള, കളിയാകോട്, | | | ✓ |
| പ്ലാവൂർ, മങ്കാരമല, ഇളവൻ കോണം, | | ✓ | |
| പരുത്തംപാറ, പാറത്തടം | | | |
| 11. കാട്ടാക്കട | | | |
| മുള്ളിലവിൻ മൂട് | | | |
| ഹൈസ്കൂളിന് സമീപത്തുള്ള വീടുകൾ | ✓ | | |
| 12. ആമച്ചൽ | | | |
| കാവുവിള പ്ലാവിള കൈരളി റോഡ് (പാപ്പനംപ്രദേശത്ത്) | | | |
| ആമച്ചൽ, മേലേച്ചിറ, പായിത്തല | | | |
| കൊല്ലകോണം-തൃക്കാഞ്ഞിരപുരം റോഡ് കൊല്ലകോണം പട്ടികജാതി കോളനി | | ✓ | |
| 13. പൊന്നറ | | | |
| കട്ടാക്കട-മൊളിയൂർ റോഡ് | | | |
| മൈലാടി-പുതുവയ്ക്കൽ റോഡ് | | ✓ | |
| മൊളിയൂർ-ചെറുകുളം | | | |

# വൈദ്യുതി-ആവശ്യങ്ങൾ

| വാർഡ് | ലൈൻ വേണ്ടത് | സ്ട്രീറ്റ് ലൈറ്റ് | വീട്ടിലേക്ക് കണക്ഷൻ |
|---|---|---|---|
| 1. കട്ടയ്ക്കോട് | | | ✓ |
| കാരിയോട്ടുകോണം, നടുവത്താംകുഴി, കാന്തള, വാളക്കോട്-കാന്തള പൊതുവഴി | ✓ | | |
| 2. കൊല്ലോട് | | | |
| കോട്ടപ്പുറം-മുടിപ്പുരറോഡ് | ✓ | | |
| കൊല്ലോട്-മുടിപ്പുരറോഡ് | ✓ | | |
| കൊല്ലോട്-ഇലഞ്ഞിമൂട് റോഡ് | ✓ | | |
| 3. കിള്ളി | | | |
| ചേലക്കാട് പട്ടികജാതി കോളനി | | | ✓ |
| തുരുമ്പാട് തടം | ✓ | | |
| വരയിടിഞ്ഞാൻ കുഴി-മുണ്ടുകരിക്ക | ✓ | ✓ | |
| 4. എട്ടിരുത്തി | | | |
| ചൂരക്കാട്-ബെർമ്മാ റോഡ് | ✓ | | |
| മൂന്നാംവീട്-മരുതുംവീട് ഭാഗം | ✓ | | |
| എള്ളുവിള കോളനി | ✓ | | |
| പൊട്ടൻകാവ്-നെല്ലിക്കാട്, വെട്ടിക്കാട് | ✓ | ✓ | |
| വട്ടവിള | ✓ | | |
| ഉന്നാംപാറ-പുന്നോടുകോണം വഴിയുള്ള | ✓ | | |
| കോട്ടപ്പുറം പാത | ✓ | | |
| 5. തൂങ്ങാംപാറ | | | |
| നെല്ലിയോട്ടുകോണം, മണ്ണാംകോണം-പൊറ്റവിള, തൂവല്ലൂർകോണം, ചെട്ടിക്കോണം-ചെമ്പ്രാംകോണം | | ✓ | |
| കഞ്ചിയൂർ കോണം, പൊറ്റവിള | ✓ | ✓ | |
| 6. പാറച്ചൽ | | | |
| കോട്ടുമുകൾ, എരുത്തമുകൾ, പറണ്ടോട് പാറയിൽ കുളം, പാറവെട്ടുവിള | ✓ | | |
| ചെട്ടിക്കോണം, കൊമ്പാടിക്കൽ കോട്ടമുകൾ മംഗലയ്ക്കൽ ചാനൽ വരമ്പ് മുതൽകൊറ്റംപള്ളിവരെ | | | |
| 7. ചെമ്പനാകോട് | | | |
| ചെറ്റാടികുളം, മാടത്താന്നി | | ✓ | |

| ക്രമ നമ്പർ | വാർഡ് | ട്രാൻസ് ഫോർമർ | വോൾട്ടേജ് ക്ഷാമം | മെർക്കുറി ലാമ്പ് | വേപ്പർ ലാമ്പ് |
|---|---|---|---|---|---|
| 1. | കട്ടയ്ക്കോട് | | | | |
| 2. | എട്ടിരുത്തി | ✓ | | | ✓ |
| | വെട്ടിക്കാട്, ചൂരക്കാട് | | ✓ | ✓ | |
| | ബർമ്മ റോഡ് | | | | |
| 3. | തൂങ്ങാംപാറ | | | | |
| | LPS സ്കൂൾ ജംഗ്ഷൻ | | | | |
| | മാവുവിള | | | | |
| 4. | പാറച്ചൽ | ✓ | | ✓ | |
| | പറങ്ങോട്-ചേമംകുഴി | | | | |
| | കൊമ്പാടിക്കൽ, പാപ്പനം | ✓ | | | ✓ |
| | കൊറ്റംപള്ളി | | | | |
| 5. | ചെമ്പനാകോട് | ✓ | ✓ | ✓ | |
| | കീഴാറൂർ-കുളവിയോട്, അമ്പലത്തിൻകാല | ✓ | | ✓ | |
| | പേരൂർകോണം, ആലംകോട് | | | | |
| 6. | കുരുതാംകോട് ക്ഷേത്രനട | | ✓ | ✓ | |
| 7. | ചന്ദ്രമംഗലം | ✓ | | | |
| | പ്രധാന ജംഗ്ഷനുകളിൽ | | ✓ | ✓ | |
| 8. | പ്ലാവൂർ | | | | |
| 9. | ആമച്ചൽ | ✓ | | | |
| | പാപ്പനം | | | | ✓ |

മിനി വൈദ്യുതനിലയംകുരുതംകോട്

## കാട്ടാക്കട ഗ്രാമപഞ്ചായത്ത് വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

നിലവിലുള്ള ഉപഭോക്താക്കൾ

| ഗാർഹികം | വ്യാപാരം | വ്യാവസായികം | കാർഷികം |
|---|---|---|---|
| 3598 | 1050 | 35 | 50 |

കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം

| Ordinary | OTP | OYEC |
|---|---|---|
| 150 | 18 | 50 |

സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം

| 25W/40W/60W/100W | ട്യൂബ് | മെർക്കുറി വേപ്പർ | സാഡിയം വേപ്പർ |
|---|---|---|---|
| 475 | 71 | 10 | – |

ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ 15

വൈദ്യുതി വിതരണം ചെയ്യുന്ന LT ട്രാൻസ്ഫോർമറുകളുടെ എണ്ണം 29

സ്ട്രീറ്റ് ലൈറ്റിനുവേണ്ടി അടയ്ക്കുന്ന തുക : 11,868

## മാർക്കറ്റ്

പഞ്ചായത്തിന് പൊതുമാർക്കറ്റില്ല. പഴയകാലത്ത് ആഴ്ചച്ചന്തകൾ കാർഷിക ഉൽപന്നങ്ങൾ വിറ്റഴിക്കാനുള്ള ഒരു നല്ല വേദിയായിരുന്നു. പഞ്ചായത്തിന്റെ, സാധ്യത മനസ്സിലാക്കി ഒരു പൊതുമാർക്കറ്റിംഗ് രൂപം കൊടുക്കണം. ഇതോടനുബന്ധിച്ച് ആഴ്ചച്ചന്തകളും കൊണ്ടുവരാം. പഞ്ചായത്ത് പ്രദേശത്തെ കാർഷികോൽപന്നങ്ങളിൽ തേങ്ങ, അടയ്ക്ക, കശുവണ്ടി, വാഴക്കുല, മരച്ചീനി, കുരുമുളക് മുതലായവയ്ക്ക് വിപണനസാധ്യതകളുണ്ട്. പഞ്ചായത്തിൽ ഇപ്പോൾ പലയിടങ്ങളിലും പൊതുനിരത്തിൽ വച്ചാണ് മത്സ്യവിൽപന നടത്തുന്നത്. വഴിവാണിഭക്കാരുടെ വർദ്ധനവ് കാരണം കാട്ടാക്കട ജംഗ്ഷൻ കേന്ദ്രീകരിച്ച് ഗതാഗതതടസ്സങ്ങളും മറ്റു ബുദ്ധിമുട്ടുകളും ഉണ്ടാക്കുന്നു. ഇത് അടിയന്തിരമായി പരിഹരിക്കുവാനുള്ള നടപടികൾ സ്വീകരിക്കണം.

പഴയ ഗ്രാമചന്തകൾ നമ്മുടെ സ്വാശ്രയശീലത്തിന്റെ ഉറച്ച മാതൃകളായിരുന്നുവെന്നതും ഈ രംഗത്ത് പരിപൂർണ്ണശ്രദ്ധ പതിപ്പിക്കുവാൻ ഓർമ്മിക്കണം.

## നിർദ്ദേശങ്ങൾ

1. അമ്പലത്തിൻകാല ചന്ത പഞ്ചായത്ത് ഏറ്റെടുത്ത് വിപുലീകരിക്കുക.
2. ആമച്ചൽ ചന്തയിൽ സ്റ്റാളുകൾ കെട്ടുക, ചന്ത മതിൽകെട്ടി സംരക്ഷിക്കുക.
3. കൊല്ലോട് ചന്ത വിപുലീകരിക്കുക.
4. പ ാപ്പനം കേന്ദ്രമായി പുതിയൊരു ചന്ത ആരംഭിക്കുക.
5. തൂങ്ങാംപാറചന്ത പഞ്ചായത്ത് ഏറ്റെടുത്ത് നടത്തുക.
6. മംഗലയ്ക്കൽ ചന്ത പഞ്ചായത്ത് ഏറ്റെടുത്തു നടത്തുക.
7. തലയ്ക്കോണം ചന്ത പഞ്ചായത്ത് ഏറ്റെടുക്കുക.

**1980- കളിലാണെങ്കിൽ സാക്ഷരതാ പ്രസ്ഥാനം കേരളത്തെയാകെ തൊട്ടുണർത്തുക മാത്രമല്ല ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾക്ക് ഒരു മാതൃകയാവുകയും ചെയ്തു. ഇവയുടെ എല്ലാം തുടർച്ചയായാണ് ഇന്നിപ്പോൾ ആസൂത്രണ വികേന്ദ്രീകരണ സമിതി രൂപം കൊണ്ടിരിക്കുന്നത്.**



# പാർപ്പിടം

മനുഷ്യന്റെ പ്രാഥമികാവശ്യങ്ങളിൽ ഒന്നാണ് വീട്. സ്വന്തമായൊരു വീട് എന്നത് എല്ലാവരുടെയും സ്വപ്നമാണ്. ഈ നൂറ്റാണ്ടിന്റെ മധ്യം വരെ നമ്മുടെ പഞ്ചായത്തിലെ മിക്കവാറും വീടുകൾ ഓലമേഞ്ഞതും ഭാഗികമായി ഓടിട്ടതുമായിരുന്നു. വളരെ ചുരുക്കം വരുന്ന സമ്പന്നരുടേയും ഇടത്തരം കർഷകരുടേയും വീടുകൾക്കു മാത്രമേ പ്രാഥമിക സൗകര്യങ്ങൾ ഉണ്ടായിരുന്നുള്ളൂ. കുളിമുറി, കക്കൂസ് തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ പൊതുവെ ഇല്ലായിരുന്നു. ഇപ്പോഴും നമ്മുടെ പഞ്ചായത്തിലെ 40% ശതമാനത്തോളം പേർക്ക് കക്കൂസ്, കുളിമുറി, എന്നിവയില്ല. 26% ശതമാനത്തോളം വീടുകൾക്ക് കിണറില്ല. (അവലംബം-സാമ്പിൾ സർവ്വേ) 1960-നുശേഷം ഈ രംഗം പടിപടിയായി മാറ്റങ്ങൾക്ക് വിധേയമായി.

1970-കൾക്കുശേഷം നമ്മുടെ പഞ്ചായത്തിലെ വീടുകളുടെ നിർമ്മാണരീതിയിൽ പ്രകടമായ മാറ്റമുണ്ടായി. ആധുനിക സൗകര്യങ്ങളോടുകൂടിയ വീടുകളുടെ നിർമ്മാണം ആരംഭിച്ചു. ഇതിന് അടിസ്ഥാനപരമായ കാരണം സാമൂഹിക-സാമ്പത്തിക രംഗത്ത് വന്ന മാറ്റങ്ങളാണ്. 1980-കൾക്കു ശേഷം സർക്കാർ നിയമങ്ങളിലുള്ള ഉദാരവൽക്കരണവും ഗൾഫ് പണത്തിന്റെ സ്വാധീനവും സഹകരണസ്ഥാപനങ്ങൾ, ഭവന നിർമ്മാണ ഏജൻസികൾ തുടങ്ങിയവ വീട് നിർമ്മിക്കാൻ ആവശ്യമായ സാമ്പത്തിക സഹായങ്ങളുമായി രംഗത്തു വന്നതും ഈ അവസ്ഥയ്ക്ക് മാറ്റങ്ങൾ വരുത്തിയതും. കുടുംബസംവിധാനത്തിന്റെ തകർച്ച മൂലം ഒരാൾക്ക് ഒരു വീട് എന്ന ആധുനിക കാഴ്ചപ്പാട് വീടുകളുടെ എണ്ണത്തിന്റെ കാര്യത്തിൽ വർദ്ധനവിന് മുഖ്യകാരണമായിത്തീർന്നു. കുടുംബസ്വത്തിന്റെ ഭാഗക്കരാർ നിരന്തരം നടക്കുന്നതുമൂലം ഭൂമി തുണ്ടംതുണ്ടമായി പോകുകയും വീട് നിർമ്മിക്കാൻ പര്യാപ്തമായ സാഹചര്യം ഇല്ലാതായിത്തീരുകയും വീട് നിർമ്മാണം പാടങ്ങളിലേക്ക് നീങ്ങുകയും നിർമ്മാണ ചെലവ് സാധാരണക്കാരന് താങ്ങാനാവാത്ത വിധം വർദ്ധിക്കുകയും ഒപ്പം നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവും വീടെന്ന ആവശ്യം പലർക്കും വലിയ ചോദ്യചിഹ്നമായി മുന്നിലുയർന്നുവരികയും ചെയ്തുകൊണ്ടിരിക്കുകയാണ്. ഗൾഫ് പണത്തിന്റെ സ്വാധീനവും അനുകരണസ്വഭാവവും കൂടിയാകുമ്പോൾ ആവശ്യാധിഷ്ഠിതമല്ലാത്ത വീട് നിർമ്മിക്കുന്നതിന്റെ ഫലമായി നിർമ്മാണം പലപ്പോഴും നിർത്തി വയ്ക്കേണ്ടിവരുന്നു എന്നതാണ് വസ്തുത. വീട് മോടി കൂട്ടുന്നതിന്റെ കാര്യത്തിൽ ഒരു മത്സരം തന്നെയാണ് നടന്നുകൊണ്ടിരിക്കുന്നത്. മറ്റുള്ളവരെ അനുസരിച്ച് ഇടത്തരക്കാർ പ്രത്യേകിച്ചും നിത്യവൃത്തിവരുമാനമില്ലാത്തവർ പോലും കടം വാങ്ങിവീട് നിർമ്മിക്കാൻ തുടങ്ങി. ജീവിത മാർഗ്ഗത്തിന്റെ ഏറിയപങ്കും പാർപ്പിടത്തിനുവേണ്ടി നീക്കിവെയ്ക്കേണ്ടിവരുന്നു. ജീവിതകാലം കൊണ്ട് തീർക്കാൻ പറ്റാത്ത വിധത്തിലുള്ള കടത്തിന്റെ ഉടമകളായിത്തീരുകയും അതോടെ ഒരു തരം നിരാശാബോധം വളരുകയും ജീവിതം ദുരിതപൂർണ്ണവും കുടുംബങ്ങൾ അനാഥരായിത്തീരുകയും ചെയ്യുന്ന വസ്തുതയാണ് ഇന്ന് നിലനിൽക്കുന്നത്.

നമ്മുടെ പഞ്ചായത്തിൽ ആകെ വീടുകളാണുള്ളത് ഭൂരിഭാഗം വീടുകളും മേൽക്കൂരഓടിട്ടതും ചുമർ ചുടുകട്ട കൊണ്ട് തീർത്തതുമാണ്. കുടിലുകൾ, കൂര എന്നിവ കുറവാണ്. കോൺക്രീറ്റ് വീടുകളുടെ നിർമ്മാണം അടുത്ത കാലത്തായി വർദ്ധിച്ചുവരുന്നു. മിക്കവീടുകളുടെ തറ സിമന്റിട്ടതും ചാണകം മെഴുകിയതുമാണ്. കുറച്ചുവീടുകളുടെ തറക്ക് മൊസൈക്ക്, മാർബിൾ എന്നിവ ഉപയോഗിച്ചിട്ടുണ്ട്. വീടുകൾ പണിയുന്നതിന് സാധനങ്ങൾ കൊണ്ടു വരുന്നതിനും ഗതാഗത സൗകര്യം കണക്കിലെടുത്തും റോഡിന്റെ സാമീപ്യം ആളുകൾ ഇഷ്ടപ്പെടുന്നു. കൂടാതെ വീട് സ്വന്തം കഴിവിനും ആവശ്യത്തിനും ചേർന്ന ഒരു പാർപ്പിടം എന്നതിലുപരി അന്തസ്സിന്റെയും ആർഭാടത്തിന്റെയും, പ്രതീകമായി മാറിയിരിക്കുന്നു. ഇന്ന് ഭവനനിർമ്മാണരംഗത്ത് നിലവിലുള്ള പ്രശ്നങ്ങൾ ഒരുപരിധിവരെ ഒഴിവാക്കാൻ, ഒരു കുടുംബത്തിന്റെ കഴിവും ആവശ്യവും കണക്കിലെടുത്ത് പ്രദേശിക വിഭവങ്ങളും പരമ്പരാഗത രീതികളും ശാസ്ത്രീയമായി ഉപയോഗപ്പെടുത്തുന്ന ചെലവുകുറഞ്ഞ വീടുകൾ ആണ്.

## ഗ്രാമസഭകൾ ആവശ്യപ്പെടുന്നു.

1. കൃസ്ത്യൻ കോളേജിന് സമീപം താമസിക്കുന്നവരെ സൗകര്യപ്രദമായ സ്ഥലത്ത് മാറ്റിപാർപ്പിക്കുക.
2. കട്ടയ്ക്കോട് വാളക്കോട് പ്രദേശത്ത് 'ഭൂമി

ട്ടയം' പതിച്ചു നൽകുക.

3. ഓലമേയാൻ സാധിക്കാത്തവർക്ക് ഓട് മേയുന്നതിനുള്ള ധനസഹായം അനുവദിക്കുക.
4. ലക്ഷം വീട് കോളനികളിൽ അറ്റകുറ്റപ്പണി പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ എന്നിവ അടിയന്തിരമായി നടപ്പിലാക്കുക
5. കുടിലുകളായ വീടുകൾ താമസയോഗ്യമാക്കുക
6. ഭൂരഹിതർക്ക് ഭൂമി നൽകുന്നതിന് നടപടി സ്വീകരിക്കുക
7. എട്ടിരുത്തി വാർഡിലെ നാലുസെൻറ് കോളനിയിലെ വീടില്ലാത്ത 23 കുടുംബങ്ങൾക്ക് വീട് വച്ച് നൽകുക
8. സ്വകാര്യ വ്യാക്തികൾ കൈയ്യേറിയിരിക്കുന്ന പഞ്ചായത്ത് പുറംപോക്ക് ഭൂമി, ഭൂമിയില്ലാത്തവർക്ക് പതിച്ചു നൽകുക.
9. പാലയ്ക്കൽ - തലയ്ക്കോണം ഹരിജൻ കോളനികളിലെ കുടിലുകൾ താമസയോഗ്യമാകുക.

## പുറമ്പോക്ക് ഭൂമി — സംബന്ധിച്ച വിവരങ്ങൾ

| തരം | വിസ്തീർണ്ണം/ഏക്കർ |
|---|---|
| റോഡ് | 88.99 |
| ഇടവഴി | 48.30 |
| തോട് / പുഴ | 154.25 |
| കുളം | 25.04 |
| ചാനൽ | 1.44 |
| കാവ് | 12.49 |
| പാറ | 1.88 |

## പ്രശ്നങ്ങൾ

1. ഭവന നിർമ്മാണ വായ്പകൾ ലഭിക്കുന്നതിനുള്ള സാങ്കേതികത്വം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.
2. നിർമ്മാണ സാമഗ്രികളുടെ അമിതമായ വില വർദ്ധനവ്
3. വൈദ്യുതി ലഭിക്കുന്നതിനുള്ള കാലതാമസം
4. ഭവന നിർമ്മാണ വായ്പകൾ ലഭിക്കുന്നതിനുള്ള കാലതാമസം
5. ചെലവ് കുറഞ്ഞവീട് നിർമ്മിക്കാനുള്ള ബോധവൽക്കരണത്തിൻെറ കുറവ്.
6. അമിതമായ അനുകരണശീലം നിർമ്മാണത്തിൽ അനാവശ്യചെലവ് ഉണ്ടാകുന്നു.
7. സാനിട്ടറി സൗകര്യങ്ങളുടെ അഭാവം ആരോഗ്യത്തെ സാരമായി ബാധിക്കുന്നു.
8. ഭവന രഹിതർക്ക് വീട്വയ്ക്കാൻ പഞ്ചായത്തിൻെറതായ പദ്ധതിയില്ല.
9. വയലുകൾ നികത്തി വീട് വയ്ക്കുന്നതിനുള്ള പ്രവണത കൂടിക്കൂടി വരുന്നു.
10. വിവിധ പദ്ധതികളിലൂടെ സർക്കാർ നൽകുന്ന സഹായങ്ങളും ബ്ളോക്ക് പദ്ധതികൾ RLEGP, NREP, IAY, JRY, MWS തുടങ്ങിയ പദ്ധതികളുടെ വായ്പാതുകയുടെ അപര്യാപ്തത.

## നിർദ്ദേശങ്ങൾ

1. ദുർബല വിഭാഗക്കാർക്കായി ഒരു ഭവന-പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കുക.
2. പരിധിയിൽ കവിഞ്ഞ തറ വിസ്തൃതിയിൽ കെട്ടിടം പണിയുന്ന ആളുകൾക്ക് പ്രത്യേകനികുതി ചുമത്തുക.
3. വർദ്ധിച്ചു വരുന്ന പരിസ്ഥതി പ്രശ്നം പരിഹരിക്കാൻ ബിൽഡിംഗ് ആക്ട് കർശനമായി പഞ്ചായത്തിൽ നടപ്പിലാക്കുക.
4. കൃഷിയിടങ്ങളെ സംരക്ഷിക്കുന്നതിൻെറ ഭാഗമായി കർശന നിയമനടപടികളിലൂടെ വയലുകൾ നികത്തി വീടുണ്ടാകുന്ന പ്രവണത തടയുക.
5. പരമ്പരാഗതമായി ഉപയോഗിച്ചു വരുന്ന പ്രാദേശിക വിഭവങ്ങളെ ശാസ്ത്രീയമായി ഉപയോഗപ്പെടുത്തി ചെലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുക.
6. ചെലവ് കുറഞ്ഞ വീട് നിർമ്മിക്കുന്നതിന് പഞ്ചായത്തിൽ ഒരു പരിശീലന കേന്ദ്രം സ്ഥാപിക്കുക.
7. ഭവന നിർമ്മാണവായ്പ വേഗം ലഭ്യമാക്കുക, ഭവന നിർമ്മാണസാഹയം വർദ്ധിപ്പിക്കുക
8. പഞ്ചായത്തിൽ ഹൗസിംഗ് സൊസൈറ്റികൾ രൂപവൽക്കരിക്കുക.
9. എല്ലാ വീടുകളിലും സാനിട്ടറി സൗകര്യം ഉറപ്പാക്കുക.
10. വിവിധ ഭവനനിർമ്മാണ പദ്ധതികളുടെ വായ്പാപരിധി ഉയർത്തുക.

## കെട്ടിടനികുതി സംബന്ധിച്ച വിവരങ്ങൾ (1995-96)
## Ref. E

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽകൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ | മേൽപ്പുരയുടെ സ്വഭാവം ഒരു നിലയുള്ള കെട്ടിടങ്ങൾ | | | | വിവിധ ഭവന നിർമ്മാണപദ്ധതികളിലൂടെ നിർമ്മിച്ച വീടുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ | |
| 1 | 746 | 9 | 69 | 243 | 342 | 5 | |
| 2 | 819 | 1 | 73 | 245 | 458 | 42 | |
| 3 | 916 | 7 | 128 | 242 | 506 | 17 | |
| 4 | 818 | 6 | 127 | 214 | 387 | 84 | |
| 5 | 908 | 10 | 115 | 302 | 432 | 49 | |
| 6 | 686 | 1 | 51 | 230 | 348 | 26 | |
| 7 | 822 | 1 | 65 | 192 | 500 | 48 | |
| 8 | 784 | | 55 | 217 | 463 | 49 | 94 |
| 9 | 730 | 9 | 64 | 187 | 404 | 66 | |
| 10 | 855 | | 62 | 274 | 462 | 57 | |
| 11 | 857 | 29 | 361 | 425 | 449 | 17 | |
| 12 | 795 | 7 | 42 | 205 | 447 | 94 | |
| 13 | 835 | 39 | 278 | 207 | 157 | 90 | |



# സാമൂഹ്യക്ഷേമം

ആഹ്വാനങ്ങളും കൂട്ടയോട്ടങ്ങളും കൊണ്ട് മത സൗഹാർദ്ദമുണ്ടാകില്ല എന്നു പറയുന്നതു പോലെ പദ്ധതികളുടെ ധാരാളിത കൊണ്ടുമാത്രം ഒരു ജനതയുടെ സാമൂഹികക്ഷേമ പ്രവർത്തനങ്ങൾ പൂർണ്ണമാകും എന്നു വിശ്വസിക്കുന്നവരല്ലെങ്കിലും സർക്കാർ പദ്ധതികളിലൂടെയുള്ള സാമൂഹിക ക്ഷേമത്തിനാണ് ഇന്ന് സാദ്ധ്യതകൾ ഏറെയുള്ളത്. നമ്മുടെ ഗ്രാമീണരും അങ്ങനെ വിശ്വസിക്കുന്നു.

ദാരിദ്ര്യരേഖയ്ക്കു താഴെ നിൽക്കുന്നവരും, സാമ്പത്തിക ദുരിതാവസ്ഥ അനുഭവിക്കുന്നവരും, ജോലിയുണ്ടെങ്കിൽ പോലും സാമ്പത്തിക പിന്നോക്കാവസ്ഥ അനുഭവിക്കുന്നവരുമടങ്ങിയ സാമൂഹികക്ഷേമ ഭൂപടമാണ് നമുക്കുള്ളത്; തികച്ചും വ്യത്യസ്തമായ കുറെ പദ്ധതികളും.

വ്യക്തി വികാസങ്ങളിലധിഷ്ഠിതമായ സാമൂഹികക്ഷേമ തന്ത്രം മെനഞ്ഞെടുക്കാനുള്ള വഴിയിൽ നിരവധി സംഭാവനകൾ നൽകിയ വ്യക്തികളും സ്ഥാപനങ്ങളും നമ്മുടെ ഗ്രാമത്തിൽ ഏറെയുണ്ട്.

പൂർണ്ണമായും അടിസ്ഥാന വർഗ്ഗത്തിന്റെ പ്രവർത്തനങ്ങൾ ലാക്കാക്കിയുള്ള പദ്ധതികളും സർക്കാർ തലത്തിലെ ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനങ്ങളും, തൊഴിലാളികൾക്കായുള്ള ക്ഷേമനിധി പ്രവർത്തനങ്ങളുമാണ് ഇന്ന് പ്രധാനമായും ഈ രംഗത്ത് നിലവിലുള്ളത്. ചെറുകിട വൻകിട തൊഴിൽ സംരംഭങ്ങളുടെ അഭാവം ഏറെയുള്ള നമ്മുടെ ഗ്രാമം സാമൂഹികക്ഷേമ രംഗത്ത് ദാരിദ്ര്യരേഖയ്ക്കു താഴെത്തന്നെയാണ് എന്നു പറയേണ്ടിയിരിക്കുന്നു. പൂർണ്ണമായും നാമമാത്രമായ സർക്കാർ പദ്ധതികളെ ആശ്രയിക്കുന്ന ഗ്രാമീണ ജനത നിയമകുരുക്കുകൾ കാരണം മിക്കപ്പോഴും പെട്ടു നിൽക്കാറുണ്ട് എന്നത് ഖേദകരം തന്നെ.

ഗുണഭോക്താക്കളുടെ ഇടയിൽ പദ്ധതികളെ പറ്റി ആശയകുഴപ്പങ്ങളും, തെറ്റിദ്ധാരണകളും സൃഷ്ടിക്കുന്ന ഇടത്തട്ടുകാരെപ്പോലെ തന്നെയാണ് വനിതാ സാമൂഹികക്ഷേമ പ്രവർത്തനങ്ങളും.

വനിതാ സാമൂഹികക്ഷേമ പ്രവർത്തനങ്ങളെ ലാക്കാക്കിയുള്ള സർക്കാർ പദ്ധതികൾ വനിതാ വികസന കോർപ്പറേഷനുകൾ വഴിയാണ് ലഭ്യമാകുന്നത്. ഗുണഭോക്താക്കൾക്കിടയിൽ പദ്ധതികളുടെ അറിവില്ലായ്മയും ആശയക്കുഴപ്പം തന്നെ ഇവിടെ സൃഷ്ടിക്കുന്നു. നമ്മുടെ പഞ്ചായത്തിലെ വനിതകളെ സംബന്ധിച്ചിടത്തോളം ഈ കോർപ്പറേഷനിൽ നിന്നുള്ള സഹായങ്ങൾ ഇന്നും വളരെ കുറവാണ്.

ദാരിദ്ര്യരേഖയ്ക്കു താഴെ നിൽക്കുന്ന കുടുംബങ്ങളാണധികവും. മൊത്തം ജനസംഖ്യയുടെ അൻപതു ശതമാനത്തോളം പേരും ദാരിദ്ര്യരേഖയ്ക്കു താഴെ നിൽക്കുന്നു എന്നത് വേദകരമായ വസ്തുതയാണ്. ഗ്രാമീണ ജനതയ്ക്കിടയിൽ മിക്കപ്പോഴും സമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ അഭാവം ഇതിനു കാരണമായി നിൽക്കുന്നുണ്ടെങ്കിലും സർക്കാർ പദ്ധതികളുടെ കാലോചിതമായ മാറ്റം ഈ രംഗത്തില്ല എന്നത് വ്യാപകമായ കുഴപ്പമായിത്തന്നെ നിലനിൽക്കുന്നു. നമ്മുടെ പഞ്ചായത്തിൽ പ്ലാവൂർ വാർഡിലും, കട്ടയ്ക്കോട്, കിള്ളി എന്നീ വാർഡുകളിലും ആടു വളർത്തൽ യൂണിറ്റുകൾ ആരംഭിക്കുന്നത് ഈ രംഗത്ത് ഒട്ടേറെപ്പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കും. താൽപര്യമുള്ളവരെ കണ്ടെത്തി യൂണിറ്റുകൾ ആരംഭിക്കുകയാണ് വേണ്ടത്.

പട്ടികജാതി — പട്ടികവർഗ്ഗ വികസന കോർപ്പറേഷനുകൾ വഴി ഈ വിഭാഗത്തിലുള്ളവർക്ക് ക്ഷേമ പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടക്കുന്നുണ്ട്. സഹകരണ സംഘങ്ങൾ വഴിയും, ദേശസാൽകൃത ബാങ്കുകൾ വഴിയും സാമൂഹ്യക്ഷേമ രംഗത്ത് നിരവധി പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിലും നാമമാത്രമാണ്. ബ്ലോക്കുതലത്തിൽ നിന്നും പരിശീലനം ലഭിക്കുന്നവർക്ക് യോഗ്യതാടിസ്ഥാനത്തിൽ തൊഴിൽ ലഭിക്കുന്നില്ല. ഈ പദ്ധതിയുടെ ലക്ഷ്യപ്രാപ്തിക്ക് തടസ്സമായി നിൽക്കുന്ന പരിശീലനം കാര്യക്ഷമമാക്കുകയും, സ്റ്റൈഫൻറ് തുക വർദ്ധിപ്പിക്കുകയും വേണം. തൊഴിൽ പരിശീലനം നേടിയവർക്ക് പഞ്ചായത്തുതലത്തിൽ സഹായം നൽകുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാകണം. ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ ഉല്പന്നങ്ങളുടെ മാർക്കറ്റിംഗിൽ ഉൽപാദകരെ സഹായിക്കാൻ പ്രാദേശിക സമിതി ഉണ്ടാക്കണം. കഴിഞ്ഞ കാലഘട്ടങ്ങളിൽ നമ്മുടെ പഞ്ചായത്തിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് കക്കൂസുകൾ നിർമ്മിക്കാൻ നൽകിയ സഹായം അപര്യാപ്തമാണ്. പതിമൂന്ന് വാർഡുകളിലായി ഇനിയും ഒട്ടേറെ കക്കൂസുകൾ നിർമ്മിക്കാനുണ്ട്. ഇതിനായി പഞ്ചായത്തു തലത്തിൽ ഒരു സർവ്വേ നടത്തി ഉപഭോക്താക്കളെ കണ്ടെത്തണം. വില്ലേജാഫീസുകൾ വഴി നൽകുന്ന പദ്ധതികളുടെ ആനുകൂല്യം അർഹരായവർക്ക് മുഴുവനും ലഭിക്കുന്നില്ല എന്നതും, ഇവ അനർഹരായ പലർക്കും ലഭിക്കുന്നുവെന്നതും എടുത്തു പറയേണ്ട സംഗതിയാണ്.

1992 സർവ്വേ പ്രകാരം 3430 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്കു താഴെയാണ്.

**IRDP സഹായ ലഭ്യത**

| വർഷം | കുടുംബങ്ങളുടെ എണ്ണം | SC | വനിത | വികലാംഗർ |
|---|---|---|---|---|
| 1992 - 93 | 47 | 26 | 28 | 2 |
| 1993 - 94 | 56 | 31 | 38 | 3 |
| 1994 - 95 | 70 | 37 | 46 | 4 |
| 1995 - 96 | 53 | 28 | 40 | 1 |
| ആകെ | | | | |

**ദാരിദ്ര്യരേയ്ക്കു താഴെയുള്ള കുടുംബങ്ങളുടെ എണ്ണം**

| 4000 നു താഴെ | 4001 നും 6000 നും ഇടയ്ക്ക് | 6001 നും 8500 നും ഇടയ്ക്ക് | 8501 നും 11000നും ഇടയ്ക്ക് | ആകെ |
|---|---|---|---|---|
| 2871 | 300 | 240 | 19 | 3430 |

15 വയസ്സു മുതൽ 35 വയസ്സുവരെയുള്ള യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്ന പദ്ധതിയാണ് ട്രൈസം. ഇതുവരെ പഞ്ചായത്തിൽ 20 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. കിട്ടുന്ന പരിശീലനം ഗുണഭോക്താക്കൾക്ക് ആത്മവിശ്വാസം നൽകാൻ പര്യാപ്തമല്ല.

**ട്രൈസം പരിശീലനം നേടിയവർ**

| വർഷം | Others | SC |
|---|---|---|
| 91-92 | 2 | Nil |
| 92-93 | 2 + 3 | 1 |
| 93-94 | 1 + 1 | Nil |
| 94-95 | 3 + 6 | 1 |
| 95-96 | | |

സാമൂഹ്യക്ഷേമ പദ്ധതിപ്രകാരം വിവിധ പെൻഷനുകൾ കിട്ടിക്കൊണ്ടിരിക്കുന്നുവെങ്കിലും പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മയും സങ്കീർണ്ണമായ നിയമ വ്യവസ്ഥയും മൂലം പദ്ധതിയുടെ പ്രയോജനം വളരെ കുറച്ചുപേർക്കു മാത്രമേ ലഭിക്കുന്നുള്ളൂ.

വെള്ളനാട് ബ്ലോക്കിന്റെ കീഴിലുള്ള കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ മൂന്ന് ബാലവാടികളും (കട്ടയ്ക്കോട്, മംഗലയ്ക്കൽ, കാനക്കോട്), ഗ്രന്ഥ

ശാലയുടെ കീഴിൽ ഒരു നഴ്സറി സ്കൂളും, നിരവധി സ്വകാര്യ വ്യക്തികൾ നടത്തുന്ന നഴ്സറി സ്കൂളുകളുമുണ്ട്. അമ്പലത്തിൻകാല സരസ്വതി വിലാസം ഗ്രന്ഥശാലയുടെ കീഴിൽ 1971 ആഗസ്റ്റ് 16 മുതൽ പ്രവർത്തിക്കുന്ന സരസ്വതി വിലാസം നഴ്സറി സ്കൂൾ കഴിഞ്ഞ 25 വർഷങ്ങളായി സർക്കാരിന്റെ യാതൊരുവിധ സഹായങ്ങളുമില്ലാതെ നടത്തി വരുന്നു. കാൽ നൂറ്റാണ്ടുകാലമായി ഈ പ്രദേശത്തെ പ്രീ പ്രൈമറി വിദ്യാഭ്യാസരംഗത്ത് ഈ സ്കൂളിന് നിർണ്ണായകമായ സ്ഥാനമുണ്ട്.

**ടൂൾ കിറ്റ് :** (NAP – ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ഗ്രാമീണ കൈത്തൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ നൽകുന്ന പരിപാടി കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ 95—96 വരെ 39 പേർക്ക് ടൂൾ കിറ്റ് വിതരണം ചെയ്തിട്ടുണ്ട്.

### പരമ്പരാഗത കുടിൽ വ്യവസായങ്ങൾ

നമ്മുടെ ഗ്രാമത്തിലെ അസംഘടിതവും ചൂഷണാധിഷ്ഠിതവുമായ മേഖലയാണ് പരമ്പരാഗത വ്യവസായമേഖല. ഈറ, ചൂരൽ തുടങ്ങിയവ ഉപയോഗിച്ചുള്ള വ്യവസായമാണ് ഈ ഗ്രാമത്തിലെ ഇന്നും തുടർന്നുപോകുന്ന പരമ്പരാഗത വ്യവസായങ്ങളിൽ പ്രമുഖമായത്.

കുടിലുകളിൽ കഷ്ടതയനുഭവിച്ച് കഴിഞ്ഞു കൂടുന്ന ഇവരെ സഹായിക്കാൻ ഉള്ള പദ്ധതികൾ ഒന്നും തന്നെ ഫലപ്രദമായി നടപ്പിലാകുന്നില്ല എന്നത് ദുഃഖകരമായ സത്യമാണ്. ബാംബൂകോർപ്പറേഷന്റെ ഓഫീസ് ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഈറ വിതരണവും ഈ തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങളും അപര്യാപ്തമാണ്. ചൂരൽ അന്യസംസ്ഥാനങ്ങളിൽ നിന്നും ഏജൻസി വഴി വിതരണം ചെയ്യുന്നുവെങ്കിലും നമ്മുടെ പഞ്ചായത്തിൽ ചൂരലിന് വൻ ദൗർലഭ്യത അനുഭവപ്പെടുന്നുണ്ട്. നമ്മുടെ പഞ്ചായത്തിൽ ഈറ വ്യവസായങ്ങളുള്ള പ്രദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. മുങ്ങോട്ടുകോണം
2. നന്ദാവനം
3. ഞാറവിള
4. പാപ്പനം
5. പാലയ്ക്കൽ
6. മാങ്കോട്ടുകോണം
7. കുന്നുവിള
8. പറണ്ടോട്
9. മുതയിൽ

### പ്രശ്നങ്ങൾ :

1. നിലവിലുള്ള ക്ഷേമ പദ്ധതികൾ പ്രകാരം ആനുകൂല്യം ലഭിക്കുന്നതിനുള്ള കർശനമായ നിബന്ധനകൾ ഈ രംഗത്ത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.
2. IRDP വായ്പ ലഭിക്കുന്നതിൽ വായ്പാ സ്ഥാപനങ്ങളുടെ സങ്കീർണ്ണമായ നിബന്ധനകൾ മൂലം അർഹരായവരിൽ പലരും സഹായം ഉപയോഗപ്പെടുത്തുന്നതിൽ പിന്നോട്ടു പോയിരിക്കുന്നു.
3. എല്ലാ വികലാംഗർക്കും യാത്രാ സൗജന്യവും പെൻഷനും ലഭിച്ചു കാണുന്നില്ല.
4. വിധവകളുടെ പെൺമക്കളുടെ വിവാഹ ധന സഹായം അപര്യാപ്തമാണ്.
5. വിവിധ തൊഴിലാളി ക്ഷേമനിധികളിലും അർഹരായ പല തൊഴിലാളികളും അംഗങ്ങളായി കാണുന്നില്ല.
6. അംഗൻവാടികളില്ലാത്തതു കാരണം എല്ലാ കുട്ടികൾക്കും പ്രൈമറി വിദ്യാഭ്യാസം ലഭ്യമാകുന്നില്ല.
7. IRDP സഹായം ലഭിച്ച സംരംഭങ്ങൾക്ക് തുടർന്ന് സഹായം ലഭിക്കാത്തത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.
8. വ്യത്യസ്ത ഗവൺമെന്റ് ഏജൻസികൾ മുഖേന നടത്തുന്ന ക്ഷേമ പ്രവർത്തനങ്ങളെ പറ്റിയുള്ള അറിവില്ലായ്മ.
9. സാനിട്ടറി സൗകര്യങ്ങൾ കുറവാണ്.
10. റേഷൻ ലഭിക്കാൻ അർഹതയുള്ള എല്ലാ അംഗങ്ങളേയും കാർഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

### നിർദ്ദേശങ്ങൾ

1. സാമൂഹ്യക്ഷേമത്തിനു വേണ്ടി ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ വാർഡു തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കുകയും പദ്ധതികൾ പഞ്ചായത്തുവഴി നടപ്പിലാക്കുകയും വേണം.
2. പെൻഷൻ, ധനസഹായം എന്നിവയ്ക്ക് ഗുണഭോക്താക്കളെ ഗ്രാമസഭയുടെ അംഗീകാരത്തോടെ തെരഞ്ഞെടുക്കണം.

3. അർഹരായ എല്ലാ വികലാംഗർക്കും യാത്രാ സൗജന്യവും പെൻഷനും അനുവദിക്കുക.

4. വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് നൽകിവരുന്ന സഹായധനം വർദ്ധിപ്പിച്ച് പഞ്ചായത്തു മുഖേന നൽകുക.

5. IRDP വായ്പാ നിബന്ധനകൾ ലഘൂകരിക്കുക.

6. IRDP വായ്പകളുടെ യൂണിറ്റ് കോസ്റ്റുകൾ പ്രാദേശികമായും, കാലോചിതമായും പരിഷ്ക്കരിക്കുക.

7. എല്ലാ തൊഴിൽ മേഖലകളിലും ക്ഷേമനിധികൾ രൂപീകരിച്ച് മുഴുവൻ തൊഴിലാളികൾക്കും ആനുകൂല്യം ലഭ്യമാക്കുക.

8. ഓരോ വാർഡിലും രണ്ട് വീതം അംഗൻവാടികൾ സ്ഥാപിക്കുക. JRV പദ്ധതി മുഖേന കെട്ടിടങ്ങൾ നിർമ്മിക്കുക. അംഗൻവാടികളോടനുബന്ധിച്ച് മഹിളാ സമാജങ്ങൾ രൂപീകരിക്കുക.

9. വ്യത്യസ്ത ഗവൺമെൻറ് ഏജൻസികൾ മുഖേന നൽകുന്ന ക്ഷേമപദ്ധതികൾ ഏകീകരിച്ച് പഞ്ചായത്തു മുഖേന നൽകുക.

10. DWCRA യൂണിറ്റുകളിൽ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾക്ക് വിപണന സൗകര്യം വർദ്ധിപ്പിക്കുക.

11. എല്ലാ കുടുംബങ്ങളിലും സാനിട്ടറി സൗകര്യം ഉണ്ടാക്കുക.

12. റേഷൻ കാർഡുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങളും ഗ്രാമ പഞ്ചായത്തു വഴി പരിഹരിക്കുക.

13. എല്ലാ വാർഡിലും ക്ഷേമ പദ്ധതികളെ സംബന്ധിച്ച ബോധവൽക്കരണ പരിപാടികളും സെമിനാറുകളും സംഘടിപ്പിക്കുക.

14. വിവിധ പദ്ധതകളിലൂടെ വായ്പ നൽകുന്നതിന് ബാങ്കുകൾ നിർദ്ദേശിക്കുന്ന നിബന്ധനകൾ ഉദാരവൽക്കരിക്കുക.

## ഗ്രാമസഭകൾ ആവശ്യപ്പെടുന്നു

1. ക്രിസ്ത്യൻ കോളേജിനു സമീപം താമസിക്കുന്നവരെ സൗകര്യപ്രദമായ സ്ഥലത്ത് മാറ്റി സ്ഥാപിച്ച് പ്രസ്തുത സ്ഥലത്ത് റോഡു നിർമ്മിക്കുക.

2. അമ്പലത്തിൻകാല സരസ്വതി വിലാസം ലൈബ്രറിയുടെ കീഴിൽ കാൽ നൂറ്റാണ്ടായി പ്രവർത്തിക്കുന്ന നഴ്സറി സ്കൂളിനെ ഐ. സി. ഡി. എസ്. പദ്ധതിയിൽ ഉൾപ്പെടുത്തുക.

3. പുറംപോക്കു ഭൂമിയിൽ താമസിക്കുന്ന നിർദ്ധനർക്ക് പട്ടയം നൽകുക.

4. വാർദ്ധക്യകാല പെൻഷൻ, വിധവാപെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, അഗതി പെൻഷൻ എന്നിവ യഥാസമയം നൽകുക.

5. പാറച്ചൽ, കാട്ടാക്കട, എട്ടിരുത്തി എന്നീ വാർഡുകളിൽ ഖാദിബോർഡു സ്ഥാപിക്കുക.

6. എട്ടിരുത്തി വാർഡിലെ പുറംപോക്കു ഭൂമി ഏറ്റെടുത്ത് പൊതു ശ്മശാനം പണിയുക.

7. കുരുതംകോട് വാർഡിൽ ഒരു ഗ്രന്ഥശാല സ്ഥാപിക്കുക.

8. കുരുതംകോട് വാർഡിലും, ചെമ്പനാകോട് വാർഡിലും മിൽമയുടെ പാൽ സംസ്ക്കരണ യൂണിറ്റ് ആരംഭിക്കുക.

9. അർഹതയുള്ള പെൻഷൻകാർക്ക് പെൻഷൻ ലഭ്യമാക്കുകയും, അനർഹർ പെൻഷൻ നേടുന്നത് തടയുകയും ചെയ്യുക.

10. നിർദ്ധനരായവർക്ക് സ്വയം തൊഴിൽ തുടങ്ങുന്നതിനാവശ്യമായ സാമ്പത്തിക സഹായം നൽകുക.

11. നവസാക്ഷരർക്ക് തുടർ വിദ്യാഭ്യാസം നൽകുക.



# സംസ്കാരം

ഗ്രാമചാരുതയിൽ നിന്നും നഗരക്കാഴ്ചയിലാണ് ഇന്ന് കാട്ടാക്കട പഞ്ചായത്ത്. രാജഭരണത്തിന്റെ ചരിത്രസ്മൃതികളിലൂടെ സ്ഥല പുരാണങ്ങളും കെട്ടുകഥകളുമായി നമ്മുടെ സാംസ്കാരിക ചരിത്രം നിലകൊള്ളുന്നുവെങ്കിലും യാഥാർത്ഥ്യബോധം അവകാശപ്പെടുന്നവയാണ് മിക്കവയും.

തങ്ങളുടെ മനഃസാന്നിദ്ധ്യം മിക്കപ്പോഴും നിലനിൽപിനായി ഉപയോഗിച്ച ഗ്രാമീണ പാരമ്പര്യം കാട്ടാക്കടയ്ക്കും അന്ന്യമല്ലെന്ന് ചരിത്രം വിളിച്ചോതുന്നു. സാംസ്കാരികമായ യാഥാർത്ഥ്യബോധത്തോടെ ഉള്ള തിരിച്ചറിവുകളും കാർഷിക പാരമ്പര്യവും എപ്പോഴും നന്മയുടെ വിളനിലങ്ങൾ തന്നെ.

വിദ്യാലയങ്ങളിൽ അദ്ധ്യാപകൻ ചൊല്ലിക്കൊടുത്ത 'നെല്ലരി'സങ്കൽപം നമുക്കന്യം നിന്നുപോയത് നമ്മുടെ പ്രധാനവിള മരിച്ചീനിയായതുകൊണ്ടാണ്. പുസ്തകക്കുറിപ്പുകളിലൂടെ എങ്കിലും വിളനിലങ്ങൾ പിന്നീട് കൃഷിയിടങ്ങളായി; കാർഷിക പാരമ്പര്യം പിന്നീട് ചരിത്രവും.

നീതി സങ്കൽപങ്ങളിൽ പിന്നെ രാജാക്കന്മാർ ഗ്രാമങ്ങളിൽ കാവൽപ്പുരകളുണ്ടാക്കി . രാജഭടന്മാർക്കായി പണിതുയർത്തിയ ഈ കാവൽ പുര ഈ നാടിന്റെ ചരിത്രത്തിന് അടിസ്ഥാനമായി നിലകൊണ്ടു.

നിയതമായ കുറേ സങ്കൽപങ്ങൾക്കും ഏറെ യാഥാർത്ഥ്യങ്ങൾക്കും നടുവിൽ നിന്ന് നമ്മുടെ ഗ്രാമസമൂഹം പിന്നെയും ഒരുപാട് വളർന്നു. വളർച്ചയുടെ വഴിയിൽ നാഴികക്കല്ലുകളായി നിലകൊള്ളുന്നത് എല്ലായ്പ്പോഴും പ്രസ്ഥാനങ്ങളുടെ ഉദയമാണല്ലോ. ദേശീയ സ്വാതന്ത്ര്യ സമരപ്രസ്ഥാനം സജീവ സാന്നിദ്ധ്യം പ്രദർശിപ്പിച്ച ഗ്രാമമാണ് നമ്മുടേത്.

നിരവധി സ്വാതന്ത്ര്യസമരസേനാനികൾ ച... സ്മരണകളുണർത്തി ഈ നാടിന് ധീരേതിഹാസം രചിക്കുന്നു. മഹാത്മാഗാന്ധിയെ ആദ്യമായി കേരളത്തിൽ കൊണ്ടുവന്നവരുടെ കൂട്ടത്തിൽ പ്രമുഖനായ ശ്രീ. ഗാന്ധിരാമകൃഷ്ണ പിള്ളയാണ് ഈ നാട്ടിൽ ആദ്യമായി സ്വാതന്ത്ര്യത്തിന്റെ ശബ്ദമുയർത്തിയത്.

തെക്കൻ കേരളത്തിലെ സ്വാതന്ത്ര്യസമരത്തിലൂടെ ഉദിച്ചുയർന്ന നേതാവായിരുന്നു ശ്രീ. പൊന്നറ ജി. ശ്രീധർ. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സ്വാതന്ത്ര്യ മോഹങ്ങളുമായി വന്ന കുറേ രാജ്യസ്നേഹികൾ ഈ പ്രസ്ഥാനത്തിലൂടെ നമ്മുടെ ഗ്രാമസംസ്കൃതിക്ക് മുതൽക്കൂട്ടായി. ദർശന ഉപ്പു സത്യാഗ്രഹത്തിലെ മുന്നണി പോരാളിയായിരുന്നു പൊന്നറ.

ആനിമസ്ക്രീൻ പങ്കെടുത്ത സ്റ്റേറ്റ് കോൺഗ്രസ് പ്രചരണയോഗം നമ്മുടെ ഗ്രാമത്തിൽ നടന്നതോടെ ഈ പ്രസ്ഥാനത്തിന് ഏകീകൃതമായൊരു തലയെടുപ്പുണ്ടായി.

കാർഷിക സമ്പത്തിൽ നിന്നും സമരപാരമ്പര്യങ്ങളുമായി സ്വാതന്ത്ര്യം സമ്മാനിച്ചുതരാൻ മുന്നോട്ടുവന്നവരിൽ ശാന്തിനികേതൻ കൃഷ്ണൻ നായർ, സത്യനാഥൻ, ഐസക്, വി. സി. നായർ, ഗംഗാധരൻ നായർ എന്നിങ്ങനെ ഒരു നീണ്ട പട്ടികതന്നെയുണ്ട്.

സമരവീര്യത്തോടെ തൊഴിലാളി പ്രസ്ഥാനചരിത്രത്തിന്റെ ഭാഗമായവരും നമ്മുടെ ഗ്രാമത്തിലുണ്ട്. ഈ ഗ്രാമത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനചരിത്രം 'ചന്തസമരത്തിൽ' നിന്നും തുടങ്ങി. വളക്കൂറുള്ള മണ്ണിൽ തൊഴിലാളി പ്രസ്ഥാനം, വേരെടുത്തു. ആദ്യകാല കമ്മ്യൂണിസ്റ്റ് MLA ആയിരുന്ന കാട്ടാക്കട ആർ. ബാലകൃഷ്ണപിള്ളയടക്കം നിരവധി കമ്മ്യൂണിസ്റ്റു നേതാക്കളെ നമ്മുടെ ഗ്രാമം സംഭാവന ചെയ്തു.

നമ്മുടെ നാടിന്റെ സാംസ്കാരിക നവോത്ഥാനത്തിന്റെ ശിൽപികളായി ക്രിസ്ത്യൻ മിഷണറിമാർ പ്രവർത്തിച്ചിട്ടുണ്ട്. സാംസ്കാരികതയുടെ വിചാരവിപ്ലവം എന്ന് വിശേഷിപ്പിക്കുന്ന ശുചിത്വബോധം മാതൃകാപരമായി നമ്മിൽ ഉദയം ചെയ്യിച്ചത് ഫാ. അദേയോദാത്തൂസച്ചനാണ്. മിഷണറിമാരുടെ പ്രവർത്തന ദൗത്യം തന്നെ നാടിന്റെ പുരോഗതിയെ ലക്ഷ്യമാക്കിയുള്ളതായപ്പോൾ നമ്മുടെ ഗ്രാമക്കാർ മതത്തിന്റെ വേലിക്കെട്ടു മറന്ന് സ്വീകരിച്ചുവെന്നത് ശ്രദ്ധേയമാണ്.

സാംസ്കാരികത ഉണർത്തിവിട്ട ഗ്രന്ഥപാരമ്പര്യം പഞ്ചായത്തിലെ നിരവധി ഗ്രന്ഥശാലകളിലൂടെ സാക്ഷാത്കൃതമാക്കി. കാട്ടാക്കട കേന്ദ്രമാക്കി ആരംഭിച്ച കസ്തൂർബാ ഗ്രന്ഥശാലയാണ് ഈ രംഗത്തെ ആദ്യസ്ഥാപനം. തുടർന്നുവന്ന നേതാജി ഗ്രന്ഥശാല, മംഗലയ്ക്കൽ സരസ്വതീവിലാസം ഗ്രന്ഥശാല അമ്പലത്തിൻകാല, ജ്ഞാനപ്രദായിനി ഗ്രന്ഥശാല, കൊല്ലോട് St. ആൻറണീസ് ലൈബ്രറി, കട്ടയ്ക്കോട് എന്നിവ ഇന്ന് സാംസ്കാരികതയ്ക്ക് മുതൽകൂട്ടാണ്.

കലാപാരമ്പര്യം നിറവോടെ സൂക്ഷിച്ച നിരവധി കലാസമിതികളുടെ ഉദയാസ്തമനങ്ങൾക്ക് ഈ ഗ്രാമ ചരിത്രം സാക്ഷിയായി. നിരവധി കലാകാരന്മാരെ സൃഷ്ടിച്ച എക്കോ നാടകസംഘം ഇന്ന് നിലവിലില്ലെങ്കിലും നമ്മുടെ ഗ്രാമത്തിന്റെ അഭിനയകലയുടെ ചരിത്രത്തിൽ അത് മുതൽകൂട്ടായി. കാട്ടാക്കട YMAC യും, കട്ടയ്ക്കോട് ഫൈൻ ആർട്ട്സ് ക്ലബ്ബും നമ്മുടെ കലാസാംസ്കൃതിക്ക് മുതൽക്കൂട്ടാണ്.

കലകളിലേക്ക് ആഴ്ന്നിറങ്ങിയ നിരവധി കലാകാരന്മാർ നമുക്ക് അവകാശപ്പെടാനുണ്ട്. ഇവരുടെ പാരമ്പര്യം നെറുകയിൽ ചൂടി കലാകവാടങ്ങൾ തുറന്ന പുത്തൻ തലമുറ നാടിന് മുതൽക്കൂട്ടാകുന്നു.

ആരിലും ഭക്തിയുണർത്തി സന്തോഷത്തിന്റെ ഞാറ്റൊലിയോടെ നടത്തുന്ന ഗ്രാമോത്സവങ്ങൾ നമുക്കുണ്ട്. നമ്മുടെ ഗ്രാമത്തിലെ ആദ്യകാലഉത്സവങ്ങളിൽ ഏറ്റവും പ്രധാനം കാട്ടാൽ ശ്രീഭദ്രകാളി ക്ഷേത്രത്തിലെ കുതിരകെട്ട് ഉത്സവമാണ്. ഗ്രാമത്തിലാകെ ഭക്തിചാരുതയുണർത്തിക്കൊണ്ട് തെക്കൻ കേരളത്തിലെ അവസാന ഭദ്രകാളി ക്ഷേത്രോത്സവമായി ഇന്നും നടത്തപ്പെടുന്നു.

ചരിത്രസ്മൃതികളുണർത്തുന്ന നാഞ്ചല്ലൂർ കാവ് പൗരാണികതയിലെ ദേവസങ്കൽപങ്ങളുമായി ഇന്നും നിലനിൽക്കുന്നു. ഒട്ടേറെ ഐതിഹ്യങ്ങളും കഥകളും പേറി ഈ ഗ്രാമത്തിൽ തലങ്ങും വിലങ്ങും നിറഞ്ഞു നിൽക്കുന്ന നിരവധി കാവുകൾ നമ്മുടെ സസ്യ-ജൈവ വ്യവസ്ഥക്ക് മുതൽകൂട്ടാണ്.

ഈ പഞ്ചായത്തിലെ തൃക്കാഞ്ഞിരപുരം മഹാദേവ ക്ഷേത്രം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ദേവാരണ്യം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വിശുദ്ധ കൊച്ചുത്രേസ്യായുടെ പേരിൽ ലോകത്തിലാദ്യമായി സ്ഥാപിച്ച ക്രിസ്തീയ ദേവാലയം ഈ പഞ്ചായത്തിലെ തൂങ്ങാംപാറയിലാണ്.

വിദ്യാകേന്ദ്രങ്ങളുടെ സംയോജനപ്രക്രിയയിൽ ക്രിസ്ത്യൻ മിഷണറിമാർ ഏറെ സംഭാവനകളുമായി മുന്നിൽ നിൽക്കുന്നു.

ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായി വിദ്യാഭ്യാസം തിരിച്ചറിവുകൾ സമ്മാനിച്ചപ്പോൾ നമ്മുടെ ഗ്രാമവും ഉണർന്നു. സ്ത്രീ വിവേചനത്തിന്റെ പുറം വാതിൽക്കൽ അറച്ചുനിന്നിരുന്ന സാമൂഹ്യപ്രസ്ഥാനങ്ങൾക്ക് മാതൃകയായി എട്ടിരുത്തിയിൽ ഉണ്ടായിരുന്ന പെൺ പള്ളിക്കൂടം പൊന്നറ ശ്രീ. ജി. ശ്രീധർ നമ്മുടെ ഗ്രാമത്തിന് സമ്മാനിച്ചപ്പോൾ മാതൃകാപരമായ സാമൂഹ്യവിപ്ലവത്തിന് തന്നെ അത് വഴിവച്ചു. അത് പൊന്നറ ശ്രീധർ മെമ്മോറിയൽ L.P. സ്കൂൾ എന്ന പേരിൽ ഇന്നും നിലനിൽക്കുന്നു.

ഔപചാരികതയുടെ സംഭാവനകൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏറ്റെടുത്തപ്പോൾ അനൗപചാരികവിദ്യാഭ്യാസപ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടായത് പ്രധാനമായും വ്യക്തികളുടെ ഗ്രന്ഥപ്പുരകൾ തന്നെ. ജനവിദ്യാ കേന്ദ്രങ്ങളും ഈ വഴിയിൽ ഏറെ സംഭാവനകൾ സമ്മാനിച്ചു. വിദ്യ വേരുറച്ച ഈ ഭൂമിയിൽ ടെക്നിക്കൽ സ്ഥാപനങ്ങളും ഇംഗ്ലീഷ് മീഡിയം സ്കൂളുകളും നിരവധി വിദ്യാകേന്ദ്രങ്ങളുമായി നമ്മുടെ പഞ്ചായത്ത് നിലകൊള്ളുന്നു. കലകളിൽ രജതരേഖകൾ രചിച്ച പുത്തൻ പ്രതിഭാധനന്മാർ നമുക്കുണ്ട്. പ്രശസ്ത ഗായകൻ ആമച്ചൽ രവി, സിനിമാ നിരൂപകനായ വിജയകൃഷ്ണൻ തുടങ്ങി പ്രശസ്തരും, അപ്രശസ്തരുമായ നിരവധി പ്രതിഭാധനന്മാരുടെ ജന്മഭൂമിയാണിവിടം.

ആറ് വാർഡുകളുമായി നിലവിൽ വന്ന കുളത്തുമ്മൽ പഞ്ചായത്ത് കാട്ടാക്കട പഞ്ചായത്തായി മാറിയപ്പോൾ സാംസ്കാരികമായി ഒരു പാട് ഔന്നത്യം നേടിക്കഴിഞ്ഞിരുന്നു. 1990-91 ൽ സാക്ഷരതാപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നിരവധി നേട്ടങ്ങൾ നമുക്കർഹതപ്പെട്ടതാണ്. പാരമ്പര്യത്തിൽ നിന്നും കാലം പിന്നെയും ഒരുപാട് മാറിയപ്പോൾ ഗ്രാമം പട്ടണമായി ത്തീർന്നു. ഇന്ന് ഒരു താലൂക്കായി ഉയരാൻ തക്ക പര്യാപ്തത നാം സ്വായത്തമാക്കി കഴിഞ്ഞിരിക്കുന്നു.

മതസൗഹാർദ്ദത്തിന്റെ വിളനിലമാണിവിടം. ജാതീയമോ, മതപരമോ ആയ സംഘട്ടനങ്ങൽക്ക് നമ്മുടെ ഗ്രാമം സാക്ഷിയായിട്ടില്ല എന്നുള്ളതിൽ നമുക്ക് അഭിമാനിക്കാം.

കലാസാംസ്കാരികരംഗത്ത് ഇന്ന് വളർന്നു വരുന്ന പുത്തൻ തലമുറയെ വിലയിരുത്തുമ്പോൾ നമ്മുടെ ഗ്രാമത്തിന്റെ ഭാവി ശോഭനമാണെന്ന് കാണാം.

## പ്രശ്നങ്ങൾ

1. ഒരു പൊതു കളിസ്ഥലത്തിന്റെ അഭാവം
2. ലൈബ്രറികളുടെ പ്രവർത്തനമാന്ദ്യം.
3. കുട്ടികളുടെ കലാ-കായികവിനോദങ്ങളും വായനാശീലവും പ്രോത്സാഹിപ്പിക്കാൻ സൗകര്യമില്ലായ്മ
4. നീന്തൽ കുളങ്ങളുടെ അഭാവം
5. സാംസ്കാരിക കേന്ദ്രങ്ങളുടെ കുറവ്.

## ഗ്രാമസഭകൾ നിർദ്ദേശിക്കുന്നു

1. കാട്ടാക്കട കേന്ദ്രമാക്കി പൊന്നറ ജി. ശ്രീധറുടെ പേരിൽ ഒരു സാംസ്കാരിക നിലയം പണിയുക
2. കാട്ടാക്കട സ്റ്റേഡിയത്തിൽ ഓപ്പൺ എയർ തീയേ

റ്ററും ഗ്രന്ഥശാലയും പണിയുക.

3. തൂങ്ങാംപാറ, എട്ടിരുത്തി വാർഡുകളുടെ സംഗമ സ്ഥാനമായ തൂങ്ങാംപാറ ജംഗ്ഷൻ കേന്ദ്രീകരിച്ച് കുട്ടികളുടെ പാർക്കും-തിയേറ്ററും, ഗ്രന്ഥശാലയും പണിയുക.
4. കസ്തൂർബാ ഗ്രന്ഥശാലയുടെ ശോചനീയവസ്ഥ പരിഹരിക്കുക.
5. കുരുതംകോട് വാർഡിലെ മിനി കമ്മ്യൂണിറ്റി ഹാൾ വൈദ്യുതീകരിക്കുകയും, ഒരു വായനശാലയും, സ്റ്റേഡിയവും നിർമ്മിക്കുക.
6. എട്ടിരുത്തിവാർഡിൽ സാംസ്കാരിക കേന്ദ്രവും ഗ്രന്ഥശാലയും പണിയുക.
7. എട്ടിരുത്തി വാർഡിനോട് ചേർന്നു കിടക്കുന്ന 'പെരുംകുളം' കേന്ദ്രീകരിച്ച് ഒരു നീന്തൽ പരിശീലനകേന്ദ്രം ആരംഭിക്കുക.
8. പ്ലാവൂർ വാർഡിലെ ചിറവരമ്പിൽ കളിസ്ഥലവും, സാംസ്കാരികനിലയവും, ഇളവൻ കോണത്ത് വായനശാലയും പണിയുക.
9. പാറച്ചൽ കേന്ദ്രീകരിച്ച് ഒരു ഓപ്പൺ എയർ തിയേറ്റർ പണിയുക.
10. കുളവിയോട് സാംസ്കാരികനിലയവും തോട്ടറ, കുന്നുവിള, കിഴമച്ചൽ, കുളവിയോട് എന്നിവിടങ്ങളിൽ T.V. സെൻററുകളും സ്ഥാപിക്കുക.
11. കാഞ്ഞിരംവിള റേഡിയോ പാർക്ക്, കിഴമച്ചൽ ഗാന്ധി തീയേറ്റർ എന്നിവ നവീകരിക്കുക.
12. ഗ്രാമലക്ഷ്മീ മഹിളാസമാജത്തിന് കെട്ടിടം പണിയുക.
13. ചെമ്പനാകോട് ഒരു കളിസ്ഥലം നിർമ്മിക്കുക.
14. ശാസ്ത്ര-ഗണിത-ചരിത്രപുസ്തകശാല സ്ഥാപിക്കുക.
15. പാപ്പനം കേന്ദ്രീകരിച്ച് പൊതുകളിസ്ഥലവും, വായനശാലയും സ്ഥാപിക്കുക.
16. ആമച്ചൽ മൈലച്ചിറ ഭാഗത്ത് വായനശാല സ്ഥാപിക്കുക
17. കോട്ടപ്പുറം റേഡിയോ കാസ്കിൻെറ പ്രവർത്തനം കാര്യക്ഷമമാക്കുക.
18. കായികതാരങ്ങൾക്ക് സ്പോർട്ട്സ് ഉപകരണങ്ങൾ നൽകുക
19. കട്ടയ്ക്കോട് റേഡിയോ കാസ്ക് നവീകരിച്ച് T.V. സ്ഥാപിക്കുക.
20. കട്ടയ്ക്കോട് ഒരു സാംസ്കാരികനിലയവും, മിനി കമ്മ്യൂണിറ്റി ഹാളും നീന്തൽ കുളവും സ്ഥാപിക്കുക.
21. ചന്ദ്രമംഗലം യുവജനകലാസമിതിയ്ക്കു കെട്ടിടം പണിയുന്നതിന് സഹായം നൽകുക.
22. അറവൻ കോണം, ആമച്ചൽ, കുച്ചപുറം, എന്നീ സ്ഥലങ്ങളിൽ T.V. സെൻററുകൾ സ്ഥാപിക്കുക.

# നിലവിലുള്ള ഗ്രന്ഥാലയങ്ങൾ

| | പേരും മേൽവിലാസവും | സ്ഥാപിച്ചവർഷം | കെട്ടിടത്തിൻെറ വിവരം | നിലവിലുള്ള അംഗസംഖ്യ | പുസ്തകങ്ങളുടെ എണ്ണം | പ്രതിമാസ പുസ്തക വിതരണം | സർക്കാർ ധന സഹായം | കീഴിൽ പ്രവർത്തിക്കുന്നവ. |
|---|---|---|---|---|---|---|---|---|
| 1. | കസ്തൂർബാ ഗ്രന്ഥശാല, കാട്ടാക്കട | 5.10.1949 | പഞ്ചായത്തുവക | 395 | 2603 | 450 | 1500/- | |
| 2. | റൈസിംഗ് സ്റ്റാർ കുച്ചപ്പുറം | 1960 | 8 | 150 | 25 | ഇല്ല | ഇല്ല | |
| 3. | സെൻറ് ആൻറണീസ് ലൈബ്രറി റീഡിംഗ് റൂം. | 1940 | സ്വന്തം | 837 | 7327 | 1425 | 3000/- | |
| 4. | ജ്ഞാന പ്രദായിനി ഗ്രന്ഥശാല കൊല്ലോട് | | സ്വന്തം | | | | ഉണ്ട് | |
| 5. | നേതാജി ഗ്രന്ഥശാല മംഗലയ്ക്കൽ | 1946 | സ്വന്തം | 1500 | 11,000/- | | ഉണ്ട് | |
| 6. | സരസ്വതി വിലാസം ഗ്രന്ഥശാല, ചെമ്പനാകോട് | 1951 | സ്വന്തം | 803 | 4644 | 800 | 10,000/- | നെഴ്സറി സ്കൂൾ [illegible] സ്പോർട്ട്സ് ക്ലബ്, [illegible] സാംസ്കാരിക [illegible] |

# നിലവിലുള്ള സാംസ്കാരിക കേന്ദ്രങ്ങൾ, സ്പോർട്ട്സ് ക്ലബുകൾ

| | പേരും മേൽവിലാസവും | സ്ഥാപിച്ച വർഷം | അംഗങ്ങൾ വിവരം | കെട്ടിടം മറ്റുവിവരങ്ങൾ | അഫിലേയഷൻ/ |
|---|---|---|---|---|---|
| 1. | മിഷ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് | 1980 | 472 | വാടക | നെഹ്റു യുവക് കേന്ദ്രം അഫിലിയേഷൻ സ്പോർട്ട്സ് കൗൺസിൽ |
| 2. | ആശ്രയ | | | വാടക | NYK |
| 3. | മൈത്രി H.R.D.C. | 1989 | 113 | വാടക | H.R.D.D. |
| 4. | സാഫല്യകൾച്ചറൽ സൊസൈറ്റി | 1991 | 82 | വാടക | |
| 5. | നവദർശന ആർട്ട്സ് ക്ലബ് | | | വാടക | |
| 6. | റൈസിംഗ് സ്റ്റാർ, കുച്ചപ്പുറം | | | സ്വന്തം | |
| 7. | സീയൂസ്, ചെമ്പനാകോട് | | | വാടക | |
| 8. | സരസ്വതി വിലാസം, സ്പോർട്ട്സ് ക്ലബ് | സ്വന്തം | | | |
| 9. | ജയ്ഭാരത്, കാനക്കോട് | 1984 | 60 | വാടക | NYK |
| 10. | യംഗ് മെൻസ് സ്പോർട്ട്സ് & മമത ആർട്ട്സ് | | | | |
| 11. | യംഗ് മെൻസ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് | | | | |
| 12. | S.I.A.M. മംഗലയ്ക്കൽ | 1993 | 30 | വാടക | KANFED |
| 13. | നവയുഗ, കളിയോർക്കോണം | | | | |
| 14. | ഫൈൻ ആർട്ട്സ് കട്ടയ്ക്കോട് | | | | |
| 15. | അരങ്ങ് കലാസാംസ്കാരിക സംഘം | 1995 | 45 | | |
| 16. | പ്രണവം ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് | | | വാടക | |
| 17. | തപസ്യ ബാലജനസംഖ്യം | 1985 | 69 | വാടക | അഖില കേരള ബാലജനസംഖ്യം |
| 18. | ടാഗൂർ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് | | | | |
| 19. | യുവജനകലാസമിതി ചന്ദ്രമംഗലം | | | | |

ക്കുകയും ശ്രീമതി കുഞ്ഞൂലക്ഷ്മി ടീച്ചർ പ്രഥമാധ്യാപികയായി നിയമിതയാവുകയും ചെയ്തു. വിദ്യാഭ്യാസ രംഗത്ത് നമ്മുടെ ഗ്രാമത്തിലെ സ്ത്രീകൾ വളരെ മുന്നിലാണ്. സ്കൂൾ കോളേജുതലങ്ങളിലെ വിദ്യാർത്ഥികളിൽ ഏകദേശം 55 % പെൺകുട്ടികളാണ്. വിദ്യാഭ്യാസ രംഗത്ത് ഇന്ന് സ്ത്രീകൾക്ക് മുൻഗണനയുണ്ടെങ്കിലും തൊഴിലില്ലായ്മ ഒരു പ്രധാന പ്രശ്നമായി വളർന്നിക്കുന്നു.

ഈ ഗ്രാമത്തിൽ പലതട്ടുകളിൽ പണിയെടുക്കുന്ന സ്ത്രീകൾ അധിവസിക്കുന്നു. ഗ്രാമജന സംഖ്യയുടെ 52% സ്ത്രീകളാണ്. നമ്മുടെ ഗ്രാമത്തിൽ മിക്ക തൊഴിൽ മേഖകളിലും സ്ത്രീകൾ പ്രവർത്തിക്കുന്നു. സ്കൂൾ കോളേജ് അദ്ധ്യാപകരിൽ ഭൂരിഭാഗവും സ്ത്രീജനങ്ങൾ തന്നെ. ആദ്യകാലത്ത് വിദ്യാഭ്യാസ സാംസ്കാരിക രംഗങ്ങളിൽ വനിതാപങ്കാളിത്തം നന്നേ കുറവായിരുന്നു. എന്നാൽ ഇതു മാറിയിരിക്കുന്നു ഉദ്യോഗസ്ഥരുടെയും തൊഴിലില്ലാത്തവരുടെയും എണ്ണം പരിഗണിച്ചാൽ ഒരു 'പെൺമ'യുടെ മേൽക്കോയ്മ തന്നെ കാണാം. നാം സമ്പൂർണ്ണ സാക്ഷരരാണെങ്കിലും അടിസ്ഥാന വിദ്യാഭ്യാസം ലഭിക്കാത്ത കുറച്ചു വനിതകൾ നമ്മുടെ ഗ്രാമത്തിലുണ്ട്.

ഗ്രാമത്തെ താങ്ങി നിറുത്തുന്നത് കാർഷിക മേഖലയാണ്. കാർഷിക മേഖലയിൽ 75 ശതമാനത്തോളം സ്ത്രീകളാണ് പ്രവർത്തിക്കുന്നത്. കൂടാതെ അലക്ക്, ചൂരൽപ്പണി, പാനെയ്ത്ത് തുടങ്ങിയ മേഖലകളിൽ പണിയെടുക്കുന്നവരിലും സ്ത്രീകളുടെ പ്രാതിനിധ്യമാണ് കൂടുതൽ. എന്നാൽ ഇക്കാലത്ത് ഈ തൊഴിൽ മേഖലയിൽ ആവശ്യത്തിന് തൊഴിലാളികളെ ലഭ്യമാകുന്നില്ല. ഇതിന്റെ അടിസ്ഥാനകാരണം പുരുഷനെ അപേക്ഷിച്ച് സ്ത്രീകളുടെ തൊഴിൽവേതനം കുറവാണ്. ഇവിടെ എപ്പോഴും സ്ത്രീകൾ ചൂഷിതരാകുന്നു. ഇതിനൊരു പരിഹാരം കാണുകയെന്നത് വളരെ അത്യാവശ്യമാണ്.

വനിതകൾക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ട വനിതാ സമാജങ്ങളുടെയും അംഗൻവാടികളുടെയും സഹകരണസംഘടനകളുടെയും അപര്യാപ്തത നമ്മുടെ ഗ്രാമത്തിന്റെ ശാപമായിത്തന്നെ നിൽക്കുന്നു. നമ്മുടെ ഗ്രാമപഞ്ചായത്തിൽ രണ്ട് വനിതാ സഹകരണ സംഘങ്ങളാണുള്ളത്. ശിശുക്ഷേമത്തിന് മാർഗ്ഗ-നിർദ്ദേശം നൽകുന്ന അംഗൻവാടികൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ലെന്നത് ഖേദകരമായ ഒരു വസ്തുതയാണ്. രണ്ട് ബാലവാടികളും ആറ് ക്രഷും ഇരുപത്തിമൂന്ന് മഹിളാസമാജങ്ങളും നാമമാത്രമായി പ്രവർത്തിക്കുന്നു.

കേന്ദ്രസർക്കാർ നടപ്പിൽ വരുത്താനുദ്ദേശിക്കുന്ന



# വനിത

ഭാരതീയ സമൂഹത്തിൽ സ്ത്രീയ്ക്ക് അഭിമാനകരമായ സ്ഥാനമാണുള്ളത്. സമൂഹത്തിന്റെ പുരോഗതിക്കും നിലനിൽപിനും പുരുഷനോടൊപ്പം സ്ത്രീക്കും തുല്യപ്രാധാന്യം ലഭിച്ചിരിക്കുന്നു. എന്നാൽ ആധുനിക സംസ്കാരത്തിൽ അനുദിനം മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. സമസ്ത മേഖലകളിലും വനിതകൾക്കു വേണ്ടുന്ന പ്രാതിനിധ്യത്തെക്കുറിച്ചും അവർ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും ചർച്ച ചെയ്യപ്പെടുന്ന കാലമാണിത്. ഇതിന്റെ അലയടികൾ കാട്ടാക്കട പഞ്ചായത്തിലും ഉയർന്നുതുടങ്ങിയിട്ട് കാലമേറെയായി. വനിതകൾ നേരിടുന്ന പ്രശ്നങ്ങൾ അനവധിയാണ്. എന്നാൽ മറ്റുപ്രദേശങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ നമ്മുടെ ഗ്രാമം സ്ത്രീക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നു എന്ന് കാണാം. ഇതിനു കാരണം കാട്ടാൽ ദേവീക്ഷേത്രത്തോടനുബന്ധിച്ചുള്ള ഐതിഹ്യമാവണം.

പണ്ടുകാലങ്ങളിൽ അറിഞ്ഞോ അറിയാതെയോ അടുക്കളയിൽ തളയ്ക്കപ്പെട്ടതായിരുന്നു സ്ത്രീ ജീവിതം. വിദ്യാഭ്യാസ സംസ്കാരങ്ങളിൽ കാൽകുത്തുവാൻ പോലും മതവും പുരുഷമേധാവിത്വവും അവളെ അനുവദിച്ചില്ല. പ്രാഥമിക വിദ്യാഭ്യാസം പോലും ലഭിക്കാതെ കുടുംബത്തിന്റെ നന്മയ്ക്കായി അവർ അഹോരാത്രം പണിയെടുത്തു. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി പൊന്നറ ജി. ശ്രീധറുടെ ശ്രമഫലമായി കാട്ടാക്കടയിൽ ഒരു പെൺപള്ളിക്കൂടം സ്ഥാപി

33%സംവരണം വനിതകൾക്ക് നേതൃത്വപദവികളിലേയ്ക്കുള്ള ചവിട്ടുപടികളിൽ പ്രധാനമായിരിക്കും. ഈ നടപടി നമ്മുടെ സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ ഗുണകരമായ മാറ്റങ്ങൾക്ക് കാരണമാകുമെന്നതിൽ സംശയമില്ല. ഈ ഗ്രാമജനസംഖ്യയിൽ ഭൂരിഭാഗം വരുന്ന വനിതകൾ. ഗ്രാമത്തിന്റെ സാംസ്കാരിക സാമൂഹിക ധാരയിൽ നിരവധി സംഭാവനകൾ നൽകുവാൻ കഴിയും എന്ന വസ്തുത നാം വിസ്മരിക്കേണ്ടതല്ല.

**പ്രശ്നങ്ങൾ**

- സ്ത്രീകളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പഠന സൗകര്യങ്ങളുടെയും പദ്ധതികളുടെയും അപര്യാപ്തത.
- അംഗൻവാടികളുടെയും ക്രഷുകളുടെയും അഭാവം
- തൊഴിൽ പരിശീലനങ്ങളിലുള്ള സൗകര്യക്കുറവ്.
- തുടർ വിദ്യാഭ്യാസ പരിപാടികളിൽ വന്ന മാന്ദ്യം
- മഹിളാ സമാജങ്ങളുടെ പ്രവർത്തന മാന്ദ്യം.
- പുരുഷമേധാവിത്വപരമായ സമൂഹത്തിലെ പ്രവണതകളുംസദാചാരബോധവും നില നിൽക്കുന്നു. അതുകൊണ്ടുതന്നെ പൊതുപ്രപവർത്തന രംഗത്ത് വരുന്ന സ്ത്രീകൾ പരിഹസിക്കപ്പെടുന്നു.
- വീടുകളിൽ ഉത്തരവാദിത്വങ്ങൾ മുഴുവൻ സ്ത്രീകൾക്കായതുകൊണ്ട് സമയക്കുറവ് മൂലം ഒരു വിഭാഗത്തിന് പൊതു പ്രവർത്തന രംഗത്ത് വരാൻ സാധിക്കുന്നില്ല.
- സ്ത്രീകൾക്കിടയിൽ തൊഴിലില്ലായ്മ രൂക്ഷമാണ്. സാമ്പത്തിക ഭദ്രതയില്ലായ്മ സ്ത്രീയെ അടുക്കളയിലൊതുക്കുന്നു.
- ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാനുള്ള ആത്മവിശ്വാസക്കുറവ്
- സ്ത്രീകളുടെ കഴിവിനെ അംഗീകരിച്ച് ഉത്തരവാദിത്വങ്ങൾ ഏല്പിക്കാൻ പുരുഷന്മാർ തയ്യാറാകുന്നില്ല.
- തൊഴിൽ മേഖലകളിൽ ഏറെയും പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾക്ക് കൂലിനിരക്ക് കുറവാണ്.
- സ്ത്രീകൾക്കു മാത്രമായ പരിശീലന കേന്ദ്രങ്ങളില്ല.
- അഭ്യസ്തവിദ്യരായ സ്ത്രീകളുടെ ഇടയിൽപ്പോലും ശാസ്ത്രീയബോധനിലവാരം കുറയുന്നു.
- സ്ത്രീകളുടെ ഇടയിൽ വായനാശീലം കുറയുന്നു. പൈങ്കിളി വാരികകളും മറ്റ് ദൃശ്യമാധ്യമങ്ങളും സ്ത്രീകളിൽ സ്വാധീനം ചെലുത്തുന്നു.
- മദ്യപാനം മൂലം ദുരിതമനുഭവിക്കുന്നത് സ്ത്രീകളാണ്
- സ്ത്രീധന സമ്പ്രദായം മൂലം സ്ത്രീകൾ ദുരിതമനുഭവിക്കുന്നു.
- സ്ത്രീകൾക്കായുള്ള സഹായപദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ

**നിർദ്ദേശങ്ങൾ**

1 പ്രാഥമികവിദ്യാഭ്യാസ കാലയളവിൽത്തന്നെ ആൺ-പെൺ വിവേചനമില്ലാതെ പൊതുപ്രവർത്തനരംഗത്തേക്ക് വരാനുതകുന്ന മാനസികാവസ്ഥയും ആത്മവിശ്വാസവും വളർത്തുന്ന രീതിയിലുള്ള ശിക്ഷണം പെൺകുട്ടികൾക്ക് ലഭ്യമാക്കണം

2 കൂലിനിരക്കിലെ അന്തരം ഇല്ലാതാക്കണം

3 സ്ത്രീകൾക്ക് തൊഴിൽ സാധ്യത വർദ്ധിപ്പിക്കണം. സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തണം

4 ഓരോ പ്രദേശത്തിന്റെയും സാധ്യതയ്ക്കനുസരിച്ച് തൊഴിൽ പരിശീലനം ലഭ്യമാക്കണം

5 വനിതകൾക്കായുള്ള സ്വയം തൊഴിൽ സഹായ പദ്ധതികൾ ഉണ്ടാകണം.

6 സാദ്ധ്യതയുള്ള തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയും അതിനുമേൽ പഞ്ചായത്തിന്റെ നിയന്ത്രണവും മേൽനോട്ടവും ഉണ്ടാവണം

7 പ്രാഥമികാരോഗ്യകേന്ദ്രങ്ങളുടെ പ്രയോജനപ്രദമായ പ്രവർത്തനം ഉറപ്പുവരുത്തണം

8. ഗർഭിണികൾക്കും കുട്ടികൾക്കും പോഷകാഹാരം ലഭ്യമാക്കണം

9 സ്ത്രീകൾക്ക് മാത്രമായി ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിഅവരിൽ ശാസ്ത്രീയാവബോധം വളർത്തണം

10 അംഗൻവാടികളുടെ പ്രവർത്തന സൗകര്യം മെച്ചപ്പെടുത്തണം

11 ആരോഗ്യത്തെ ബാധിക്കാത്ത അടുപ്പുകളും മറ്റും വ്യാപകമാക്കണം

12 തൊഴിൽ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി ക്രഷുകൾ സ്ഥാപിക്കണം

13 തൊഴിലവസരങ്ങളെക്കുറിച്ചും നിയമനങ്ങളെക്കുറിച്ചും സ്ത്രീകൾക്ക് അറിവ് നൽകണം.

14 അർഹതയുള്ള സ്ത്രീകൾക്ക് മുഴുവനും പെൻഷൻ ആനുകൂല്യം നൽകണം.

ഗ്രാമസഭകൾ ആവശ്യപ്പെടുന്നു.

1. തൊഴിൽ മേഖലകളിൽ സ്ത്രീപ്രാതിനിധ്യം ഉറപ്പുവരുത്തുക

2 സാങ്കേതിക രംഗത്ത് സ്ത്രീകൾക്ക് മാത്രമായി തൊഴിൽ പരിശീലനകേന്ദ്രങ്ങൾ സ്ഥാപിക്കുക.

3. സ്ത്രീ–പുരുഷ വേതന നിരക്ക് ഏകീകരിക്കുക, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക

4 സ്ത്രീകൾക്ക് ഗ്രൂപ്പുകളായി ചെയ്യാവുന്ന വ്യവസായങ്ങൾ പഞ്ചായത്ത് തലത്തിൽ ആരംഭിക്കുക.

5 മഹിളാ സമാജങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുക

6 ചെമ്പനാകോട് കേന്ദ്രമായി DWCRA പദ്ധതി ആരംഭിക്കുക.

7 കാട്ടാക്കട വനിതാ സഹകരണ സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക

8 പ്ലാവൂർ വാർഡിൽ അംഗൻവാടിയും മഹിളാസമാജങ്ങളും ആരംഭിക്കുക

9 കുരുതംകോട് വാർഡിലെ ക്രഷിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. സ്വന്തമായി കെട്ടിടം ചെയ്യാൻ സാമ്പത്തിക സഹായം നൽകണം.

10 ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കണം

11 കുരുതംകോട് വാർഡിൽ ഒരു പാൽ ഉൽപന്ന യൂണിറ്റും തയ്യൽ യൂണിറ്റും സ്ഥാപിക്കുക.

12 കട്ടയ്ക്കോട് വനിതാ കൊപ്ര പ്രോസസിംഗ് യൂണിറ്റിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തുക.

13 സ്ത്രീപീഠനത്തിനെതിരെ ബോധവൽക്കരണവും, ഇരയാകുന്ന വനിതകളെ സാമ്പത്തികമായി സഹായിക്കുകയും ചെയ്യുക.



സമൃദ്ധിസ്വപ്നവുമായി ഗ്രാമസഭകൾ



# സഹകരണം

ഓരോരുത്തരും എല്ലാവർക്കും വേണ്ടി എല്ലാവരും ഓരോരുത്തർക്കും വേണ്ടി (Each for all and all for each) ഈ ആശയം ഉയർത്തിപിടിക്കുന്ന സഹകരണപ്രസ്ഥാനം 1904 ൽ ആണ് ഇന്ത്യയിൽ പ്രവർത്തനം ആരംഭിച്ചത്. മറ്റ് രാജ്യങ്ങളിൽ നിന്നും വ്യത്യസ്തമായി വായ്പാ സംഘങ്ങളായിട്ടാണ് ഇവിടെ തുടക്കമിട്ടത്. സഹകരണപ്രസ്ഥാനത്തിൻെറ നോട്ടം എത്താത്ത പ്രദേശങ്ങളോ മേഖലകളോ ഇവിടെയില്ല. ഗുജറാത്ത് കേന്ദ്രമായി പ്രവർത്തിക്കുന്ന ആനന്ദ് മിൽക്ക് മാർക്ക്റ്റിംഗ് സൊസൈറ്റി നമ്മുടെ സഹകരണപ്രസ്ഥാനത്തിൻെറ വളർച്ച വിളിച്ചറിയിക്കുന്ന ഒന്നാണ്. സർക്കാർ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ തൊഴിൽ അവസരം പ്രദാനം ചെയ്യുന്ന ഒരു മേഖല കൂടിയാണിത്.

ഗുജറാത്ത്, മഹാരാഷ്ട്ര, കേരളം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളാണ് ഈ പ്രസ്ഥാനത്തിൻെറ ചിട്ടയായ പ്രവർത്തനത്തിന് മുന്നിട്ട് നിൽക്കുന്നത്. കേരളത്തിൽ ഏതെങ്കിലും ഒരു സഹകരണപ്രസ്ഥാനം ഇല്ലാത്ത ഒരു വില്ലേജുപോലുമില്ല. വിത്തും വളവും കാർഷിക ഉപകരണങ്ങളും കർഷകന് ലഭ്യമാക്കുന്നതിനുവേണ്ടിയാണ് ഈ പ്രസ്ഥാനം ഇവിടെ തുടക്കമിട്ടത്. കേരളത്തിലെ ജനങ്ങളിൽ 1/5 ആൾ ഇന്ന് ഏതെങ്കിലും ഒരു സഹകരണസംഘത്തിൽ അംഗമാണ്.

കാട്ടാക്കട, പൂവച്ചൽ, പ്രദേശങ്ങളിൽ സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത് അമ്പലത്തിൻകാല കേന്ദ്രമാക്കി ചെമ്പനാകോട് സഹകരണസംഘം (No. 304) രൂപീകരിച്ചു കൊണ്ടാണ്. തുടർന്ന് പഞ്ചായത്തിൽ വ്യത്യസ്ത മേഖകളിലായി പ്രവർത്തിക്കുന്ന ധാരാളം സഹകരണസംഘങ്ങൾ രൂപം കൊണ്ടെങ്കിലും നാമമാത്രമായവ മാത്രമേ ഇന്ന് പ്രവത്തനരംഗത്തുള്ളൂ. ആമച്ചൽ സർവ്വീസ് സഹകരണബാങ്കും കട്ടയ്ക്കോട് സർവ്വീസ് സഹകരണബാങ്കും കുളത്തുമ്മൽ അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് സൊസൈറ്റിയായി പ്രവർത്തനമാരംഭിച്ച ഇപ്പോഴത്തെ കണ്ടലസർവ്വീസ് സഹകരണ ബാങ്കും കാട്ടാക്കട മാർക്കറ്റിംഗ് സഹകരണസംഘവും നല്ല നിലയിൽ പ്രർത്തിക്കുന്നവയാണ്. കാട്ടാക്കട വിദ്യാഭ്യാസസഹകരണസംഘം, അമ്പലത്തിൻ കാലയിലും ആമച്ചലിലുമുള്ള അപ്കോസ് സംഘങ്ങൾ, കാട്ടാക്കട വനിതാ സഹകരണസംഘം എന്നിവയുടെ പ്രവർത്തനം ആശാവഹമാണ്.

കാട്ടാക്കട പട്ടികജാതി-പട്ടികവർഗ്ഗസഹകരണ സംഘം, കൺസ്ട്രക്ഷൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ചന്ദ്രമംഗലം, കട്ടയ്ക്കോടും ആമച്ചലിലും പ്രവർത്തിക്കുന്ന റബ്ബർ ഉൽപാദന സഹകരണസംഘങ്ങൾ, ചെവിടംകോട് തേനീച്ചവളർത്തൽ സഹകരണസംഘം, ആമച്ചൽ ഇഷ്ടിക വ്യവസായ സഹകരണസംഘം, മംഗലയ്ക്കൽ കൺസ്യൂമർ സഹകരണസംഘം, കാട്ടാക്കട ഗൗൺ കൈത്തറി വ്യവസായ സഹകരണ സംഘം എന്നിവ ഇന്നും വളർന്നു കയറാനുള്ള തിടുക്കത്തിൻെറ പാതയിൽ മാത്രമാണ്. കൂടാതെ തിരുവനന്തപുരം ജില്ലാസഹകരണ ബാങ്കിൻെറ കാട്ടാക്കട ശാഖ നെയ്യാറ്റിൻകര താലൂക്ക് സഹകരണബാങ്കിൻെറ ശാഖ അദ്ധ്യാപക സഹകരണസംഘത്തിൻെറ ശാഖ എന്നിവയും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

സ്കൂൾ കുട്ടികൾക്കാവശ്യമായ പഠനോപകരണങ്ങൾ വിതരണം ചെയ്യുന്നതിൽ കാട്ടാക്കട, കുളത്തുമ്മൽ, പ്ലാവൂർ ഹൈസ്കൂളുകളിലെ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ ശ്രദ്ധിച്ചുവരുന്നു.

## ആമച്ചൽ സർവ്വീസ് സഹകരണ സംഘം (No. 1103)

ചെമ്പനാകോട്, പാറച്ചൽ, ആമച്ചൽ, കുരുതംകോട്, പ്ലാവൂർ, ചന്ദ്രമംഗലം, കാട്ടാക്കട വാർഡിൻെറ പകുതി എന്നിവ പ്രവർത്തനപരിധിയാക്കി കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കാനായി 1925-ൽ ആണ് ഈ സംഘം നിലവിൽ വന്നത്. 4231 അംഗങ്ങൾ ഉള്ള ഈ സംഘത്തിലെ കർഷകർക്ക് ആവശ്യമായ മുഴുവൻ വായ്പ ലഭ്യമാക്കണമെങ്കിൽ ഇനിയും വിഭവം കണ്ടെത്തേണ്ടതായിട്ടുണ്ട്. കാർഷിക ആവശ്യത്തിനായി ഹൃസ്വകാല മധ്യകാല വായ്പകൾ നൽകുക, അംഗങ്ങളിൽ നിന്നും അല്ലാത്തവരിൽ നിന്നും നിക്ഷേപങ്ങൾ സ്വീകരിക്കുക, സ്വർണ്ണപണയത്തിന്മേൽ വായ്പകൾ നൽകുക, തുടങ്ങിയവയാണ് ഇതിൻെറ പ്രവർത്തനങ്ങളിൽ പ്രധാനം.

## കട്ടയ്ക്കോട് സർവ്വീസ് സഹകരണ ബാങ്ക് (T 145)

കട്ടയ്ക്കോടും സമീപപ്രദേശങ്ങളിലുമുള്ള ജനങ്ങളുടെ സാമൂഹിക സാമ്പത്തിക ഉന്നമനത്തിനായി പ്രവർത്തിച്ച മോൺ-സിത്തോർ ഗബ്രിയേൽ ഡിക്രൂസ് മുൻകൈയെടുത്ത് 1960 ൽ ആരംഭിച്ചതാണ് ഈ സംഘം. കർഷകർക്ക് ആവശ്യമായ ഹൃസ്വകാല ദീർഘകാല വായ്പകൾ അനുവദിക്കുക, ചെറുകിട കച്ചവടക്കാർക്കാവശ്യമായ വായ്പകൾ നൽകുക, സ്വർണ്ണപണയത്തിന്മേൽ വായ്പകൾ നൽകുക എന്നിവ ഈ ബാങ്കിൻെറ പ്രവർത്തനത്തിൽ എടുത്തുപറയത്തക്കവയാണ്. സർക്കാർ ഓഹരിയുള്ള ഈ സ്ഥാപനത്തിലെ അംഗങ്ങളുടെ എണ്ണം 5000 ഓളം ആണ്.

## നെയ്യാറ്റിൻകര മാർക്കറ്റിംഗ് സഹകരണസംഘം (T. 730)

### കാട്ടാക്കട

നെയ്യാറ്റിൻകര, നെടുമങ്ങാട്, തിരുവനന്തപുരം, എന്നീ താലൂക്കുകളെ പ്രവർത്തനപരിധിയാക്കി 1979 ൽ ആണ് ഈ സംഘം പ്രവർത്തനമാരംഭിച്ചത്. ഒമ്പത് ബ്രാഞ്ചുകളുമായി മൂന്നു താലൂക്കുകളിൽ അങ്ങോളമിങ്ങോളം കാർഷിക ഉൽപന്നങ്ങൾ സംഭരിച്ച് വിതരണം നടത്തുന്ന ഈ സ്ഥാപനത്തിൻെറ ആസ്ഥാനം നമ്മുടെ പഞ്ചായത്താണെന്നുള്ളത് അഭിമാനാർഹമാണ്. റബ്ബർ കർഷകർക്ക് ഏറെ ആശ്വാസം നൽകി പ്രവർത്തിക്കുന്ന ഈ സ്ഥാപനം കെട്ടിട നിർമ്മാണ വസ്തുക്കൾ വിതരണം ചെയ്യുന്നതിൽ മറ്റു സ്വകാര്യ സ്ഥാപനങ്ങളെക്കാൾ ഏറെ മുൻപന്തിയിലാണ്. അംഗങ്ങളുടെ എണ്ണം 2700 ആണെങ്കിലും പ്രവർത്തനപരിധിയുമായി തട്ടിച്ചു നോക്കുമ്പോൾ അംഗസംഖ്യ വളരെ പരിമിതമാണ്.

## കാട്ടാക്കട വനിതാ സഹകരണ സംഘം (No. T. 956)

കാട്ടാക്കട പഞ്ചായത്തിലെ വനിതകളുടെ സാമൂഹിക സാമ്പത്തിക ഉന്നമനത്തിനായി 1987 ൽ ആണ് ഈ സംഘം നിലവിൽ വന്നത്. ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, തയ്യൽ, എംബ്രോയി ഡറി, എന്നിവ പരിശീലിപ്പിക്കുന്ന ഈ സ്ഥാപനത്തിൻെറ വികസന സാദ്ധ്യതകൾ വിശാലമാണ്. സ്കൂൾ കുട്ടികൾക്കാവശ്യമായ ബാഗ്, കുട എന്നിവ നിർമ്മിച്ച് വിതരണം ചെയ്യുന്ന പദ്ധതി ഈ സ്ഥാപനത്തിൻെറ ഉടൻ ആരംഭിക്കുന്ന പ്രവർത്തനങ്ങളിലൊന്നാണ്. ചെറുകിട വായ്പ 1000 രൂപായിൽ നിന്നും 2000 മോ അതിലധികമോ ആക്കി മാറ്റണമെന്നതാണ് അംഗങ്ങളുടെ പ്രധാന ആവശ്യം. വായ്പ വാങ്ങുന്നവർ തിരിച്ചടയ്ക്കുന്നതിൽ കാണിക്കുന്ന ഉദാസീനത പ്രധാനമായും ഈ ബാങ്കിൻെറ മുന്നോക്കം പോക്കിനെ പിടിച്ചുനിർത്തുന്നു.

## കാട്ടാക്കട വിദ്യാഭ്യാസ സഹകരണസംഘം (No. T. 755)

നെയ്യാറ്റിൻകര താലൂക്കിലെ ബിരുദധാരികളും അദ്ധ്യാപനജോലിയിൽ താൽപര്യമുള്ളവരുമായ ആളുകളെ ഉൾപ്പെടുത്തി 1980 ൽ പ്രവർത്തനമാരംഭിച്ചതാണ് ഈ സംഘം. തുടക്കത്തിൽ അഭ്യുദയകാംക്ഷികളെയും അംഗമാക്കിയിരുന്നെങ്കിലും ഒരു ബൈലാ ഭേദഗതിയിലൂടെ അംഗത്വം ബിരുദധാരികൾക്ക് മാത്രമായി നിജപ്പെടുത്തി. ഇപ്പോൾ 68 അംഗങ്ങളുണ്ട്. സർക്കാരിൽ നിന്നു ലഭിച്ച 5 ലക്ഷം രൂപയും അംഗങ്ങളുടെ ഓഹരിയായി 10205 രൂപ ജില്ലാ സഹകരണബാങ്കിൽ നിന്നും വായ്പയായി ലഭിച്ച 6 ലക്ഷം രൂപയുമാണ് സംഘത്തിൻെറ ആകെ വരവ്. 1500 ൽ അധികം വിദ്യാർത്ഥികൾക്ക് പഠിക്കാവുന്ന തരത്തിൽ 21 ക്ലാസ്മുറികളുള്ള ഒരു കോ-ഓപ്പറേറ്റീവ് പാരലൽ കോളേജ് സംഘം നടത്തുന്നുണ്ട്. 1995 മുതൽ ഇവിടെ കമ്പ്യൂട്ടർ ക്ലാസുകളും നടത്തുന്നു. അഭ്യസ്തവിദ്യരായ നിരവധിയാളുകൾക്ക് ഈ സംഘം ഒരു ആശാകേന്ദ്രമാണ്.

## ക്ഷീരവ്യവസായ സഹകരണസംഘം

വിശാല വികസനസാധ്യതയുള്ള കാട്ടാക്കടയിലെ പ്രമുഖ വ്യവസായ സഹകരണസ്ഥാപനമാണിത്. ഇപ്പോൾ ഒമ്പത് പേർ ജോലി ചെയ്യുന്ന ഈ സ്ഥാപനം 1956 ൽ ആണ് രജിസ്ട്രർ ചെയ്തത്. കാലിത്തീറ്റ ഫാക്ടറിയും ഐസ്ക്രീം പ്ലാൻറും ഒക്കെയുള്ള സമീപ പഞ്ചായത്തിലെ സ്ഥാപനവുമായി തട്ടിച്ചുനോക്കിയാൽ പ്രവർത്തനം ഒട്ടും തന്നെ തൃപ്തികരമല്ല. പാൽ സംഭരണ വിതരണകാര്യത്തിൽ മാത്രമാണ് ഇപ്പോൾ ഈ സ്ഥാപനം ശ്രദ്ധ പതിപ്പിച്ചിരിക്കുന്നത്.

## ചെവിടംകോട് തേനീച്ച വളർത്തൽ സഹകരണസംഘം (No. T. 96)

1984 ൽ ആരംഭിച്ച ഈ സംഘത്തിൻെറ പ്രവർത്തന പരിധി കാട്ടാക്കട പഞ്ചായത്തിലെ പതിമൂന്ന് വാർഡുകളുമാണ്. തേനീച്ച വളർത്തലുമായി ബന്ധപ്പെടുന്നവരെ സാമ്പത്തികമായി സഹായിക്കുകയാണ് ഇതിൻെറ പ്രധാനലക്ഷ്യം. തേനീച്ച രോഗം. തേനീച്ച

കൂടിൻെറ അപര്യാപ്തത എന്നീ കാരണങ്ങളാൽ ഈ സംഘത്തിൻെറ പ്രവർത്തനം തൃപ്തികരമല്ല. 10650 രൂപ ഓഹരി മൂലധനമായി സംഭരിച്ച ഈ സ്ഥാപനത്തിൻെറ അംഗസംഖം വെറും 44 പേർ മാത്രമാണ്.

## കിള്ളി ഹരിജൻ സഹകരണസംഘം

കാട്ടാക്കടയിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തനമാരംഭിച്ച കിള്ളി-ഹരിജൻ സഹകരണസംഘം ഇന്ന് പ്രവർത്തനരഹിതമാണ്. കൂടുതൽ വിവരം ലഭിച്ചിട്ടില്ല.

## കാട്ടാക്കട കൺസ്യൂമർ സഹകരണസംഘം

കൺസ്യൂമർ രംഗത്ത് നിർണ്ണായപങ്ക് വഹിക്കേണ്ടിയിരുന്ന കാട്ടാക്കട കൺസ്യൂമർ സഹകരണസംഘം പ്രവർത്തനമാരംഭിച്ചതും നിലച്ചതും ഒരേ കാലത്തിലായിരുന്നു.

## ആമച്ചൽ ക്ഷീരവ്യവസായ സഹകരണസംഘം

ആമച്ചൽ കേന്ദ്രമായ മേഖലയിലെ ക്ഷീരകർഷകരുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്നു. കഴിഞ്ഞ വർഷങ്ങളിൽ ഈ സംഘ വളരെ മെച്ചപ്പെട്ട പ്രവർത്തനമാണ് കാഴ്ചവെച്ചത്. ക്ഷീരോൽപാദനമേഖലയുമായി ബന്ധപ്പെട്ട രംഗങ്ങളിലേക്കും പ്രവർത്തനം വ്യാപിക്കുവാനുള്ള ശ്രമം നടക്കുന്നു.

കൂടാതെ,

അമ്പലത്തിൻകാല ക്ഷീരവ്യവസായ സഹകരണ സംഘം

ഇഷ്ടിക വ്യവസായ സഹകരണസംഘം, ആമച്ചൽ

മംഗലയ്ക്കൽ കൺസ്യൂമർ സഹകരണസംഘം

കാട്ടാക്കട കൈത്തറി സഹകരണസംഘം, കാട്ടാക്കട.

കൺസ്ട്രക്ഷൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ചന്ദ്രമംഗലം ഇവയും പ്രവർത്തിക്കുന്നു.

## പ്രശ്നങ്ങൾ

1. സഹകരണസ്ഥാപനങ്ങളിലെ അംഗത്വം അർഹതയുള്ളവർക്ക് പല കാരണങ്ങളാൽ നിഷേധിക്കപ്പെടുന്നു.
2. ക്രെഡിറ്റ് സഹകരണസംഘങ്ങൾ കൃഷിക്കാരുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള സ്കീമുകൾ തയ്യാറാക്കുന്നതിൽ വേണ്ടത്ര താൽപര്യം കാണിക്കുന്നില്ല.
3. ലഭ്യമാകുന്ന ക്ഷീരം പ്രയോജനപ്പെടുത്തി അമുൽ, അമൂല്യ തുടങ്ങിയവപോലുള്ള വ്യവസായം തുടങ്ങുന്നതിന് ശ്രദ്ധിക്കുന്നില്ല.
4. മാർക്കറ്റിംഗ് സഹകരണസംഘത്തിൻെറ പ്രയോജനം വാർഡ് പ്രദേശങ്ങളിൽ ലഭ്യമാകുന്നില്ല.
5. വായ്പകൾ തിരിച്ചടയ്ക്കുന്നതിൽ അംഗങ്ങൾ വീഴ്ച വരുത്തുന്നതിനാൽ സംഘങ്ങളുടെ പുരോഗമനത്തെ ബാധിക്കുന്നു.
6. പഞ്ചായത്തിൻെറ പൊതുവികസനപദ്ധതികളിൽ സഹകരണസംഘങ്ങളുടെ പങ്കാളിത്തം കുറവാണ്.
7. പ്രാഥമിക സർവീസ് സഹകരണ ബാങ്കുകൾ നൽകിവരുന്ന വായ്പകളിൽ മറ്റ് വായ്പകളെ അപേക്ഷിച്ച് കാർഷിക വായ്പകളുടെ വിതരണം കുറവാണ്.
8. വായ്പാ കുടിശ്ശിക വർഷം തോറു കൂടി വരുന്നു.
9. വായ്പകളുടെ വിനിയോഗത്തിൽ വേണ്ടത്ര പരിശോധന നടക്കുന്നില്ല.

## നിർദ്ദേശങ്ങൾ

1. റബ്ബർ അസംസ്കൃത വസ്തുവാക്കി നിരവധി തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്ന തരത്തിൽ വ്യവസായ സഹകരണസംഘം ആരംഭിക്കുക.
2. സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനായി വനിതാ വ്യവസായ സഹകരണസംഘം ആരംഭിക്കുക.
3. പട്ടികജാതി-പട്ടികവർഗ്ഗ സഹകരണസംഘത്തിൻെറ പ്രവർത്തനം മെച്ചപ്പെടുത്തുക.
4. എല്ലാ വാർഡുകളിലും ആനന്ദ് മാതൃകയിലുള്ള ക്ഷീരോൽപാദനസഹകരണസംഘങ്ങൾ ആരംഭിക്കുക.

5. സഹകരണസംഘങ്ങൾ വഴിയുള്ള ലോൺ വിതരണം ലളിതമാക്കുക.

6. ക്ഷീരവ്യവസായ സഹകരണസംഘവുമായി ബന്ധപ്പെട്ട് ഒരു കാലിത്തീറ്റ നിർമ്മാണകേന്ദ്രം സ്ഥാപിക്കുക.

7. ആമച്ചൽ സർവ്വീസ് സഹകരണബാങ്കിൻെറ ശാഖ അമ്പലത്തിൻകാലയിൽ ആരംഭിക്കുക.

8. കട്ടയ്ക്കോട് സഹകരണബാങ്കിൻെറ ശാഖ കൊല്ലോട് ആരംഭിക്കുക.

9. സഹകരണപൗൾട്രീഫാം ആരംഭിക്കുക.

10. സഹകരണറബ്ബർ നഴ്സറി ആരംഭിക്കുക.

11. ഖാദിബോർഡും സഹകരണമേഖലയുമായി സംയോജിച്ച് സഹകരണസംഘങ്ങൾ ആരംഭിക്കുക.

12. കാട്ടാക്കട കേന്ദ്രീകരിച്ച് വനിതാ സഹകരണ സംഘം ആരംഭിക്കുക.

13. തേനീച്ച വളർത്തൽ സഹകരണസംഘത്തിൻെറ പ്രവർത്തനം ത്വരിതപ്പെടുത്തുക.

14. കിള്ളി കേന്ദ്രമാക്കി ഒരു സർവ്വീസ് സഹകരണ ബാങ്ക് ആരംഭിക്കുക.

15. കാട്ടാക്കട കേന്ദ്രീകരിച്ച് ഒരു സഹകരണ ആശുപത്രി ആരംഭിക്കുക

16 കാട്ടാക്കട കേന്ദ്രമാക്കി ഒരു സഹകരണ സ്പിന്നിംഗ് മിൽ ആരംഭിക്കുക

17 കാട്ടാക്കട കേന്ദ്രമാക്കി ലാറ്റക്സ് മാതൃകയിൽ ഒരു റബ്ബർ അധിഷ്ഠിത വ്യവസായകേന്ദ്രം സഹകരണ മേഖലയിൽ ആരംഭിക്കുക

## അധികാരവികേന്ദ്രീകരണം സംഗ്രഹം

അധികാരവികേന്ദ്രീകരണത്തിന്റെ അടിസ്ഥാന തത്വങ്ങളെ ഇനിപ്പറയുന്ന രീതിയിൽ സംഗ്രഹിക്കാം.

- 'ദാന'മായി ലഭിക്കുന്ന അധികാരം യഥാർഥ അധികാരമല്ല. അധികാരം തന്നവർക്കു തന്നെ അത് തിരിച്ചെടുക്കുകയും ചെയ്യാം.
- സമൂഹത്തിന്റെ ഒരു തലത്തിൽ ചെയ്യാവുന്ന ഏതൊരു പ്രവർത്തനവും ആ തലത്തിലേ ചെയ്യാവൂ. മേൽ തലത്തിലേക്ക് മാറ്ററുത്. അപ്പോൾ ഓരോ തലത്തിനും ഏറ്റെടുക്കാവുന്ന ഉത്തരവാദിത്തവും അധികാരവും ഏതെന്ന് അവർ നിശ്ചയിക്കും.
- ഓരോ തലത്തിനും അതിന്റേതായ സ്വയം നിർണയാവകാശം ഉണ്ട്. ബഹുതല വികസനമാതൃകയിൽ സ്വതന്ത്രമായ പ്രവർത്തനം, സഹകരിച്ച ഏകോപിത പ്രവർത്തനം, ഏല്പിക്കപ്പെട്ട ഏജൻസി പ്രവർത്തനം ഇങ്ങനെ മൂന്നുതരത്തിൽ ഉണ്ടായിരിക്കും.
- സമൂഹത്തിന്റെ ഒരു തലം അടുത്ത തലത്തിന്റെ കീഴിൽ അല്ല. ഓരോന്നിനും അതിന്റേതായ സ്വാതന്ത്ര്യമുണ്ട്.
- ഓരോ തലത്തിലും ചെയ്യേണ്ടതും ചെയ്യാവുന്നതും എന്ത് എന്നതിനെപ്പറ്റി വ്യക്തമായ ധാരണ ഉണ്ടാകണം.
- ജനപങ്കാളിത്തം : ആസൂത്രണം, നിർവഹണം, മോണിറ്ററിങ് എല്ലാത്തിലും കൂടുതൽ ആളുകൾ പങ്കാളികളാകണം.
- പ്രാദേശിക വിഭവ സമാഹരണം : എല്ലാ വിഭവങ്ങളും ജനങ്ങളാണ് സൃഷ്ടിക്കുന്നത്. ഓരോ തലത്തിലുള്ള പ്രവർത്തനത്തിനും ആ തലത്തിൽ തന്നെ കഴിയുന്നത്ര വിഭവം സമാഹരിക്കണം.
- ധനപരമായ വികേന്ദ്രീകരണം : മേൽ തലങ്ങളിൽ നിന്ന് ഓരോ തലത്തിലേക്കും കൈമാറുന്ന വിഭവങ്ങൾ സ്വതന്ത്രമായി ഉപയോഗിക്കാനുള്ള അധികാരം ഉണ്ടായിരിക്കണം.
- ഉത്തരവാദിത്തം : അഞ്ചുകൊല്ലം കൂടുമ്പോൾ നടക്കുന്ന തെരഞ്ഞെടുപ്പിലൂടെ മാത്രമേ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ മേൽനോട്ടം വഹിക്കാൻ ജനങ്ങൾക്ക് സാധ്യമാകൂ എന്ന അവസ്ഥ മാറണം. തുടർച്ചയായി മേൽനോട്ടം നടത്താൻ ജനങ്ങൾക്ക് കഴിയുന്ന സംവിധാനം ഉണ്ടാക്കണം.
- സുതാര്യത : എല്ലാ കണക്കുകളും എല്ലാ രേഖകളും പരിശോധിക്കാനുള്ള പൗരന്മാരുടെ അവകാശം ഉറപ്പാക്കണം. പഞ്ചായത്ത് തലത്തിൽ 'രഹസ്യ'മായി സൂക്ഷിക്കേണ്ട വളരെ കുറച്ചു കാര്യങ്ങൾ മാത്രമേ ഉണ്ടാകൂ.

# കാർഷിക വായ്പസംഘങ്ങൾ

| ക്രമ നമ്പർ | സംഘത്തിൻെറ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം | കടം | നിക്ഷേപം | വായ്പകൾ | | പ്രവർത്തനമൂലധനം | ജീവനക്കാർ | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | കാർഷികം | കാർഷികേതരം | | സ്ഥിരം | മറ്റുള്ളവർ |
| 1. | ആമച്ചൽ സർവ്വീസ് സഹകരണ ബാങ്ക് നമ്പർ. 1103 | 1925 | കാട്ടാക്കട പഞ്ചായത്തിലെ 6,7,8,9 10,12 എന്നി വാർഡുകളും 11-ാം വാർഡിൻെറ പകുതിയും | 4231 | 811580 | | 30 ലക്ഷം | 4414413 | 1429480 | | | |
| 2. | കട്ടയ്ക്കോട് സർവ്വീസ് സഹകരണ ബാങ്ക് നമ്പർ T. 1115 | 1960 | കാട്ടാക്കട പഞ്ചായത്തിലെ 1,2,3 4,5,11,13 എന്നീ വാർഡുകൾ. | 4248 | 718629 | | 2279919 | 4767033 | 3225312 | | | |

# കാർഷികേതര സംഘങ്ങൾ

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | അംഗത്വം | ഓഹരി മൂലധനം | കടം | നിക്ഷേപം | വായ്പകൾ |
|---|---|---|---|---|---|---|---|---|
| 1. | നെയ്യാറ്റിൻകര മാർക്കറ്റിംഗ് സഹകരണസംഘം T. 730 കാട്ടാക്കട | 1979 | നെയ്യാറ്റിൻകര നെടുമങ്ങാട് തിരുവനന്തപുരം താലൂക്കുകൾ | 2700 | 50 ലക്ഷം | | 3 ലക്ഷം | ഇല്ല |
| 2. | ചെവിടംകോട് തേനീച്ച വളർത്തൽ സഹകരണസംഘം Ltd. No. KV Ind (T) 96 കുരുതംകോട് പി.ഒ. | 1984 | കാട്ടാക്കട പഞ്ചായത്ത് അതിർത്തി | 44 | 1 ലക്ഷം | | | |
| 3. | കാട്ടാക്കട വനിതാ സഹകരണ സംഘ No. T. 956 | 1987 | കാട്ടാക്കട പഞ്ചായത്ത് | 1015 | 1,50000 | | 24680 | 3,75,000 |
| 4. | കാട്ടാക്കട വിദ്യാഭ്യാസ സഹകരണ സംഘം T. 755 | 1980 | നെയ്യാറ്റിൻകര താലൂക്ക് | 68 | 11,50,000 | | | |
| 5. | കാട്ടാക്കട കൺസ്യൂമർ സഹകരണസംഘം | 1992 | കാട്ടാക്കട പഞ്ചായത്ത് | | പ്രവർത്തന രഹിതം | | | |

| സംഘത്തിന്റെ പേര് | മൊത്തം ശേഖരിക്കുന്ന പാൽ | പഞ്ചായത്തിൽ തന്നെ വിൽക്കുന്നത് | പുറത്തേയ്ക്ക് അയയ്ക്കുന്നത് |
|---|---|---|---|
| | ലിറ്റർ | ലിറ്റർ | ലിറ്റർ |
| (1) | (2) | (3) | (4) |
| കാട്ടാക്കട ക്ഷീര വ്യവസായ സഹകരണസംഘം No. 3869 | 282.00 | 198.00 | 84.00 |
| ചെമ്പനാകോട് ക്ഷീരവ്യവസായ സഹകരണസംഘം | 119147.7 | 1654.7 | 117493.00 |

**ലോകബാങ്ക്**
**42 വികസ്വര രാജ്യങ്ങളിലെ**
**പ്രോജക്ടുകളെക്കുറിച്ചു**
**നടത്തിയ സമഗ്രപഠനം**
**വെളിച്ചം വീശുന്നത്**
**കേന്ദ്രീകൃതാസൂത്രണം**
**പരാജയത്തിന്റെ**
**പടുകുഴിയിലേക്കു വഴുതി**
**വീണ നിരവധി**
**സന്ദർഭങ്ങളിൽ**
**വികേന്ദ്രീകൃതാസൂത്രണം**
**വിജയത്തിന്റെ**
**വെന്നിക്കൊടി**
**പാറിപ്പറപ്പിച്ചിട്ടുണ്ടെന്നാണ്.**

# പൊതുവിതരണം



സ്റ്റാറ്റ്യൂട്ടറി റേഷൻ സംവിധാനം ആരംഭിച്ചതോടെയാണ് ഈ പഞ്ചായത്തിൽ പൊതുവിതരണം കാര്യക്ഷമമായത്. ആദ്യത്തെ ന്യായവില ഡിപ്പോകളും റേഷൻകടകളും ഇപ്പോൾ പൊതുവിതരണകേന്ദ്രങ്ങളായി പ്രവർത്തിക്കുന്നു. ഈ ഗ്രാമത്തിൽ ആകെ 20 പൊതുവിതരണ കേന്ദ്രങ്ങൾ ഉണ്ട്. കാട്ടാക്കട പട്ടണത്തിൽ ഒരു മാവേലി സ്റ്റോറും, ഒരു മണ്ണെണ്ണ വിതരണ ഹോൾസെയിൽഡിപ്പോയും, ഒരു റേഷൻ ഹോൾസെയിൽ ഡിപ്പോയും പ്രവർത്തിക്കുന്നുണ്ട്.

യഥാസമയം റേഷൻ കാർഡുകൾ ലഭിക്കാതിരിക്കുന്നതും പൊതുവിതരണം കാര്യക്ഷമമല്ലാത്തതും ഈ മേഖലയിൽ നിരവധി ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നു.

**പ്രശ്നങ്ങൾ**

1. പൊതുവിതരണത്തിൽ കാര്യക്ഷമത ഇല്ലായ്മ
2. പുതിയ റേഷൻ കാർഡുകൾ ലഭിക്കാനുള്ള ബുദ്ധിമുട്ടുകൾ
3. ജനസംഖ്യാനുസരണമായി റേഷൻ കടകളുടെ അഭാവം

**സാധ്യതകൾ – നിർദ്ദേശങ്ങൾ:**

1. കാട്ടാക്കട മാവേലി സ്റ്റോറിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക.
2. എല്ലാ പൊതുവിതരണ കേന്ദ്രങ്ങൾ വഴിയും നിത്യോപയോഗ സാധനങ്ങൾ, മാവേലി സ്റ്റോറിലെ വിലയിൽ വിതരണം ചെയ്യാൻ നടപടിയുണ്ടാക്കുക.
3. അഞ്ചുതെങ്ങുംമൂട്, കുന്താണി, പുതുവയ്ക്കൽ, തുവല്ലൂർകോണം, കൊമ്പടിക്കൽ, കുളവിയോട്, ചാരുപാറ, കാനക്കോട്, പാലയ്ക്കൽ, പാപ്പനം, കുളത്തോട്ടുമല, മുങ്ങോട്ടുകോണം (IHDP – കോളനി) എന്നിവിടങ്ങളിൽ ഓരോ പൊതുവിതരണ കേന്ദ്രങ്ങൾ (റേഷൻകട) ആരംഭിക്കുക.
4. മണ്ണെണ്ണ വിതരണം കാര്യക്ഷമമാക്കുക
5. പൊതുവിതരണ കേന്ദ്രങ്ങളിൽ സാധനങ്ങളുടെ ഗുണ നിലവാരം പരിശോധിക്കാനും അളവും തൂക്കവും പരിശോധിക്കാനുള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്തുക.

INSTITUTE OF LOCAL A



# പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം

നിലവിലുള്ള പദ്ധതികളും സാദ്ധ്യതകളും മുൻനിർത്തി പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം കൊടുത്ത പഞ്ചായത്താണ് നമ്മുടേത്. നിലവിലുള്ള ജനസംഖ്യയിലെ 12% പേർ പട്ടികജാതി പട്ടികവർഗ്ഗക്കാരാണ്. നാടിന്റെ ക്ഷേമൈശ്വര്യങ്ങൾക്ക് എക്കാലത്തും കൂട്ടുനിന്ന കർഷകരാണ് ഇവരിൽ ഭൂരിഭാഗവും.

വികസന പ്രവർത്തനങ്ങൾക്ക് ഈ വിഭാഗങ്ങൾക്കുവേണ്ടി സർക്കാർ നടപ്പിലാക്കുന്ന നിരവധി പദ്ധതികൾ തനതായൊരു ധാരണയില്ലാത്തതിന്റെ പേരിൽ മിക്കപ്പോഴും നഷ്ടപ്പെട്ടുപോകുന്നുവെന്നത് കേരളത്തിലാകെയുള്ള പ്രവണതയാണ്. കാട്ടാക്കട പഞ്ചായത്തും ഇതിൽ നിന്നും ഭിന്നമല്ല.

നേരിയൊരു പട്ടിക വർഗ്ഗ-പട്ടിക ജാതി ശതമാനത്തിനു മാത്രമാണ് ഇന്ന് സർക്കാർ പദ്ധതികളിൽ നിന്നും പ്രയോജനം ലഭിക്കുന്നത്. സംവരണം മാനദണ്ഡങ്ങൾക്കനുസരിച്ച് സർക്കാർ. അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ അർഹിക്കുന്ന പ്രാതിനിത്യം നമ്മുടെ പഞ്ചായത്ത് പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് നൽകുന്നുണ്ട് എന്നത് അഭിമാനാർഹമായി നേട്ടമാണ്.

ഐ.എച്ച്. ഡി.പി. പദ്ധതിപ്രകാരം മങ്കോട്ടുകോണം, മുങ്ങോട്ടുകോണം എന്നീ സ്ഥലങ്ങളിൽ പ്രാഥമികമായ ആധുനിക സങ്കേതങ്ങൾ ഉൾപ്പെടെ വലിയൊരു മാറ്റം വരുത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

സർക്കാർ ഏജൻസികൾ നൽകുന്ന ധനസഹായങ്ങളും, സൗജന്യാനുകൂല്യങ്ങളും ഈ വർഗ്ഗക്കാർക്കിടയിൽ എത്താറില്ല എന്നത് ഈ രംഗത്തെ പ്രശ്നങ്ങളുടെ തുടക്കം മാത്രമാണ്.

കാട്ടാക്കട പഞ്ചായത്തിലെ ചെമ്പനാകോട് വാർഡ് പട്ടികജാതി സംവരണ വാർഡാണ്.

നമ്മുടെ പഞ്ചായത്തിൽ പരമ്പരാഗത തൊഴിലിന്റെ പുരോഗതിമിക്കവാറും ഈ വർഗ്ഗക്കാർക്ക് മാത്രമായി അവകാശപ്പെടാവുന്നതാണ്. ഈ തൊഴിൽ പാരമ്പര്യത്തെ നിരുത്സാഹപ്പെടുത്തുന്നു എന്നത് ഇന്ന് ഈ രംഗത്തെ മാന്ദ്യതയ്ക്ക് കാരണമാകുന്നു.

വിദ്യാഭ്യാസപരമായ ഉന്നതാവസ്ഥ ഈ വിഭാഗങ്ങൾക്കിടയിൽ കുറവാണെങ്കിലും ഉന്നത വിദ്യാഭ്യാസം സിദ്ധിച്ചവരും ഇല്ലാതില്ല. ഉന്നത പരീക്ഷകളിൽ പരാജയം സംഭവിച്ചവർക്ക് തുടർന്ന് പരീക്ഷ എഴുതുന്നതിനായി ഉള്ള പദ്ധതികളുടെ അജ്ഞതയും ഈ വിഭാഗത്തിന്റെ വിദ്യാമാന്ദ്യതയ്ക്ക് കാരണമാകുന്നു.

പട്ടികജാതി -വർഗ്ഗ വിദ്യാഭ്യാസ രംഗത്തെ പുരോഗതിയുടെ പട്ടികയിൽ എടുത്തുകാണിക്കാവുന്ന സംഘടനയാണ് 'ഹരിജൻ സേവാസംഘം.' ഈ സംഘടനയുടെ പേരിൽ സെമിനാറുകൾ സംഘടിപ്പിക്കുകയും തൊഴിൽ പരിശീലനം നൽകുകയും ചെയ്യുന്നു. ശാന്തിനികേതൻ കൃഷ്ണൻ നായരുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഈ സാമൂഹ്യകേന്ദ്രത്തിന്റെ പ്രവർത്തനം ഇന്നും സജീവതയോടെ നിലനിൽക്കുന്നു.

കാർഷികവിളകളെ തന്നെ ആശ്രയിച്ച് കഴിയുന്നവരാണ് ഈ സമുദായത്തിൽ അധികംപേരും. സാമ്പത്തികപരാധീനത ഈ രംഗത്തെ ഇവരുടെ സജീവതയെ കെടുത്തുന്നു.

സഹകരണസ്ഥാപനങ്ങളുടെ അഭാവം ഈ സമുദായങ്ങൾക്കിടയിലുള്ള ഒരു പ്രധാന പ്രശ്നം തന്നെയാണ്. കിള്ളി ഹരിജൻ സർവ്വീസ് സംഘം നിലവിലുണ്ടെങ്കിലും ഇതിന്റെ പ്രവർത്തനം നാമമാത്രമാണ് നടക്കുന്നത്. സർക്കാർ തലത്തിൽ ഇവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായുള്ള ക്ഷേമപദ്ധതികൾ കൊട്ടി

| ജനസംഖ്യ | | പട്ടിക ജാതി | | പട്ടിക വർഗം | |
|---|---|---|---|---|---|
| പുരുഷൻമാർ | സ്ത്രീകൾ | പുരുഷൻമാർ | സ്ത്രീകൾ | പുരുഷൻമാർ | സ്ത്രീകൾ |
| 6547 | 16876 | 3558 | 1834 | 30 | 31 |

ഘോഷിക്കാറുണ്ടെങ്കിലും ഇവ നാമമാത്രമാണ് എന്ന താണ് യാഥാർത്ഥ്യം. വികസനപ്രവർത്തനങ്ങളിൽ ന്യൂനപക്ഷങ്ങളുടെ ക്ഷേമം എന്നത് സാങ്കൽപികമായ യാഥാർത്ഥ്യമായി ഇന്നും നിലനിൽക്കുന്നു.

## പ്രശ്നങ്ങൾ

1. സർക്കാരും സാമൂഹിക ഏജൻസികളും നൽകുന്ന ക്ഷേമപദ്ധതികൾ യഥാകാലം ലഭിക്കുന്നില്ല.
2. സങ്കേതങ്ങളിൽ അടിസ്ഥാനസൗകര്യമില്ലായ്മ
3. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ഇടയിലെ ഭവനരഹിതരുടെ എണ്ണം വളരെ കൂടുതലാണ്.
4. പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥിനികൾക്ക് കലാഭിരുചി വളർത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങളുടെ അഭാവം.
5. വിദ്യാഭ്യാസ നിലവാരതകർച്ച നേരിടുന്ന ഈ രംഗത്തെ വിദ്യാർത്ഥിവിദ്യാർത്ഥിനികൾക്ക് സർക്കാർ പദ്ധതികൾ വേണ്ട രീതിയിൽ പ്രയോജനപ്പെടുന്നില്ല.
6. പട്ടികജാതി-പട്ടികവർഗ്ഗവികസനത്തിനായി നടത്തുന്ന ക്ഷേമപ്രവർത്തനങ്ങളെ കുറിച്ചുള്ള അജ്ഞത.
7. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ തൊഴിൽ സംരംഭങ്ങളുടെ അപര്യാപ്തത
8. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ഇടയിലുള്ള വനിതാക്ഷേമപ്രവർത്തനങ്ങളുടെ അഭാവം.
9. പരമ്പരാഗത തൊഴിലിനായുള്ള അസംസ്കൃത വസ്തുശേഖരണത്തിനുള്ള ബുദ്ധിമുട്ടുകൾ.

## നിർദ്ദേശങ്ങളും പരിഹാരങ്ങളും

1. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കിടയിലെ ക്ഷേമപ്രവർത്തനങ്ങളിൽ സ്ത്രീകൾക്കായി പ്രത്യേകം പദ്ധതികൾ ഉൾപ്പെടുത്തുക.
2. ഭവനരഹിതരും, ഭൂരഹിതരുമായ മുഴുവൻ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കും ഭൂമി സൗജന്യമായി നൽകി പാർപ്പിടം നിർമ്മിച്ച് പ്രശ്നങ്ങൾ പരിഹരിക്കുക.
3. ഈ സമുദായക്കാർക്കിടയിലെ പുത്തൻ തൊഴിൽ സംരംഭകർക്കായി വായ്പാ പദ്ധതി നടപ്പിലാക്കുക.
4. പരമ്പരാഗത കുടിൽ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനായി ഈറ, ചൂരൽ, പനയോല തുടങ്ങിയ തൊഴിൽ ഉൽപന്നങ്ങൾ ശേഖരിക്കുന്നതിനുള്ള നിയമ തടസ്സങ്ങൾ ഒഴിവാക്കുകയും ഉൾക്കാടുകളിൽ പോയി ഈറ ശേഖരിക്കാനുള്ള പാസ് പഞ്ചായത്തുതലത്തിൽ നൽകുകയും ചെയ്യുക.
5. ക്ഷേമ പദ്ധതികൾ നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുക.
6. കോളനികളിലെ അടിസ്ഥാനസൗകര്യങ്ങളായ വൈദ്യുതി, കുടിവെള്ളം, ആരോഗ്യം എന്നിവ വർദ്ധിപ്പിക്കുന്നതിനായി ക്ഷേമപദ്ധതികൾ ആരംഭിക്കുക.
7. ഈ സമുദായത്തിലെ വിദ്യാർത്ഥികളുടെ കലാഭിരുചി വർദ്ധിപ്പിക്കുന്നതിനായി പഞ്ചായത്തുതലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കായി ഗ്രാമോത്സവങ്ങൾ സംഘടിപ്പിക്കുക.
8. വിദ്യാഭ്യാസനിലവാര തകർച്ച നേരിടുന്ന ഈ സമുദായത്തിലെ വിദ്യാർത്ഥികൾക്കും മറ്റുള്ളവർക്കും നിലവിലുള്ള സർക്കാർ പദ്ധതികളെ പ്പറ്റി ബോധവാന്മാരാക്കുന്നതിനായി ഇൻഫർമേഷൻ സെൻറർ പഞ്ചായത്തു തലത്തിൽ ആരംഭിക്കുക.
9. ക്ഷേമപ്രവർത്തനങ്ങൾക്കായി പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കായി പഞ്ചായത്തുതലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗഓഫീസ് ആരംഭിക്കുക.
10. പട്ടികജാതി-പട്ടികവർഗ്ഗകോളനികളിൽ അംഗനവാടികൾ ആരംഭിക്കുക.

## ഗ്രാമസഭകൾ ആവശ്യപ്പെടുന്നു.

1. നാല്, ഏഴ് വാർഡുകളിൽ പ്ലാസ്റ്റിക്, സോപ്പ്, പായ്നെയ്ത് മെഴുകുതിരി എന്നിവ നിർമ്മിക്കുന്നതിനുള്ള ചെറുകിട തൊഴിൽ സംരംഭകയൂണിറ്റുകൾ ആരംഭിക്കുക.
2. അഞ്ചാം വാർഡിൽ ചെട്ടിക്കോണം, കോളനിയിൽ ഖാദിബോർഡ് സഹായത്തോടെ നെയ്തുശാല ആരംഭിക്കുക.
3. അഞ്ച്, ആറ്, ഏഴ് വാർഡുകളിലെ വെള്ളൂമണ്ണൂർകോണം, പറങ്ങോട്, മേപ്പുംമൂല, കൊറ്റംപള്ളി ലക്ഷംവീട്, തോട്ടറ, കുന്നുവിള എന്നീ പട്ടികജാതികോളനികളിൽ T.V. കാസ്ക്ക് നിർമ്മിച്ചു നൽകുക.
4. അഞ്ച്, പതിമൂന്ന് വാർഡുകളിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുക.
5. എട്ടാം വാർഡിൽ ഈറ കൊണ്ടുള്ള കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനും, തയ്യൽ, കൈത്തറിത്തൊഴിൽ പരിശീലിപ്പിക്കുന്നതിനും പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുക.

6 12-ാം വാർഡിലെ പാപ്പനം IHDP കോളനിയായി അംഗീകരിക്കുക.

7 പാപ്പനം, കൊല്ലകോണം ഹരിജൻ കോളനിയിൽ T.V. സ്ഥാപിക്കുക.

8 പത്താം വാർഡിലെ കമുകിൻ കുഴി പട്ടികജാതി കോളനിയിൽ ഒരു T.V. കാസ്കും കമ്മ്യൂണിറ്റി ഹാളും നിർമ്മിക്കുക.

9 മൈലാടി, കുറ്റിക്കാടുകോളനികളെ യോജിപ്പിച്ചു കൊണ്ട് ഒരു തുന്നൽ പരിശീലനകേന്ദ്രം ആരംഭിക്കണം.

# കാട്ടാക്കട ഗ്രാമപഞ്ചായത്ത്

## 10.2 ഹരിജൻ കോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | ഹരിജൻ കോളനികളുടെ പേര് | വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങൾ (എണ്ണം) | സൗജന്യസ്ലാബിൽ വൈദ്യുതി ഉപയോഗിക്കുന്ന കുടുംബങ്ങൾ | പണം നൽകി വൈദ്യുതി കണ. ലഭിക്കുന്ന കുടുംബങ്ങൾ |
|---|---|---|---|---|
| 1 | 2 | 3 | 4 | |
| 1. | മൂങ്ങോട്ടുക്കോണം | 17 | 17 | 27 |
| 2. | മേച്ചിറ | 10 | 10 | 30 |
| 3. | കുറ്റിക്കാട് | 13 | 13 | 50 |
| 4. | കുന്താണി | 7 | 7 | 7 |
| 5. | എള്ളുവിള | 18 | 18 | 15 |
| 6. | വെള്ള മനൂർക്കോണം | 27 | 27 | 60 |
| 7. | മൊതയിൽ | 17 | 17 | 10 |
| 8. | കാഞ്ഞിര ക്കാട് | 9 | 9 | 20 |
| 9. | ചെട്ടിക്കോണം | 11 | 11 | 15 |
| 10. | കമുകിൻ കുഴി | 23 | 23 | 60 |
| 11. | പറണ്ടോട് | 47 | 47 | 30 |
| 12. | തോട്ടറ | 40 | 40 | 20 |
| 13. | കുരുംതംകോട് | 15 | 15 | 25 |
| 14. | ചാരുപാറ | 27 | 27 | 30 |
| 15. | കടുവാക്കോണം | 17 | 17 | 25 |

| ആകെജനസംഖ്യ | | പട്ടിക ജാതി | | പട്ടിക വർഗം | |
|---|---|---|---|---|---|
| പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ |
| 16547 | 16876 | 1724 | 1837 | 30 | 31 |
| ആകെ | 33423 | 3561 | | 61 | |

## പഞ്ചായത്തിലെ പട്ടിക ജാതി — പട്ടിക വർഗ സങ്കേതങ്ങൾ

| നമ്പർ | സാങ്കേതം | വാർഡ് | കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|
| 1. | വാളക്കോട് | കട്ടയ് ക്കോട് | 8 |
| 2. | കാര്യോട്ട്കോണം | കട്ടയ് ക്കോട് | 9 |
| 3. | ഉദിയൻകോണം | ചന്ദ്രമംഗലം | 10 |
| 4. | നാഞ്ചല്ലൂർ | ചന്ദ്രമംഗലം | 10 |
| 5. | തലയ്ക്കോണം | കുരുതംകോട് | 10 |
| 6. | പാലയ്ക്കൽ | കുരുതംകോട് | 25 |
| 7. | തുലാക്കര | പാറച്ചൽ | 10 |
| 8. | പൊട്ടരുവി | ചെമ്പനാകോട് | 8 |
| 9. | പാപ്പനം | ആമച്ചൽ | 80 |
| 10. | പ്ലാവിള | ആമച്ചൽ | 20 |
| 11. | മുതിയാവിള | പ്ലാവൂർ | 12 |
| 12. | മഠത്തുവിള | പ്ലാവൂർ | 12 |
| 13. | ചെമ്പകത്തിൻമൂട് | പ്ലാവൂർ | 13 |

*നാട്ടുകൂട്ടം ചേർന്ന നാടിൻ ഛായ മാറ്റുന്നോയ്...*
*നാട്ടുകൂട്ടം ചേർന്ന പുത്തൻ ലോകം തീർക്കുന്നോയ്...*



# പരിസ്ഥിതി

ഒമ്പതാം പദ്ധതി ആസൂത്രണം ചെയ്യുന്നതിനുള്ള അവകാശം കേരളസർക്കാരും ആസൂത്രണ ബോർഡും അതിൻെറ ഉപഭോക്താക്കളായ നമ്മെ തന്നെ ഏൽപ്പിച്ചിരിക്കുകയാണല്ലോ? ഈയവസരത്തിൽ പദ്ധതികൾക്ക് രൂപം നൽകുന്നതോടൊപ്പം അവ പരിസരത്തിനും പരിസ്ഥിതിക്കും ഗുണകരമായിരിക്കും എന്നും ഉറപ്പുവരുത്തുന്നതിനുള്ള ബാധ്യത നമുക്കുണ്ട്.

പേര് സൂചിപ്പിക്കുന്നതുപോലെ തന്നെ നമ്മുടെ ഗ്രാമം ഒരു കാട്ടാലും അതിനു ചുവട്ടിൽ കടയും പിന്നെ ഒത്തിരി പച്ചപ്പുമായി വിലസിയിരുന്ന ഒരു കാലമുണ്ടായിരുന്നു. എന്നാൽ അവയ്ക്കെല്ലാം തന്നെ റോഡിനും, തോടിനും, കോൺക്രീറ്റ് കെട്ടിടങ്ങൾക്കും മറ്റ് നാണ്യവിളകൾക്കുമായി മാറേണ്ടിവന്നു. ആ പഴയ കാലത്തിൽ നിന്നും ഇന്നത്തെ കാട്ടാക്കടയിലേക്കുള്ള പ്രയാണത്തിനിടയിൽ നാം മണ്ണിനെ, നെല്ലിനെ, നമ്മുടെ മാത്രം സ്വന്തമായിരുന്ന മറ്റു തനതു കാർഷിക വിളകളെ എന്തിന്, കാട്ടാലിനെ വരെ നാം കുരുതികൊടുത്തു.

ഭൂമിശാസ്ത്രപരമായി നമ്മുടെ പഞ്ചായത്ത്, ചെറിയകുന്നുകളും, ചരിഞ്ഞ സമതലങ്ങളും, തോടുകളും, അരുവികളും കുളങ്ങളും വയലേലകളുമായി തൊട്ടുരുമ്മിക്കിടക്കുന്നു. ഏതാണ്ട് 50 വർഷങ്ങൾക്കുമുമ്പ് കാടായിരുന്ന പ്രദേശമാണ് ഇതിൽ ഭൂരിഭാഗവും. ഇന്ന് കാടായ ഭാഗം ഈ പഞ്ചായത്തിൻെറ ഭൂപ്രദേശത്തെങ്ങും തന്നെയില്ല. എന്നുമാത്രമല്ല പരിസ്ഥിതിയുടെ കൂട്ടുകാരായിരുന്ന ജന്തുക്കളും സസ്യസമൂഹവും ഇന്ന് ഇല്ലാതായി. അതിവർഷവും ഇല്ലാതായി. അങ്ങനെ നമ്മുടെ പരമ്പരാഗത കൃഷിരീതി തന്നെ നിലച്ചമട്ടായി.

പരിസ്ഥിതിയുടെ കൂട്ടുകാരായി ഇന്ന് കാണാനുള്ളത് ഒന്നുരണ്ട് ചെറിയ കാവുകളും കുറച്ച് കുളങ്ങളും അപൂർവ്വം സ്ഥലങ്ങളിൽ ആൽവൃക്ഷവും മാത്രമാണ്. ആമച്ചൽ ഏലായിലും പറണ്ടോട് ഏലായിലും മാത്രമാണ് പരിസ്ഥിതിയുടെ ഭാഗഭാക്കുകളായ കൊക്കുകളേയും നീർക്കാക്കകളേയും കാണാൻ കഴിയുന്നത്. പരിസ്ഥിതി സംരക്ഷകരായ മരങ്ങൾ (വൻമരങ്ങൾ) ഇല്ലന്നു തന്നെ പറയാം. പഞ്ചായത്ത് പ്രദേശം മൊത്തമായെടുത്താൽ രണ്ട് മൂന്ന് പാറകളെ എടുത്തുപറയാനായിട്ടുള്ളൂ. (തേവ്പാറ, തൂങ്ങാംപറ)

നമ്മുടെ ഗ്രാമം ഇന്ന് നേരിടുന്ന പരിസ്ഥിതി പ്രശ്നങ്ങൾ ഇവയൊക്കെയാണ്.

## 1. മണ്ണൊലിപ്പും കരയിടിയലും

നമ്മുടെ ഗ്രാമത്തിലെ പ്രധാന ഉപജീവനമാർഗ്ഗം കൃഷിയാണ്. ഈ കൃഷിയിടങ്ങളിൽ കൂറേയധികം കീഴ്ക്കാം തൂക്കായ പ്രദേശങ്ങളും ഉൾപ്പെടുന്നു. എന്നാൽ ഈ പ്രദേശങ്ങൾ അനുരൂപമായ രീതിയിൽ സംരക്ഷിക്കുന്നതിൽ നമുക്ക് വീഴ്ച പറ്റിയിട്ടുണ്ട്. ശാസ്ത്രീയമായ രീതിയിൽ ബണ്ടുകൾ നിർമ്മിച്ച് ഫലഭൂയിഷ്ടിയുള്ള മേൽ മണ്ണ് സംരക്ഷിക്കേണ്ടതുണ്ട്. ക്രമാതീതമായ മരംവെട്ടലും മറ്റ് പുൽച്ചെടികളുടെ നാശവും മണ്ണൊലിപ്പിന് ആക്കംകൂട്ടുന്നു. വൃക്ഷങ്ങളും മറ്റ് ആവരണ വിളകളും വെച്ചുപിടിപ്പിച്ച് ഇത് പരിഹരിക്കേണ്ടതാണ്. നമ്മുടെ പഞ്ചായത്തിലൂടെ കടന്നുപോകുന്ന നദികളുടേയും തോടുകളുടേയും കരകൾ ലെിച്ചു പോകുന്നത് ഒട്ടേറെ പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാകുന്നു. പലപ്പോഴും നാം നിർമ്മിക്കുന്ന ബണ്ടുകൾ വേണ്ടത്ര പ്രയോജനം ചെയ്യുന്നുമില്ല.

## 2. ജലമലിനീകരണം

നമ്മുടെ തോടുകളും കുളങ്ങളും പലകാരണങ്ങളാലും മലിനപ്പെടാറുണ്ട്. ചിലപ്പോൾ ഇതിലേക്ക് ഒഴുക്കിവിടുന്ന മാലിന്യങ്ങൾ മണ്ണിനും പരിസരത്തിനും വളരെയധികം ഹാനികരവും, കാട്ടാകടയിൽ നിന്ന് കീഴാറൂറിലേക്ക് പോകുന്ന തോട് ഇതിന് ഉദാഹരണമാണ്. കാട്ടാക്കട പട്ടണത്തിലെ ഓടകളിൽ എത്തിച്ചേരുന്ന വിവിധ മാലിന്യങ്ങൾ ചെന്നടിയുന്നത് ഈ തോട്ടിലാണ്. ഇത്തരം ഓടകളുടെ ഗതിമാറ്റി ഇത് ഉപയോഗിക്കുന്ന മനുഷ്യരുടെയും മൃഗങ്ങളുടെയും ആരോഗ്യം സംരക്ഷിച്ചേ മതിയാകൂ.

## 3. വയൽ നികത്തൽ

കാട്ടാക്കട പഞ്ചായത്തിൻെറ പലഭാഗങ്ങളിലും വയലുകളും തോടുകളും നികത്തി കെട്ടിടങ്ങൾക്കും, കളിസ്ഥലങ്ങൾക്കും മറ്റ് നാണ്യവിളകൾക്കുമായി ഉപയോഗപ്പെടുത്താനുള്ള പ്രവണതകൂടി വരികയാണ്. ഇത്

പ്രകൃതിയുടെ സന്തുലിതാവസ്ഥ തന്നെ തകിടം മറിക്കുവാൻ കാരണമാകും. നെല്ലും, വയലും നമുക്ക് ഭാരമായി, കോൺക്രീറ്റ് മന്ദിരങ്ങളും, റബ്ബറും, വാഴയും, മരച്ചീനിയും അഭികാമ്യവും. ഈ വിപത്തിനെതിരെ നിയമമുണ്ടെങ്കിലും അത് കർശനമായി പാലിക്കപ്പെടുന്നില്ല. അഞ്ചുതെങ്ങിൻമൂട്ടിലും മറ്റ് പലയിടങ്ങളിലും വയൽ നികത്തൽ ഊർജ്ജിതമായി തന്നെ നടന്നുവരുന്നു.

## 4. കൃഷിരീതികളിൽ വന്ന മാറ്റം

നമ്മുടേത് മാത്രമായ കൃഷിരീതികളും വിത്തിനങ്ങളും നമുക്കുന്യമായി. തുളനാടനും തവളക്കണ്ണിയും, കുറ്റിച്ചെറയാടിയും, പൊന്നാര്യനും, ഓവുമുണ്ടനും, പുതിയ നെല്ലിനങ്ങളായ ഐ.ആർ. ഉം, ജയക്കും വഴിമാറിക്കൊടുത്തു. കുറച്ചുവിതച്ചു കൂടുതൽ കൊയ്യാനുള്ള വ്യഗ്രതയിൽ നമുക്ക് സ്വീകാര്യമായതോ രാസവളങ്ങളും, ഉഗ്രമായ കീടനാശിനികളും, അവ നമുക്ക് സമ്മാനിച്ചതാകട്ടെ കാൻസറും, ട്യൂമറും മറ്റ് മാരകരോഗങ്ങളും, കീടനാശിനികളും രാസവളങ്ങളും മണ്ണിലെ സൂക്ഷ്മജീവികളെ നശിപ്പിച്ച് അതിൻെറ പ്രവർത്തന ക്ഷമത കുറയ്ക്കുന്നു. നാം നമ്മുടെ പാരമ്പര്യകൃഷിരീതികളെയും വിത്തിനങ്ങളേയും ഓർമ്മിക്കേണ്ട സന്ദർഭമാണിത്.

## 5. വാഹനങ്ങളും വ്യവസായ സ്ഥാപനങ്ങളും

തൊഴിലിനുവേണ്ടി മുറവിളികൂട്ടുന്ന ഇക്കാലത്ത് വ്യവസായ സ്ഥാപനങ്ങൾ ഉണ്ടാകുന്നത് നല്ലതുതന്നെ. എന്നാൽ അവ ഉയർത്തുന്ന പരിസ്ഥിതി പ്രശ്നങ്ങൾ കണ്ടില്ലെന്ന് നടിക്കാനുമാകില്ല. എട്ടിരുത്തിമിനി ഇൻഡസ്ട്രിയിൽ പോലുള്ള സ്ഥാപനങ്ങളിൽ നിന്നും പുറത്തുവരുന്ന പുകപടലങ്ങൾ സമീപവാസികൾക്ക് വളരെയധികം ദോഷകരമാണെന്നതിൽ സംശയമില്ല. വാഹനങ്ങളിൽ നിന്നും പുറപ്പെടുന്ന ശബ്ദവും പുകപടലങ്ങളും നിയന്ത്രണവിധേയമായേ മതിയാകൂ. വാഹനങ്ങളിൽ സൈലൻസറുകൾ കൃത്യമായും പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തണം. വാഹനങ്ങളിലേയും, ഫാക്ടറികളിലേയും പുകയിലടങ്ങിയിട്ടുള്ള വിഷാംശങ്ങൾ നീക്കിയതിനുശേഷം മാത്രം പുറത്തേക്ക് വിടുന്നത് ഗുണകരമാകും.

## 6. പാറകൾ നശിപ്പിക്കുന്നത്.

പാറകൾ നശിപ്പിക്കുന്നതു മൂലം ഭൂമിക്കടിയിലെ ജലസമ്പത്ത് താഴ്ന്നു പോകുന്നതായി പഠനങ്ങൾ തെളിയിക്കുന്നു. നമ്മുടെ പഞ്ചായത്തിലെ കൊല്ലോട് - തേവുപാറ തൂങ്ങാംപാറ എന്നിവ ഇന്ന് ഭീഷണിയുടെ വക്കിലാണ്. ഇതിനെതിരെ നാം ജാഗരൂഗരായേ മതിയാകൂ. പാറകളുടയും അതിനുചുറ്റുമുള്ള സസ്യജാലങ്ങളുടയും നാശം ഉരുൾ പൊട്ടലിനും ഭൂകമ്പത്തിനും വരെ കാരണമാകാം. ആയതിനാൽ നമ്മുടെ പഞ്ചായത്തിലെ തൂങ്ങാംപാറ, ഉന്നാംപാറ, പൂച്ചപ്പാറ, തേവുപാറ എന്നീ പാറകളെല്ലാം തന്നെ സംരക്ഷിക്കേണ്ടത് നമ്മുടെ ജൈവസമ്പത്തിൻെറയും നീരുറവകളുടേയും സംരക്ഷണത്തിന് അത്യന്താപേക്ഷിതമാണ്.

## 7. ചപ്പുചവറുകൾ

എല്ലാ പട്ടണത്തേയും പോലെ നമ്മുടെ കൊച്ചുപട്ടണവും 'വലിച്ചെറിയൽ' സംസ്കാരത്തിൽ നിന്നും മോചിതമല്ല. നാം ഒരിക്കലുപയോഗിച്ച് വലിച്ചെറിയുന്ന പ്ലാസ്റ്റിക് നിർമ്മിതകവറുകളും, ബോട്ടിലുകളും, ഐസ്ക്രീം കപ്പുകളുമായി നമ്മുടെ നാട് നിറഞ്ഞിരിക്കുന്നു. പ്ലാസ്റ്റിക് നിർമ്മിതവസ്തുക്കൾ മണ്ണിൻെറ ജലവായു നിർഗ്ഗമന ശേഷികുറച്ച് മണ്ണിൽ വളരെക്കാലം അതേപടി നിലനിർത്തുകയും ചെയ്യുന്നു. അവ കത്തിച്ചാൽ പുറത്തുവരുന്ന വാതകങ്ങളാകട്ടെ അന്തരീക്ഷത്തേ സംരക്ഷിച്ചു നിർത്തുന്ന ഓസോൺ പാളികളെ വരെ നശിപ്പിക്കാനും മാരക രോഗങ്ങൾക്ക് ഹേതുവാകുന്നതുമാൺ. ഇവയുടെ ഉപയോഗം നിരുത്സാഹപ്പെടുത്തുകയും ജൈവ വസ്തുനിർമ്മിതമായ പാത്രങ്ങളുടെ ഉപയോഗം പ്രോത്സഹിപ്പിക്കേണ്ടതുമാണ്.

കടകളിലേയും, വീടുകളിലേയും ഉപയോഗശൂന്യമായ വസ്തുക്കളും പാഴ് ജലവും റോഡിലേക്ക് ഒഴുക്കി വിടുന്നത് തടയൽ ബോധവൽക്കരണം നടത്തണം. ഇക്കൂട്ടത്തിൽ അറവുശാലയിലെ അവശിഷ്ടം മുതൽ വർഷോപ്പുകളിലെ മാലിന്യം വരെ വരും. ഈ ചപ്പു ചവറുകൾ ശരിയായ രീതിയിൽ തരംതിരിച്ച് ജൈവവളമായി ഉപയോഗിക്കാവുന്നതാണ്.

ഇന്നും അന്യം നിൽക്കുന്ന കുറച്ചു പ്രകൃതിസമ്പത്തുകളെങ്കിലും നമുക്കുണ്ട്. അവയാകട്ടെ ഭീഷണിയുടെ വക്കിലും. കുളങ്ങളിലെയും, തോടുകളിലേയും തോട്ടപൊട്ടിക്കൽ, വിഷംകലക്കൽ, വെടിവെക്കൽ എന്നിവ കർശനമായി നിയന്ത്രിച്ചേ മതിയാകൂ. അല്ലങ്കിൽ ഇനിവരും കാലങ്ങളിൽ നമുക്ക് കാണേണ്ടിവരിക തരിശുജലാശയങ്ങളും പറവകളില്ലാത്ത ആകാശവും ജന്തുക്കളില്ലാത്ത പുൽപ്പരപ്പുകളും ഒക്കെയായിരിക്കും.

വിവിധ മതവിഭാഗങ്ങളുടെ ആരാധനാലയപരിസരം, സ്കൂൾ, കോളേജ് പരിസരങ്ങൾ, പുറമ്പോക്കുകൾ ഭൂമി എന്നിവയിൽ സ്കൂൾ കെട്ടിടങ്ങളുടേയും, അദ്ധ്യാപകരുടേയും, ഗ്രാമവാസികളുടേയും, പങ്കാളിത്തത്തോടെ

മരങ്ങൾ വച്ചു പിടിപ്പിക്കേണ്ടതുണ്ട്. ഇവയിൽ ഇറക്കുമതി മരങ്ങൾ ഒഴിവാക്കി നമ്മുടെ തേന്മാവിനും, വരിക്കപ്ലാവിനും ആഞ്ഞിലിക്കും, പേരാലിനും, അരയാലിനുമാകട്ടെ സ്ഥാനം. മുഖരിതമാകട്ടെ കിളികളുടെ കളകളാരവത്താൽ നമ്മുടെ ഗ്രാമാന്തരീക്ഷം.അങ്ങനെ നമുക്ക് നമ്മുടേതുമാത്രമായ 'കാട്ടാൽക്കട'യിലേക്ക് മടങ്ങാൻ ശ്രമിക്കാം.

## സാധ്യതകളും പരിഹാരങ്ങളും

പുരയിടങ്ങൾ ബണ്ടുകൾ നിർമ്മിച്ചും ആവരണവിളകൾ വളർത്തിയും സംരക്ഷിക്കുക. തോടുകളുടെ വശങ്ങൾ ഭിത്തികെട്ടിലും പുല്ലിനങ്ങൾ കൈത എന്നിവ വച്ച് പിടിപ്പിച്ച് സംരക്ഷിക്കാവുന്നതാണ്.

ശുദ്ധജലം ലഭ്യമായ തോടുകളുടേയും കുളങ്ങളിലേം മലിനീകരണം കർശനായി തടയുക. കുളിക്കാനും കന്നുകാലികളെ കഴുകാനും ഇത്തരം നീരുറവകൾ ഉപയോഗിക്കാതിരിക്കണം.

വയലുകളും കുളങ്ങളും നികത്തി കെട്ടിടങ്ങളും കളി സ്ഥലങ്ങളും നിർമ്മിക്കാതിരിക്കുക. കഴിവതും നെൽകൃഷിക്കുമാത്രമായി വയലുകൾ ഉപയോഗിക്കുക.

ശബ്ദമലിനീകരണത്തിന് കാരണമാകുന്ന ഉച്ചഭാഷിണികൾ അത്യാവശ്യത്തിനുമാത്രം ഉപയോഗിക്കുക. വാഹനങ്ങളുടെ സൈലൻസർ ശരിയായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കുക.

## നിർദ്ദേശങ്ങൾ

1. കല്ലടുക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി നമ്മുടെ പ്രദേശങ്ങൾ കല്ലടുക്കി മണ്ണൊലിപ്പ് തടയാവുന്നതാണ്.
2. തോടുകളുടെ വശങ്ങൾ ചുമരുകെട്ടി ബലപ്പെടുത്തിയാൽ കരയിടിച്ചിലും മണ്ണൊലിപ്പും തടയാം
3. ഉള്ള കുളങ്ങൾ സംരക്ഷിക്കപ്പെടുകയും ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ കുളങ്ങൾ നിർമ്മിക്കുകയും ചെയ്താൽ വരൾച്ചാഘട്ടത്തിൽ ജലക്ഷാമം പരിഹരിക്കാൻ കഴിയു.
4. മഴക്കാലത്ത് വലിയ കുഴികളുണ്ടാക്കി വെള്ളം തടഞ്ഞുനിർത്തിയാൽ വളരെക്കാലം മണ്ണിൽ ഈർപ്പം നിലനിർത്തുകയും വരൾച്ച ഒരു പരിധി വരെ ഇല്ലാതാക്കുകയും ചെയ്യാം.
5. കക്കൂസും കുളിമുറിയും ഇല്ലാത്തവർക്കും അവ നിർമ്മിച്ചു നൽകിയാൽ പരിസരശുചിത്വം ഉണ്ടാകാൻ കഴിയും.



ആസൂത്രണം
ജനപങ്കാളിത്തത്തോടെ



# വിഭവ സമാഹരണം

**പു**രോഗമന ദേശീയ പ്രസ്ഥാനങ്ങൾക്ക് വള ക്കൂറുള്ള മണ്ണിൻെറ ഉടമസ്ഥത കാട്ടാക്കട ഗ്രാമ പഞ്ചായത്തിന് അഭിമാനപൂർവ്വം അവകാശപ്പെടാവുന്ന താണ്. തിരുവനന്തപുരം ജില്ലയിലെ സ്പെഷ്യൽ ഗ്രേഡുകളിലൊന്നായ ഈ ഗ്രാമീണ കേന്ദ്രം ഏറ്റവും നല്ല പഞ്ചായത്തിനുള്ള അംഗീകാരം നേടിയിട്ടുള്ളതാ ണ്. കാർഷികവിളകളും കർഷകരുടെ അധ്വാനവും മാത്രമാണ് ഇവിടെ വിഭവമൊരുക്കുന്നത്.

8.65 ച.മൈൽ വിസ്തീർണ്ണമുള്ള ഈ പഞ്ചായ ത്തിലെ ജനസംഖ്യ 2800 ആണ്. 2 ഏക്കർ 23 സെൻറ് സ്ഥലവും അതിൽ സ്ഥിതിചെയ്യുന്ന വിവിധതരത്തി ലുള്ള കെട്ടിടങ്ങളും പഞ്ചായത്തിൻെറ സ്വത്താണ്. ഇവയ്ക്കെല്ലാംകൂടി 59,72000 രൂപ മതിപ്പ് വില വരും.

പഞ്ചായത്തിൻെറ പ്രധാന വരുമാന മാർഗ്ഗങ്ങൾ ഇനി പറയുന്നതാണ്.

(1) തൊഴിൽ നികുതി
(2) വിനോദ നികുതി
(3) നികുതിയേതര വരുമാനങ്ങൾ
(4) സംസ്ഥാന നികുതി വിഹിതം
(5) അൺടൈഡ് ഫണ്ട്
(6) ഗ്രാൻറുകൾ

മുകളിൽ കാണിച്ചിട്ടുള്ള ഇനങ്ങളിൽ നിന്നുള്ള വരുമാനം ഭരണച്ചെലവുകളും മറ്റത്യാവശ്യ ചെലവു കളും നടത്തി കഴിഞ്ഞാൽ തികയാതെ വരും. മറ്റ് മാർഗ്ഗങ്ങളിലൂടെ പണം സ്വരൂപിച്ച് വേണം ക്ഷേമ പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും നട ത്തേണ്ടത്.

വരുമാനത്തിൻ മുൻ വർഷത്തേക്കാൾ വർദ്ധന കാണുന്നുണ്ട്. അതേ സമയം ചെലവിലും പ്രത്യേകിച്ച് ഭരണച്ചെലവിൽ കാര്യമായ മാറ്റം ഉണ്ടാകുന്നു.

തിരിച്ചടയ്ക്കൽ പലിശ
അതുപോലെ തന്നെ കടം കണ്ടെത്തേണ്ടിയിരിക്കുന്നു.
എന്നിവയ്ക്കും പണം
പ്രധാന ചെലവിനങ്ങൾ ഇവയാണ്:

(1) ഭരണ ചെലവ്
(2) പൊതുമരാമത്ത്
(3) മറ്റ് വികസന ചെലവ്
(4) കടം തിരിച്ചടവ്

കൃഷിയെ മാത്രം ആശ്രയിച്ച് വിഭവസമാഹരണം നടത്താൻ സാധ്യമല്ല ചെറുകിട വ്യവസായങ്ങൾ, കൈത്തൊഴിലുകൾ എന്നിവയ്ക്ക് പ്രോത്സാഹനം നൽകണം. പഞ്ചായത്തിന് നേരിട്ട് നടത്താവുന്ന വ്യവ സായ യൂണിറ്റുകൾ തുടങ്ങണം.

കേരളത്തിലെ ഏറ്റവും വലിയസമ്പത്താണ് മനു ഷ്യൻെറ അദ്ധ്വാന ശേഷി സന്നദ്ധ പ്രവർത്തനങ്ങളി ലൂടെ ഇത് പരമാവധി ഉപയോഗിക്കാൻ പദ്ധതികളു ണ്ടാക്കണം ഭരണച്ചെലവ് നിയന്ത്രിച്ചും പാഴ്ചെലവ് ഒഴിവാക്കിയും ശരിയായ ധനകാര്യ മാനേജ്മെൻറ് ഉണ്ടാക്കണം നികുതികൾ ശാസ്ത്രീയമായി പുനഃസംഘ ടിപ്പിക്കണം. കുടിശ്ശിക മുഴുവൻ പിരിച്ചെടുക്കണം കുടിശ്ശികകൾ പിരിഞ്ഞുകിട്ടാനുള്ള ചില പ്രധാന താഴെ ചേർക്കുന്നു.

| | | |
|---|---|---|
| (1) | കെട്ടിട നികുതി | 172,694.00 |
| (2) | തൊഴിൽ നികുതി | 53472.00 |
| (3) | ചന്തലേലം | 2689.00 |

തുകയും പിരിച്ചെ
തനതു വർഷം തന്നെ മുഴുവൻ ടുക്കാൻ തീവ്രശ്രമം നടത്തിയേ പറ്റൂ.

ഗൾഫ് മലയാളിക
മറ്റൊരു പ്രധാന സംഗതിയാണ് കോടിക്കണക്കിനു ളുടെ സമ്പത്തിൻെറ വിനിയോഗം അവർ നേടിത്തരു രൂപയുടെ വിദേശ നാണ്യമാണ് വേണ്ടി വിനി ന്നത്. അത് നാടിൻെറ പുരോഗതിക്കു ലാക്കണം. ആർഭാ യോഗിക്കാനുള്ള പദ്ധതികൾ നടപ്പി ങ്ങൾ നിർമ്മി ടപൂർവ്വം താമസിക്കാനുള്ള മണിമന്ദിര നിക്ഷേപിക്കാ ക്കുന്നതിനുപകരം വ്യവസായങ്ങളിൽ അത് ഗുണകര നുള്ള സൗകര്യങ്ങൾ ഉണ്ടാക്കിയാൽ മായിരിക്കും.

പരമാവധി ഗ്രാൻറുകളും കിട്ടാവുന്നിടത്തോളം സംഭാ വനകളും സ്വരൂപിക്കുക. സ്കൂൾ, കോളേജ് കുട്ടിക ൾക്കായി സഞ്ചയികാ മോഡലിൽ നിക്ഷേപ പദ്ധതി കൾ പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ ആരംഭിക്കു കയും അത് പിരിക്കുന്നതിന് വാർഡ് തോറും ഒരോ ഏജൻറിനെ ചുമതലപ്പെടുത്തുകയും ചെയ്താൽ പഞ്ചാ യത്തിന് ഒരു വരുമാനമാർഗ്ഗവും കുട്ടികൾക്കൊരു സമ്പാദ്യ ശീലവും ഉണ്ടാകും മുതിർന്നവർക്കു വേണ്ടി ഈ പദ്ധതി പരിഷ്ക്കരിക്കുകയും ചെയ്യാം.

ഫലവൃക്ഷ
പുറമ്പോക്കുകൾ തിട്ടപ്പെടുത്തുകയും

ങ്ങളും വിലകൂടിയ മരങ്ങളും നട്ടുപിടിപ്പിക്കുകയും കൂത്തക പാട്ട വ്യവസ്ഥയിൽ ലേലം ചെയ്തു നൽകുകയും ചെയ്യാവുന്നതാണ്.

സൗകര്യമുള്ള സ്ഥലങ്ങളിൽ ചെറുകിട കച്ചവടക്കാർക്കുവേണ്ടി ബങ്കുകൾ, തട്ടുകടകൾ, ചെറിയകടമുറികൾ എന്നിവ നിർമ്മിച്ച് വാടകയ്ക്ക് കൊടുത്താൽ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

പഞ്ചായത്തിന്റെ അധീനതയിൽ ഉള്ള കമ്മ്യൂണിറ്റി ഹാളുകൾ വാടകയ്ക്ക് നൽകിയാൽ അതിൽ നിന്നും സാമ്പത്തിക ലാഭം ഉണ്ടാക്കാം.

പരസ്യബോർഡുകൾ സ്ഥാപിക്കുകയും പരസ്യങ്ങൾക്ക് സെസ്സ് ഏർപ്പെടുത്തുകയും ചെയ്യുക. മണിമന്ദിരങ്ങൾ നിർമ്മിക്കുന്നവരിൽ നിന്ന് ഒരു നിശ്ചിത തുക ഈടാക്കുകയും പഞ്ചായത്ത് വക ചന്തകളിൽനിന്നും ശേഖരിക്കുന്ന ചപ്പുചവറുകൾ ജൈവവളമായി വിൽക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുക തുടങ്ങിയ പദ്ധതികൾ പണം ലാഭിക്കാനും വിഭവങ്ങൾ സ്വരൂപിക്കാനും വേണ്ടി ചെയ്യാവുന്നവയാണ്.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ വരുമാന സാദ്ധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്താതിരിക്കുക.
2. ഭരണ ചെലവിലെ വർദ്ധനവ്
3. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ കിട്ടുന്നതിനുള്ള തടസ്സങ്ങളും സാങ്കേതിക ബുദ്ധിമുട്ടുകളും
4. സ്കീമുകളും പ്രാദേശിക ആവശ്യങ്ങളും ജനപങ്കാളിത്വം ഇല്ലാതെ നിശ്ചയിക്കുകയും നടപ്പാക്കുകയും ചെയ്യുന്ന രീതി.
5. പഞ്ചായത്ത് പ്രവർത്തനങ്ങളും പണമിടപാടുകളും വെളിപ്പെടുത്താനുള്ള വൈമുഖ്യം.

## സാദ്ധ്യതകൾ

1. നികുതി പിരിവ് കാര്യക്ഷമമാക്കുക.
2. നികുതികൾ ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കുക
3. ഭരണ ചെലവ് കുറയ്ക്കുക
4. പഞ്ചായത്ത് നിയമപ്രകാരം ലഭിക്കുന്ന പുതിയ നികുതി അധികാരങ്ങൾ ഉപയോഗിക്കുകയും — കുടിശ്ശിഖ വരാതെ സൂക്ഷിക്കുകയും ചെയ്യുക.
5. സന്നദ്ധ പ്രവർത്തനങ്ങളിലൂടെ വികസന പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ
6. ഗൾഫ് മലയാളികളുടെ സമ്പത്ത് വികസന ആവശ്യങ്ങൾക്ക് ഉപയോഗിക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുക.
7. വിവിധ വികസന പ്രവർത്തനങ്ങൾക്കായി വികസന നിധികൾ രൂപീകരിക്കുക. പൊതുജനങ്ങളുടെ സംഭാവനകൾ അതിനായി സ്വരൂപിക്കുക.
8. സമ്പാദ്യ ശീലം വളർത്തുന്നതിനായി പഞ്ചായത്ത് അടിസ്ഥാനത്തിൽ ബോധവൽക്കരണവും നിക്ഷേപ സമാഹരണവും നടത്തുക.
9. പഞ്ചായത്ത് വക പുറമ്പോക്കുകൾ പാട്ടത്തിനു നൽകുക.
10. ബങ്കുകൾ, കടകൾ, തട്ടുകടകൾ ഇവ സ്ഥാപിച്ച് വാടകയ്ക്ക് നൽകുക.

# അനുബന്ധം 1

## വരവിനം

| | ഇനം | വരുമാനം |
|---|---|---|
| **A.** | **തനതുവരുമാനം** | |
| 1. | കെട്ടിട നികുതി | 246160.00 |
| 2. | തൊഴിൽ നികുതി | 265468.00 |
| 3. | വിനോദ നികുതി | 41375.00 |
| 4. | അഡി. വിനോദനികുതി | 26877.00 |
| 5. | പ്രദർശന നികുതി | 7363.00 |
| 6. | സർചാർജ്ജ് | 1040.00 |
| 7. | ചന്തവരവ് | 4051.00 |
| 8. | ലൈസൻസ് ഫീസ് | 4546.00 |
| 9. | വസ്തുകൈമാറ്റ നികുതി25% | 90000.00 |
| 10 | വസ്തുകൈമാറ്റ നികുതി 75% | 28789.00 |
| 11. | മറ്റുവരവുകൾ | 174468.00 |
| **B.** | **അൺടൈഡ് ഫണ്ട്** | 250990.00 |
| **C.** | **ഡിപ്പോസിറ്റ്** | 2079.00 |
| **D.** | **ജെ. ആർ. വൈ** | 174220.00 |
| **E.** | **ഗ്രാൻറുകൾ** | |
| 1. | റോഡ് മെയിൻറനൻസ് | 47260.00 |
| 2. | മൈനർ ഇറിഗേഷൻ | 19120.00 |
| 3. | വെഹിക്കിൾ ടാക്സ് കമ്പോണൻസ് | 541051.00 |
| 4. | അടിസ്ഥാന നികുതി 24% | 160475.00 |
| 5. | സ്പെഷ്യൽ ഗ്രാൻറ് | 100000.00 |
| **F.** | **പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റ് വകുപ്പുകളിൽ നിനും ലഭിച്ച തുക** | |
| 1. | മൃഗസംരക്ഷണം | 4000.00 |
| 2. | ആരോഗ്യം | 77500.00 |
| 3. | കൃഷി | 131521.00 |
| 4. | PWD | 10884.00 |
| 5. | ഹരിജന ക്ഷേമം | 1000.00 |
| 6. | മറ്റുള്ളവ | 140600.00 |

## ലേലവിവരം

| | | |
|---|---|---|
| 1. | ചവറ് | 200.00 |
| 2. | ഫലവൃക്ഷങ്ങൾ | 2427.00 |
| 3. | ഷോപ്പിംഗ് കോംപ്ലക്സുകൾ, കടകൾ | 7250.00 |
| 4. | മറ്റുള്ളവ | 10500.00 |

## ചെലവിനം

| | | |
|---|---|---|
| 1. | ഭരണം | 487276.00 |
| 2. | പൊതുമരാമത്ത് | 660414 |
| 3. | വിദ്യാഭ്യാസം | 67178.00 |
| 4. | ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 53926.00 |
| 5. | തെരുവ് വിളക്കുകൾ കത്തിക്കുന്നതിന് | 117884 |
| 6. | മറ്റുള്ളവ | 341014 |

ആത്മാഭിമാനക്കൊടിക്കൂറ പൊക്കുവാൻ
കൂട്ടരേ....നമുക്കൊത്തു ചേരാം....
കാലങ്ങളായി നാം കാത്തുകാത്തിരുന്നൊരാ
കാലമിതാ നമ്മളുടെ മുന്നിലെത്തി.
ഭാരതാംബ നമ്മളെ, ഗ്രാമജീവിതങ്ങളെ
ഭാവി ഭദ്രമാക്കുവാൻ വിളിക്കയാണു കൂട്ടരേ..
നമ്മളാണ് ഭരണവും
നമ്മളാണ് പ്രജകളും
നമ്മളാണ് നമ്മളുടെ
നന്മതിന്മ തീർപ്പതും
നമ്മളൊന്നു ചേരുക..
നമ്മളൊത്തു ചേരുക..
ഇവിടെ നമ്മളുണരുക.
ഇവിടെ നമ്മളുയരുക.
ഇവിടെയെന്തുവേണമെന്നു
നമ്മൾ നിശ്ചയിക്കുക.

ഒൻപതാം പദ്ധതി
ജനകീയ പദ്ധതി